# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2018 നവംബർ 30, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2018 നവംബർ 30, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

730/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക<br>സമുദായക്ഷേമവും നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും<br>വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും<br>വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും<br>കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും<br>വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും<br>വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും<br>വനിതാ-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും<br>വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 9

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 9
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 69

**II മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ .. 428

**III റിപ്പോർട്ട് സമർപ്പണം**

(1) 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് .. 441

(2) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) .. 441
ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ടുകൾ .. 441

**IV അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**(1) റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

**(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) 2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ബിൽ

— ശ്രീ. എൽദോ എബ്രഹാം .. 442

*പേജ്*

(ii) 2018-ലെ കേരള സ്വകാര്യസ്ഥാപനങ്ങൾ മുഖേന വീട്ടുജോലിക്കും മറ്റ് വിവിധ സേവനങ്ങൾക്കും നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ
(പ്രമേയാവതാരകൻ സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല) .. 442

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
(പ്രമേയാവതാരകൻ സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല) .. 442

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ
— ശ്രീ. എസ്. രാജേന്ദ്രൻ .. 442

(ii) 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ
(പ്രമേയാവതാരകൻ സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം തുടർ ചർച്ചയ്ക്ക് പരിഗണിച്ചില്ല) .. 443

(iii) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ
— ശ്രീ. കെ. രാജൻ .. 443

**അനുബന്ധം**

ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവയ്ക്കുള്ള മറുപടി .. 444

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

*2018 നവംബർ 30, വെള്ളി*


വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4


നിയമസഭ 2018 നവംബർ മാസം 30-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ * 61.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, സഭാനടപടികൾ സമാധാനപരമായി കൊണ്ടുപോകുന്നതിന് പ്രതിപക്ഷം സഹകരിക്കുന്നില്ലെന്ന് അങ്ങ് ഇന്നലെ പറയുകയുണ്ടായി. ഇന്നലെ കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ ഡെപ്യൂട്ടി ലീഡർ ശ്രീ. കെ. സി. ജോസഫും മറ്റ് മെമ്പർമാരും അങ്ങയുടെ ചേമ്പറിൽ വന്ന് ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് അടിയന്തരപ്രമേയമായി (റൂൾ 50) അനുവദിക്കാൻ നിവൃത്തിയില്ലെന്ന് അങ്ങ് പറഞ്ഞു.

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്..... അങ്ങ് എന്താണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞങ്ങൾ സഭയിൽനിന്നും ഒളിച്ചോടിയതാണെന്ന് ദേവസ്വം വകുപ്പുമന്ത്രി ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞു. ഞങ്ങൾക്ക് അവസരം നൽകാത്തതുകൊണ്ടാണ് ഇന്നലെ ബഹളമുണ്ടായത്. മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ ഇന്ന് വീണ്ടും അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഒന്നുകിൽ ചോദ്യോത്തരവേള മാറ്റിവച്ചുകൊണ്ട് ഈ വിഷയം ചർച്ചയ്ക്കെടുക്കണം, അല്ലെങ്കിൽ റൂൾ 50

അനുസരിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അവസരം നൽകണം. അല്ലാതെ ചെയറിലിരുന്നുകൊണ്ട് അങ്ങ് പ്രതിപക്ഷത്തിനെതിരെ മുൻകൂട്ടി കാര്യങ്ങൾ പറയുന്നത് ശരിയല്ല. ഞങ്ങൾ ഇന്നലെ അങ്ങയെക്കണ്ട് സംസാരിക്കുകയും കത്ത് നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇത്രയും ഗൗരവമായ ഒരു വിഷയം കേരളത്തിലുണ്ടാകുമ്പോൾ പ്രതിപക്ഷത്തിന് അത് ഉന്നയിക്കാതിരിക്കാൻ കഴിയുമോ?

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്... ചോദ്യോത്തരവേളയാണ്. (..ബഹളം..)

ശ്രീ. രമേശ് ചെന്നിത്തല: സർ, 13-ാം കേരള നിയമസഭയിൽ ബാർകോഴ ആരോപണവുമായി ബന്ധപ്പെട്ട് 16-12-2014, 10-3-2015, 12-3-2015, 8-6-2015, 29-6-2015, 9-7-2015, 15-12-2015, 30-12-2015 എന്നീ ദിവസങ്ങളിൽ നിരവധി അടിയന്തരപ്രമേയം ഉന്നയിച്ചിട്ടുണ്ട്. (....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... ദയവായി ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. ശബരിമലയുമായി ബന്ധപ്പെട്ട് വളരെ വിശദമായ ഒരു ചർച്ച ഇവിടെ നടന്നു. (....ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, സോളാർ കേസിൽ എത്രയോ തവണ അടിയന്തരപ്രമേയം ഉന്നയിച്ചിട്ടുണ്ട്. ഞങ്ങൾക്ക് എന്തുകൊണ്ട് അവസരം നൽകുന്നില്ല? എന്നിട്ട് മന്ത്രി പുറത്തുനിന്ന് പ്രസംഗം നടത്തുകയാണ്. അങ്ങിത് അനുവദിക്കുന്നത് ശരിയാണോ? (....ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഞാൻ പറയുന്നത് കേൾക്കൂ. (....ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നെ പറയാൻ അനുവദിക്കൂ.

മി. സ്പീക്കർ: അങ്ങ് പറഞ്ഞുകഴിഞ്ഞു. ഇനി ചെയർ പറയുന്നത് കേൾക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നെ പറയാൻ അനുവദിക്കൂ. (....ബഹളം.....)

മി. സ്പീക്കർ: അങ്ങ് പറഞ്ഞുകൊണ്ടിരിക്കുകയാണല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറഞ്ഞുതീർന്നതിനുശേഷം അങ്ങ് പറയൂ. (....ബഹളം.....) കേരള നിയമസഭയിൽ നിരവധി തവണ അടിയന്തരപ്രമേയം അവതരിപ്പിച്ച ചരിത്രമുണ്ട്. ശബരിമല തീർത്ഥാടകർ അനുഭവിക്കുന്ന ഗുരുതരമായ അവസ്ഥാവിശേഷത്തെപ്പറ്റി ഈ സഭയിലല്ലാതെ ഞങ്ങൾ എവിടെ ചർച്ച ചെയ്യും?

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... ഇനി ചെയർ പറയുന്നത് കേൾക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്നും ശ്രീ. കെ. സി. ജോസഫ് ഇതേ വിഷയം അങ്ങയോട് പറഞ്ഞപ്പോൾ അടിയന്തരപ്രമേയത്തിന് അവസരം നൽകില്ലെന്നാണ് പറഞ്ഞത്. അത് ശരിയായ നടപടിയാണോ? എന്നിട്ട് മന്ത്രി പുറത്തുപോയി പത്രസമ്മേളനം നടത്തുകയാണ്.

മി. സ്പീക്കർ: മന്ത്രിമാരും പ്രതിപക്ഷ നേതാക്കളും കക്ഷിനേതാക്കളും പുറത്തുനടത്തുന്ന പത്രസമ്മേളനത്തിന്റെയും രാഷ്ട്രീയ ആരോപണ-പ്രത്യാരോപണങ്ങളുടെയും ഉത്തരവാദിത്വം നിയമസഭയിൽ ഉന്നയിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. മന്ത്രിമാർക്കും പ്രതിപക്ഷനേതാക്കൾക്കും പരസ്പരം വിമർശിക്കാനും ആക്ഷേപങ്ങൾ ഉന്നയിക്കാനുമുള്ള അവസരം പുറത്തുണ്ട്. അതിന് ചെയറിന് എന്ത് ചെയ്യാൻ കഴിയും? ഇവിടെ ശബരിമലയുമായി ബന്ധപ്പെട്ട് ഏതാണ്ട് 8 മണിക്കൂർ ചെലവഴിച്ചു. .....(ബഹളം)....... മാധ്യമങ്ങളുമായി സംസാരിക്കുമ്പോൾ ഗവൺമെന്റിന്റെ അഭിപ്രായം പറയണ്ടേ? ഇങ്ങനെ കുട്ടികളെപ്പോലെ പറയാൻ കഴിയുമോ? പ്രതിപക്ഷനേതാക്കൾ മാധ്യമങ്ങളെ കാണുന്നില്ലേ? ...(ബഹളം)... മാധ്യമങ്ങളിൽക്കൂടി വിമർശിക്കുന്നില്ലേ? ശബരിമലയുമായി ബന്ധപ്പെട്ട് 8 മണിക്കൂർ ഈ സഭ വിനിയോഗിച്ചു. ഇന്നലെ ഇതേ വിഷയം സംബന്ധിച്ച് മുക്കാൽ മണിക്കൂർ ചോദ്യോത്തരവേളയുണ്ടായി. ചെയറിന് ലഭിച്ച നോട്ടീസിൽ പുതിയതായി ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. നിയമസഭ വിശദമായി ചർച്ച ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു നിരീക്ഷണസമിതിയെ നിയോഗിച്ചു. അത് റൂൾ 50 എടുക്കുന്ന സമയത്ത് പറയാം. ഇപ്പോൾ ചോദ്യോത്തരവേളയാണ്. ഇതുമായി സഹകരിക്കു. ഒരേ വിഷയം മാത്രമല്ല നമുക്ക് ഉന്നയിക്കാനുള്ളത്. ...(ബഹളം)... ദയവായി മനസ്സിലാക്കു. ഈ നിയമസഭ ഗൗരവത്തോടെ എടുക്കേണ്ട ധാരാളം പ്രശ്നങ്ങൾ മുന്നിലുണ്ട്. ദയവായി മനസ്സിലാക്കു. കേരളം ഒരു മഹാപ്രളയത്തിൽപ്പെട്ടപ്പോൾ സംരക്ഷിക്കാനെത്തിയ സൈന്യത്തിന് കൂലി ചോദിച്ച പ്രശ്നം ഉൾപ്പെടെ നിരവധി കാര്യങ്ങൾ നമ്മുടെ മുന്നിൽ വരാനുണ്ട്.

(ചോദ്യോത്തരവേള റദ്ദുചെയ്ത് ശബരിമല വിഷയവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയനോട്ടീസ് പരിഗണനയ്ക്കെടുക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാത്തതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ആധുനീകരിക്കാൻ നടപടി

1 (*61) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ ജനതാല്പര്യബാഹ്യമായ കാരണങ്ങളാൽ മദ്യലഭ്യത കുറച്ചതിന്റെ ഫലമായി വ്യാപിച്ച മയക്കുമരുന്നുപയോഗം ഇല്ലാതാക്കാനായി സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) മയക്കുമരുന്ന് കടത്തിന് അന്താരാഷ്ട്രബന്ധം ഉണ്ടെന്ന് വെളിപ്പെട്ടതിനാൽ മയക്കുമരുന്നുകടത്ത് തടയുന്നതിനും ലഹരി മാഫിയയുടെ വേരറുക്കുന്നതിനും എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശാക്തീകരിക്കാനും ആധുനീകരിക്കാനും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(സി) മറ്റ് രാജ്യങ്ങളിൽനിന്നും സംസ്ഥാനങ്ങളിൽനിന്നുമുള്ള മയക്കുമരുന്ന് കടത്ത് സ്രോതസ്സിൽ വച്ചുതന്നെ തടയാൻ കേന്ദ്ര ഏജൻസികളുടെയും ഇതര സംസ്ഥാന എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെയും സഹായത്തോടെ ഏകീകരിച്ച പ്രവർത്തനം സാധ്യമാകുന്നുണ്ടോയെന്നറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ലഹരി പദാർത്ഥങ്ങളുടെ ഉത്പാദനം, വിതരണം, ഉപയോഗം എന്നിവ തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിവസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും മറ്റ് സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി സഹകരിച്ച് സംയുക്തമായി വിവരങ്ങൾ കൈമാറി പരിശോധനകൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോളർ തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ഭാഗമായി വ്യാപകമായി ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(ബി) നിരോധിത ലഹരി വസ്തുക്കൾ വിദേശ രാജ്യങ്ങളിൽനിന്നും അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് തടയുന്നതിന് അതിശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എക്സൈസ് വകുപ്പിൽ നിരവധി പരിഷ്കാരങ്ങൾ നടപ്പിൽവരുത്തുകയുണ്ടായി. എക്സൈസ് വകുപ്പിന്റെ അംഗബലം കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി 244 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. കൂടുതൽ വനിതാ ജീവനക്കാരെ എക്സൈസ് സേനയിൽ നിയമിച്ചു. ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്. എക്സൈസ് ജീവനക്കാർക്ക് ആവശ്യമായ കായിക പരിശീലനം നൽകിവരുന്നു. ഓഫീസുകളിലെ പഴയ വാഹനങ്ങൾ മാറ്റി പുതിയവയും വനിതാ പട്രോളിംഗ് സ്ക്വാഡിനായി 100 സ്കൂട്ടറുകളും അനുവദിച്ചിട്ടുണ്ട്. ഓഫീസുകളിലേയ്ക്ക് പുതിയ കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുകയും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി വയർലസ് സംവിധാനം സ്ഥാപിക്കുന്നതിന് 2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിന്റെ നടപടികൾ പുരോഗമിച്ചുവരികയുമാണ്.

എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും പ്രധാനപ്പെട്ട 10 എക്സൈസ് ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും എക്സൈസ് ചെക്ക്പോസ്റ്റുകളിലെ ഉപയോഗത്തിനായി 20 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തു. ചെക്ക്പോസ്റ്റുകളിൽ എൽ.ഇ.ഡി. സൈൻബോർഡുകളും 25 ചെക്ക്പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പുകളും സ്ഥാപിക്കുകയും മുത്തങ്ങ, ചിന്നാർ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് ഫെസിലിറ്റി ഏർപ്പെടുത്തുകയും ചെയ്തു.

(സി) നിയമവിരുദ്ധ ലഹരിവസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. ട്രെയിൻ വഴിയുള്ള ലഹരികടത്ത് തടയുന്നതിന് ആർ.പി.എഫ്.-മായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സംയുക്ത പരിശോധനകൾ സംഘടിപ്പിച്ചുവരുന്നു.

വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള

യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തിവരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. കേന്ദ്ര ഏജൻസിയായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും മയക്കുമരുന്ന് കടത്തും വിപണനവും തടയുന്നതിനുതകുന്ന പ്രായോഗിക നടപടികൾ ചർച്ച ചെയ്യുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു. അന്താരാഷ്ട്ര ബന്ധമുള്ള മയക്കുമരുന്ന് കേസ്സുകളിൽ എൻ.സി.ബി. (Narcotics Control Bureau), നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി അടക്കമുള്ള അന്താരാഷ്ട്ര അന്വേഷണ ഏജൻസികളുമായി ചേർന്ന് കാര്യക്ഷമമായ അന്വേഷണം നടത്തുന്നതിന് നടപടി എടുത്തുവരുന്നു.

ശ്രീ. വി. അബ്ദുറഹിമാനുവേണ്ടി (ശ്രീ. എ. പ്രദീപ്കുമാർ): സർ, 2018 ആഗസ്റ്റ് 16-നുള്ള സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്ന അബ്കാരി കേസുകൾ പുനരന്വേഷണം നടത്തേണ്ടതുണ്ട്. അതുപോലെ നിലവിലുള്ള മേജർ അബ്കാരി കേസുകളെല്ലാം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പോലീസ് വകുപ്പിനുള്ളതിന് സമാനമായി ഒരു ക്രൈംബ്രാഞ്ച് സംവിധാനം എക്സൈസ് വകുപ്പിലും രൂപീകരിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കെട്ടിക്കിടക്കുന്ന അബ്കാരി കേസുകൾ തീർപ്പുകൽപ്പിക്കുന്നതിന് ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം എക്സൈസ് വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ഇതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം വളരെ ഗൗരവമുള്ള പ്രശ്നമാണ്. ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയ മുദ്രാവാക്യം ലഹരിയായി ഏറ്റെടുത്ത് നടുത്തളത്തിലിറങ്ങിയ ആളുകളെ കാണുന്നുണ്ട്. ഞാൻ അതല്ല ഇവിടെ ഉദ്ദേശിക്കുന്നത്, വിദ്യാർത്ഥികളുടെ ഇടയിൽപ്പോലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിന് ഈ സർക്കാർ വളരെ ഭാവനാസമ്പന്നമായ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്... (ബഹളം)...

മി. സ്പീക്കർ: ചോദ്യോത്തരവേള തുടർച്ചയായി ഇങ്ങനെ തടസ്സപ്പെടുത്തുന്ന രീതി തുടർന്നാൽ അടുത്ത സഭാനടപടികളുമായി മുന്നോട്ടുപോകേണ്ടിവരും. പ്രതിപക്ഷത്തിന് ഈ വിഷയം ആദ്യത്തെ സബ്മിഷനായി സഭയിൽ അവതരിപ്പിക്കാൻ അനുവാദം നൽകാമെന്ന് ഞാൻ പറഞ്ഞിരുന്നു. ദയവായി സഹകരിക്കണം. വിഷയം സഭയിൽ കൊണ്ടുവരികയെന്നതാണ് ആവശ്യമെങ്കിൽ ...(ബഹളം)... പ്ലീസ്... പ്ലീസ്...

ശ്രീ. എ. പ്രദീപ്കുമാർ: സർ, സർക്കാർ ആരംഭിച്ച ഭാവനാസമ്പന്നമായ പദ്ധതിയായ 'ലഹരി വർജ്ജന മിഷൻ' (വിമുക്തി)-നെ എല്ലാപേരും അഭിനന്ദിച്ചു. അതിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതിന് ജില്ലാതലത്തിൽ യൂണിറ്റുകൾ രൂപീകരിക്കുക, പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുക തുടങ്ങിയ കാര്യങ്ങളിൽ എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, വിമുക്തി മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗവൺമെന്റ് നേരത്തെതന്നെ ഉത്തരവിറക്കിയിട്ടുള്ളതാണ്. ജില്ലാതലത്തിൽ സമിതികളുണ്ട്, കോർപ്പറേഷൻ-നഗരസഭ-പഞ്ചായത്ത് അടിസ്ഥാനത്തിൽ സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വാർഡുതല/അയൽക്കൂട്ട കമ്മിറ്റികൾ സംഘടിപ്പിച്ച് വീടുവീടാന്തരം കയറിയിറങ്ങി ഓരോ വ്യക്തിയേയും കുടുംബത്തേയും സമീപിച്ച് ലഹരി ഉപയോഗിക്കുന്നവരെ മോചിപ്പിക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. ഇക്കാര്യം ഫലപ്രദമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സജീവമായ ഇടപെടലും നേതൃത്വവും ഉണ്ടാകേണ്ടതുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, നമ്മുടെ സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം ഭീതിയുളവാക്കുംവിധം വർദ്ധിച്ച് വരികയാണ്. കേരളത്തെ മയക്കുമരുന്നിന്റെ അന്താരാഷ്ട്ര ഇടനാഴിയാക്കാൻ മാഫിയകൾ ശ്രമിക്കുന്നുവെന്ന വാർത്തകളും പുറത്തുവന്നിട്ടുണ്ട്. എക്സൈസ് വകുപ്പിന് കായികപരിശീലനം കൊടുത്തതുകൊണ്ടുമാത്രം ഇത്തരക്കാരെ നേരിടാൻ കഴിയില്ല. ആധുനിക ഉപകരണങ്ങൾ നൽകി എക്സൈസ് ഡിപ്പാർട്ട്മെന്റിനെ കൂടുതൽ സജ്ജമാക്കാൻ സഹായകരമായ നിലപാട് സർക്കാർ സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ എക്സൈസ് സേനാംഗങ്ങളെ കൂടുതൽ ബലപ്പെടുത്തേണ്ടതുണ്ട്. തീർച്ചയായും അദ്ദേഹം ഉന്നയിച്ച ഈ പ്രശ്നം സജീവ പരിഗണനയിലുള്ള വിഷയമാണ്. അതിന്റെ മറ്റുവശങ്ങളെല്ലാം പരിശോധിച്ച് കൂടുതൽ ആയുധവൽക്കരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

ശ്രീ. എം. നൗഷാദ്: സർ, ഓരോ വർഷത്തേയും മദ്യനയത്തിന്റെ അടിസ്ഥാനത്തിലാണോ ഡിസ്റ്റിലറി യൂണിറ്റുകളും ബ്രൂവറി യൂണിറ്റുകളും ആരംഭിക്കാൻ അനുമതി നൽകുന്നത്; ഓരോ വർഷവും അപേക്ഷകൾ ക്ഷണിച്ചിട്ടാണോ ഇത്തരം യൂണിറ്റുകൾക്ക് അനുമതി നൽകുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇതുസംബന്ധിച്ചുള്ള വേറെ ചോദ്യം സഭയിൽ വരുന്നുണ്ട്. അതിന്റെ ഭാഗമായി ഈ വിഷയം വിശദീകരിക്കുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ലഹരി പലവിധത്തിലുണ്ട്. അറിയപ്പെടാത്ത ഏതോ ലഹരിവസ്തുക്കൾ കഴിച്ചിട്ടാണ് ഇവിടെ പ്രതിപക്ഷം ഈ ബഹളമുണ്ടാക്കുന്നതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിൽനിന്നും കേരളത്തെ രക്ഷപ്പെടുത്തണം. കേരളത്തിൽ പ്രത്യേകിച്ചും കൊച്ചിപോലുള്ള പ്രദേശങ്ങളിൽ ഇപ്പോൾ ലഹരി വിൽപ്പനയ്ക്ക് ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുകയാണ്. സൈബർ മേഖലയെപ്പോലും വലവിരിച്ചുകൊണ്ടാണ് അവർ നീങ്ങുന്നത്. ഇതിനെ നേരിടാനാവശ്യമായ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ലഹരിവ്യാപനം തടയുന്നതിനാവശ്യമായ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിവരികയാണ്. അത് കൂടുതൽ ബലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്ന താണ്. ...(ബഹളം)...

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ തുടർച്ചയായി ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും മര്യാദയുടെയും മാന്യതയുടെയും സീമ ലംഘിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. ഈ വിഷയം സഭയിൽ ഉന്നയിക്കാൻ അവസരം നൽകാമെന്ന് പറഞ്ഞതിനുശേഷവും സഭ തടസ്സപ്പെടുത്തുകയാണ്. വിഷയം ഉന്നയിക്കലാണ് ആവശ്യമെങ്കിൽ സീറ്റിലേയ്ക്ക് പോകണം. ഈ സാഹചര്യത്തിൽ ചോദ്യോത്തരവേള റദ്ദുചെയ്തുകൊണ്ട് മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നു. ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദുചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ ഉത്തരങ്ങൾ മേശപ്പുറത്തുവച്ചാൽ മതി*.

* അനുബന്ധമായി ചേർത്തിരിക്കുന്നു.

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കാൻ നടപടി

2 (*62) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ഡിസ്റ്റിലറികളും ബ്രൂവറികളും തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് മാത്രം ഉപഭോഗം കുറയില്ല. അതേസമയം ആവശ്യകത ഇല്ലാതാക്കിയാൽ മാത്രമേ ഉപഭോഗം കുറയുകയുള്ളൂ. ആവശ്യകത നിലനിൽക്കുന്നിടത്തോളം അംഗീകൃത മദ്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനധികൃത മദ്യത്തിന്റെ വ്യാപനത്തിന് ഇടവരുമെന്നുമുള്ള യാഥാർത്ഥ്യബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് മദ്യനയം രൂപവൽക്കരിച്ച് നടപ്പിലാക്കിവരുന്നത്. ആയതിനനുസൃതമായി മേൽലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് താഴെ പരാമർശിച്ചിരിക്കുന്ന നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

1. മദ്യവർജ്ജനത്തിലൂടെ ലഹരിയുടെ ഉപയോഗം ശാശ്വതമായി ഇല്ലാതാക്കുന്നതിന് വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിലേക്കായി 'വിമുക്തി' ലഹരിവർജ്ജന മിഷൻ സ്ഥാപിക്കുകയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ജില്ല, താലൂക്ക്, പഞ്ചായത്ത്, വാർഡ് തലത്തിലേക്ക് ടി മിഷന്റെ പ്രവർത്തനം വ്യാപിച്ചുവരുന്നു.

2. ലഹരിക്ക് അടിമപ്പെട്ടവരെ ആയതിൽനിന്ന് മുക്തമാക്കുവാൻ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനായി പുതിയ വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ ആരംഭിക്കുന്നില്ലായെന്ന തീരുമാനം നടപ്പാക്കിവരുന്നു.

4. അനധികൃത മദ്യ വിപണനവും ലഹരി വസ്തുക്കളുടെ വ്യാപനവും ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

5. ബാറുകളുടെ പ്രവർത്തനസമയം കുറയ്ക്കുകയും മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായം 23 വയസ്സായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ബി&സി) നിലവിലില്ല. അബ്കാരി ആക്ടിലെ സെക്ഷൻ 14(എ) 1967-ലെ ബ്രൂവറികളിലെ റൂൾ 2, 3 എന്നീ റൂളുകൾ, 1975-ലെ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് റൂളിലെ 3(1), 4(1) എന്നീ റൂളുകൾ പ്രകാരമാണ് 2018-ൽ ബ്രൂവറികൾ, കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ അനുവദിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡിസ്റ്റിലറികൾക്കൊന്നും അനുമതി നൽകിയിട്ടില്ല. സർക്കാർ അധീനതയിലുള്ള പാലക്കാട് ചിറ്റൂരിലെ മലബാർ ഡിസ്റ്റലറീസിനും തൃശ്ശൂരിൽ ശ്രീചക്ര ഡിസ്റ്റിലറീസിനും വിദേശമദ്യ കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ അപ്പോളോ ഡിസ്റ്റലറീസ് & ബ്രൂവറീസിന് പാലക്കാട് എലപ്പുള്ളിയിലും M/s.ശ്രീധരൻ ബ്രൂവറിക്ക്, കണ്ണൂർ വാരത്തും പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡിന് എറണാകുളത്തും ബ്രൂവറികൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക അനുമതി നൽകിയിരുന്നു. ഈ അനുമതികളെല്ലാം 9-10-2018-ലെ സ.ഉ.(സാധാ)നമ്പർ 744/2018/നി.വ പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. കൂടാതെ മദ്യഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിന് കാലാനുസൃതമായി മാനദണ്ഡങ്ങൾ ശിപാർശ ചെയ്യുന്നതിന് ഉന്നതതല സമിതി രൂപവത്കരിച്ചിട്ടുണ്ട്.

## പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത

3 (*63) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കാനായ നേട്ടം വിശദമാക്കാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും മായം കലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേക്ക് നിയന്ത്രണമില്ലാതെ കൊണ്ടുവരുന്നത്, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധിക ചെലവിൽ ക്ഷീരോല്പാദനം നടത്തുന്ന കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്;

(സി) ക്ഷീര കർഷകരെ പ്രസ്തുത രംഗത്ത്നിന്ന് പിന്നോട്ടടിപ്പിക്കുന്ന തരത്തിൽ മിൽമ ചില കാലങ്ങളിൽ പാൽ സംഭരണത്തിന് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നതിനും ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനും തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2017-18 വർഷത്തിൽ 10518 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുകയും നടപ്പ് സാമ്പത്തികവർഷത്തിൽ 11527 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഫലമായി ഇതേ കാലയളവിൽ ക്ഷീര സഹകരണസംഘങ്ങൾ വഴിയുള്ള പാൽ സംഭരണത്തിൽ മാത്രം ഏദേശം 12.20% വർദ്ധനവ് ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

മിൽമയുടെ മലബാർ മേഖല യൂണിയനിൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി സഹകരണമേഖലയിൽ സംഭരിക്കുന്ന പാലിൽ 2018-19 വർഷം ഒക്ടോബർ 31 വരെ മുൻവർഷത്തേക്കാൾ 4% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

എറണാകുളം മേഖലാ യൂണിയന്റെ സംഭരണവും വിതരണവും തമ്മിലുള്ള വ്യത്യാസം ഏകദേശം 25000 ലിറ്റർ ആക്കി കുറയ്ക്കുന്നതിനും സാധിച്ചു.

(ബി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധിക ചെലവിൽ ക്ഷീരോല്പാദനം നടത്തുന്ന കേരളത്തിലെ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

കറവപ്പശുക്കൾ, കിടാരികൾ എന്നിവ വാങ്ങുന്നതിനും കർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, തീറ്റപ്പുൽകൃഷി നടത്തുന്നതിനാവശ്യമായ സഹായം എന്നിവയും നൽകുന്നു. കൂടാതെ കർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ

നൽകുന്ന പാലിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 4 രൂപ വരെ ഇൻസെന്റീവായി സഹായം നൽകുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും മായം കലർത്തി ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക് പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ പരിശോധന സംവിധാനം ഏർപ്പെടുത്തി മായം കലർന്ന പാലിന്റെ സംസ്ഥാനത്തേയ്ക്കുള്ള വരവ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഉൾപ്പെടെ കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഇല്ലാത്തതും മായം കലർന്നതുമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) വർദ്ധിച്ചതോതിൽ പാലുല്പാദനം ഉണ്ടാകുന്ന സീസണുകളിൽ പാൽ സംഭരണത്തിന് മിൽമ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത് ഒഴിവാക്കി കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിക്കുന്നതിനുള്ള നടപടികൾ അതത് സമയത്ത് സ്വീകരിച്ചിട്ടുണ്ട്.

മിൽമയും എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകളും പാൽ സംഭരണത്തിൽ നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ മലബാർ മേഖലാ യൂണിയൻ മിൽമയ്ക്ക് പാൽ നൽകുന്ന 6 ജില്ലകളിലായുള്ള 1100 - ൽപ്പരം ക്ഷീര സംഘങ്ങളിൽ പാലക്കാട് ജില്ലയിലെ കേരള തമിഴ്നാട് അതിർത്തിയിലുള്ള 52 സംഘങ്ങൾക്ക് മാത്രമാണ് നിയന്ത്രണമേർപ്പെടുത്തി യിട്ടുള്ളത്. താരതമ്യേന വിലകുറഞ്ഞ പാൽ ധാരാളമായി തമിഴ്നാട്ടിൽനിന്ന് കേരളത്തിലേയ്ക്ക് കടന്നുവരുന്നത് നിയന്ത്രിക്കുവാനാണ് മേൽപ്പറഞ്ഞ സംവിധാനം മിൽമ മലബാർ മേഖലാ യൂണിയൻ ഏർപ്പെടുത്തിയത്.

പൊതുമേഖല, സഹകരണ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തി ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്പാദന ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഒരു

ഹെക്ടറിന് 20,000 രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികളുടെയും സർക്കാർ അർദ്ധസർക്കാർ ഉടമസ്ഥതയിലുമുള്ള തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ക്ഷീരസംഘങ്ങൾ മുഖേനയോ കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ മുഖേനയോ തീറ്റപ്പുൽകൃഷി നടത്തുകയും ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചപ്പുല്ല് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

മിൽമയുടെയും മേഖലാ യൂണിയനുകളുടെയും കീഴിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനും ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## കള്ളുചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി

4 (*64) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന കള്ളുചെത്ത് വ്യവസായത്തെ പുനസംഘടിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ബാറുകളുടെ ദൂരപരിധി കുറച്ചപ്പോൾ കള്ളുഷാപ്പുകളുടെ ദൂരപരിധി കുറച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) കള്ളുഷാപ്പുകളെ ദൂരപരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ടൂറിസവുമായി ബന്ധപ്പെടുത്തി വികസനസാധ്യത ഏറെയുള്ള കള്ളുചെത്ത് വ്യവസായത്തിന്റെ അടിസ്ഥാന വികസനത്തിനും കള്ളുഷാപ്പുകളുടെ നിർമ്മാണം, കള്ളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കും കൂടുതൽ മുതൽമുടക്ക് നടത്തുമോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കള്ളു ചെത്ത് വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതും വൈവിധ്യ വൽക്കരിക്കുന്നതും ലക്ഷ്യമിട്ട് 2017-18 വർഷത്തെ അബ്കാരി നയത്തിൽ ടോഡി ബോർഡ് രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ടോഡി ബോർഡ് രൂപീകരണ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ബാറുകളുടെ ദൂരപരിധി കുറച്ചിട്ടില്ല. എന്നാൽ 25-10-2017-ലെ ജി.ഒ.(പി) നമ്പർ 126/2017/നി.വ. പ്രകാരം four star, five star, five star deluxe, heritage വിഭാഗം ഹോട്ടലുകളുടെ ദൂരപരിധി 17-4-2012 വരെ നിലവിലുണ്ടായിരുന്ന പ്രകാരം 50 മീറ്ററായി പുനഃസ്ഥാപിച്ച് ചട്ടഭേദഗതി വരുത്തിയിട്ടുണ്ട്. കള്ളുഷാപ്പുകളുടെ ദൂരപരിധി കുറച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. കള്ളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, കള്ള്ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുക, വിനോദ സഞ്ചാരമേഖലകളിൽ ആധുനിക രീതിയിലുള്ള ടോഡി പാർലറുകൾ ആരംഭിക്കുക എന്നിവ പുതുതായി രൂപീകരിക്കുന്ന ടോഡി ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

**ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

5 (*65) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ അവകാശമെന്ന നിലയിൽ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കാൻ ജല അതോറിറ്റി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ആയതിനായി കിഫ്ബി വഴി നടത്തിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ഇതുവരെ എത്ര ശതമാനം വീടുകളിൽ പൈപ്പ് വഴി കുടിവെള്ളം എത്തിക്കാൻ സാധ്യമായെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ;

(ഡി) എ.ഡി.ബി. വായ്പ ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കാമോ;

(ഇ) ഇതിന്റെ ഭാഗമായി ജാലകം എന്ന ഏജൻസിക്ക് ജല അതോറിറ്റി ഓഫീസുകളിൽനിന്ന് വിവരശേഖരണത്തിന് അനുമതി നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ജീവനക്കാരുടെ എതിർപ്പ് ഉയർന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം പൈപ്പിലൂടെ ലഭ്യമാക്കുന്നതിനായി ധനലഭ്യത അനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള നടപടികളും കാലപ്പഴക്കംചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിച്ചും വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ജലചൂഷണവും ദുർവിനിയോഗവും തടയുന്നതിന് ബോധവൽക്കരണം നടത്തിയും ജലസ്രോതസ്സുകൾ സംരക്ഷിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യമായ ഇടവേളകളിൽ വിതരണം ചെയ്യപ്പെടുന്ന ജലത്തിന്റെ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, അമൃത്, കേന്ദ്രസർക്കാരിന്റെ സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾ, നബാർഡ് ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു;

കിഫ്ബി-2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും കിഫ്ബി വഴി നടപ്പിലാക്കുന്നതുമായ 23 കുടിവെള്ള പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. കൂടാതെ 2017-18-ൽ ഉൾപ്പെട്ടിട്ടുള്ള 36 കിഫ്ബി പദ്ധതികളിൽ സർക്കാരിൽനിന്ന് അനുമതി നൽകി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള 35 പദ്ധതികളിൽ 21 കുടിവെള്ള പദ്ധതികൾക്ക് 1140.834 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 1025.5 കോടി രൂപയുടെ 14 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. കേരള വാട്ടർ അതോറിറ്റി 2018-19-ൽ ഉൾപ്പെട്ട 262.5 കോടി രൂപയുടെ 2 കിഫ്ബി പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1 ആയി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അമൃത്-കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെട്ട ജലവിതരണ പ്രവൃത്തികളുടെ നടത്തിപ്പിന്റെ ചുമതല കേരള ജല അതോറിറ്റിക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് 9 നഗരങ്ങളിലാണ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിലായി 1048.5 കോടി രൂപയുടെ 89 പദ്ധതികൾക്കാണ് മൂന്ന് ആക്ഷൻ പ്ലാനുകളായി ഭരണാനുമതി നൽകിയിട്ടുള്ളത്. മേൽപദ്ധതികളുടെ പട്ടിക അനുബന്ധം-II ആയി* ചേർത്തിരിക്കുന്നു.

സ്റ്റേറ്റ് പ്ലാൻ/ഗ്രീൻ ബുക്ക്- സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-III ആയും* സ്റ്റേറ്റ് പ്ലാനിലെ ഗ്രീൻ ബുക്ക് 2017-18-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-IV ആയും* ചേർത്തിരിക്കുന്നു.

നബാർഡ്- നബാർഡ് ധനസഹായത്തോടെ 40 ഗ്രാമീണ ശുദ്ധജല പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ 2018-19-ൽ RDF XXIV-ൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്ക് 45.52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-V ആയി* ചേർത്തിരിക്കുന്നു.

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (NRDWP)-ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട 133 പദ്ധതികൾ നിലവിലുള്ളതിൽ ഏകദേശം 50 പ്രവൃത്തികൾ 2017-18-ൽ പൂർത്തീകരിച്ചുകഴിഞ്ഞതാണ്. മേൽപദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-VI ആയി* ചേർത്തിരിക്കുന്നു. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിന് എ.ഡി.ബി.യുടെ ധനസഹായത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(ബി) കിഫ്ബി വഴി നടത്തിവരുന്നതും നടപ്പിലാക്കാൻ തീരുമാനിച്ചതുമായ പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി* ചേർത്തിരിക്കുന്നു. 2016-17-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും കിഫ്ബി വഴി നടപ്പിലാക്കുന്നതുമായ, 1257.1 കോടി രൂപയുടെ 23 കുടിവെള്ള പദ്ധതികൾക്ക് അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. അതിൽ തൃശ്ശൂർ കോർപ്പറേഷനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള ശുദ്ധീകരണശാലയ്ക്ക് സ്ഥലം ലഭ്യമാകാത്തതിനാൽ അത് ഒഴികെയുള്ള ബാക്കി 22 പദ്ധതികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൂടാതെ 2017-18-ൽ ഉൾപ്പെട്ടിട്ടുള്ള 36 കിഫ്ബി പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും അവയിൽ "പുറമറ്റം, കല്ലൂപ്പാറ, കോയിപ്പുറം, എഴുമറ്റൂർ, കുന്നംതാനം, ഇരവിപേരൂർ, തോട്ടപുഴശ്ശേരി, പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ പദ്ധതി" ഒഴികെയുള്ള 35 പദ്ധതികൾക്ക് സർക്കാർ അനുമതി നൽകി കിഫ്ബിയിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ടി 35 ജലവിതരണ പദ്ധതികളിൽ 21 കുടിവെള്ള പദ്ധതികൾക്ക് 1140.834 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 1025.5 കോടി രൂപയുടെ 14 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. 2018-19-ൽ ഉൾപ്പെട്ട 262.5 കോടി രൂപയുടെ 2 കിഫ്ബി പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| തിരുവനന്തപുരം | 72.99% | തൃശ്ശൂർ | 26.5% |
| കൊല്ലം | 35.19% | പാലക്കാട് | 29.10% |
| പത്തനംതിട്ട | 63% | മലപ്പുറം | 35% |
| കോട്ടയം | 24.14% | കോഴിക്കോട് | 38% |
| ആലപ്പുഴ | 46.19% | വയനാട് | 45% |
| എറണാകുളം | 71% | കണ്ണൂർ | 40% |
| ഇടുക്കി | 35% | കാസർഗോഡ് | 30% |

(ഡി) എ.ഡി.ബി.യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉത്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക

2. കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക

3. വിതരണശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area)-കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജലചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക. പദ്ധതി പൂർത്തീകരണത്തിലൂടെ നിലവിലെ ജലനഷ്ടം ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20% എത്തിക്കുവാനും ലക്ഷ്യമിടുന്നു.

4. മർദ്ദനിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക

9. ഐ.റ്റി. അധിഷ്ഠിത എം.ഐ.എസ്.- (MIS) ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

10. 24x7 പദ്ധതി അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) 24x7 ജലവിതരണ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള സർവ്വേ പ്രവൃത്തികൾ സൗജന്യമായി ചെയ്ത് തരുന്നതിന് എ.ഡി.ബി. നേരിട്ട് ജാലകം അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഈ കൺസൾട്ടന്റിന് ജല അതോറിറ്റിയുടെ ഓഫീസുകളിൽനിന്നും വിവരശേഖരണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജീവനക്കാരുടെ എതിർപ്പുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തൊഴിലാളി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ**

6 (*66) ശ്രീ. കെ. ദാസൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഉദാരവൽക്കരണ നയം തീവ്രമാക്കുന്നതിന്റെ പരിണിത ഫലമായി തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിയമ നിർമ്മാണത്തിലൂടെ ഇല്ലാതാക്കി അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ, സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തൊഴിലാളി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) തൊഴിൽ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് വ്യവസായ ബന്ധ സമിതികളെ ശാക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങിക്കുന്ന ദുഷ്പ്രവണത അവസാനിപ്പിക്കുമ്പോൾ തന്നെ കൂട്ടായ വിലപേശൽ ശക്തിപ്പെടുത്തി തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഡി) വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന്റെ ലക്ഷ്യവും പ്രവർത്തന പുരോഗതിയും അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും അതോടൊപ്പം തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും പരിരക്ഷയും ഉറപ്പുവരുത്താനും ഉതകുന്ന തൊഴിൽനയം അംഗീകരിക്കുകയും ആയത് അനുസരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി)ഉണ്ട്.

(സി) വ്യവസായബന്ധ സമിതികൾ പുനഃസംഘടിപ്പിക്കാനും പുതിയ മേഖലകളിൽ വ്യാപിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽമേഖലയിലെ തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും അനുരഞ്ജന ചർച്ചകളിലൂടെ ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂട്ടായ വിലപേശലുകളിലൂടെ ദീർഘകാല കരാറുകളിൽ ബന്ധപ്പെട്ടവർ ഏർപ്പെടുവാൻ വേണ്ട സാഹചര്യം ഒരുക്കുകയും ചെയ്യുന്നു. ഇതുകൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ വേതനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി മിനിമം വേതന ഉപദേശക സമിതി ത്രികക്ഷി സമിതിയായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ഡി) കേരളത്തിലെ വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയും ഫാക്ടറികളെയും അവയുടെ വ്യത്യസ്തതലങ്ങളിലുള്ള പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് ഈ സർക്കാരിന്റെ തൊഴിൽനയത്തിൽ വിഭാവനം ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി നിശ്ചിത മാനദണ്ഡങ്ങളെ ആധാരമാക്കി തൊഴിലുടമ, തൊഴിലാളി, ഇതര സാമൂഹിക വിഭാഗങ്ങൾ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം നടത്തി 2017 വർഷത്തെ വജ്ര-സുവർണ്ണ-രജത തുടങ്ങിയ ഗ്രേഡുകൾ ലഭിച്ചവരെ മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തു. തൊഴിലാളികൾക്ക് അർഹമായ സേവനവേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതിനോടൊപ്പം മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗ്രേഡിംഗ് കാരണമായി തീരും.

**മദ്യനിർമ്മാണ യൂണിറ്റുകൾക്ക് അനുമതി**

7 (*67) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് മാത്രം ഉപഭോഗം കുറയുകയില്ലയെന്നും മറിച്ച് ആവശ്യകത ഇല്ലാതാക്കുന്നതിലൂടെ മാത്രമെ ഉപഭോഗം കുറയുകയുള്ളുവെന്നും മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഈ നയത്തിന് വിരുദ്ധമായി സംസ്ഥാനത്തെ ബ്രൂവറികൾക്കും കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകുവാൻ ഉണ്ടായ അടിയന്തര സാഹചര്യം വ്യക്തമാക്കുമോ;

(സി) 2018-ൽ ബ്രൂവറികളും കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിച്ച കമ്പനികൾക്ക് ഏത് മാനദണ്ഡമനുസരിച്ചാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ഏതെങ്കിലും മദ്യനിർമ്മാണ കമ്പനിയുടെ ഉല്പാദന ശേഷി വർദ്ധിപ്പിച്ച് നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികൾക്ക് എന്നും ഉല്പാദനശേഷിയിൽ വരുത്തിയ വർദ്ധനവ് എത്രയെന്നും വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ മദ്യനയത്തിന് അനുസൃതമായാണ് ബ്രൂവറികൾ, കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി നൽകുന്ന കാര്യം പരിശോധിക്കപ്പെട്ടത്. വിദേശമദ്യ ചട്ടമനുസരിച്ച് നൽകുന്ന ബിയർ-വൈൻ പാർലറുകൾ ഉൾപ്പെടെയുള്ള മറ്റ് ലൈസൻസുകൾ നിയമമനുസരിച്ച് യോഗ്യതയുള്ളവർക്ക് തുടർന്നും അനുവദിക്കുന്നതാണെന്ന കാര്യം മദ്യനയത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സംസ്ഥാനത്ത് വിൽപ്പന നടക്കുന്ന ബിയറിന്റെ 40 ശതമാനവും വിദേശമദ്യത്തിന്റെ 7 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ

നിന്നുമാണ് കൊണ്ടുവരുന്നത്. സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് മദ്യലഭ്യത ഉറപ്പാക്കുവാനാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത്. ആയത് വിശദമായി പരിശോധിച്ചതു പ്രകാരമാണ് സംസ്ഥാനത്തുതന്നെ ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടത്.

സംസ്ഥാനത്ത് കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കുവാനും നികുതി വരുമാനം വർദ്ധിപ്പിക്കുവാനുംകൂടി ഉദ്ദേശിച്ചാണ് പുതിയ ബ്രൂവറികളും വിദേശമദ്യ നിർമ്മാണ യൂണിറ്റുകളും ആരംഭിക്കുന്നതിന് അനുമതി നൽകിയത്.

(സി) അബ്കാരി ആക്ടിലെ സെക്ഷൻ 14 (എ), 1967-ലെ ബ്രൂവറി റൂൾസ് (2), (3), 1975-ലെ കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് &ബോട്ടിലിംഗ് റൂൾസ് 3(1), 4(1) എന്നിവ പ്രകാരമാണ് അനുമതി നൽകിയത്.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമേഖലാ സ്ഥാപനമായ തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിന് ഒരു അഡീഷണൽ ബോട്ടിലിംഗ് ലൈൻ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്.

**ജല അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണം**

8 (*68) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന ജല അതോറിറ്റിക്ക് പ്രളയം സൃഷ്ടിച്ച നാശനഷ്ടം എത്രയെന്ന് കണക്കാക്കിയിരുന്നോ; വിശദാംശം നൽകുമോ; ജലവിതരണം പുനഃസ്ഥാപിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഗുണനിലവാരമുള്ള കുടിവെള്ളം സംസ്ഥാനത്തെ എല്ലാ ഭവനങ്ങളിലുമെത്തിക്കുകയെന്ന ലക്ഷ്യത്തിനായി ജല അതോറിറ്റിയെ സാമ്പത്തികമായി ശാക്തീകരിക്കാൻ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ജല അതോറിറ്റി ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പകുതിയോളം പാഴാകുന്നുവെന്നും അതുവഴി 700 കോടിയിൽപ്പരം രൂപ പ്രതിവർഷം നഷ്ടമുണ്ടാകുന്നുവെന്നുമുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രശ്നപരിഹാരത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്തുണ്ടായ പ്രളയ ദുരിതത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിക്ക് 140.899 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കുന്നത്.

കുറഞ്ഞ കാലയളവിൽ നിർത്താതെ പെയ്ത അതിശക്തമായ മഴയാണ് നദികളിൽ വെള്ളപ്പൊക്കത്തിനും ജലവിതരണ രംഗത്ത് വൻനാശനഷ്ടങ്ങൾക്കും ഇടയാക്കിയത്. പമ്പ, ഭാരതപ്പുഴ, പെരിയാർ, ചാലിയാർ എന്നിങ്ങനെ ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളായിരുന്ന പ്രധാന നദികൾ കരകവിഞ്ഞൊഴുകി വെള്ളപ്പൊക്കത്തിന് കാരണമായി. അസാധരണമാംവിധം ജലനിരപ്പുയർന്നപ്പോൾ അതിശക്തമായ കലക്കൽ രൂപപ്പെട്ടു. നദീതീരങ്ങളിലെ പമ്പ് ഹൗസുകളും അനുബന്ധ നിർമ്മാണങ്ങളും വെള്ളത്തിനടിയിലായപ്പോൾ പ്രധാന പദ്ധതികളുടെയെല്ലാം പ്രവർത്തനം നിലച്ചു. കാസർഗോഡ് ജില്ലയിലൊഴികെ മറ്റെല്ലായിടത്തും പ്രതിസന്ധിയുണ്ടായി. സർവ്വനാശം വിതച്ച അതിഭീകര മഴ സൃഷ്ടിച്ച നാശനഷ്ടങ്ങൾ ചില ജില്ലകളെ ഗുരുതരമായും മറ്റുചില ജില്ലകളെ അതീവ ഗുരുതര സ്ഥിതിയിലുമെത്തിച്ചു. കനത്ത മഴയും പ്രളയവും വാട്ടർ അതോറിറ്റിക്ക് വരുത്തിവച്ച നാശനഷ്ടമാണ് ചുവടെ രേഖപ്പെടുത്തുന്നത്.

- സ്രോതസ്സുകളിലെ അമിതമായ കലക്കൽ ജലാഗമന പ്രദേശത്തെ ഇൻഫിൽട്രേഷൻ ഗാലറികളുടെ തകർച്ചയ്ക്ക് കാരണമായി.

- ജലാഗമന പൈപ്പുകളും ജലാഗമന പ്രദേശത്തെ ഗാലറികളും ഒലിച്ചുപോയി.

- ജലാഗമന കിണറുകളും ഗാർഹിക കണക്ഷനുകളിലെ ഭൂതല ജലസംഭരണികളും ചെളികൊണ്ടുമൂടി.

- വൈദ്യുത സബ്സ്റ്റേഷനുകളിൽ ട്രാൻസ്ഫോമറുകൾ ഉൾപ്പെടെയുള്ള വൈദ്യുത സംവിധാനങ്ങളിൽ വെള്ളം കയറിയതുമൂലം ജലവിതരണ പദ്ധതികളുടെ പ്രവർത്തനം നിലച്ചു.

• വെള്ളപ്പൊക്കസമയത്ത് പമ്പ്ഹൗസുകളിൽ വെള്ളം കയറിയതുമൂലം വൈദ്യുത മോട്ടോറുകൾ, സ്വിച്ച് ഗിയറുകൾ/സ്റ്റാർട്ടറുകൾ എന്നിവ പ്രവർത്തന രഹിതമായി.

• വെള്ളത്തിന്റെ അമിതമായ കലക്കൽമൂലം ഫിൽറ്റർ ബെഡുകൾ തകരുകയും തൻമൂലം ഫിൽട്രേഷൻ നിരക്കിൽ കുറവുവന്നതുമൂലം ജലവിതരണത്തിൽ സാരമായ കുറവുണ്ടായി

• കെ.എസ്.ഇ.ബി.യുടെ വൈദ്യുതി വിതരണവും വെള്ളപ്പൊക്കംമൂലം നിലച്ചതിനാൽ പമ്പിംഗ് തടസ്സപ്പെട്ടു.

• ചില പമ്പിംഗ് സ്റ്റേഷനുകളും ശുദ്ധീകരണശാലകളുടെയും നടവഴികൾ (Approch Road) വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയതിനാൽ ജീവനക്കാർക്ക് അവ പ്രവർത്തിപ്പിക്കാൻ എത്തിച്ചേരാൻ കഴിഞ്ഞില്ല.

• പമ്പിംഗ്, ജലമെത്തിക്കൽ, ജലവിതരണം എന്നിവയുടെ പൈപ്പ്ലൈനുകൾ മണ്ണിനടിയിലല്ലാത്ത സ്ഥലങ്ങളിൽ ഒലിച്ചുപോവുകയും നാശനഷ്ടം സംഭവിക്കുകയും ചെയ്തു.

• പ്രളയം കാരണം ജലവിതരണ പദ്ധതികൾ ഏറ്റവും പ്രതിസന്ധിയിലായത് 18-8-2018-നാണ്. 483 പദ്ധതികളാണ് അന്നേദിവസം മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായത്. എന്നാൽ ഇവയിൽ പലതും യുദ്ധകാലാടിസ്ഥാനത്തിൽ പുനഃപ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ചത് 372 പദ്ധതികളെയാണ്.

• ശുദ്ധീകരണശാലകൾകൂടി ഉൾപ്പെടുന്ന 122 പ്രധാന പദ്ധതികൾക്കുണ്ടായ തകരാറ് നിമിത്തം പ്രതിദിനം 1396 ദശലക്ഷം ലിറ്റർ ശുദ്ധജല ഉൽപ്പാദനം തടസ്സപ്പെട്ടു.

• കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതികളുടെ പ്രവർത്തനം നിലച്ചത് അതീവ ഗുരുതരമായ സ്ഥിതിയുണ്ടാക്കി.

• ഇതിനുപുറമെ, പ്രളയം 39 മുനിസിപ്പാലിറ്റികളെയും 346 പഞ്ചായത്തുകളെയും ബാധിച്ചു.

• പമ്പ് ഹൗസുകൾ വെള്ളത്തിൽ മുങ്ങിപ്പോയ സ്ഥലങ്ങളിൽ പുനഃസ്ഥാപന ജോലികൾക്കായി എത്താൻപോലും കഴിയാത്ത അവസ്ഥയായിരുന്നു. ആദ്യ രണ്ടുമൂന്ന് ദിവസങ്ങളിൽ പ്രളയം വരുത്തിവച്ച വിനാശങ്ങൾ കാരണമുണ്ടായ പ്രധാന പ്രത്യാഘാതങ്ങൾ താഴെപ്പറയുന്നു.

- പാലക്കാട് മുനിസിപ്പാലിറ്റിയിലേയ്ക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള ജലവിതരണ പദ്ധതിയിലെ സി.ഡബ്ല്യു.പി.എം-ന്റെ പത്ത് പൈപ്പുകൾ കൽപ്പാത്തിപ്പുഴയിലെ വൻകുത്തൊഴുക്കുമൂലം ഒഴുകിപ്പോവുകയും പാലക്കാട് മുനിസിപ്പാലിറ്റിയുടെ മൂന്നിൽ രണ്ട് പ്രദേശങ്ങളിലും രണ്ട് പഞ്ചായത്തുകളിലും ജലവിതരണം തടസ്സപ്പെടുകയും ചെയ്തു.

- പെരിയാറിൽ വെള്ളം പൊങ്ങുകയും കലക്കൽ അതിരൂക്ഷമാവുകയും ചെയ്തപ്പോൾ കൊച്ചി കോർപ്പറേഷനിൽ കുടിവെള്ളം നൽകുന്ന ആലുവയുൾപ്പെടെയുള്ള പ്രധാന പദ്ധതികളുടെ പ്രവർത്തനം നിർത്തി വയ്ക്കേണ്ടിവന്നു.

- തൃശ്ശൂർ കോർപ്പറേഷനിൽ വെള്ളമെത്തിക്കുന്ന പീച്ചി പ്ലാന്റ് വെള്ളപ്പൊക്കത്തിൽ പ്രവർത്തനരഹിതമായി.

- പത്തനംതിട്ടയിലെ മിക്ക പദ്ധതികൾക്കും നാശം നേരിട്ടു. വെള്ളത്തിനടിയിലായ ശബരിമല ജലശുദ്ധീകരണ പദ്ധതിക്ക് വൻ കേടുപാടുകളുണ്ടായി.

- കുട്ടനാട്ടിൽ പ്രതിദിനം 14 ദശലക്ഷം ലിറ്റർ വിതരണം ചെയ്യുന്ന ജലശുദ്ധീകരണശാലയുടെ പ്രവർത്തനം നിർത്തേണ്ടിവന്നു.

- പഴശ്ശി ഡാമിനെ ആശ്രയിക്കുന്ന ജലവിതരണ പദ്ധതികളുടെ പ്രവർത്തനം കലക്കൽ കാരണം മൂന്നുദിവസത്തേക്ക് നിർത്തിവയ്ക്കേണ്ടിവന്നു. കണ്ണൂർ, അഞ്ചരക്കണ്ടി ജിക്ക പട്ടുവം പദ്ധതികളെ ഇത് സാരമായി ബാധിച്ചു.

- ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ നദീതീരത്തുള്ള പദ്ധതികളുടെ വൈദ്യുത ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾക്ക് കേടുപാടുകളുണ്ടായി. ആലപ്പുഴ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ഒട്ടേറെ പദ്ധതികൾ ബാധിക്കപ്പെട്ടു.

ജലവിതരണം പുനഃസ്ഥാപിക്കാനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

- ആസ്ഥാന കാര്യാലയത്തിൽ 24X7 കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. ജില്ലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തി.

- പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കുടിവെള്ളം വിതരണവുമായി ബന്ധപ്പെട്ട ആശയവിനിമയം ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും മാത്രമായി വാട്സാപ് ഗ്രൂപ്പിന് രൂപംകൊടുത്തു.

- പ്രളയമേഖലകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ പദ്ധതി രൂപപ്പെടുത്തി. തൊട്ടടുത്ത പ്രവർത്തനക്ഷമമായ പദ്ധതിയിൽനിന്നും ടാങ്കറുകൾ, കടത്തുവള്ളങ്ങൾ, കാനുകൾ എന്നിവ വഴി വെള്ളമെത്തിക്കാൻ തുടങ്ങി.

- വെള്ളമിറങ്ങിത്തുടങ്ങിയ സമയംതൊട്ട് നടന്ന കാര്യക്ഷമമായ പ്രവർത്തങ്ങളിലൂടെ ഭൂരിഭാഗം പദ്ധതികളുടെയും പ്രവർത്തനം പുനരാരംഭിച്ചു. കെ.എസ്.ഇ.ബി., കെ.എസ്.ഇ.ഐ., മറ്റ് ഏജൻസികൾ എന്നിവയുടെ സഹായവും സ്വീകരിച്ചു.

- ആലുവ ഹെഡ് വർക്സ് 3300 കെവിഎ ട്രാൻസ്ഫോമറിന്റെ അറ്റകുറ്റപ്പണിക്ക് സൈന്യത്തിന്റെ എഞ്ചിനീയറിംഗ് ദൗത്യസംഘ (ഇ.ടി.എഫ്)ത്തിന്റെ സഹായം ലഭിച്ചു.

- ജിക്ക ജലവിതരണ പദ്ധതി, കണ്ണൂർ, മൂപ്പത്തടം, കൊച്ചി എന്നിവയുടെ ജലാഗമന ഘടകങ്ങളിലെ തടസ്സം തീർക്കാനും കൊച്ചി മൂലമ്പിള്ളി അന്തർവാഹിനി പൈപ്പ്ലൈൻ അറ്റകുറ്റപ്പണിക്കും നാവികസേനാ സഹായമുണ്ടായി.

- പ്രളയം കാരണം ജലവിതരണ പദ്ധതികൾ ഏറ്റവും പ്രതിസന്ധിയിലായത് 18.8.2018-നാണ്. 483 പദ്ധതികളാണ് അന്നേദിവസം വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായത്. എന്നാൽ ഇവയിൽ പലതും യുദ്ധകാലാടിസ്ഥാനത്തിൽ പുനഃപ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ചത് 372 പദ്ധതികളെയാണ്.

- ഫീൽഡ് ഓഫീസർമാർ പ്രളയമേഖലകളും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച് കുടിവെള്ള ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തി. പ്രളയമേഖലകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനായി ഗുണനിലവാര പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കി. വാട്ടർ അതോറിറ്റി ഗുണനിലവാര പരിശോധനാവിഭാഗം പ്രളയമേഖലകളിലെ കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്താനായി പ്രത്യേക ലാബുകൾ തുറന്നു.

- ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന്റെ പ്രത്യേക ദൗത്യത്തിലൂടെ പ്രളയബാധിത പ്രദേശങ്ങളിൽ ഏകദേശം പതിനെണ്ണായിരത്തോളം കുടിവെള്ള സാമ്പിളുകൾ സൗജന്യമായി പരിശോധിച്ചുനൽകി.

- പദ്ധതികളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ രാസവസ്തുക്കളുടെ ലഭ്യതയും വാട്ടർ അതോറിറ്റി ഉറപ്പുവരുത്തി.

- സെൻട്രൽ കൺട്രോൾ യൂണിറ്റുവഴി പരാതികൾ സ്വീകരിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്തു.

- തെലങ്കാന സർക്കാർ സംഭാവന ചെയ്തു, മണിക്കൂറിൽ 1000 മീറ്റർ വെള്ളം ശുദ്ധീകരിക്കാൻ കഴിയുന്ന 50 ആർ.ഒ പ്ലാന്റുകൾ വിവിധ പ്രളയബാധിത പ്രദേശങ്ങളിൽ വിന്യസിച്ചു.

- ആലപ്പുഴ ജില്ലയിൽ മണിക്കൂറിൽ 6000 ലിറ്റർ ജലം ശുദ്ധീകരിക്കാനാവുന്ന സഞ്ചരിക്കുന്ന ആർഒ പ്ലാന്റ് സി.എസ്.ഐ.ആർ.-ന്റെ നേതൃത്വത്തിൽ പ്രവർത്തനസജ്ജമാക്കി.

- പ്രളയമേഖലകളിൽ 150 കമ്മ്യൂണിറ്റി ജലശുദ്ധീകരണികൾ വിതരണം ചെയ്തു. തദ്ദേശസ്വയംഭരണ, റവന്യൂ വകുപ്പുകളുമായി കൂടിയാലോചിച്ചശേഷം ആലപ്പുഴയിലും തിരുവല്ലയിലും എഴുപതെണ്ണം വീതവും കൊച്ചിയിൽ പത്തെണ്ണവുമാണ് നൽകിയത്.

- ജല തീവണ്ടികളിലെത്തിച്ച ജലം പ്രധാനമായും ചെങ്ങന്നൂർ മേഖലയിൽ വിതരണം ചെയ്തു.

- പ്രളയ പൂർവ്വാവസ്ഥയിലേയ്ക്കെത്താൻ കാലതാമസം നേരിട്ട കുട്ടനാട്, പാണ്ടനാട്, ചെങ്ങന്നൂർ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകിയായിരുന്നു ടാങ്കർ ലോറികളും കടത്തുവള്ളങ്ങളും ഉപയോഗിച്ചുള്ള കുടിവെള്ള വിതരണം.

- 1000/2000 ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ കിയോസ്കുകൾ, വിതരണ പൈപ്പ്ലൈനുകൾ തകരാറിലാവുകയും കിണറുകൾ മാലിന്യം നിറയുകയും ചെയ്ത കുട്ടനാട്, ചെങ്ങന്നൂർ മേഖലകളിൽ വിതരണം ചെയ്തു. ഇവയ്ക്കാവശ്യമായ ജലവിതരണ കേന്ദ്രങ്ങൾ സജ്ജീകരിച്ചു.

- മണിക്കൂറിൽ 15000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ ശേഷിയുള്ള അൾട്രാ ഫിൽട്രേഷൻ യൂണിറ്റ് കൈനകരി പഞ്ചായത്തിൽ സ്ഥാപിച്ചു.

- ശുദ്ധജലം ശേഖരിച്ച് ഉപയോഗിക്കാനായി ഒരു കുടുംബത്തിന് രണ്ട് കാനുകളെന്ന രീതിയിൽ കുട്ടനാട് പ്രദേശത്ത് 15 ലിറ്ററിന്റെ 1.10 ലക്ഷം കാനുകൾ വിതരണം ചെയ്യാനായി ജില്ലാഭരണകൂടത്തെ ഏൽപ്പിച്ചു.

- 2017 വരൾച്ചാസമയത്ത് നെയ്യാർ ഡാമിൽനിന്ന് നഗരത്തിലേക്ക് കുടിവെള്ളം പമ്പ് ചെയ്യാനായി ഉപയോഗിച്ച, മണിക്കൂറിൽ 1200 ക്യൂബിക് മീറ്റർ ജലം പമ്പ് ചെയ്യാൻ ശേഷിയുള്ള പമ്പുകൾ കുട്ടനാട്ടിലെ കനകാശ്ശേരി പാടശേഖരത്തിലും ആർ ബ്ലോക്കിലും എത്തിച്ച് വെള്ളം വറ്റിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി.

- ശബരിമലയിൽ പ്രളയം കാരണം മുടങ്ങിയ ജലവിതരണം അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനായി പമ്പ-ത്രിവേണി പമ്പ് ഹൗസിൽനിന്നും വെള്ളം പുറത്തേക്ക് പമ്പ് ചെയ്യുകളയുകയും ചെളിയും മാലിന്യങ്ങളും നീക്കംചെയ്യുകയും പമ്പ് സെറ്റുകളും ട്രാൻസ്ഫോമറും അഴിച്ചെടുത്ത് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഉണക്കിയെടുത്ത് പ്രവർത്തനസജ്ജമാക്കുകയും മൂന്നാഴ്ചയ്ക്കകം പമ്പിംഗ് പുനരാരംഭിക്കുകയും ചെയ്തു.

- അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യാനും പദ്ധതികളുടെ സുഗമമായ പ്രവർത്തനം പുനഃസ്ഥാപിക്കാനുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഫണ്ട് അനുവദിച്ചു.

- കുടിവെള്ള ലഭ്യതയുമായി ബന്ധപ്പെട്ട പത്രവാർത്തകളുടെയും മാധ്യമ റിപ്പോർട്ടുകളുടെയും നിരീക്ഷണം പിആർഒ. നിർവ്വഹിക്കുകയും മാധ്യമങ്ങളിലൂടെ ചൂണ്ടിക്കാണിക്കപ്പെട്ട പ്രശ്നങ്ങളിൽ പരിഹാര നടപടികളുണ്ടാവുകയും ചെയ്തു.

- അതോറിറ്റിയുടെ വിവിധ വകുപ്പുകളുടെ ഏകോപനം കാര്യക്ഷമമാക്കുകയും ആവശ്യമായ ഉന്നതതല നിർദ്ദേശങ്ങളും ഇടപെടലുകളും ത്വരിതപ്പെടുത്തുകയും ചെയ്തു.

(ബി) 2016-17 ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് 2015-16 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പ തുകയായ 2242.21 കോടി രൂപ മൂലധനമാക്കി മാറ്റുവാനും അതിന്റെ പലിശയായി 1450.11 കോടി രൂപയും എഴുതിത്തള്ളാനുള്ള നിർദ്ദേശം വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.

എല്ലാവർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകാൻ വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നു. ഇതുവഴി വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2017-18 സാമ്പത്തികവർഷം മുൻവർഷത്തേക്കാൾ 46 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ

മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ചമൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

(സി) കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉൽപ്പാദനവും ആകെ ബിൽ ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വിതരണനഷ്ടം ഏകദേശം 40-45 ശതമാനത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു.

ആകെ 2700 ദശലക്ഷത്തോളം കിലോ ലിറ്റർ ശുദ്ധജലം ദിവസേന ഉൽപ്പാദിപ്പിക്കുന്നതിൽ 40%-45% നഷ്ടമാകുന്നുവെന്ന് കണക്കാക്കിയാൽ ഒരു കിലോ ലിറ്ററിന്റെ (1000 ലിറ്റർ) ഉത്പാദന ചെലവ് 23 രൂപവച്ച് കണക്ക് കൂട്ടുമ്പോൾ പ്രതിവർഷം 1000 കോടിയോളം രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. എന്നാൽ ഒരു കിലോ ലിറ്ററിന് ശരാശരി 10 രൂപ മാത്രമെ വാട്ടർ അതോറിറ്റിക്ക് വരുമാനം കിട്ടുന്നുള്ളൂ. ഈ റേറ്റുവച്ച് കണക്ക് കൂട്ടുമ്പോൾ 440 കോടിയോളം രൂപയുടെ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്

(ഡി) ജലനഷ്ടം പരിഹരിക്കുന്നതിനായി യഥാസമയം ലീക്കുകൾ പരിഹരിക്കുന്നതിലൂടെയും പതിവായി ലീക്കുകൾ ഉണ്ടാക്കുന്ന പഴയ പൈപ്പുകൾ മാറ്റിസ്ഥാപിച്ചും ജലനഷ്ടം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് തുടങ്ങിയവിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ തയ്യാറാക്കി കാലപ്പഴക്കംചെന്ന പൈപ്പുകൾ സമയബന്ധിതമായി മാറ്റിസ്ഥാപിക്കുന്നുണ്ട്. പൈപ്പുകളിലെ ചോർച്ചമൂലമുള്ള ശുദ്ധജല നഷ്ടം തടയാൻ പ്രത്യേക ശ്രദ്ധചെലുത്തി യഥാസമയം ലീക്കുകൾ പരിഹരിക്കാറുണ്ട്. ബ്ലൂ ബ്രിഗേഡ് പോലുള്ള സംവിധാനത്തിലൂടെ അടിയന്തര ഘട്ടങ്ങളിൽ ശുദ്ധജലം നഷ്ടപ്പെടാതിരിക്കാൻ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ ജലദുരുപയോഗം തടയുന്നതിന് പ്രത്യേക സ്ക്വാഡ് പ്രവർത്തനം നടത്തിവരുന്നുണ്ട്.

ഇതിനുപുറമെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പാക്കുന്നതിന് ADB ധനസഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കലും പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകളുടെ പുനരുദ്ധാരണവും ഉൾപ്പെടുന്നു. ADB പദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി മേൽമൂന്ന് നഗരങ്ങളിലെ ജലനഷ്ടം ദേശീയ ബെഞ്ച്മാർക്ക് നിലവാരത്തിൽ (20%)എത്തിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### ജലസേചന പദ്ധതികളുടെ അവലോകനം

9 (*69) ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൻകിട, ഇടത്തരം ജലസേചന പദ്ധതികൾ അവലോകനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി പ്രത്യേക സമിതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത സമിതി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സമിതിയുടെ റിപ്പോർട്ട് സർക്കാരിന് എന്നത്തേയ്ക്ക് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ&ബി) ഉണ്ട്.

(സി) വിദഗ്ദ്ധ സമിതി ഇതിനോടകംതന്നെ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ നടത്തുകയും ചെയ്തു.

(ഡി) റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

### തോട്ടം മേഖലയിലെ പ്രതിസന്ധി

10 (*70) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവലിബറൽ നയങ്ങളുടെ ഫലമായി പ്രതിസന്ധി നേരിടുന്ന തോട്ടം മേഖലയിൽ തൊഴിലാളികളുടെ താൽപ്പര്യം പരിഗണിച്ച് പ്രശ്നങ്ങൾ പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; വേതനം കാലോചിതമായി പുതുക്കാൻ വേണ്ട നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) അത്യാവശ്യ സൗകര്യങ്ങളെങ്കിലുമുള്ള വീടുകളുടെ അഭാവമാണ് കൂലിക്കുറവിനോടൊപ്പം തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം എന്നതിനാൽ ആയത് പരിഹരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികൾ നേരിടുന്ന ദുരിതത്തിന് അറുതിവരുത്താനായി നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരങ്ങളും സംബന്ധിച്ച് ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

a) പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കി

b) കാർഷികാദായ നികുതി ഈടാക്കുന്നത് ഒഴിവാക്കി

c) തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി.

d) റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കി.

e) സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ചുനൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

f) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ബാധകമാക്കുന്ന കാര്യം പരിശോധിക്കും.

g) പ്ലാന്റേഷൻ പോളിസി എത്രയുംവേഗം പ്രഖ്യാപിച്ച് നടപ്പിലാക്കും.

h) തോട്ടം മേഖലയ്ക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ സജീവമായി പരിശോധിച്ചുവരുന്നു.

(ബി) തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി ഭവനം നിർമ്മിച്ചുനൽകുന്നതിന് തോട്ടങ്ങളിലോ അതിന് സമീപത്തോ ശുചിത്വമുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം ഒരുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് മുഖാന്തരം നടത്തിയ സർവ്വേയിൽ തോട്ടം മേഖലയിൽ ഭൂരഹിതരും ഭവനരഹിതരുമായി 32,454 തോട്ടം തൊഴിലാളികളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി താമസസൗകര്യം പ്രദാനം ചെയ്യുന്നതിന് രണ്ട് കിടക്കമുറികൾ, മൾട്ടിപർപ്പസ് ഹാൾ, അടുക്കള, ടോയ്‌ലെറ്റ് എന്നിവയോടുകൂടിയ 400 ചതുരശ്ര അടിയുള്ള വീട്/അപ്പാർട്ട്മെന്റ് വച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) നിലവിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പൂട്ടിക്കിടക്കുന്ന പീരുമേട് ടീ കമ്പനി, എം.എം.ജെ. പ്ലാന്റേഷൻസ് എന്നിവിടങ്ങളിലെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ തോട്ടങ്ങളിൽ ക്യാമ്പ് നടത്തി 1182 അപേക്ഷകൾ സ്വീകരിച്ച് ഗ്രാറ്റുവിറ്റി അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ടി കമ്മിറ്റി മുഖേന തൊഴിലാളികൾക്ക് മെഡിക്കൽ ആനുകൂല്യം, മക്കൾക്ക് വിവാഹ ആനുകൂല്യം, കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, പഠനോപകരണങ്ങൾ എന്നിവ നൽകിവരുന്നു.

**ക്ഷീരോല്പാദന മേഖലയിലെ പദ്ധതികൾ**

11 (*71) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ പ്രളയം സൃഷ്ടിച്ച നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ക്ഷീരോല്പാദനം മുഖ്യതൊഴിലായി സ്വീകരിച്ചു വരുന്നവരുടെ നഷ്ടം നികത്താൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) മികച്ച പാലുല്പാദനത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ച സംസ്ഥാനത്ത് ആ നേട്ടം നിലനിർത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് കാര്യക്ഷമതയോടെ പാൽ സംഭരണം നടത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളെ പ്രാപ്തരാക്കുന്നതിന് നൽകിവരുന്ന സഹായം എന്തെല്ലാമാണ്;

(ഡി) ക്ഷീര കർഷകർക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മൃഗസംരക്ഷണ മേഖലയിൽ പ്രളയംമൂലം 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.6 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽകൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നഷ്ടപ്പെട്ടതുമൂലം 3.7 കോടി രൂപയുടെയും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾക്കുണ്ടായ കേടുപാടുകൾമൂലം 23 കോടി രൂപയുടെയും നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

ക്ഷീരോല്പാദനം മുഖ്യതൊഴിലായി സ്വീകരിച്ചവരെ സഹായിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ പുനഃക്രമീകരിച്ച് 665 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. കൂടാതെ പ്രളയ നാശനഷ്ടങ്ങൾമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്ഷീരകർഷകർക്കായി 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ബി) മികച്ച പാലുല്പാദനത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ച സംസ്ഥാനത്ത് ആ നേട്ടം നിലനിർത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി

2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം

4. ഹീഫർ പാർക്ക്

5. ക്ഷീരഗ്രാമം

6. ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ

7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

8. ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ

9. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി

10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ഇതുകൂടാതെ മിൽമയും മേഖലായൂണിയനുകളും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) പാലിന്റെ ഗുണനിലവാരം ഉറപ്പാക്കി കാര്യക്ഷമതയോടെ പാൽ സംഭരണം നടത്തുന്നതിന് ക്ഷീരവികസന വകുപ്പ് ക്ഷീരസഹകരണ സംഘങ്ങളുടെ പരിശോധന കർശനമാക്കുകയും സംഘം ജീവനക്കാർക്കും ക്ഷീരകർഷകർക്കും പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ശുദ്ധമായ പാൽ ഉല്പാദിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസുകൾ മുഖേന ബോധവത്കരണ ക്ലാസ്സുകളും അതിന് ക്ഷീരസംഘങ്ങളെ പ്രാപ്തരാക്കുന്നതിനാവശ്യമായ സഹായങ്ങളും നൽകുന്നുണ്ട്.

ഇതിനായി പ്രധാനമായും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- പാലിന്റെ സംഭരണം, ഗുണനിലവാരം, കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നത് ഉറപ്പാക്കുന്നതിനും സംഘം പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 1,10,000 രൂപ ധനസഹായം നൽകുന്നു.

- ക്ഷീരസംഘങ്ങൾക്ക് അവശ്യാധിഷ്ഠിത സഹായമായി 1,20,000 രൂപ ധനസഹായം നൽകുന്നു. ഈ പദ്ധതിയിലൂടെ സംഘത്തിന് ആവശ്യമായ ഏത് പ്രവർത്തനങ്ങളും നടപ്പിലാക്കാവുന്നതാണ്.

- ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം/ഗോഡൗൺ നിർമ്മിക്കുന്നതിന് 3,75,000 രൂപയുടെ ധനസഹായം നൽകുന്നു.

- ക്ഷീരസംഘങ്ങളെ FSSA സ്റ്റാൻഡേർഡിലേക്ക് ഉയർത്തുന്ന തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 45,000 രൂപ ധനസഹായം നൽകുന്നു.

- ക്ഷീരസഹകരണ സംഘങ്ങളിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 5,25,000 രൂപ ധനസഹായം നൽകുന്നു.

ഇതുകൂടാതെ മിൽമയും മേഖലായൂണിയനുകളും ഗുണനിലവാരം ഉറപ്പാക്കി പാൽ സംഭരണം നടത്തുന്നതിന് ക്ഷീരസംഘങ്ങളെ സഹായിക്കുന്ന പദ്ധതികൾ നടത്തിവരുന്നു.

(ഡി) ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകർക്കായി 1100 രൂപ നിരക്കിൽ പെൻഷനും 150 രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകുന്നുണ്ട്.

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ചികിത്സാ ധനസഹായവും അപകടമരണം സംഭവിക്കുന്ന ക്ഷീരകർഷകന്റെ ആശ്രിതർക്ക് 50,000 രൂപ സമാശ്വാസ ധനസഹായവും നൽകുന്ന ക്ഷീര സുരക്ഷാ പദ്ധതിക്കുപുറമെ ക്ഷേമനിധി അംഗങ്ങളുടെ മരണാനന്തര ചെലവുകൾക്ക് 3,000 രൂപ അടിയന്തര ധനസഹായം നൽകിവരുന്നു. ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000 രൂപ ധനസഹായവും ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1,000 രൂപ മുതൽ 2,500 രൂപ വരെയും അനുവദിച്ചുവരുന്നു.

**അംബേദ്കർ ഗ്രാമ വികസന പരിപാടി**

12 (*72) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാപരമായി പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനായി ജനസംഖ്യാനുപാതികമായി ചെലവഴിക്കേണ്ട വിഹിതം എത്രയെന്നും ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വകയിരുത്തിയിരിക്കുന്ന വിഹിതം എത്രയെന്നും താരതമ്യം ചെയ്ത് അറിയിക്കാമോ;

(ബി) റ്റി.എസ്.പി., എസ്.സി.പി. ഘടകപദ്ധതികൾ കേന്ദ്ര സർക്കാർ തുടരുന്നുണ്ടോ;

(സി) സംസ്ഥാനത്ത് പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ച അംബേദ്കർ ഗ്രാമ വികസന പരിപാടിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) പാർശ്വവൽകൃതരായ പട്ടികഗോത്ര വർഗ്ഗക്കാരെ സമൂഹത്തിന്റെ പൊതു ധാരയിലെത്തിക്കാൻ കൃത്യമായ വരുമാനം ഉറപ്പുവരുത്തുന്നതിനായി ഓരോ കുടുംബത്തിലും ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധ്യമാകുമോയെന്ന് പരിശോധിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ മൊത്തം വാർഷിക പദ്ധതിക്ക് വകയിരുത്തിയ 2915000.00 ലക്ഷം രൂപയിൽ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി 285962.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പദ്ധതിവിഹിതത്തിന്റെ 9.81 ശതമാനമാകുന്നു. 2011-ലെ സെൻസസ് പ്രകാരം പട്ടികജാതിക്കാരുടെ ജനസംഖ്യ സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.1% ആകുന്നു. ജനസംഖ്യാനുപാതികമായ വിഹിതം കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് രേഖകളിൽ പരാമർശിക്കുന്നുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിനായി നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ 82618.99 ലക്ഷം രൂപയും (പദ്ധതിവിഹിതത്തിന്റെ 2.83%) വകയിരുത്തിയിട്ടുണ്ട്. 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യ 1.45% ആകുന്നു. എന്നാൽ രാജ്യത്തെ ജനസംഖ്യയിൽ 25% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംസ്ഥാനം ജനസംഖ്യാനുപാതികമായി ഫണ്ട് മാറ്റിവയ്ക്കുന്നപോലെ 25% തുക ബജറ്റിൽ നീക്കിവയ്ക്കുന്ന രീതി കേന്ദ്രം അവലംബിക്കുന്നില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതികൾ നിർത്തലാക്കിയത് സംബന്ധിച്ച് അറിയിപ്പുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) 2017-18 വർഷത്തിൽ 266 കോളനികൾ തെരഞ്ഞെടുത്തതിൽ 8 കോളനികൾ ഫീസിബിൾ അല്ല. ഒന്നാം ഗഡുവായി 50.00 ലക്ഷം രൂപ വീതം 222 കോളനികൾക്ക് ആകെ 111.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 222 കോളനികളിൽ 183 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും 113 കോളനികളിലെ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുള്ളതുമാകുന്നു.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ (കെൽട്രോൺ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ, എൻ.റ്റി.) തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള കോഴ്സുകളിൽ പരിശീലനം നൽകുന്നു.

പരമ്പരാഗത കാർഷിക നൈപുണ്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഊരുകൂട്ടങ്ങൾ

അംഗീകാരം നൽകുന്ന പദ്ധതികൾക്കായി കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1) എസ്.സി.എ.ടു.ടി.എസ്.പി. പൂൾഡ് ഫണ്ട് തുടങ്ങിയ വിവിധ ഫണ്ടുകൾ ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഇപ്രകാരമാണ്:

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു -മെന്റർ ടീച്ചർ | 267 |
| സാമൂഹ്യപഠനമുറി - ട്യൂട്ടർ | 100 |
| എസ്. ടി. പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| കുടുംബശ്രീ അനിമേറ്റർ | 200 |
| **ആകെ** | **2720** |

**ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി**

13 (*73) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ്, ഹാഷിഷ് ഓയിൽ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ കള്ളക്കടത്തും വിൽപ്പനയും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നിലവിൽവന്നശേഷം ചെക്ക് പോസ്റ്റുകളിൽ പരിശോധന നടക്കാത്തതാണ് ഇത്തരം പദാർത്ഥങ്ങളുടെ കള്ളക്കടത്ത് വർദ്ധിച്ചുവരാൻ കാരണം എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) വിവിധ സോഷ്യൽ മീഡിയകൾവഴി ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) ജി.എസ്.ടി. നിലവിൽവന്നത് എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെയും ചെക്ക്പോസ്റ്റുകളിലെ പരിശോധനാ സംവിധാനത്തെയും ബാധിച്ചിട്ടില്ല. നിയമവിരുദ്ധ ലഹരിവസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. കൂടാതെ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതും ആധുനിക പരിശോധനാ സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുമുണ്ട്. ഇത്തരത്തിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി ലഹരിവസ്തുക്കളുടെ കടത്തൽ, വിതരണം, ശേഖരണം എന്നിവ ഫലപ്രദമായി നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ ഫെയ്സ്ബുക്കിലൂടെ ജി.എൻ.പി.സി.യെന്ന കൂട്ടായ്മ പ്രവർത്തിച്ചിരുന്നിട്ടുള്ളതായും ടി കൂട്ടായ്മയിലൂടെ മദ്യ ഉപഭോഗത്തിന് പ്രചാരണം നൽകിയിരുന്നതായും കണ്ടുപിടിച്ച് ടി കൂട്ടായ്മയുടെ അഡ്മിനായ ശ്രീ. അജിത്കുമാറിനെയും ടിയാന്റെ ഭാര്യയെയും പ്രതിചേർത്ത് തിരുവനന്തപുരം റെയ്ഞ്ചിൽ ക്രൈം 37/2018 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവിധ സാമൂഹിക മാധ്യമങ്ങളും, ഡീപ് വെബ്, ബിറ്റ് കോയിൻ തുടങ്ങിയ സാങ്കേതികവിദ്യ സംവിധാനങ്ങളും ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തിവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിനുള്ള സജീവമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(ഡി) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന സംഘടിപ്പിച്ചുവരുന്നു.

നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തിവരുന്നു.

**പട്ടികജാതിക്കാരുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി**

14(*74) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ സാമൂഹ്യ-സാമ്പത്തിക ക്ഷേമത്തിനായി ഭവനരഹിതരും ഭൂരഹിതരുമായവർക്ക് ഭൂമിയും വീടും നൽകുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; ഇതിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയാണ്;

(ബി) പട്ടികജാതിക്കാർക്ക് വരുമാനദായകമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകിവരുന്ന സാമ്പത്തിക-സാങ്കേതിക പിന്തുണ എന്തെല്ലാമാണ്;

(സി) വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകി തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും സ്വയം തൊഴിൽ ആരംഭിക്കുന്നതിനും സഹായം നൽകുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഭൂമി സ്വന്തമായുള്ള പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ ധനസഹായമായി 2017-18 മുതൽ 4,00,000 രൂപവീതം അനുവദിച്ചുനൽകി വരുന്നു. ഇതിനായി നടപ്പുസാമ്പത്തിക വർഷം 380 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17-ലും 2017-18-ലുമായി 23801 കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു. മുൻ സർക്കാരിന്റെ കാലത്ത് സ്പിൽഓവറായി ഉണ്ടായിരുന്ന 16350 വീടുകൾ ലൈഫ് മിഷൻ മുഖേന പൂർത്തിയാക്കി വരികയാണ്.

ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിൽ 6130 പുതിയ വീടുകൾ പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ചു. അതിനുള്ള വകുപ്പിന്റെ വിഹിതമായി 61.30 കോടി രൂപ അനുവദിച്ചു.

ഭൂരഹിതരായവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നു. നടപ്പുസാമ്പത്തിക വർഷം 225 കോടി രൂപ വകയിരുത്തിയിരിക്കുന്നു. 5600 പേർക്ക് സ്ഥലം ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി&സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ/സ്വയംതൊഴിൽ ആരംഭിക്കുന്നതിന് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വ്യക്തികൾക്ക് മൂന്ന് ലക്ഷം രൂപവരെയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയും വായ്പ എടുക്കാവുന്നതാണ്. മൂന്നിൽ ഒന്ന് ഭാഗം സബ്സിഡി അനുവദിക്കും.

NTTF, CBPST മുതലായ സ്ഥാപനങ്ങൾ വഴി തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ വകുപ്പ് മുഖേന നടത്തിവരുന്നുണ്ട്. പരിശീലനം പൂർത്തിയാക്കുന്നതനുസരിച്ച് സ്ഥാപനം പരിശീലനാർത്ഥികൾക്ക് placement ഉറപ്പുവരുത്തുന്നു. വിദേശത്ത് തൊഴിൽ നേടുവാൻ പോകുന്നവർക്ക് ഒരു ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.

### പട്ടികവിഭാഗ ഹോസ്റ്റലുകളിലെ ക്രമക്കേടുകൾ

15 (*75) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗ ഹോസ്റ്റലുകളിൽ വ്യാപക ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതായി അറിയുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഹോസ്റ്റലുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചില ഹോസ്റ്റലുകളിൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ ചെറിയ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) പട്ടികജാതി വികസന വകുപ്പിൻ കീഴിൽ വകുപ്പുതല ഉന്നത ഉദ്യോഗസ്ഥർ ഹോസ്റ്റലുകൾ സന്ദർശിക്കുകയും ഹോസ്റ്റലുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിർദ്ദേശം നൽകുകയും സമയബന്ധിതമായി അവ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. വാർഡൻ, കുക്ക്, വാച്ച്മാൻ, പാർട്ട്-ടൈം സ്വീപ്പർ എന്നിവർക്ക്പുറമെ കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് MCRT-മാരെയും വിവിധ വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നതിന് ട്യൂഷൻ അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്.

അലുമിനിയം പാത്രങ്ങളിലുള്ള പാചകം പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പുതിയ കെട്ടിടങ്ങൾ ആവശ്യമായ ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും, മെയിന്റനൻസ്, പെയിന്റിംഗ് തുടങ്ങിയവ ആവശ്യമായ കെട്ടിടങ്ങൾക്ക് അത്തരത്തിലുള്ള പ്രവൃത്തികളും അടിയന്തരമായി നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിൽ യുണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പ്രോജക്ട് ഓഫീസർ/ട്രൈബൽ

ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയും ചെയ്തുവരുന്നു. ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ഹോസ്റ്റലുകളിൽ നവീകരണം നടപ്പാക്കിവരുന്നു.

**തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്താൻ നടപടി**

16 (*76) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന സുപ്രീംകോടതി ഉത്തരവ് പ്രകാരമുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തൊഴിൽ മേഖലയിൽ അഞ്ചിൽ കൂടുതൽ സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥാപനത്തിൽ ആഭ്യന്തര സമിതികൾ രൂപീകരിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) അസംഘടിത തൊഴിൽ മേഖലയിൽ ഈ നിർദ്ദേശം ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്ത്രീ തൊഴിലാളികൾക്ക് മാനസിക പിന്തുണ, സ്വയം പ്രതിരോധ പരിശീലനം, ബോധവൽക്കരണം എന്നിവ നൽകുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ&ബി) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of women at Work Place (Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും (ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 26-5-16-ലെ 1556/ബി3/16/ സാനീവ. പ്രകാരം സാമൂഹ്യനീതി വകുപ്പിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽനിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ

കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്വമാണ്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ ഏതെങ്കിലും സ്ഥാപനത്തിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് രൂപീകരിക്കാനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകാറുണ്ട്.

(സി) അസംഘടിത മേഖലയിൽ ഈ നിയമം ബാധകമാക്കിയിട്ടുണ്ട്.

(ഡി) തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും ലഭ്യമാകേണ്ട ആനുകൂല്യങ്ങളെക്കുറിച്ചും സുരക്ഷയെക്കുറിച്ചും തൊഴിൽ വകുപ്പ് മുഖേന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

**ജലവിതരണം പുനഃസ്ഥാപിക്കാൻ നടപടി**

17 (*77) ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വാട്ടർ അതോറിറ്റിക്ക് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഏതെല്ലാം ജലവിതരണ പദ്ധതികളാണ് പ്രളയംമൂലം പ്രവർത്തനരഹിതമായത്;

(സി) പൈപ്പ് ലൈനുകൾ പൊട്ടിപ്പോകുകയും താഴ്ന്ന് പോകുകയും തെന്നിമാറുകയും ചെയ്തതുകൊണ്ടുണ്ടായ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) പ്രളയത്തെത്തുടർന്ന് ചെളിയിൽ താഴ്ന്ന് പ്രവർത്തനരഹിതമായ പമ്പുകളും പമ്പ് ഹൗസുകളും അറ്റകുറ്റപ്പണി നടത്തി ജലവിതരണം പുനഃസ്ഥാപിക്കാൻ എന്തെല്ലാം സത്വര നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) :

(എ) 140.899 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കുന്നത്.

(ബി) പ്രളയം കാരണം ജല വിതരണപദ്ധതികൾ ഏറ്റവും പ്രതിസന്ധിയിലായ 18-8-2018-ന് 483 പദ്ധതികളാണ് വിവിധ കാരണങ്ങളാൽ

പ്രവർത്തനരഹിതമായത്. എന്നാൽ ഇവയിൽ പലതും യുദ്ധകാലാടിസ്ഥാനത്തിൽ പുനഃപ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ചത് 372 പദ്ധതികളെയാണ്. ഇവയുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(സി & ഡി) 2018 ആഗസ്റ്റ് 15 മുതൽ സംസ്ഥാനത്തുണ്ടായ അതിഭീകരമായ പ്രളയം മറ്റ് മേഖലകളെ എന്നപോലെ കുടിവെള്ള വിതരണ സംവിധാനങ്ങളെയും തകർത്തു. കനത്ത മഴയും പ്രളയവും കാരണം വാട്ടർ അതോറിറ്റിയുടെ പല പമ്പ്ഹൗസുകളും വെള്ളത്തിൽ മുങ്ങുകയും, ചെളി കയറുകയും, പൈപ്പ്ലൈനുകൾക്ക് സ്ഥാനചലനവും കേടുപാടുകളും സംഭവിക്കുകയും ചിലയിടങ്ങളിൽ പൈപ്പ്ലൈനുകൾ ഒലിച്ചുപോകുകയും ചെയ്തു. എന്നാൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് അതിവേഗം അതോറിറ്റി തുടക്കമിട്ടത് കാരണം ജല വിതരണം സാധാരണ ഗതിയിലേക്ക് ചുരുങ്ങിയ സമയംകൊണ്ടുതന്നെ പുനഃസ്ഥാപിക്കുവാൻ കഴിഞ്ഞു. പാലക്കാട് ജില്ലയിൽ 700 mm പൈപ്പ് 60 മീറ്ററോളം ഒലിച്ചുപോയത് പൂർവ്വസ്ഥിതിയിൽ ഉറപ്പിച്ച് ജലവിതരണം പുനഃസ്ഥാപിക്കുവാൻ 48 മണിക്കൂറിനുള്ളിൽ സാധിച്ചു. സമാന രീതിയിൽ പല ജലവിതരണപദ്ധതികളിലും പൈപ്പ്ലൈനുകൾക്ക് സംഭവിച്ച സ്ഥാനചലനവും, തെന്നിമാറലും അതുമൂലമുണ്ടായ ലീക്കുകളും പ്രളയജലം ഇറങ്ങിയതനുസരിച്ച് സമയബന്ധിതമായി കേടായ പൈപ്പുകൾ മാറ്റിസ്ഥാപിച്ചും അറ്റകുറ്റപ്പണികൾ നടത്തിയും പരിഹരിക്കുവാനും ജലവിതരണം പ്രളയപൂർവ്വ സ്ഥിതിയിലേക്ക് എത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട് കാലപ്പഴക്കം ചെന്ന പൈപ്പ്ലൈനുകളിൽ ഇത്തരത്തിലുണ്ടായ പ്രശ്നങ്ങൾ താൽക്കാലികമായി പരിഹരിച്ചുവെങ്കിലും പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിനുള്ള പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതാണ്. പ്രളയത്തെ തുടർന്ന് ചെളിയിലും വെള്ളത്തിലും മുങ്ങിപ്പോയ പമ്പ് ഹൗസുകളിൽ ആദ്യപടിയായി പമ്പ്ഹൗസുകളിൽ നിന്നും വെള്ളം പുറത്തേക്ക് പമ്പ് ചെയ്ത് കളയാനും ചെളിയും മാലിന്യങ്ങളും നീക്കാനുമാണ് ശ്രദ്ധ പതിപ്പിച്ചത്. പൂർണ്ണമായും മുങ്ങിപ്പോയ പമ്പ്സെറ്റുകളും ട്രാൻസ്ഫോർമറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും അഴിച്ചെടുത്ത് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഉണക്കിയെടുത്ത് പ്രവർത്തനസജ്ജമാക്കുകയാണ് പിന്നീട് ചെയ്തത്. പമ്പ്ഹൗസ് ആയി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്കുണ്ടായ കേടുപാടുകൾ താൽക്കാലികമായി പരിഹരിച്ച് അറ്റകുറ്റപ്പണികൾ നടത്തിയ പമ്പും മോട്ടോറും മറ്റ് അനുബന്ധ സാമഗ്രികളും സ്ഥാപിച്ച് പമ്പിംഗ് പുനരാരംഭിക്കുകയാണുണ്ടായത്. എല്ലാ തട്ടിലുമുള്ള ജീവനക്കാരെയും ഉൾപ്പെടുത്തി സമർത്ഥവും സൂക്ഷ്മവുമായ ഏകോപിത പ്രവർത്തനങ്ങളിലൂടെ നാശനഷ്ടങ്ങൾ നേരെയാക്കി ജല വിതരണം സാധാരണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിലയിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പൂർവസ്ഥിതിയിലാക്കാൻ കാലതാമസം നേരിട്ട കുട്ടനാട്, പാണ്ടനാട്, ചെങ്ങന്നൂർ മേഖലകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ വേഗത്തിലാക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും അതുവരെ ടാങ്കർ ലോറികളിലും കടത്ത് വള്ളങ്ങളിലും കുടിവെള്ള വിതരണം നടത്തുകയും ചെയ്തു. അതുപോലെതന്നെ ആവശ്യമായ സ്ഥലങ്ങളിൽ RO പ്ലാന്റുകളും വാട്ടർ കിയോസ്കുകളും സ്ഥാപിച്ചു.

**മദ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്ന ഫേസ്ബുക്ക് കൂട്ടായ്മക്കെതിരെ നടപടി**

18 (*78) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലാസിലെ നുരയും പ്ലേറ്റിലെ കറിയും എന്ന ഫേസ്ബുക്ക് കൂട്ടായ്മയിലൂടെ മദ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി കുട്ടികളെ ദുരുപയോഗം ചെയ്യുന്ന ഈ ഫേസ്ബുക്ക് കൂട്ടായ്മക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഫേസ്ബുക്ക് കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുന്നവരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 'ഗ്ലാസിലെ നുരയും പ്ലേറ്റിലെ കറിയും' എന്ന ഫേസ്ബുക്ക് കൂട്ടായ്മയിലൂടെ മദ്യപാനം പ്രോത്സാഹിപ്പിച്ച കുറ്റത്തിനും ക്ലപ്പൺ മുഖാന്തരം പണപ്പിരിവ് നടത്തി ഡി. ജെ. പാർട്ടി സംഘടിപ്പിച്ച് മദ്യവില്പന നടത്തിയ കുറ്റത്തിനും ഗ്രൂപ്പിന്റെ അഡ്മിനായ അജിത്കുമാറിനും മറ്റ് മോഡറേറ്റർമാർക്കുമെതിരെ അബ്കാരി ആക്ടിലെ 55 H, 55 (i) വകുപ്പ് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അജിത് കുമാറിനെ അറസ്റ്റ് ചെയ്യുകയും ബഹുമാനപ്പെട്ട കോടതി ടിയാന് ജാമ്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പദ്ധതികൾ

19 (*79) ശ്രീ. എസ്. ശർമ്മ :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വിദ്യാഭ്യാസരംഗത്ത് മുന്നേറ്റമുണ്ടാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ താമസ സൗകര്യംകൂടി ഏർപ്പെടുത്തുന്ന മോഡൽ റസിഡൻഷ്യൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അമ്പതിനായിരം പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൽകാൻ ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇത്തരത്തിൽപ്പെട്ട യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതി നായി നൽകിവരുന്ന സഹായം എന്തൊക്കെയെന്ന് അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വിദ്യാഭ്യാസരംഗത്ത് മുന്നേറ്റമുണ്ടാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ അനുബന്ധം I*ആയി ചേർക്കുന്നു.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ കോളേജ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) **പട്ടികജാതി വികസന വകുപ്പ്**

1. അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾവഴി നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി, ഹിറ്റാച്ചി ഓപ്പറേഷൻ എന്നിങ്ങനെ വിവിധ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നടത്തിവരുന്നു.

3. സ്റ്റാർട്ട് അപ് മിഷന്റെ കീഴിൽ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഡ്രീംസിൽ സംരംഭകർക്ക് പരിശീലനവും ഇൻക്യുബേഷൻ സൗകര്യവും നൽകുന്നു. എൻറോൾ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ്ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി

5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി

6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീ യുവാക്കൾക്ക് 3 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയും ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ വാങ്ങുവാനും അതിൽ 3 - ൽ 1 ഭാഗം സബ്സിഡിയും അനുവദിക്കുന്ന പദ്ധതി.

7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതി യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ട് വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.

8. സ്വാശ്രയ സംഘങ്ങൾക്ക് സ്വയംതൊഴിൽ ധനസഹായ പദ്ധതി.

9. SCA to SCSP പദ്ധതി പ്രകാരവും കാർഷിക കാർഷികേതര മേഖലകളിൽ നിരവധി പേർക്ക് തൊഴിലും വരുമാനവും നൽകുന്ന പദ്ധതികളും വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

10. പട്ടികജാതി യുവതീ യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആൻഡ് ബിവറേജസ് സർവ്വീസസ് പരിശീലനം നൽകി സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നു.

11. മ്യൂറൽ പെയിന്റിംഗ് ആൻഡ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം.

12. വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം.

13. ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും, ഓയിൽ ആൻഡ് റിഗ് സ്കിൽ പ്രോഗ്രാം.

14. പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്പ്മെന്റ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്നു.

15. NTTF മുഖേന 300 വീതം കുട്ടികൾക്ക് ത്രിവത്സര ഡിപ്ലോമ പഠനവും തുടർന്ന് പ്ലേസ്മെന്റും.

16. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ-കളിൽനിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽമേള സംഘടിപ്പിക്കുകയും വിവിധതരം തൊഴിലധിഷ്ഠിത കോഴ്സുകൾ, ഡിപ്ലോമാ കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കുകയും ചെയ്യുന്നു.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ നേടുന്നതിനായി നൈപുണ്യപരിശീലന പരിപാടി നടപ്പിലാക്കിവരുന്നു. നൈപുണ്യവികസന പരിപാടി നടത്തുന്നതിനായി വകുപ്പിൽ ലഭ്യമായ പ്രൊപ്പോസലുകൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (കെ.എ.എസ്.ഇ.) മുഖേന പരിശോധിച്ച് ലഭ്യമാക്കുന്നു. പ്രധാന പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

1. ടിഗ് ആൻഡ് ആർക്ക് വെൽഡിംഗ്
2. ഇൻഡസ്ട്രിയൽ ടെക്നീഷ്യൻ
3. പൈപ്പ് ഫാബ്രിക്കേഷൻ ഫിറ്റർ
4. ഹോട്ടൽ മാനേജ്മെന്റ് (ഹൗസ് കീപ്പിംഗ്)
5. ഹോട്ടൽ മാനേജ്മെന്റ് (ഫുഡ് ആൻഡ് ബിവറേജസ്).

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ആൻഡ് ടെക്നോളജി, സി-ഡിറ്റ് തുടങ്ങിയ സർക്കാർ, സർക്കാരിതര പരിശീലന സ്ഥാപനങ്ങൾ വഴിയും ആധുനിക തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനുള്ള പരിശീലനം നടത്തിവരുന്നു.

(ഡി) **പട്ടികജാതി വികസന വകുപ്പ്**

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽമേഖലയിൽ നൈപുണ്യ പരിശീലനം ലഭിച്ചവരുമായ പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. Oil & Rig മേഖലയിലും ഹോട്ടൽ മാനേജ്മെന്റ് മേഖലയിലും പരിശീലനം നൽകി വിദേശത്ത് പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാ ചെലവുകൾക്ക് രണ്ട് ലക്ഷം രൂപ വായ്പ നൽകുന്ന വിദേശ തൊഴിൽ വായ്പാ സബ്സിഡി പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നഴ്സിംഗ് മേഖലയിൽ വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിന് NEP/IELTS കോഴ്സുകൾ നടത്തിവരുന്നു.

**പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടില്ലെന്ന വ്യവസ്ഥ**

20 (*80) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും റവന്യൂ ഭൂമിയിൽ പട്ടയം നല്കുമ്പോൾ പട്ടികയിൽ ഉൾപ്പെടുത്തിയ മരങ്ങൾ മുറിക്കാൻ പാടില്ലെന്ന വ്യവസ്ഥ വയ്ക്കാറുണ്ടോ;

(ബി) അത്തരത്തിൽ പട്ടികയിൽ ഉൾപ്പെടുത്തിയ മരങ്ങൾ ഒഴികെ പിന്നീട് നടുന്നതോ കിളിർത്തുവരുന്നതോ ആയ മരങ്ങൾ മുറിക്കുന്നതിന് തടസ്സമുണ്ടോ;

(സി) ഇക്കാര്യത്തിൽ നിലനില്ക്കുന്ന അവ്യക്തത നീക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ&ബി) 1964 കേരള ഭൂമി പതിവ് ചട്ട പ്രകാരം നൽകിയിരുന്ന പട്ടയത്തിൽ "അനുവദിച്ച കിട്ടിയ സ്ഥലത്തിനകത്തുള്ളതും പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതുമായ എല്ലാ വൃക്ഷങ്ങളുടെയും പൂർണ്ണ അവകാശം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതും പതിച്ചുകിട്ടുന്ന സമയത്തുള്ളതോ അതിനുശേഷം നിലവിലുണ്ടാകുന്നതോ ആയ ഭൂമിയിലുള്ള, അങ്ങനെയുള്ള എല്ലാ വൃക്ഷങ്ങളും പതിച്ചുകിട്ടിയ ആൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ 17-8-2017-ലെ ജി.ഒ (പി) നമ്പർ

60/2017/ആർ.ഡി ഭേദഗതി പ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964-ലെ കേരള ഭൂമി പതിവ് ചട്ടം 10(3) പ്രകാരവും 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷനുകൾ 4, 22 എന്നിവ പ്രകാരവുമാണെന്ന് ഭേദഗതി വരുത്തിയിട്ടുള്ളതാണ്.

(സി) ഇക്കാര്യത്തിൽ അവ്യക്തത ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

**നദികളിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും**

21 (*81) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം കാരണം മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടി സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട നദികളിൽനിന്നും ഇവ നീക്കംചെയ്ത് സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇങ്ങനെ അടിഞ്ഞുകൂടിയ മണൽ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്ത് പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടുന്നതിനായുള്ള പ്രവൃത്തികൾക്കായി ഏകദേശം 1068 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രളയം കാരണം മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടിയ പുഴകളുടെയും തോടുകളുടെയും ഒഴുക്ക് പുനഃസ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

പ്രളയവുമായി ബന്ധപ്പെട്ട് എം.ജി.എൻ.ആർ.ഇ.എസ്-ന്റെ കീഴിൽ 150 തൊഴിൽ ദിനങ്ങൾ അധികമായി അനുവദിച്ച സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി യോജിച്ച് ഡീസിൽറ്റിംഗ് ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രളയത്തെത്തുടർന്ന് ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ സ്ട്രക്ചറുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും അടിയന്തരമായി നീക്കംചെയ്യുന്നതിന് ബജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പരിശോധിക്കാവുന്നതാണ്.

**തോട്ടം മേഖലയിലെ പ്രതിസന്ധികൾ**

22 (*82) ശ്രീ. ഡി. കെ. മുരളി :

ശ്രീ. എസ്. ശർമ്മ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പ്രതിസന്ധികൾ നേരിടുന്നതിനായി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) തോട്ടം മേഖലയിലെ പ്രതിസന്ധികളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച റിട്ട. ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷന്റെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നു; ഇവ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) തോട്ടം തൊഴിലാളികൾക്ക് ഭവന പദ്ധതിപ്രകാരം വീട് വച്ച് നൽകുക, തോട്ടം തൊഴിലാളികളുടെ മിനിമം വേതനം കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുക എന്നിവയാണ്.

(സി) പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ജില്ലകളിൽ പ്ലാന്റേഷൻ റിലീഫ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകളിലെ തൊഴിലാളികൾക്ക് വിദ്യാഭ്യാസ-വിവാഹ-ചികിത്സാ ധനസഹായങ്ങൾ നൽകിവരുന്നു.

(ഡി) കമ്മീഷന്റെ ശിപാർശകൾ താഴെ പറയുന്നവയാണ്.

1. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കണം.

2. തോട്ടം ഉടമകളിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം 5 വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യണം.

3. വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആൾതാമസം ഇല്ലാത്തതുമായ ലയങ്ങളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കണം.

4. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് ഭൂനികുതിയിൽ ആവശ്യമായ ഇളവ് അനുവദിക്കേണ്ടതാണ്.

5. തോട്ടങ്ങളിൽനിന്നും റബ്ബർമരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം.

6. ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണം. അത്തരം കെട്ടിടങ്ങളെ വർക്കേഴ്സ് ക്വാർട്ടേഴ്സ് എന്ന് നാമകരണം ചെയ്യണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം.

7. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ.സ്കീം നടപ്പിലാക്കണം. ഇതിനാവശ്യമായ നിയമ ഭേദഗതികൾ വരുത്തണം.

8. കാലാവസ്ഥാ വ്യതിയാനം തോട്ടവിളകളായ തേയില, ഏലം, കാപ്പി എന്നിവയ്ക്ക് ഭീഷണിയായതിനാൽ തോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിന് അനുവദിക്കണം. ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമെങ്കിൽ വരുത്താവുന്നതാണ്.

9. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്നമുറയ്ക്ക് പാട്ടം പുതുക്കി നൽകേണ്ടതും ആയതുവഴി തൊഴിൽ നഷ്ടവും ഉത്പാദന നഷ്ടവും ഉണ്ടാകാതെ നോക്കേണ്ടതുമാണ്.

10. കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൽ ലാന്റ്) ആക്ടിന്റെ പരിധിയിൽനിന്നും തോട്ടങ്ങളെ ഒഴിവാക്കേണ്ടതാണ്.

11. തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർതന്നെ തോട്ടങ്ങളിൽനിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം.

12. ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണം.

13. പ്രതിസന്ധിയുടെ കാരണം പറഞ്ഞ് തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ജീവിത നിലവാരത്തിനനുസരിച്ച് തോട്ടം തൊഴിലാളികളുടെ വേതനത്തിൽ ആവശ്യമായ വർദ്ധനവ് കാലാകാലങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.

14. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നപരിഹാരത്തിന് സുവ്യക്തമായ ഒരു പ്ലാന്റേഷൻ പോളിസി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്.

ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത സമിതിയുടെ ശിപാർശകൾ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

**സ്ത്രീ തൊഴിലാളികളുടെ അവകാശ സംരക്ഷണം**

23 (*83) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സ്ത്രീ തൊഴിലാളികളുടെ അന്തസ്സും സുരക്ഷിതത്വവും ഉറപ്പുവരുത്തി, ജോലിക്കിടയിൽ ഇരിക്കാൻ അവകാശം നൽകുന്ന നിയമഭേദഗതി നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രാത്രികാലങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്ന സ്ത്രീകളുടെ സുരക്ഷയ്ക്ക് എന്തൊക്കെ നടപടികളാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) തൊഴിലാളികളുടെ ഇത്തരത്തിലുള്ള അവകാശം സംരക്ഷിക്കാത്ത തൊഴിലുടമകൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും (ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 26-5-2016 -ലെ 1556/ബി3/16/സാനീവ പ്രകാരം സാമൂഹ്യനീതി വകുപ്പിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽനിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്.

1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനുശേഷവും സാമ്പത്തികഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്. 4-10-2018 ഓർഡിനൻസ് നമ്പർ. 50/2018 ആയി കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 4-10-2018 - ലെ ഓർഡിനൻസ് പ്രകാരം സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണി വരെ ജോലിക്ക് നിയോഗിക്കാവുന്നതാണ്. കൂടാതെ തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം, സുരക്ഷ എന്നിവ തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്.

രാത്രികാലങ്ങളിൽ ഫാക്ടറികളിൽ ജോലി ചെയ്യേണ്ടിവരുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഫാക്ടറീസ് ആക്ട് 1948-ലെ സെക്ഷൻ 66 കർശനമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വൈകുന്നേരം 7 മണി മുതൽ രാത്രി 10 മണി വരെ കർശന വ്യവസ്ഥകളോടെ ജോലി ചെയ്യാൻ അനുവദിച്ചുവരുന്നുണ്ട്.

ഫാക്ടറികളിൽ രാത്രി 10 മണിക്കുശേഷം രാവിലെ 6 മണിവരെ സ്ത്രീ തൊഴിലാളികളെ ജോലി ചെയ്യുവാൻ അനുവദിക്കുന്നതല്ല. എന്നാൽ ഫാക്ടറീസ് ആക്ട് സെക്ഷൻ 66(2), കേരള ഫാക്ടറീസ് റൂൾ 111 പ്രകാരം 'fish curing or fish canning by freezing' ഫാക്ടറികളിലെ സ്ത്രീ തൊഴിലാളികളെ രാത്രി 10 മണിക്ക് ശേഷം ജോലിക്ക് നിയോഗിച്ചുവരുന്നു.

(ഡി) സ്വീകരിക്കും. സ്ഥാപന പരിശോധനാവേളയിൽ നിയമപ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തി നൽകാത്ത തൊഴിലുടമയ്ക്കെതിരെ തൊഴിൽ നിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും.

**പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം**

24 (*84) <u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇവർക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി നടപ്പിലാക്കിയ സാമൂഹ്യ പഠനമുറി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) **ഗോത്രബന്ധു പദ്ധതി**

പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതീയുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.

അട്ടപ്പാടിയിലെ 26 സ്കൂളുകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് തൊഴിൽ നൽകുവാനും ഈ പദ്ധതി മുഖേന സാധ്യമായിട്ടുണ്ട്.

(2) **സാമൂഹ്യപഠന മുറി**

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠന മുറികൾ ആരംഭിച്ചു. 500 പഠന മുറികൾകൂടി ഈ സാമ്പത്തികവർഷം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിൽ 100 എണ്ണം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 150 പഠനമുറികൾകൂടി ആരംഭിക്കുന്നതിനുള്ള നടപടി ഇതിനകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(3) **സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി**

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. പരിശീലനം ലഭിച്ചതിൽ 18 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക-നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

(4) **ലാപ്ടോപ്പ് വിതരണം**

ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം ഇതിൻ പ്രകാരം 468 കുട്ടികൾ ലാപ്ടോപ്പ് വിതരണത്തിന് അർഹരായിട്ടുണ്ട്.

(5) **സമഗ്ര-സാക്ഷരതാ പദ്ധതി**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

പട്ടികവർഗ്ഗ കോളനികളിൽ സാക്ഷരത മിഷൻ മുഖേന പഠന ക്ലാസുകൾ നടത്തി വിവിധ ക്ലാസുകളിലെ തുല്യത പരീക്ഷയ്ക്ക് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(6) **വിദേശപഠനത്തിനുള്ള ധനസഹായം**

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

(7) **നൈപുണ്യ വികസന പദ്ധതികൾ**

(1) ഐ.റ്റി. അനുബന്ധ മേഖലകളിൽ പരിശീലനം നൽകുന്നതിന് തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് സാധിക്കും.

(2) എൻ.റ്റി.റ്റി.എഫ്. (നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ) മുഖേന ഇലക്ട്രോണിക് അനുബന്ധ കോഴ്സുകളിൽ പരിശീലനം നടത്തിവരുന്നു. പരിശീലനം ലഭിച്ച 192 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ട്. ഈ സ്ഥാപനം മുഖേന 420 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(3) സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി (CBPST) മുഖേന 50 പേർക്ക് പരിശീലനം നൽകി ജോലി ലഭ്യമാക്കി. 75 വിദ്യാർത്ഥികൾക്ക് കൂടി പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(4) ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ECIL) മുഖേന അട്ടപ്പാടിയിൽ 21 പേർക്ക് ഡി.സി.എ. (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) കോഴ്സ് പരിശീലനം നൽകി ജോലി ലഭ്യമാക്കി.

(5) എത്തിയോസ് എന്ന സ്ഥാപനം മുഖേന 125 പേർക്ക് ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം നടത്തി പ്രമുഖ ഹോട്ടലുകളിൽ പ്ലേസ്മെന്റ് ലഭ്യമാക്കി. ഈ സ്ഥാപനം മുഖേന 130 വിദ്യാർത്ഥികൾക്ക്കൂടി പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) ധന്വന്തരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് മുഖേന ആയുർവേദ-നഴ്സിംഗ് കോഴ്സുകളിൽ 60 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന വിവിധ ആയുർവേദ നഴ്സിംഗ് കോഴ്സുകളിൽ 159 പേർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(8) **മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും.**

വകുപ്പിന് കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 5739 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. 2017-18 വർഷം എസ്.എസ്.എൽ.സി.ക്ക് 99.82% വിജയവും പ്ലസ്ടുവിന് 89% വിജയവും ഈ സ്കൂളുകൾക്കുണ്ട്. ഈ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിന് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി, സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാചാലകം, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പ്ലാന്റ്, സിന്തറ്റിക് ട്രാക്ക് നിർമ്മാണം, സ്റ്റീം അടുപ്പുകൾ സ്ഥാപിച്ച് അടുക്കള നവീകരണ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഫയർ എക്സ്റ്റിംഗ്വഷർ സിസ്റ്റം, ഔട്ട് ഡോർ ഫിറ്റ്നെസ് സെന്റർ, ഡിജിറ്റൽ ലൈബ്രറി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്.

എം.ആർ.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളുടെ സ്വഭാവ വൈകാരിക മാനവിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പുവരുത്തുന്നതിലേക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലുള്ള എം.ആർ.എസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി ആരംഭിച്ചു.

കൂടാതെ പുതുതായി 2 എം.ആർ.എസ്.-കൾകൂടി ആരംഭിക്കുന്നതിന് കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്. ഇവ വയനാട്ടിലും അട്ടപ്പാടിയിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. വയനാട് ജില്ലയിൽ ആവശ്യമായ സ്ഥലം ലഭ്യമായില്ലെങ്കിൽ കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(9) **ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും**

വകുപ്പിന് കീഴിൽ 103 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. 7017 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നു. 9 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ ആറെണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തനം ആരംഭിച്ചവയാണ്.

ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന രണ്ട് പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ്-മെട്രിക് ഹോസ്റ്റലിന്റെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് 4 പ്രീ-മെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും ഒരു യൂത്ത് ഹോസ്റ്റലും, നാട്ടുകാണി, ഐ.റ്റി.ഐ.-യിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാകുകയും 3 പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും നാട്ടുകാണി ഐ.റ്റി.ഐ.-യിൽ ഹോസ്റ്റൽ-അക്കാദമിക് ബ്ലോക്കിന്റെയും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(ബി)

1. എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നുണ്ട്.

| | എൽ.പി.വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1 | 1 മുതൽ 4 വരെ | 320 | 130 |
| 2 | യു.പി.വിഭാഗം 5 മുതൽ 7 വരെ | 630 | 160 |
| 3 | ഹൈസ്കൂൾ വിഭാഗം | 940 | 190 |

2. 9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബവാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ളതുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 1,500 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്സ്

തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3,500 രൂപയും 1,000 രൂപയും നൽകുന്നു.

3. 10-ാം ക്ലാസ് പഠനം പൂർത്തിയാക്കി പോസ്റ്റ്-മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ലാതെ സർക്കാർ അംഗീകരിച്ച ഫീസ്, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകിവരുന്നു.

അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി,' കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്', സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു.

കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവശേനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ വീതം ധനസഹായം നൽകുന്നു.

<u>സംസ്ഥാനത്തിന് പുറത്തുള്ള പഠനം</u>

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്-മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റുവഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നുണ്ട്.

<u>വിദേശ പഠനം</u>

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം 500 സാമൂഹ്യപഠന മുറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 100 സാമൂഹ്യപഠന മുറികൾ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഘട്ടമെന്നനിലയിൽ 150 സാമൂഹ്യപഠന മുറികൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 103 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുമാണ് നിലവിലുള്ളത്. ഈ സാമ്പത്തിക വർഷം അട്ടപ്പാടി മേഖലയിൽ 4 പ്രീ-മെട്രിക് ഹോസ്റ്റലുകൾ വാടക കെട്ടിടത്തിൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, അട്ടപ്പാടി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 100 വിദ്യാർത്ഥിനികൾക്ക് താമസ സൗകര്യമുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിർമിക്കുന്നതിനുള്ള പദ്ധതി പ്രാരംഭഘട്ടത്തിലാണ്. നിലവിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളിന് പുറമെ രണ്ട് എം.ആർ.എസ്.- കൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്. അട്ടപ്പാടിയിലും വയനാട്ടിലുമാണ് ഇവ ആരംഭിക്കുന്നത്.

വയനാട്, പാലക്കാട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 4 പ്രീ-മെട്രിക് ഹോസ്റ്റലുകൾകൂടി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**വനഭൂമിയുടെ പാട്ടവാടക**

25 (*85) ശ്രീമതി സി. കെ. ആശ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും പാട്ടവാടക ഈടാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പാട്ടവാടക വർദ്ധിപ്പിക്കുന്നതിനായി നിയമസഭാ കമ്മിറ്റി ശിപാർശ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പാട്ടവാടക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം തടസ്സങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ.കെ.രാജു):

(എ) പൊതുമേഖലാസ്ഥാപനങ്ങൾ/സ്വകാര്യസ്ഥാപനങ്ങൾ/വ്യക്തികൾ തുടങ്ങിയവയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടവാടക നിലവിൽ ഹെക്ടറിന് 1300 രൂപ നിരക്കിലാണ് ഈടാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. പൊതുമേഖലസ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിന് നൽകിയിരിക്കുന്ന വനഭൂമിയുടെ പാട്ടവാടക ഹെക്ടറിന് 10,000 രൂപയായി പുതുക്കി നിശ്ചയിക്കണമെന്ന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2014-16) 93-ാമത് റിപ്പോർട്ട് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(സി) ഉണ്ട്. 1980-ലെ കേരളാ ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ടിന്റെ 5-ാം വകുപ്പുപ്രകാരം പാട്ടവാടക പുതുക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്കാണെന്നും ഏകീകൃതമായ രീതിയിൽ പാട്ടവാടക നിശ്ചയിക്കുന്നതിന് ചട്ടപ്രകാരം തടസ്സമുണ്ടെന്നുമുള്ള നിയമ വകുപ്പിന്റെ അഭിപ്രായ പ്രകാരം കേരളാ ഗ്രാന്റ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടം, 2009 ചട്ടം 3(2)(a) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലാ/സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടവാടക നിശ്ചയിച്ച് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നതിന് മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 28-10-2017-ലെ സ.ഉ. (എം.എസ്) നമ്പർ 49/2017/വനം പ്രകാരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമാക്കി വരികയാണ്. ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസരിച്ച് വാടക നിരക്ക് നിശ്ചയിച്ചശേഷം സർക്കാർ ഉത്തരവ് മുഖേന ആയത് നടപ്പിലാക്കാവുന്നതാണ്.

**ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

26 (*86) ശ്രീ. പി. കെ. ശശി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ചെളിയും മണലും അടിഞ്ഞ് സംഭരണശേഷി ക്രമാതീതമായി കുറഞ്ഞ ജലവിഭവ വകുപ്പിന്റെ ഡാമുകൾ ഏതൊക്കെയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ജലവിഭവ വകുപ്പിന്റെ ഡാമുകളിൽനിന്ന് മണൽ ഖനനം നടത്തുന്നതിനുള്ള അനുമതി നൽകാൻ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഡാമുകളിൽനിന്നും മണ്ണും മണലും നീക്കംചെയ്യുന്നതിനുള്ള കരാർ എപ്രകാരം നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) അണക്കെട്ടുകൾക്ക് മതിയായ ആഴം ഇല്ലാത്തതിനാൽ മഴക്കാലത്ത് അധികമായി ഒഴുകിയെത്തുന്ന വെള്ളം തുറന്നുവിടുന്ന സാഹചര്യം ഒഴിവാക്കാൻ ഇവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ജലസേചന വകുപ്പിന്റെ ഡാമുകളിൽ സെഡിമെന്റേഷൻ സർവ്വേ നടത്തുന്നുണ്ട്. പ്രളയത്തിന് ശേഷം ചിമ്മിനി, പീച്ചി എന്നീ ഡാമുകളിലെ സെഡിമെന്റേഷൻ സർവ്വേ നടന്നു വരുന്നു. സർവ്വേ പൂർത്തിയാക്കിയാൽ മാത്രമേ പ്രളയം കാരണം ചെളിയും മണലും അടിഞ്ഞ് സംഭരണശേഷി ക്രമാതീതമായി കുറഞ്ഞ ഡാമുകൾ ഏതൊക്കെ എന്ന് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വരൂപത്തിലാക്കുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) 26-9-2017-ാം തീയതി സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 79/2017/ ജവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പൈലറ്റ് പദ്ധതികളായി മംഗളം, ചുള്ളിയാർ ഡാമുകളിൽ ഡിസിൽറ്റിംഗ് ചെയ്യുവാനുള്ള നടപടികൾ എടുത്തുവരുന്നു. ഇതിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ അനുസരിച്ച് ബാക്കി അണക്കെട്ടുകളിൽ desiltation നടത്തുന്നതാണ്.

(സി) ഉണ്ട്. GO. (Rt.) No.425/2018/WRD dated 16-6-2018 പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിക്കുപുറമെ ജലവിഭവ, ധനകാര്യ, ഊർജ്ജ, റവന്യൂ, വനം വന്യജീവി സെക്രട്ടറിമാരും ഈ സമിതിയിൽ അംഗങ്ങളാണ്.

(ഡി) ഡാമുകളിൽ നിന്നും മണ്ണും മണലും നീക്കുവാനുള്ള കരാർ work contract method, Turnkey Project എന്നീ രണ്ട് അടിസ്ഥാനത്തിലാണ് കരാർ നല്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ഉന്നതാധികാര സമിതിയുടെ തീരുമാന പ്രകാരമാണ് ഏത് പദ്ധതി ഏതുതരത്തിൽ കരാർ നൽകണമെന്ന് തീരുമാനിക്കുന്നത്.

(ഇ) ഉന്നതാധികാര സമിതിയുടെ അനുമതി ലഭ്യമായശേഷം പൈലറ്റ് പദ്ധതികളുടെ പ്രവൃത്തികൾ പഠിച്ച് ടെണ്ടർ ചെയ്യുന്നതാണ്. ഇതിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളിൽ ഡിസിൽറ്റേഷൻ നടത്തുന്നതിനായി അവയിലെ ആറ് ഡാമുകളിൽ ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിന് നടപടി എടുത്തുവരുന്നു.

**അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട്**

27 (*87) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നില്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി തുക ചട്ടവിരുദ്ധമായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ;

(സി) അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട് ചെലവഴിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി വകുപ്പുതല ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) അട്ടപ്പാടി സംയോജിത ട്രൈബൽ വികസന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നില്ലെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ ഇന്റേണൽ ആഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻവർഷങ്ങളിൽ ട്രഷറി സേവിംഗ്സ് ബാങ്കുകളിൽ സർക്കാർ അനുമതിയോടുകൂടി ചട്ടപ്രകാരംതന്നെ തുക ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ 2018-19-ൽ ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് സർക്കാർ അനുമതി ഇല്ലാത്തതിനാൽ ടി വർഷം ഇത്തരത്തിൽ ട്രഷറി സേവിംഗ്സ് ബാങ്കിലും വാണിജ്യ ബാങ്കുകളിലും തുക നിക്ഷേപിച്ചിട്ടില്ല.

(സി) ഉണ്ട്.

2016-17 സാമ്പത്തിക വർഷം അട്ടപ്പാടി ഐ.ടി.ഡി.പി. ആഫീസിന്റെ അധികാര പരിധിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ബജറ്റ് വിഹിതത്തിൽ ഉൾക്കൊള്ളിച്ച് വിവിധ ശീർഷകങ്ങളിൽ അനുവദിച്ച് (പ്ലാൻ, നോൺ പ്ലാൻ) നൽകിയ 9,90,19,717 രൂപ ട്രഷറി ക്യൂവിൽപ്പെടുകയും ആയത് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും കണ്ടെത്തി പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 കാലയളവിൽ അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി നിർവ്വഹണ ചുമതല ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്കായിരുന്നു. മേൽ സാഹചര്യം കൂടി കണക്കിലെടുത്ത് ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായും, അട്ടപ്പാടിയിലെ പ്രവർത്തനങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ സാധ്യമാക്കുന്നതിനുമായും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒരു ഡെപ്യൂട്ടി ഡയറക്ടർ പദവിയിലുള്ള ഉദ്യോഗസ്ഥനെ അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറായി നിയമിക്കുകയുണ്ടായി ഇതിന്റെ ഫലമായി പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**എറണാകുളം കിൻഫ്രാ പാർക്കിൽ ബ്രൂവറി**

28 (*88) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ലെ ബ്രൂവറി റൂൾസ് പ്രകാരം ബ്രൂവറിക്കുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണ്;

(ബി) പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് എറണാകുളം കിൻഫ്രാ പാർക്കിൽ ബ്രൂവറി സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവുണ്ടായിട്ടുണ്ടോ;

(സി) കിൻഫ്രാ പാർക്കിൽ എത്ര ഏക്കർ സ്ഥലമാണ് പ്രസ്തുത സ്ഥാപനത്തിന് ഈ ആവശ്യത്തിലേക്കായി അനുവദിച്ചതെന്നും ആരാണ് പ്രസ്തുത അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) ബ്രൂവറിക്കുള്ള അപേക്ഷയോടൊപ്പം കിൻഫ്രാ പാർക്കിൽ പ്രസ്തുത കമ്പനിക്ക് സ്ഥലം അനുവദിച്ചതിന്റെ രേഖകൾ സമർപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) 1967-ലെ ബ്രൂവറി റൂളിലെ റൂൾ 2(2) പ്രകാരം ബ്രൂവറി ലൈസൻസിനുള്ള അപേക്ഷയോടൊപ്പം

(1) ബ്രൂവറിക്കായി ഉപയോഗിക്കുന്ന സ്ഥലം, ഉപകരണങ്ങൾ എന്നിവയുടെ പൂർണ്ണവിവരണവും, ഓരോ മുറികളും പാത്രങ്ങളും തിരിച്ചറിയുന്നതിന് വ്യക്തമായ അടയാളങ്ങൾ രേഖപ്പെടുത്തണം.

(2) 15 രൂപയുള്ള ട്രഷറി ചെലാൻ രസീത് എന്നിവ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് 9-10-2018-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ.744/2018/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

(സി-ഇ) ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ ക്ലിയറൻസിന് വിധേയമായി കളമശ്ശേരി കിൻഫ്രാ വ്യവസായ പാർക്കിൽ 10 ഏക്കർ സ്ഥലം തത്വത്തിൽ വിട്ടുനൽകാൻ സന്നദ്ധമാണെന്ന് കിൻഫ്രാ ജനറൽ മാനേജർ (പ്രൊജക്ട്സ്) 29-3-2017-ലെ കത്തിലൂടെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്നു.

## എക്സൈസ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് നടപടി

29 (*89) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യം, ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം കർശനമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നത് തടയാൻ നടത്തി വരുന്ന പരിശോധനകൾ വ്യക്തമാക്കുമോ;

(ഡി) വിമുക്തി മിഷന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) വ്യാജമദ്യം, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, വിതരണം, ഉപയോഗം തുടങ്ങിയവ കർശനമായി തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും പരമാവധി കേസ്സുകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ, ലഹരി പദാർത്ഥങ്ങളുടെ കൈമാറ്റവും വിതരണവും തടയുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി സഹകരിച്ച് സംയുക്ത പരിശോധനകൾ ശക്തിപ്പെടുത്തുകയും വിവരം പരസ്പരം കൈമാറുകയും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ, ആർ.പി.എഫ്, ഡ്രഗ്സ് കൺട്രോളർ തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്. എക്സൈസ് വകുപ്പ്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നിരീക്ഷണങ്ങൾ നടത്തി ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ലഹരി വസ്തുക്കളുടെ ഉപഭോഗത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിനും ഇത്തരം പ്രവണതകളിൽനിന്നും അകലം പാലിക്കുന്നതിനും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ഭാഗമായി വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നിരവധി പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയുണ്ടായി. എക്സൈസ് വകുപ്പിന്റെ അംഗബലം കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി 244 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്. എക്സൈസ് ജീവനക്കാർക്ക് ആവശ്യമായ കായിക പരിശീലനം നൽകി വരുന്നു. ഓഫീസുകളിലെ പഴയ വാഹനങ്ങൾ മാറ്റി പുതിയവയും വനിതാ പട്രോളിംഗ് സ്ക്വാഡിനായി 100 സ്കൂട്ടറുകളും അനുവദിച്ചു. ക്രൈം രജിസ്ട്രേഷൻ ഓൺലൈനാക്കി. ഓഫീസുകളിലേക്ക് പുതിയ കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുകയും എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും പ്രധാനപ്പെട്ട 10 എക്സൈസ് ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും, എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 20 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി മദ്യ-മയക്കുമരുന്ന് പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായി 511 കോളേജുകളിലും 2761 സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നു.

**കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**

30 (*90) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കന്നുകാലികൾ മരണപ്പെടുന്നതുമൂലം ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കാൻ കർഷകർക്കുകൂടി ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന വിധത്തിൽ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത കന്നുകാലികൾ മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കേരളത്തിലെ മൃഗസംരക്ഷണ മേഖലയിലെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തിൽ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (എൻ.എൽ.എം.) 2016-17, ഗോസമൃദ്ധി 2017-18 എന്നീ പദ്ധതികളുണ്ട്. ഇതിൽ എൻ.എൽ.എം. 2016-17 പദ്ധതി പൂർത്തീകരിച്ചു. ഗോസമൃദ്ധി 2017-18 പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. NLM 2016-17 പദ്ധതിയിൽ 1.73 കോടി രൂപയും NLM പ്ലസ് 2017-18 ൽ 83.34 ലക്ഷം രൂപയും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതിക്കായി വകയിരുത്തിയിരുന്നു. ഗോസമൃദ്ധി 2017-18 പദ്ധതിയിൽ 5 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിരുന്നു. ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതിക്കായി 5 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2018 നവംബർ മാസത്തിൽ പശുക്കളെയും പശുവിന്റെ ഉടമയായ കർഷകരേയും ഒന്നിച്ച് ഇൻഷ്വർ ചെയ്യുവാൻ കഴിയുന്ന ഗോസമൃദ്ധി പ്ലസ് 2018-19, എൻ.എൽ.എം പ്ലസ് 2017-18 പദ്ധതികൾ ആരംഭിച്ചു.

(ബി) 2018 നവംബർ മാസത്തിൽ ആരംഭിച്ച സംസ്ഥാന സർക്കാരിന്റെ ഗോസമൃദ്ധി 2018-19, കേന്ദ്ര ഗവൺമെന്റിന്റെ എൻ.എൽ.എം 2017-18 എന്നീ പദ്ധതികൾ വഴി പശുക്കളെയും, പശുവിന്റെ ഉടമയായ കർഷകരെയും ഇൻഷ്വർ

ചെയ്യാവുന്നതാണ്. 1 വർഷം, 3 വർഷം എന്നീ കാലയളവുകളിലേക്ക് ഈ പദ്ധതി കർഷകർക്ക് തെരഞ്ഞെടുക്കാം. ടി പദ്ധതിയിൽ ഒരു വർഷത്തേയ്ക്ക് ഉരുവിന്റെ മതിപ്പ് വിലയുടെ 2.8% വും മൂന്ന് വർഷത്തേക്ക് 6.54% വും പ്രീമിയം നിരക്കായി കണക്കാക്കുന്നു. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50% വും എസ്.സി/എസ്.ടി വിഭാഗത്തിന് 70% വും സർക്കാർ സബ്സിഡി നൽകും. ഉരുക്കൾ നഷ്ടപ്പെടുകയാണെങ്കിൽ പരമാവധി 50,000 രൂപ വരെയും ഉരുക്കൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുപുറമെ കർഷകന് അപകടമരണം സംഭവിച്ചാലോ, ഭാഗികമോ പൂർണ്ണമോ ആയ അംഗവൈകല്യം സംഭവിച്ചാലോ 2 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഇതിൻപ്രകാരം ഒരു വർഷത്തേയ്ക്ക് 42 രൂപയും മൂന്ന് വർഷത്തേക്ക് 114 രൂപയും മാത്രം കർഷന്റെ ഇൻഷ്വറൻസിന് അധിക പ്രീമിയമായി നൽകിയാൽമതി.

(സി) ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത കന്നുകാലികൾ മരണപ്പെട്ടാൽ കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് ധനസഹായം നൽകിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിൻജൻസി ഫണ്ടിൽനിന്നുമാണ് ധനസഹായം നൽകുന്നത്. പ്രകൃതിക്ഷോഭം, ആന്ത്രാക്സ്, പന്നിപ്പനി, പേവിഷബാധ, ആട്ടവസന്ത, വന്യജീവി ആക്രമണം, അത്യാഹിതങ്ങൾ എന്നിവ കാരണം മരണമടയുന്ന ഉരുക്കൾക്ക് കറവപ്പശു ഒന്നിന് 16,400 രൂപയും ആടിന് 1,650 രൂപയും ധനസഹായമായി നൽകുന്നു. കാള ഒന്നിന് 15,000 രൂപയും, കിടാരിക്ക് 10,000 രൂപയും, കോഴി/താറാവ് എന്നിവ ഒന്നിന് 50 രൂപയുമാണ് തുക നിശ്ചയിച്ചിട്ടുള്ളത്. 2017-18- ൽ 1.6 കോടി രൂപയുടെ ധനസഹായം കർഷകർക്ക് ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. 2018-19-ൽ ഒരു കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷന്റെ നിർദ്ദേശങ്ങളിന്മേൽ നടപടി

1(787) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാതി വിവേചന കേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജാതിപരമായ കേസുകളിൽ സംസ്ഥാന പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷന്റെ നിർദ്ദേശങ്ങളിന്മേൽ ഉദ്യോഗസ്ഥർ നടപടി കൈക്കൊള്ളുവാൻ കാലതാമസം ഉണ്ടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കമ്മീഷൻ ശിപാർശകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആശിക്കും ഭൂമി പദ്ധതി**

2(788) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശിക്കുംഭൂമി പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എത്ര ഏക്കർ സ്ഥലം കണ്ടെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആശിക്കുംഭൂമി പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ 305.45 ഏക്കർ ഭൂമി കണ്ടെത്തി വിലയ്ക്കുവാങ്ങി നൽകിയിട്ടുണ്ട്.

(ബി) 305.45 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്.

**എസ്.സി./എസ്.ടി. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

3(789) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിൽനിന്നും എസ്.സി. എസ്.ടി. ചികിൽസാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദുരിതാശ്വാസ നിധിയിൽനിന്നും കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽ 488 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 39 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ 458 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽ 39 അപേക്ഷകർക്കും ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൽ കാലതാമസം കൂടാതെ ധനസഹായം നൽകുന്നതിലേയ്ക്കായി ചികിത്സാ ധനസഹായ പദ്ധതി ടി-ഗ്രാന്റ്സ് എന്ന പേരിൽ ഓൺലൈൻ സംവിധാനം മുഖേന നവീകരിച്ചിട്ടുണ്ട്. അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം ഓൺലൈനായി അപേക്ഷിച്ചാൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, വകുപ്പുമന്ത്രിയുടെ ഓഫീസ് എന്നിവ മുഖേന പരിശോധിച്ച് തുക പാസ്സാക്കി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന ട്രഷറി ബിൽ മാറി ധനസഹായം അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതാണ്. എം.എൽ.എ., എം. പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപത്രം മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ നേരിട്ട് മന്ത്രിക്കെത്തുകയും മേൽനടപടികൾ അതിവേഗം സ്വീകരിക്കുന്നതിനുള്ള സംവിധാനവുമുണ്ട്. അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനുള്ള ചെലവ് വകുപ്പ് വഹിക്കും.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ടി-ഗ്രാന്റ്സ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ അവരവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

**അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക്**

4(790) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടി മേഖലയിലുണ്ടായ ശിശുമരണങ്ങളുടെ എണ്ണവും മരണനിരക്കും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പോഷകാഹാരക്കുറവുമൂലമോ മതിയായ ആരോഗ്യ പരിചരണം ലഭിക്കാത്തതു മൂലമോ ഉള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മേഖലയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന് സ്വീകരിച്ച പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടി മേഖലയിൽ 2016-ൽ 5-ഉം 2017-ൽ 14-ഉം 2018-ൽ 11-ഉം ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പോഷകാഹാരക്കുറവുമൂലമോ മതിയായ ആരോഗ്യ പരിചരണം ലഭിക്കാത്തതുമൂലമോ ഉള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ശിശുമരണം സംഭവിച്ച കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീട്ടുകളിൽ നടന്നിരുന്ന പ്രസവം, ചികിത്സാ വൈമുഖ്യം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന മരണകാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി
- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ

- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി

- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി- ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.

പ്രതിമാസ കുത്തിവയ്പ് നൽകൽ, നവജാതി ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള പദ്ധതികൾ

5(791) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികൾ മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ആദിവാസികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ഓരോവർഷവും അനുവദിച്ച തുക, ചെലവാക്കിയ തുക എന്നിവ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ആദിവാസി മേഖലകളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുവാനും പഠനനിലവാരം ഉയർത്തുവാനുമായി ഈ സർക്കാർ കാലയളവിൽ ഓരോവർഷവും നടപ്പാക്കിയ പ്രവർത്തനങ്ങൾ പദ്ധതി തിരിച്ച് എന്തെല്ലാം എന്നും അതിനായി അനുവദിച്ച തുക എത്രയെന്നും ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ പ്രഖ്യാപിച്ച വനജ്യോതി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ, നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; സംസ്ഥാനത്തെ എല്ലാ ആദിവാസി ഊരുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതിക്കാരുടെ പാർപ്പിടം, ഭൂമി എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് കൂടുതൽ തുക വകയിരുത്തിയത്. ഇവർ താമസിക്കുന്ന പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും വിദ്യാഭ്യാസം, പെൺകുട്ടികൾക്കുള്ള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷ പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനും വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും അതിനായി ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 174642 | 145321.09 |
| 2017-18 | 188910 | 156791.45 |
| 2018-19 (Upto 31-10-2018) | 188784 | 76773.53 |

പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ അനുബന്ധം (1)* ആയി ചേർക്കുന്നു.

പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| പട്ടികവർഗ്ഗ വികസന വകുപ്പ് | 2016-17 | 54448.12 | 51957.42 |
| | 2017-18 | 58363.49 | 51798.25 |
| | 2018-19 | 65036.51 | 32064.65 |
| പൊതുമരാമത്ത് വകുപ്പ് | 2016-17 | 4890.37 | 1632.75 |
| | 2017-18 | 4799.76 | 1388.25 |
| | 2018-19 | 4400 | 931.76 |
| ഗ്രാമ വികസന വകുപ്പ് | 2016-17 | 6535.9 | 3652.77 |
| | 2017-18 | 7599.2 | 1290.5 |
| | 2018-19 | 5280 | 327.83 |
| എൻ.ആർ.എൽ.എം | 2016-17 | 637 | 332.85 |
| | 2017-18 | 637 | 430 |
| | 2018-19 | 3347 | 258 |
| കിർത്താഡ്സ് | 2016-17 | 235.01 | 199.24 |
| | 2017-18 | 290 | 188.4 |
| | 2018-19 | 380 | 68.14 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | 2016-17 | 15600 | 10974 |
| | 2017-18 | 17602.11 | 13595.62 |
| | 2018-19 | 19360 | 5635.45 |

വിവിധ പദ്ധതികൾ മുഖേന ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം (2)* ആയി ചേർത്തുകൊള്ളുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ വനജ്യോതി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡ് ഉൾപ്പെടുത്തി 15 പട്ടികവർഗ്ഗ മേഖലകളിൽ വനജ്യോതി എന്ന പേരിൽ രാത്രികാല പഠനക്ലാസ് നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് ഒരാൾക്ക് 15 രൂപ നിരക്കിൽ ലഘുഭക്ഷണവും ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ അദ്ധ്യാപകരായി ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരെയാണ് നിയമിക്കുന്നത്. ഇവർക്ക് പ്രതിമാസം 5,000 രൂപ ഓണറേറിയം നൽകുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായം

6(792) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായമായി ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കക്ഷേമവകുപ്പമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 1,25,10,400 രൂപയും (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷത്തി പതിനായിരത്തി നാനൂറ് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 4,30,899 രൂപയും (നാല് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിഒൻപത് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | അനുവദിച്ച തുക | |
|---|---|---|
| | പട്ടികജാതി | പട്ടികവർഗ്ഗം |
| ചിന്നക്കനാൽ | 5,25,000 | |
| ദേവികുളം | 25,18,000 | |
| കാന്തല്ലൂർ | 4,50,500 | 11,000 |
| മാങ്കുളം | 1,26,000 | 1,45,000 |
| മറയൂർ | 9,11,900 | 73,899 |
| മൂന്നാർ | 50,01,500 | |
| ശാന്തൻപാറ | 8,20,000 | |
| വട്ടവട | 80,000 | |
| അടിമാലി | 8,72,500 | 1,43,040 |
| പള്ളിവാസൽ | 8,00,000 | |
| വെള്ളത്തൂവൽ | 2,47,500 | 28,900 |
| ബൈസൺവാലി | 1,57,500 | |
| കൊന്നത്തടി | | 29,060 |
| ആകെ | 1,25,10,400 | 4,30,899 |

## ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

7(793) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിന് നല്കുന്ന അപേക്ഷകൾക്ക് ഏറ്റവും വേഗത്തിൽ തുക ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ ഇപ്രകാരം അനുവദിക്കപ്പെട്ട തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തുക വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കാലതാമസംകൂടാതെ ധനസഹായം നൽകുന്നതിലേയ്ക്കായി ചികിത്സാ ധനസഹായ പദ്ധതി ടി-ഗ്രാന്റ്സ് എന്ന പേരിൽ ഓൺലൈൻ സംവിധാനം മുഖേന നവീകരിച്ചിട്ടുണ്ട്. അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം ഓൺലൈനായി അപേക്ഷിച്ചാൽ ജില്ലാ വികസന ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, വകുപ്പുമന്ത്രിയുടെ ഓഫീസ് എന്നിവ മുഖേന ഓൺലൈനായി പരിശോധിച്ച് തുക പാസ്സാക്കി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന ബിൽമാറി ധനസഹായം അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതാണ്. എം.എൽ.എ., എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപത്രം മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ നേരിട്ട് മന്ത്രിയുടെ ഇൻബോക്സിൽ എത്തുകയും മേൽപ്പറഞ്ഞ നടപടികൾ അതിവേഗം സ്വീകരിക്കുന്നതിനുമുള്ള സംവിധാനമുണ്ട്. അക്ഷയകേന്ദ്രങ്ങൾ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതുമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ടി-ഗ്രാന്റ്സ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## പട്ടികവർഗ്ഗ കോളനികളുടെ നവീകരണവും ഉന്നമനവും

8(794) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനും ഉന്നമനത്ത തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻ മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർക്ക് മാത്രമായി കോളനികൾ നിലവിലില്ല. എന്നാൽ ടി മണ്ഡലത്തിൽ ചാപ്പാ കടപ്പുറത്ത് പട്ടികവർഗ്ഗക്കാരായ ഉള്ളാടൻ സമുദായത്തിൽപ്പെട്ട 13 കുടുംബങ്ങൾ ഒരു സെറ്റിൽമെന്റ്പോലെ താമസിച്ചുവരുന്നുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി പദ്ധതി കളൊന്നും നടപ്പിലാക്കിയിട്ടില്ല.

## കൊയിലാണ്ടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

9(795) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിലെ ഏതെങ്കിലും കോളനിയിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ ; എങ്കിൽ ഏതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ നടത്തിയ പ്രവൃത്തികൾ വിശദീകരിക്കാമോ ;

(സി) ഏത് ഏജൻസിയാണ് പ്രവൃത്തി കരാർ ഏറ്റെടുത്തത്; എത്ര ശതമാനം പ്രവൃത്തികളാണ് അവർ പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിലവിലുള്ള കാലതാമസം/തടസ്സം എന്താണെന്ന് വിശദമാക്കാമോ ;

(ഇ) പ്രവൃത്തി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഇതുവരെ കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

(ബി-ഇ) ബാധകമല്ല.

**ഭവനരഹിതരുടെ വിവരം**

10(796) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട ഭവനരഹിതരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രസ്തുത വിഭാഗത്തിന്റെ ഭവനരഹിതരുടെ വിവരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പട്ടികജാതിയിൽപ്പെട്ട ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏതെല്ലാം ഭവന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 271 ഭവനരഹിതരാണുള്ളത്. തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ഒറ്റപ്പാലം നഗരസഭ | 96 |
| 2 | അമ്പലപ്പാറ | 72 |
| 3 | ലക്കിടിപേരൂർ | 70 |

| 1 | 2 | 3 |
|---|---|---|
| 4 | കടമ്പഴിപ്പുറം | 7 |
| 5 | കരിമ്പുഴ | 3 |
| 6 | ശ്രീകൃഷ്ണപുരം | 9 |
| 7 | പൂക്കോട്ടുകാവ് | 14 |
| | **ആകെ** | **271** |

(സി) സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള 50,000 രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള ഭവനരഹിതമായ പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നു. 2016-17, 2017-18 വർഷങ്ങളിലായി 23,801 വീടുകൾ സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് പ്രസ്തുത ധനസഹായം നൽകിവരുന്നത്.

**ഏറനാട് മണ്ഡലത്തിലെ വാത്സല്യനിധി പദ്ധതി**

11(797) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി നിലവിൽവന്നശേഷം പ്രൊമോട്ടർമാർ വിവര ശേഖരണാർത്ഥം എത്ര തവണ ഫീൽഡ് വർക്ക് നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിൽവന്നശേഷം നാളിതുവരെയായി ഏറനാട് മണ്ഡലത്തിൽ വാത്സല്യനിധിയിൽ അംഗങ്ങളായ കുട്ടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വാത്സല്യനിധി പദ്ധതിയിൽ 2017-18-ൽ ഉൾപ്പെടുത്തേണ്ട കുട്ടികളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. 2018-19-ലെ വിവരശേഖരണം പുരോഗമിച്ചുവരുന്നു. 2017-18-ലെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | അരീക്കോട് | 5 |
| 2 | എടവണ്ണ | 6 |
| 3 | കാവനൂർ | 19 |
| 4 | കീഴുപറമ്പ് | 8 |
| 5 | ഊർങ്ങാട്ടിരി | 8 |
| 6 | കുഴിമണ്ണ | 8 |
| 7 | ചാലിയാർ | 11 |
| | **ആകെ** | **65** |

(ബി) വിവരശേഖരണത്തിനായി പ്രൊമോട്ടർമാർ നിരന്തരം ഫീൽഡ് വർക്ക് നടത്തുന്നുണ്ട്.

(സി) വാത്സല്യനിധി പദ്ധതി ആരംഭിച്ചശേഷം ഏറനാട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട 65 കുട്ടികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി പ്രകാരം പദ്ധതിയിൽ അംഗമാകുന്ന പെൺകുട്ടികൾക്ക് 18 വയസ് പൂർത്തിയാകുമ്പോൾ മൂന്നുലക്ഷം രൂപ ഇൻഷ്വറൻസ് ആനുകൂല്യമായി ലഭിക്കുന്നതാണ്. എൽ.ഐ.സി. നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതി**

12(798) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സ്വന്തം വീടുകളിൽ ആവശ്യമായ പഠന സൗകര്യങ്ങൾ ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകളാണ് ഇതിനായി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം എത്ര കുട്ടികൾക്കാണ് പഠനമുറി നിർമ്മിച്ച് നൽകിയിട്ടുള്ളതെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽ പഠനമുറി പദ്ധതിക്കായി 206 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ സാമൂഹ്യ പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്.

(ബി) കാസർഗോഡ് ജില്ലയിൽ 2017-18, 2018-19 വർഷങ്ങളിലായി 295 പേർക്ക് പഠനമുറി അനുവദിച്ചിട്ടുണ്ട്. അർഹതയുള്ള 65 പേർക്ക് ഇനിയും ധനസഹായം നൽകാനുണ്ട്.

**കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ**

13(799) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കോങ്ങാട് മണ്ഡലത്തിലേയ്ക്കായി പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ തുക ഉൾപ്പെടെ വിശദമാക്കുമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയുടേയും പുരോഗതി വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I-ഉം അനുബന്ധം II-ഉം ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

14(800) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് പാലക്കാട് ജില്ലയിലെ ഏതെല്ലാം പട്ടികജാതി കോളനികളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കോളനിയിലും എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകുന്നത്;

(സി) പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും അംഗീകരിക്കപ്പെട്ട വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽപ്പെട്ട ആലത്തൂർ മണ്ഡലത്തിലുള്ള കേന്ദ്രങ്ങളിലെ വികസന പദ്ധതികളെ സംബന്ധിച്ചും അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും വിശദാംശം നൽകുമോ?

ഉത്തരം

(എ)

1. കൊളയ്ക്കാട് പട്ടികജാതി കോളനി
2. കുതിരപ്പറമ്പ് പട്ടികജാതി കോളനി
3. ചോലക്കാട്ടുകുന്ന് പട്ടികജാതി കോളനി
4. ചാമപ്പറമ്പ് പട്ടികജാതി കോളനി
5. കുട്ടാല കവറപ്പുറ പട്ടികജാതി കോളനി
6. പറക്കുന്നം പട്ടികജാതി കോളനി
7. കൈതക്കുഴി പട്ടികജാതി കോളനി
8. കരകരകുളമ്പ് പട്ടികജാതി കോളനി
9. ഓനാംതറ പട്ടികജാതി കോളനി
10. പടിക്കൽപാടം പട്ടികജാതി കോളനി

11. നെടുങ്ങൺകാട് പട്ടികജാതി കോളനി

12. പെരുമല പട്ടികജാതി കോളനി

13. മുതുകാട് പട്ടികജാതി കോളനി

14. അയ്യങ്കുളം പട്ടികജാതി കോളനി

15. കല്ലേക്കാട് പട്ടികജാതി കോളനി

16. കൊളക്കണ്ടാംപൊറ്റ പട്ടികജാതി കോളനി

17. നെച്ചുള്ളി പട്ടികജാതി കോളനി

18. തിരുമാലപ്പറ്റ പട്ടികജാതി കോളനി

19. മുണ്ടക്കാട് പട്ടികജാതി കോളനി

20. അമരമംഗലം പട്ടികജാതി കോളനി

21. അംബേദ്കർ പട്ടികജാതി കോളനി

22. കാരാട്ടുപറമ്പ് പട്ടികജാതി കോളനി

23. കാരക്കുന്ന് കൈപ്പറമ്പ് പട്ടികജാതി കോളനി

24. മുല്ലശ്ശേരി പട്ടികജാതി കോളനി

25. വടക്കേടത്ത് കുന്ന് കോളനി

26. ചോലപ്പറമ്പ് പട്ടികജാതി കോളനി

27. പടാട്ടുകുന്ന് പട്ടികജാതി കോളനി

28. വെളുത്തേൻ മാരിൽ പട്ടികജാതി കോളനി

29. പഴയകുളം പട്ടികജാതി കോളനി

30. നെന്മാറപ്പാടം പട്ടികജാതി കോളനി

31. പനമ്പഴക്കാട് പട്ടികജാതി കോളനി

(ബി) ഒരു കോളനിക്ക് ഒരു കോടി രൂപ എന്ന ക്രമത്തിൽ ഭരണാനുമതി നൽകുന്നു.

(സി) 24 കോളനികളുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പനമ്പഴക്കാട് കോളനിയുടെ പ്രവർത്തനോദ്ഘാടനം കഴിഞ്ഞു. 8 വീടുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചു. മണ്ണ് സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി പുരോഗതിയിലാണ്. സ്കൂൾ ചുറ്റുമതിൽ നിർമ്മാണം അവസാന ഘട്ടത്തിലാണ്. നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്. നെടുങ്ങൺകാട് കോളനിയിൽ 26 വീടുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചു. 500 മീറ്റർ റോഡ് വർക്ക് പൂർത്തിയായി. മണ്ണ് സംരക്ഷണ ഭിത്തി പുരോഗതിയിലാണ്. നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്. കുട്ടാല, കവറപ്പുര, പറക്കുന്നം കോളനികളുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ടി കോളനികളുടെ നിർവ്വഹണ ഏജൻസി കേരള ഇലക്ട്രിക്കൽ അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡാണ്.

**പട്ടികജാതി വകുപ്പ് മുഖേന ഒല്ലൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

15(801) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പ് മുഖേന ഒല്ലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | ഭവന നിർമ്മാണ ധനസഹായം | 146 |
| 2 | ഭവന പുനരുദ്ധാരണ ധനസഹായം | 24 |
| 3 | ഭൂരഹിത പുനരധിവാസ പദ്ധതി | 81 |
| 4 | പഠനമുറി പദ്ധതി | 67 |
| 5 | ചികിത്സാ ധനസഹായം | 691 |
| 6 | മിശ്ര വിവാഹം | 46 |

| 1 | 2 | 3 |
|---|---|---|
| 7 | വിവാഹ ധനസഹായം | 127 |
| 8 | സ്വയംതൊഴിൽ | 4 |
| 9 | വിദേശ തൊഴിൽ | 4 |
| 10 | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ 2 കോളനികൾക്കായി രണ്ട് കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. | |
| 11 | പുത്തൂർ ഗ്രാമപഞ്ചായത്ത് കോക്കാത്ത് എസ്.സി. കോളനി കുടിവെള്ള പദ്ധതി | |
| 12 | പുത്തൂർ ഗ്രാമപഞ്ചായത്ത് കോക്കാത്ത് എസ്.സി. കോളനി വാട്ടർ കിയോസ്ക് നിർമ്മാണം | |
| 13 | പുത്തൂർ ഗ്രാമപഞ്ചായത്ത് മതിക്കുന്ന് എസ്.സി. കോളനി മണ്ണ് സംരക്ഷണം | |
| 14 | പാണഞ്ചേരി പൊടിപ്പാറ കോളനി കുടിവെള്ള പദ്ധതി | |

802-ാം നമ്പർ ചോദ്യം ഒഴിവാക്കിയിരിക്കുന്നു.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

16(803) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര കോളനികൾ അംബേദ്കർ ഗ്രാമവികസന പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്;

(ബി) ആറന്മുള നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കോളനികൾ സ്വയംപര്യാപ്ത ഗ്രാമപദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) ഇതിൽ ഏതെങ്കിലും കോളനികളിലെ പദ്ധതികൾ പരാതികളുടെയോ പിഴവുകളുടേയോ അടിസ്ഥാനത്തിൽ അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി എന്താണ്;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്കായി വീടുകളിൽ പഠനമുറി നിർമ്മിക്കുന്ന പദ്ധതിയിൽ ആറന്മുള നിയോജകമണ്ഡലത്തിൽ എത്ര വീടുകളിൽ പഠനമുറി നിർമ്മിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 266 കോളനികളെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി)

1. ഇലഞ്ഞൂർ പട്ടികജാതി കോളനി

2. പുന്നക്കുന്ന് പട്ടികജാതി കോളനി

(സി) ഇലഞ്ഞൂർ പട്ടികജാതി കോളനിയിൽ ഒരു കോടി രൂപയുടെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ ഒന്നാംഗഡു 25 ലക്ഷം രൂപ മുൻകൂറായി നിർവ്വഹണ ഏജൻസിയായ FIT-യ്ക്ക് നൽകിയിട്ടുണ്ട്. കോളനിയിൽ ഏജൻസി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് അപാകതകളും ന്യൂനതകളും ഉള്ളതായി പ്രാദേശികമായും വിജിലൻസ് മുമ്പാകെയും പരാതികൾ നിലവിലുണ്ട്. പുന്നക്കുന്ന് കോളനിയുടെ നിർവ്വഹണ ഏജൻസിയായ FIT-ക്ക് രണ്ട് ഗഡുക്കളായി 65 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗങ്ങളിലെ കുട്ടികൾക്കായി 121 വീടുകളിൽ പഠനമുറി നിർമ്മിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇത്തരം പദ്ധതിയില്ല.

**ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

17(804) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2017-18 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ഓരോ പദ്ധതിയുടെയും അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) അനുബന്ധം II ആയി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

18(805) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ അർഹതപ്പെട്ടവരിൽ തന്നെയാണ് എത്തുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ പദ്ധതികൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുതന്നെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ അവർക്കിടയിൽ എന്തെല്ലാം തരത്തിലുള്ള ബോധവൽക്കരണമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത പദ്ധതികൾക്ക് ഗ്രാമസഭകളുടെയും ഭവന നിർമ്മാണത്തിന് ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റുമാണ് പട്ടികജാതി വികസന വകുപ്പ് ഉപയോഗിക്കുന്നത്. ഫീൽഡ്തല അന്വേഷണം നടത്തി അർഹത പരിശോധിച്ച് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിക്കുന്നത്. പട്ടികജാതി കോളനികൾ, സങ്കേതങ്ങൾ എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ 51% പട്ടികജാതിക്കാർ ഉണ്ടെന്ന് ഉറപ്പാക്കുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്.

പട്ടികവർഗ്ഗ വികസന പരിപാടികൾ ഊരുകൂട്ടങ്ങൾ നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. 25 ലക്ഷത്തിൽ താഴെയുള്ള പദ്ധതികൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പും 25 ലക്ഷത്തിൽ കൂടുതലുള്ള പദ്ധതികൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പും അംഗീകാരം നൽകുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലെ സാമ്പത്തികാനുകൂല്യങ്ങളെല്ലാം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്യുന്നത്.

വകുപ്പ് ഡയറക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല കമ്മിറ്റിയും ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ വികസന സമിതിയോഗവും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വകുപ്പുതലത്തിലുള്ള അവലോകന യോഗങ്ങളും വീഡിയോ കോൺഫറൻസുകളും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സസൂക്ഷ്മം വിലയിരുത്തുന്നുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് എസ്. സി. പ്രൊമോട്ടർമാർ മുഖേന ഫീൽഡ്തല സന്ദർശനത്തിലൂടെയും ക്ലാസ്സുകളിലൂടെയും ബോധവത്കരണം നടത്തുന്നു. പട്ടികജാതി വികസന വകുപ്പ് എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ നടത്തുന്ന ഐക്യദാർഢ്യപക്ഷാചരണ കാലയളവിൽ ബോധവൽക്കരണ സെമിനാറുകളും ക്ലാസ്സുകളും നടത്തുന്നു. കൂടാതെ വകുപ്പിന്റെ സ്കീമുകളെ സംബന്ധിച്ച് വർത്തമാന പത്രങ്ങളിൽ അറിയിപ്പുകളും വാർത്തകളും പരസ്യങ്ങളും നൽകുകയും ബുക്ക്‌ലെറ്റുകൾ, വികസന ഗൈഡ് എന്നിവ പ്രസിദ്ധീകരിച്ച് പട്ടികജാതി സംഘടനകൾ, വ്യക്തികൾ മുഖേനയുള്ള സർക്കുലേഷനിലൂടെ പട്ടികജാതി ജനവിഭാഗങ്ങളിൽ ബോധവൽക്കരണവും സാധ്യമാക്കുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>- പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പദ്ധതികളെല്ലാം ഊരുകൂട്ടം ചർച്ച ചെയ്ത് തീരുമാനിച്ചാണ് നടപ്പിലാക്കുന്നത്. പദ്ധതികളെക്കുറിച്ചുള്ള അവബോധം പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന നൽകിവരുന്നു. പദ്ധതി വിശദാംശങ്ങളെല്ലാം വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതും പദ്ധതികളെ/ആനുകൂല്യങ്ങളെ സംബന്ധിച്ച് സംശയ നിവാരണത്തിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന ടോൾഫ്രീ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ദൃശ്യമാധ്യമങ്ങൾ മുഖേനയുള്ള പ്രചരണത്തിനായി വകുപ്പിൽ പബ്ലിസിറ്റി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് നഴ്സിംഗ് പരിശീലനം**

19(806) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സിംഗ് പഠനം വിജയകരമായി പൂർത്തീകരിച്ചിട്ടും തൊഴിൽ ലഭിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രതിമാസം എത്ര രൂപയാണ് ഇവർക്ക് സ്റ്റൈപ്പെന്റ് ആയി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഏത് വകുപ്പാണ് ഇതിന് ആവശ്യമായ ഫണ്ട് നൽകുന്നതെന്നും ആയതിനായി എന്ത് തുക നീക്കിവച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് സർക്കാർ സ്വകാര്യ മേഖലകളിൽ നഴ്സിംഗിന് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എത്രമാത്രം സഹായകരമായി എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രതിമാസം ഇവർക്ക് 15,000 രൂപ വീതം സ്റ്റൈപ്പന്റായി നൽകിവരുന്നു.

(സി) പട്ടികജാതി വികസന വകുപ്പാണ് ഇതിലേക്കാവശ്യമായ ഫണ്ട് നൽകുന്നത്. 2018-19 സാമ്പത്തിക വർഷം മുതൽ രണ്ട് വർഷത്തേയ്ക്ക് ടി പദ്ധതിക്കായി 4,84,41,000 രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ 80 താലൂക്ക് ആശുപത്രികളിൽ ഒരാൾ വീതവും 18 ജില്ലാ/ജനറൽ ആശുപത്രികളിൽ 3 പേർ വീതവും എന്ന ക്രമത്തിൽ 134 പേർക്ക് കരാർ അടിസ്ഥാനത്തിൽ നഴ്സായി രണ്ട് വർഷത്തേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ പുതിയ പദ്ധതികൾ**

20(807) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി പ്രസ്തുത മേഖലകളിൽ വന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ മേഖലകളിൽ പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച പദ്ധതിയാണ് സാമൂഹിക പഠനമുറി. ഉപദേശകനായും ട്യൂട്ടറായും പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു.

2. സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതുമായ പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

(എ) അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 73 കോളനികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള മൊബിലൈസേഷൻ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽദിനങ്ങൾകൂടി ലഭ്യമാക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം പദ്ധതി. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തുവരുന്ന പട്ടികവർഗ്ഗക്കാർക്ക് കാലവിളംബം കൂടാതെ വേതനം ലഭ്യമാക്കുന്നതിന് 11.13 കോടി രൂപ റിവോൾവിംഗ് ഫണ്ടായി എം.ജി.എൻ.ആർ.ഇ.ജി.എസ്. സംസ്ഥാന മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് പി. കെ. കാളൻ കുടുംബ സഹായ പദ്ധതി.

4. പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.-യുമായി സഹകരിച്ച് നടപ്പാക്കുന്ന ഗോത്ര വാത്സല്യനിധി പദ്ധതി.

5. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയംതൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഐ. റ്റി. മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. വയനാട് ഗോത്ര ഭാഷാപഠന കേന്ദ്രം-പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

8. ആരോഗ്യ വിദ്യാഭ്യാസ പരിപാടി, തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

9. പോഷകാഹാരക്കുറവ്, ശിശുമരണ-മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ എന്നിവ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

10. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി.

11. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി KIIFB മുഖേന വിവിധ ജില്ലകളിലായി പ്രീ -മെട്രിക്, പോസ്റ്റ് -മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസ്.-കൾ എന്നിവ നിർമ്മിച്ചുവരുന്നു.

12. ആധുനിക വൈദ്യസൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനമൊട്ടാകെ എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചു.

13. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് ഒഴിവാക്കുന്നതിനും ചൂഷണം തടയുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കിവരുന്നു.

14. പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും സാക്ഷരതാ മിഷൻ സമഗ്ര എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

15. ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ഭയരഹിതമായും ആരോഗ്യമുള്ളവരായും ജീവിക്കുന്നതിന് പ്രാപ്തിയുണ്ടാക്കുക എന്ന ലക്ഷ്യംവച്ച് നടപ്പാക്കുന്ന ഗോത്ര രശ്മി പദ്ധതി.

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് ആവിഷ്കരിച്ചിരിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' പദ്ധതി. 2017-18 വർഷം 6623 പഠനമുറികളുടെ

നിർമ്മാണം ആരംഭിക്കുകയും അവയിൽ 2541 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ച നൽകിയതിൽ 2314 പേർക്ക് പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനംമുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതി

വാത്സല്യനിധി പദ്ധതി പ്രകാരം 2555 പെൺകുട്ടികൾക്ക് 39,000 രൂപ വീതം 9,96,45,000 രൂപ ഒന്നാം ഗഡുവായി എൽ.ഐ.സി.-യിൽ നിക്ഷേപിച്ചിട്ടുണ്ട്. 2018-19-ൽ 261 പെൺകുട്ടികളുടെ പേരിൽ ഇതുവരെ 1,01,79,000 രൂപ എൽ.ഐ.സി.-യിൽ നിക്ഷേപിച്ചിട്ടുണ്ട്.

3. M.Sc. Electronics, B.Arch, M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.

ലാപ്ടോപ് വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്.

4. പട്ടികജാതി വകുപ്പിനുകീഴിലുള്ള 44 ഐ.റ്റി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും ഉച്ചഭക്ഷണവും നൽകുന്നതിനുള്ള പദ്ധതി

2017-18 സാമ്പത്തിക വർഷം മുതൽ വകുപ്പിന് കീഴിലുള്ള 44 ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാര പദ്ധതി നടപ്പിലാക്കിവരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി

പട്ടികജാതിയിൽപ്പെട്ട ജോലിയുള്ള വനിതകൾക്കായി തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചുവരുന്നു. എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റൽ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000 രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതീയുവാക്കളെ കരാർ അടിസ്ഥാനത്തിൽ 15,000 രൂപ പ്രതിമാസം ഓണറേറിയവും 1,500 രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ട് വർഷത്തേയ്ക്ക് നിയമിച്ചിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ പുതിയ പദ്ധതികൾ**

21(808) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി വാത്സല്യനിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ വികസനമാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) പട്ടികജാതിയിൽപ്പെട്ടതും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളതും 1-4-2017 മുതൽ ജനിച്ചതുമായ പെൺകുട്ടികളാണ് പദ്ധതിക്ക് അർഹരാകുന്നത്. നിർദ്ദിഷ്ട പ്രതിരോധ കുത്തിവയ്പ്പ് എടുത്തുവെന്ന രേഖ, പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, പിതാവിന്റെ ജാതി സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ ഓൺലൈൻ രജിസ്റ്റർ ചെയ്യണം.

**അംബേദ്കർ പദ്ധതിയും ഹാംലെറ്റ് വികസന പദ്ധതിയും**

22(809) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളെയാണ് അംബേദ്കർ പദ്ധതിയിലും ഹാംലെറ്റ് വികസന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വികസന പ്രവൃത്തികളുടെ കരാർ ഏറ്റെടുത്തത് ഏത് ഏജൻസിയാണ്; എന്നാണ് കരാർ നൽകിയത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ എടവണ്ണ ഗ്രാമപഞ്ചായത്തിലെ വെള്ളാമ്പുറം പട്ടികജാതി കോളനിയും ഹാംലെറ്റ് വികസന പദ്ധതിയിൽ പെരുവമ്പാടം പട്ടികവർഗ്ഗ കോളനിയുമാണ് ഏറനാട് മണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) വെള്ളാമ്പുറം പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് 26-9-2018-ൽ അംഗീകരിച്ച് ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തികൾ സത്വരം ആരംഭിക്കുന്നതുമാണ്. പെരുവമ്പാടം കോളനിയിലെ പ്രവൃത്തികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. വീടുകളുടെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവ മാത്രമാണ് ശേഷിക്കുന്നത്.

(സി) അംബേദ്കർ ഗ്രാമപദ്ധതിയുടെ കരാർ 29-3-2017-ൽ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രവുമായി ഒപ്പിട്ടു. ഹാംലെറ്റ് വികസന പദ്ധതിയുടെ കരാർ 11-2-2014-ന് ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്.

(ഡി) അംബേദ്കർ ഗ്രാമപദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഹാംലെറ്റ് വികസന പദ്ധതിയുടെ ഡി.പി.ആർ. അംഗീകരിക്കുന്നതിനുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് യോഗം 12-12-2018-ന് നിശ്ചയിച്ചിട്ടുണ്ട്.

**പട്ടികജാതി ക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സാ ധനസഹായം**

23(810) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം പട്ടികജാതിക്ഷേമ വകുപ്പ് മുഖേന ലഭ്യമാക്കുന്ന ചികിത്സാ ധനസഹായത്തിന് പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവരിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചുവെന്നും ആകെ എത്ര രൂപ ഈയിനത്തിൽ ലഭ്യമാക്കി എന്നുമുള്ള വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന ലഭ്യമാക്കുന്ന ചികിത്സാ ധനസഹായത്തിന് പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും ആകെ 417 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | അപേക്ഷകൾ |
|---|---|---|
| 1 | അമ്പൂരി | 7 |
| 2 | ആര്യങ്കോട് | 25 |
| 3 | കള്ളിക്കാട് | 22 |
| 4 | കൊല്ലയിൽ | 106 |
| 5 | കുന്നത്തുകാൽ | 43 |
| 6 | ഒറ്റശേഖരമംഗലം | 24 |
| 7 | പാറശ്ശാല | 99 |
| 8 | പെരുങ്കടവിള | 54 |
| 9 | വെള്ളറട | 37 |
| | **ആകെ** | **417** |

(ബി) ഇവരിൽ 403 പേർക്ക് ധനസഹായമായി ആകെ 71,71,500 രൂപ ലഭ്യമാക്കിയിട്ടുണ്ട്.

## പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള തൊഴിൽ ലഭ്യത

24(811) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി എന്തെല്ലാം പരിശീലന പരിപാടികളാണ് ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്നത്;

(സി) പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിന് വായ്പാപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ വായ്പാ പദ്ധതിയിൽ പങ്കാളികളാകുന്നതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ)

1. പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ഉൾപ്പെടെ തൊഴിൽ ലഭ്യമാക്കുന്നതിന് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾ സർക്കാർ ഏജൻസികൾ മുഖേന നടത്തിവരുന്നു.

2. യുവതീയുവാക്കൾക്ക് Oil & Rig മേഖലയിലും ഹോട്ടൽ മാനേജ്മെന്റ് മേഖലയിലും നഴ്സിംഗ് മേഖലയിലും പരിശീലനം നൽകി വിദേശത്ത് തൊഴിൽ ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

3. സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവജനങ്ങൾക്ക് സംരംഭകരുടെ പരിശീലനവും പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി റിവോൾവിംഗ് ഫണ്ടും അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

4. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

5. പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊഴിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

6. വിദേശത്ത് തൊഴിൽ തേടി പോകുന്ന പട്ടികജാതി യുവജനങ്ങൾക്ക് ഒരു ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു.

7. എസ്.സി.എ. റ്റു എസ്.സി.എസ്.പി. പദ്ധതി പ്രകാരം കാർഷിക കാർഷികേതര മേഖലയിൽ നിരവധിപേർക്ക് തൊഴിലും വരുമാനവും നൽകുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) അനുബന്ധം I ആയി ചേർക്കുന്നു+.

(സി) ഉണ്ട്. പട്ടികജാതി വിഭാഗക്കാരായ യുവജനങ്ങൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും ഒരു ലക്ഷം രൂപ വായ്പയും പട്ടികജാതി വികസന വകുപ്പിൽനിന്നും ഒരു ലക്ഷം രൂപ സബ്സിഡിയും സംയോജിപ്പിച്ച് ആകെ രണ്ട് ലക്ഷം രൂപ അനുവദിക്കുന്ന വിദേശ തൊഴിൽ വായ്പാ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ 100 പേർക്ക് ടി പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) വിദേശ തൊഴിൽ വായ്പാ സബ്സിഡി പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1) അപേക്ഷകരുടെ കുടുംബവാർഷിക വരുമാന പരിധി 3,50,000 രൂപയായിരിക്കണം.

2) പ്രായം 18-നും 50-നും ഇടയ്ക്കായിരിക്കണം.

3) വായ്പാപലിശ നിരക്ക് 6% p.a. ആയിരിക്കും.

4) വിദേശ തൊഴിൽ സംബന്ധിച്ച് തൊഴിൽദാതാവിൽനിന്നും ലഭിച്ച വാഗ്ദാന പത്രിക, തൊഴിൽ കരാർ, വിസ, പാസ്പോർട്ട് എന്നിവയുടെ കോപ്പി സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5) വിദേശത്ത് പോകുന്നതിനുള്ള വിമാന യാത്രാച്ചെലവ്, മറ്റ് അനുബന്ധ ചെലവുകൾ, വിസ സംബന്ധമായ ചെലവുകൾ എന്നിവയ്ക്കായി തുക വിനിയോഗിക്കാവുന്നതാണ്.

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6) അർഹരായ അപേക്ഷകർക്ക് വിദേശത്ത് അനുയോജ്യമായ തൊഴിൽ നേടുന്നതിനായി NORKA ROOTS, ODEPEC എന്നീ സർക്കാർ ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതാണ്.

7) കോർപ്പറേഷൻ ജില്ലാ മാനേജരും ജില്ലാ പട്ടികജാതി വികസന ഓഫീസറും സംയുക്തമായി അപേക്ഷകരെ തെരഞ്ഞെടുക്കുന്നതാണ്.

മറ്റ് സ്ഥാപനങ്ങളൊന്നും ഈ വായ്പാ പദ്ധതിയിൽ പങ്കാളികൾ ആകുന്നില്ല.

## ഗോത്ര സാരഥി പദ്ധതി

25(812) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഗോത്ര സാരഥി പദ്ധതിയുടെ നടത്തിപ്പിനായി 2018-19 വർഷം എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര തുക ഇതുവരെ വിനിയോഗിച്ചു;

(സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ ആകെ കുട്ടികളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വിദൂര കോളനികളിൽനിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാനായി വാഹനസൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണ് "ഗോത്രസാരഥി പദ്ധതി."

പെരിപ്പതറ്റിക് എഡ്യൂക്കേഷൻ, ട്യൂട്ടോറിയൽ ഗ്രാന്റ്, ഗോത്രസാരഥി, സാമൂഹ്യ പഠനമുറി എന്നീ പദ്ധതികൾക്കായി "പ്രൊമോഷൻ ഓഫ് എഡ്യൂക്കേഷൻ എമംഗ് എസ്.ടി. (പ്ലാൻ)" എന്ന ശീർഷകത്തിൽ 2018-19 വർഷം 1700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2018-19 വർഷം 1700 ലക്ഷം രൂപ വകയിരുത്തിയതിൽ ഗോത്രസാരഥി പദ്ധതിക്കായി 6,76,40,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) 2018-19 വർഷം 376 സ്കൂളുകളിലെ 17247 കുട്ടികൾ ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

**കുടുംബി സമുദായം**

26(813) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഈ സമുദായത്തിന് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ, തൊഴിൽ സംവരണം എത്ര ശതമാനമാണ്;

(സി) ഇവർക്ക് ഇപ്പോൾ സർക്കാരിൽനിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ സമുദായത്തെ സംബന്ധിച്ച് കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രൊഫഷണൽ ഡിഗ്രി കോഴ്സ്, പി.ജി. മെഡിക്കൽ കോഴ്സ്, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ്, പോളിടെക്നിക്, ഐ.ടി.ഐ. കോഴ്സുകൾ എന്നിവയിൽ 1% സംവരണം അനുദിച്ചിട്ടുണ്ട്. ആർട്സ് ആൻഡ് സയൻസ് കോഴ്സുകളിൽ സർക്കാർ കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും മറ്റ് പിന്നാക്ക ഹിന്ദു വിഭാഗങ്ങൾക്കൊപ്പം 3% സംവരണവും നൽകുന്നുണ്ട്. ഉദ്യോഗ സംവരണം Residual OBC-യോടൊപ്പമാണ് നൽകുന്നത്. ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 6%-വും ലാസ്റ്റ് ഗ്രേഡിതര തസ്തികകളിൽ 3%-വുമാണ് സംവരണ വിഹിതം.

(സി) കുടുംബി സമുദായത്തെ മറ്റർഹ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ അനുവദിക്കപ്പെട്ട എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭ്യമാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, കരിയർ ഇൻ-ഓട്ടോമൊബൈൽ ഇൻഡസ്ട്രി, അഡ്വക്കേറ്റ്സ് ഗ്രാന്റ്, ഓവർസീസ് സ്കോളർഷിപ്പ്, ബാർബർഷോപ്പ് നവീകരണ പദ്ധതി എന്നിവയിൽ മാനദണ്ഡങ്ങൾ പാലിക്കുന്നവർക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതികളും ഇവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) കുടുംബി സമുദായത്തെക്കുറിച്ച് കിർത്താഡ്സ് ആരംഭിച്ച പഠനം പൂർത്തിയായിട്ടില്ല.

## വനജ്യോതി പദ്ധതി

27(814) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയ വനജ്യോതി പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അദ്ധ്യാപകരായി ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരെത്തന്നെ നിയമിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; അവർക്ക് എത്ര തുകയാണ് പ്രതിമാസ വേതനമായി നിശ്ചയിച്ചിട്ടുള്ളത് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ആവശ്യത്തിന് അദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വനജ്യോതി പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡ് ഉൾപ്പെടുത്തി 15 പട്ടികവർഗ്ഗ മേഖലകളിൽ വനജ്യോതി എന്ന പേരിൽ രാത്രികാല പഠനക്ലാസ് നടത്തുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അദ്ധ്യാപകരായി ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരെയാണ് നിയമിക്കുന്നത്. പ്രതിമാസം 5,000 രൂപ ഓണറേറിയം നൽകുന്നു.

(സി) 2018-19 വർഷം 15 പട്ടികവർഗ്ഗക്കാരെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്തതിൽ 14 പേർ മാത്രമെ ജോലി സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളൂ. കല്ലുപാറ സെറ്റിൽമെന്റിൽ നിയമിതയായ ഫെസിലിറ്റേറ്റർ ഭൂമിശാസ്ത്രപരമായ ബുദ്ധിമുട്ടുകൾ കാരണം ജോലി സന്നദ്ധത അറിയിച്ചിട്ടില്ല.

## അംബേദ്കർ സെറ്റിൽമെന്റ് പ്രോജക്ട്

28(815) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അംബേദ്കർ സെറ്റിൽമെന്റ് പ്രോജക്ട് 2018-19 സാമ്പത്തിക വർഷത്തിലും തുടരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് പ്രോജക്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത കോളനികളിൽ നിർമ്മാണ പ്രവൃത്തികൾ തുടർന്നും നടത്തുന്നതിനായിട്ടാണ് 2018-19 സാമ്പത്തിക വർഷം വകയിരുത്തിയ തുക ഉപയോഗിച്ചുവരുന്നത്. ആയതിനാൽ 2018-19 സാമ്പത്തിക വർഷം ടി പദ്ധതിയിൽപ്പെടുത്തി പുതിയ കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല.

(ബി) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പി. കെ. കാളൻ വികസന പദ്ധതിക്കായും MGNREGS പദ്ധതിക്കായും 2018-19 സാമ്പത്തിക വർഷം "2225-02-102-85(പ്ലാൻ)" എന്ന ശീർഷകത്തിൽ 110 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഗോത്രബന്ധു പദ്ധതി**

29(816) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രബന്ധു പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എത്രത്തോളം പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ

ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ബി.എഡ്/ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി."

വയനാട് ജില്ലയിൽ 2017-18 അധ്യയന വർഷം നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിൽ 2017-18 അദ്ധ്യയന വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ ഗോത്രഭാഷയിൽ അദ്ധ്യയനം നടത്തുന്നതിനാൽ ഗോത്ര മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം ഉയർത്തി വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) 2017-18 അദ്ധ്യയന വർഷം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസ്സായ പട്ടികവർഗ്ഗക്കാരിൽനിന്നും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19 അദ്ധ്യയന വർഷം മുതൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**കോർപ്പസ് ഫണ്ട് വിനിയോഗം**

30(817) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളിൽ ഉദുമ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് കോർപ്പസ് ഫണ്ടിൽ നിന്നും എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ കാലയളവിൽ ഉദുമ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് കോർപ്പസ് ഫണ്ടിൽനിന്നും അനുമതി നൽകിയ പ്രവൃത്തികളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു*.

**അംബേദ്കർ ഗ്രാമം പദ്ധതി**

31(818) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഇല്ലിക്കോട്ട് പോയിൽ എസ്.സി. കോളനിയിൽ ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും കരാർ എടുത്ത ഏജൻസി (എഫ്.ഐ.ടി.) പ്രവൃത്തി തുടങ്ങാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രവൃത്തി എന്ന് തുടങ്ങുമെന്ന് അറിയിക്കാമോ;

(ബി) ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെട്ട നിലമ്പൂർ മണ്ഡലത്തിലെ ഉച്ചക്കുളം-തീക്കടി കോളനികളിൽ പ്രവൃത്തി എന്ന് തുടങ്ങുമെന്ന് അറിയിക്കാമോ;

(സി) പട്ടികവർഗ്ഗ വിദ്യാലയമായ നിലമ്പൂർ ഐ.ജി.എം.ആർ. സ്കൂളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ലിക്കോട്ട് പോയിൽ പട്ടികജാതി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുവാൻ ഏജൻസിയുടെ ഭാഗത്തുനിന്ന് കാലതാമസം നേരിട്ടു. എസ്റ്റിമേറ്റിന് 22-10-2018-ൽ അംഗീകാരം നൽകി. പ്രവൃത്തികൾ സത്വരം പൂർത്തീകരിക്കുവാനുള്ള നിർദ്ദേശം മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന 13-11-2018-ന് ഏജൻസിയായ FIT-ക്ക് നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തികൾ ഉടൻ ആരംഭിക്കുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) ഉച്ചക്കുളം-തീക്കടി കോളനികളിലെ പ്രവൃത്തി മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയുണ്ടായി. ഡി.പി.ആർ. 12-12-2018-ന് നടക്കുന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ചെലവ്

32(819) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ചെലവിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ ആകെ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാരുടെ ചികിത്സാ ചെലവിനായി 2018 ഒക്ടോബർ 31 വരെ 99.41 കോടി രൂപയും പട്ടികവർഗ്ഗക്കാർക്കായി 56.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിന്റെ ചികിത്സാ ചെലവിനായി 1,42,22,500 (ഒരു കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ്) രൂപയും പട്ടികവർഗ്ഗക്കാർക്കായി 2,00,000 (രണ്ട് ലക്ഷം) രൂപയും അനുവദിച്ചിട്ടുണ്ട്.

## അട്ടപ്പാടിയിൽ നവജാത ശിശുക്കളുടെ മരണം

33(820) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നവജാത ശിശുക്കളുടെ മരണനിരക്ക് കൂടുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) 2016 മുതൽ ഇതുവരെ അട്ടപ്പാടിയിൽ എത്ര നവജാത ശിശുക്കളാണ് മരിച്ചത്;

(സി) ലക്ഷക്കണക്കിന് രൂപ മുടക്കിയുള്ള ആരോഗ്യസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചിട്ടും അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണം തുടർക്കഥയാകുന്നത് എന്തുകൊണ്ടാണ്;

(ഡി) ശിശുമരണം തടയുന്നതിന് യുക്തമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിൽ ശിശു മരണനിരക്ക് കുറഞ്ഞുവരുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) 2016-ൽ 13-ഉം 2017-ൽ 14-ഉം 2018-ൽ 11-ഉം നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്.

(സി) ശിശുമരണം സംഭവിച്ച കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, ചികിത്സാ വൈമുഖ്യം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന മരണകാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്താനും 2013-ലെ 31-ൽനിന്നും 2017-ൽ 14-ലേയ്ക്ക് മരണനിരക്ക് കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്.

അട്ടപ്പാടി മേഖലയിൽ ഈ വർഷം ഇതുവരെ പട്ടികവർഗ്ഗത്തിൽപ്പെട്ട 11 നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷം ആകെ 14 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഈ മരണങ്ങൾ എല്ലാംതന്നെ പോഷകാഹാരക്കുറവുമൂലമല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ കാരണമാണ് സംഭവിച്ചിട്ടുള്ളതെന്നും അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയൊക്കെ ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്.

(ഡി) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി
- കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം
- മില്ലെറ്റ് വില്ലേജ് പദ്ധതി
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

- അലോപ്പതി ഒ. പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ
- ജനനി ജന്മരക്ഷാ പദ്ധതി
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി

ഇവ കൂടാതെ അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്. പ്രതിമാസ കുത്തിവയ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ-ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

### വയനാട് കരിങ്കുറ്റിയിലെ പെൺകുട്ടികളുടെ പ്രീ-മെട്രിക് ഹോസ്റ്റൽ

34(821) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കരിങ്കുറ്റി പെൺകുട്ടികളുടെ പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരിങ്കുറ്റി പ്രീ-മെട്രിക് ഹോസ്റ്റലിനായി പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ ജലലഭ്യത ഇല്ലാത്തതിനാലാണ് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നത്. ജലലഭ്യത ഉറപ്പാക്കി ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി സുൽത്താൻ ബത്തേരി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 17 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## നെന്മാറ പ്രീ-മെട്രിക് ഹോസ്റ്റൽ

35(822) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് ഹോസ്റ്റലിന് സ്വന്തമായി സ്ഥലവും, കെട്ടിടവും ഇല്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹോസ്റ്റലിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അയിലൂർ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി സൗജന്യമായി ലഭിച്ച 30 സെന്റ് സ്ഥലം വകുപ്പിന് കൈമാറുന്നതിന് ബന്ധപ്പെട്ട താലൂക്ക് രേഖകളിലും വില്ലേജ് രേഖകളിലും മാറ്റം വരുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൽ വില്ലേജ് രേഖകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. താലൂക്ക് രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം

36(823) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം, പിണവൂർകുടി എന്നീ സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണ ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രസ്തുത ഏജൻസി കൈക്കൊണ്ടിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും വിശദമാക്കാമോ;

(ഡി) വേഗത്തിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം എന്ന സ്ഥലത്ത് പെൺകുട്ടികൾക്കായി പോസ്റ്റ്-മെട്രിക് ഹോസ്റ്റലും പിണവൂർക്കുടി എന്ന സ്ഥലത്ത് ആൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റലും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. നേര്യമംഗലം പോസ്റ്റ്-മെട്രിക് ഹോസ്റ്റലിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നേര്യമംഗലം പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

പിണവൂർക്കുടി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KSCC) നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിട്ടുണ്ട്.

(സി) നേര്യമംഗലം പോസ്റ്റ്-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിക്കുകയും 8-11-2018-ന് കൂടിയ ടെണ്ടർ കമ്മിറ്റിയിൽ ഏറ്റവും കുറഞ്ഞ നിരക്കിലെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പിണവൂർക്കുടി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ M/s. KSCC സ്വീകരിച്ചുവരുന്നു.

(ഡി) നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവൃത്തികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി എല്ലാ മാസവും കിഫ്ബി അധികൃതർ അവലോകന യോഗം വിളിച്ചുചേർക്കാറുണ്ട്. രണ്ട് നിർമ്മാണ പ്രവൃത്തികൾക്കും ഒരു വർഷമാണ് നിർമ്മാണ കാലാവധി അനുവദിച്ചിട്ടുള്ളത്.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥി ഹോസ്റ്റലുകൾ**

37(824) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഹോസ്റ്റലുകൾ പരിസരമുൾപ്പെടെ വൃത്തിഹീനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ;

(ഡി) ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പിലെ SCDO മുതൽ ഡയറക്ടർ വരെയുള്ള ഉദ്യോഗസ്ഥരും ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ ജനപ്രതിനിധികളും ഹോസ്റ്റലുകൾ പരിശോധിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുമുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളിൽ വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മിന്നൽപരിശോധനകൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ തുടങ്ങിയവർ തങ്ങളുടെ അധികാരപരിധിയിൽ സ്ഥിതിചെയ്യുന്ന ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് നിശ്ചിത ഇടവേളകളിൽ അന്വേഷണം നടത്തുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ് ഓഫീസിലെ നിയന്ത്രണോദ്യോഗസ്ഥരും ഹോസ്റ്റലുകൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തി വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകിവരുന്നു.

**ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ**

38(825) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വനത്തിനുള്ളിൽ കഴിയുന്ന ആദിവാസി കുടുംബങ്ങളെ ളാഹക്കടുത്ത് വീട് നിർമ്മിച്ചുനൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പദ്ധതി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; വിവരം ലഭ്യമാക്കുമോ;

(സി) എന്നത്തേയ്ക്ക് പദ്ധതി പൂർത്തീകരിച്ച് ഇവരെ മാറ്റിപ്പാർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആദിവാസി മലമ്പണ്ടാര വിഭാഗത്തിൽപ്പെട്ടവരെ ളാഹയ്ക്കടുത്ത് വീട് നിർമ്മിച്ചുനൽകി പുനരധിവസിപ്പിക്കുവാൻ കണ്ടെത്തിയ ഭൂമി വനാവകാശ നിയമ പ്രകാരം വിട്ടുനൽകാൻ കഴിയില്ലെന്ന് വനം വകുപ്പ് അറിയിച്ചതിനെത്തുടർന്ന് വനസംരക്ഷണ നിയമം 1980 പ്രകാരമുള്ള പ്രൊപ്പോസൽ വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുകൂല തീരുമാനം ലഭിച്ചിട്ടില്ല.

(ബി) ടിയാളുകളെ പുനരധിവസിപ്പിക്കുവാൻ കണ്ടെത്തിയ സ്ഥലം വനം വകുപ്പ് വിട്ടുനൽകിയിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(സി) മലമ്പണ്ടാര വിഭാഗങ്ങളെ പുനരധിവസിപ്പിക്കുവാൻ കണ്ടെത്തിയ 4.047 ഹെക്ടർ ഭൂമി വനം വകുപ്പ് വിട്ടുനൽകിയാൽ മാത്രമെ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയുള്ളൂ.

**ആറളം മേഖലയിലെ ഭൂമി വിതരണം**

39(826) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ആദിവാസി പുനരധിവാസ മേഖലയിലെ ഭൂമി വിതരണത്തിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഭൂരഹിതരായ എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട്;

(സി) പുതുതായി എത്രപേർക്ക് സ്ഥലം, വീട് എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറളം ആദിവാസി പുനരധിവാസ മേഖലയിൽ ഭൂമി വിതരണത്തിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് 41/2002/പജ.പവ.വിവ. തീയതി 20-7-2002 പ്രകാരമാണ് സ്വീകരിക്കുന്നത്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആറളം പുനരധിവാസ മേഖലയിൽ ആകെ 4059 ഏക്കർ ഭൂമിയാണ് പുനരധിവാസത്തിനായുള്ളത്. ഇതിൽ വിതരണത്തിന് അനുയോജ്യമായ 3400 ഏക്കർ ഭൂമിയാണുള്ളത്. 3375 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിക്കഴിഞ്ഞു. നിലവിൽ 1600 കുടുംബങ്ങൾ മാത്രമാണ് മേഖലയിൽ താമസിച്ചുവരുന്നത്. 1814 പ്ലോട്ടുകളിൽ ആരും താമസിക്കുന്നില്ല. പട്ടയം നൽകിയിട്ടും താമസിക്കാത്ത ആദിവാസികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി വിതരണം ചെയ്യുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 30-11-2018 ആണ്. അവസാന തീയതിക്കുശേഷം മാത്രമെ അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

(സി) പുതുതായി ഭൂമി നൽകുവാനായി നിലവിൽ അപേക്ഷ സ്വീകരിച്ച് വരുന്നതേയുള്ളൂ. 30-11-2018 വരെയാണ് അപേക്ഷ സ്വീകരിക്കുന്നത്. അവസാന തീയതിക്കുശേഷം മാത്രമെ അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

ബി.പി. (827-890)

**ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടി**

40 (827) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. കെ. രാജൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികൾക്ക് വിതരണം ചെയ്യുന്ന എന്ന പേരിൽ അർഹതയില്ലാത്തവരുടെ കയ്യിൽ ഭൂമി എത്തുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കി അർഹതപ്പെട്ട ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നല്കുന്നതിനുള്ള ലാൻഡ് ബോർഡ് രൂപീകരണം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി ആദിവാസികൾക്ക് വാങ്ങി നല്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ച് അർഹതപ്പെട്ടവരായ പട്ടികവർഗ്ഗക്കാർക്കാണ് ഭൂമി വിതരണം ചെയ്തിട്ടുള്ളത്.

(ബി) 3-3-2018-ലെ 21/2018/പജ.പവ.വിവ. ഉത്തരവ് പ്രകാരമുള്ള ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം ആകെ 678 ഉടമകളിൽനിന്നും 1629.63 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ആദ്യഘട്ട ഫീൽഡ് പരിശോധന 294 അപേക്ഷകളിൽ പൂർത്തീകരിച്ചു. ജില്ലാതല കമ്മിറ്റിയുടെ ഫീൽഡ് പരിശോധനകൂടി കഴിഞ്ഞ് വിലനിർണ്ണയം നടത്തി വിതരണത്തിന് അനുയോജ്യമായ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിയാണ് തുടർന്നുവരുന്നത്. പുരോഗതി വിവരം അനുബന്ധം 1-ൽ ചേർക്കുന്നു*.

(സി) ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 23-10-2013-ലെ സ.ഉ. (എം.എസ്.) നമ്പർ 84/13/പജ.പവ.വിവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ഭൂമി വാങ്ങി നൽകൽ പദ്ധതി നടപ്പിലാക്കിയതിൽ വ്യാപകമായ പരാതികളുടെയും ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ടി പദ്ധതികൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്ക് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സ. ഉ. (എം.എസ്.) നമ്പർ 21/2018/പജ.പവ.വിവ. തീയതി 3-3-2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി വിൽപ്പനയ്ക്ക് താൽപ്പര്യമുള്ള ഉടമസ്ഥരിൽനിന്നും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി ലാൻഡ് ബാങ്ക് രൂപീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പദ്ധതി പ്രകാരം വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ബാധിതമായ കോളനികളിലെ 144 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ 24.39 ഏക്കർ ഭൂമി കണ്ടെത്തി ടി ഭൂമി വാങ്ങി നൽകുന്നതിനായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ഡിസംബറിനകം നടപടികൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് പ്രവർത്തനം ചിട്ടപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ലാൻഡ് ബാങ്കിൽ ഉൾപ്പെട്ട ഭൂഉടമകളുടെ ഭൂമി പഞ്ചായത്തുതല കമ്മിറ്റിയും ജില്ലാ മിഷനും ഫീൽഡ് പരിശോധന നടത്തി വാസയോഗ്യവും കൃഷിയോഗ്യവുമാണെന്ന് ഉറപ്പ് വരുത്തിയശേഷംമാത്രം വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ-പുനരധിവാസം

41 (828) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന വീടുകൾ പ്രളയത്തിൽ തകർന്നകാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇവർക്ക് പുതിയ വീടുകൾ നിർമ്മിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ അവരുടെ ആവാസ വ്യവസ്ഥയിൽനിന്ന് മാറിപോകുവാൻ താല്പര്യം കാണിക്കാത്തതിനാൽ അവരുടെ മേഖലകളിൽതന്നെ പുനർനിർമ്മാണം നടത്തുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കളുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 24 ഗുണഭോക്താക്കളുടെയും നിർമ്മാണത്തിലിരുന്ന വീടുകൾ പ്രളയത്തിൽ തകർന്നിട്ടുണ്ട്.

(സി) പ്രളയത്തിൽ പൂർണ്ണമായും തകർന്ന പട്ടികജാതി വിഭാഗക്കാരുടെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആവാസവ്യവസ്ഥയിൽനിന്നും മാറുന്നതിന് വിമുഖത പ്രകടിപ്പിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് വാസയോഗ്യമായ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ പരിധിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ കോളനികളിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെ സഹായത്തോടെ സർവ്വേ നടത്തിവരുന്നു. റിപ്പോർട്ട് ലഭ്യമാകുന്നതനുസരിച്ചും നാശഷ്ടം സംഭവിച്ച കോളനികളുടെ സമീപസ്ഥലങ്ങളിൽ സ്ഥലലഭ്യതയനുസരിച്ചും മാത്രമെ ഇത്തരത്തിലുള്ള പുനർനിർമ്മാണം സാധ്യമാകുയുള്ളൂ.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

42 (829) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ നടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഓരോ കോളനിയുടെയും നിലവിലെ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) എന്നു മുതലാണ് പ്രവൃത്തികൾ ആരംഭിച്ചതെന്നും പൂർത്തികരിക്കേണ്ട കാലാവധി എന്നാണെന്നും നിലവിൽ മറ്റെന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 1. നെമ്പാറപ്പാടം കോളനി, 2. പടിക്കൽ പാടം കോളനി

(ബി) പടിക്കൽപാടം കോളനിൽ 220 മീറ്റർ റോഡ് വർക്ക് പൂർത്തിയായി. മണ്ണ് സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി പുരോഗതിയിലാണ്. നെമ്പാറപ്പാടം കോളനിയിൽ അങ്കണവാടി ഷീറ്റ് വർക്ക്, ഡ്രെയിനേജിന്റെ പ്രവൃത്തി എന്നിവ പൂർത്തിയായി. മണ്ണ് സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി പുരോഗതിയിലാണ്. ടി രണ്ട് കോളനികളുടെ നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്.

(സി) രണ്ട് പദ്ധതികളുടെയും പ്രവൃത്തി 6-2-2018-നാണ് ആരംഭിച്ചിട്ടുള്ളത്. 2019 മേയ് അവസാനത്തോടുകൂടി പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയും. നിലവിൽ രണ്ട് പദ്ധതികൾക്കും തടസ്സങ്ങളൊന്നും തന്നെയില്ല.

## പന്തപ്ര ആദിവാസി കോളനി

43(830) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പന്തപ്ര ആദിവാസി കോളനിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്ക് വനാവകാശരേഖ കൈമാറിയിട്ടുണ്ട്; വ്യക്തമാക്കാമോ ;

(ബി) ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് കോളനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) പന്തപ്ര കോളനി നിവാസികളുടെ പുനരധിവാസം സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പന്തപ്ര ആദിവാസി കോളനിയിൽ 67 കുടുംബങ്ങൾക്ക് രണ്ടേക്കർ ഭൂമിക്ക് വീതം വനാവകാശ കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പന്തപ്ര പുനരധിവാസവുമായി ബന്ധപ്പെട്ട് കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, റോഡ് നിർമ്മാണം, സോളാർ ഫെൻസിംഗ്, ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നു.

(സി) പന്തപ്ര കോളനിവാസികളുടെ പുനരധിവാസം സംബന്ധിച്ച് മേൽ പ്രതിപാദിച്ച പദ്ധതികൾക്കായുള്ള ഫണ്ട് വിവിധ ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതികൾ | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതി | 48,00,000 | പദ്ധതി പൂർത്തീകരിച്ചു. |
| 2 | വൈദ്യുതീകരണം | 42,68,500 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പ്രവൃത്തി ഉടൻ ആരംഭിക്കും |
| 3 | റോഡ് നിർമ്മാണം | 37,50,000 | ഇ-ടെണ്ടർ നടപടി അന്തിമഘട്ടത്തിൽ |
| 4 | സോളാർ ഫെൻസിംഗ് | 8,05,000 | പദ്ധതി പൂർത്തീകരിച്ചു. |
| 5 | ഭവന നിർമ്മാണം | 2,34,50,000 | ആരംഭിച്ചിട്ടില്ല. |

ഭവന നിർമ്മാണ പദ്ധതി പ്രദേശത്ത് ഓരോ പ്ലോട്ടിലും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന തേക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നത് സംബന്ധിച്ച് വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്. അതിനുശേഷം മാത്രമെ ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

**കായംകുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

44 (831) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കോളനികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ച ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പുത്തൻപുരയ്ക്കൽ കോളനി, കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ചാലയ്ക്കൽ കോളനി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

പുത്തൻപുരയ്ക്കൽ കോളനിയിൽ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. വായനശാലാ കെട്ടിടത്തിന്റെ ലിന്റൽ ലവൽവരെ പൂർത്തിയായി. പ്രധാനപ്പെട്ട മൂന്ന് റോഡുകളിൽ രണ്ട് റോഡ് പൂർത്തീകരിച്ചു. മൂന്നാമത്തെ റോഡിന്റെ സൈഡ് കെട്ടി ഫില്ലിംഗ് പൂർത്തിയായി. കോൺക്രീറ്റിംഗ് ശേഷിക്കുന്നു. ചെറുറോഡുകളുടെ പണി ആരംഭിച്ചിട്ടില്ല. അങ്കണവാടി കെട്ടിടത്തിന്റെ റൂഫ് പ്ലാസ്റ്ററിംഗ് പൂർത്തിയായി. അങ്കണവാടിയിലെ ടോയ്ലെറ്റിന്റെ ലിന്റൽ ലെവൽവരെ പൂർത്തിയായി. ടെയ്ലറിംഗ് യൂണിറ്റ് കേന്ദ്രം, സോളാർ ലൈറ്റ് സ്ഥാപിക്കൽ, ഓട നിർമ്മാണം എന്നിവയുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കൂടാതെ തൊഴിലില്ലാത്ത വനിതകൾക്ക് തയ്യൽമെഷീൻ വിതരണവും മാലിന്യ സംസ്കരണത്തിന് വെയ്സ്റ്റ് ബിൻ വിതരണവും നടത്തിയിട്ടില്ല. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ചാലയ്ക്കൽ കോളനിയിലെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ആയത് ഉടൻ ലഭ്യമാക്കി പദ്ധതി ആരംഭിക്കുന്നതാണ്. ടി രണ്ട് കോളനികളുടെയും നിർവ്വഹണ ചുമതല കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എന്ന ഏജൻസിക്കാണ്.

**തോപ്പിൽ കോളനിയുടെ നവീകരണ പ്രവൃത്തി**

45(832) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണം ആരംഭിച്ച തോപ്പിൽ കോളനിയുടെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം വിശദമാക്കുമോ?

<u>ഉത്തരം</u>

നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. റോഡ് വർക്കുകൾ ഭാഗികമായി പൂർത്തീകരിച്ചു. വെയിറ്റിംഗ് ഷെഡിന്റെ തറ ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കായി മൂന്ന് കുഴൽക്കിണറുകൾ നിർമ്മിക്കുകയും രണ്ട് മോട്ടോറുകൾ, മൂന്ന് ടാങ്കുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഹൗസ് കണക്ഷനുകൾ നൽകുന്നതിനായി പൈപ്പുകളും മറ്റും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലവിതരണം ഇതുവരെയും ആരംഭിച്ചിട്ടില്ല. ഹൈമാസ്റ്റ് ലൈറ്റ്, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്ത പത്ത് ഗുണഭോക്താക്കളിൽ ഏഴ് ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ചില പ്രവൃത്തികൾ ചെയ്യുന്നതിന് ബുദ്ധിമുട്ടുകളുള്ളതിനാൽ കോളനിയുടെ ആക്ഷൻപ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

**അംബേദ്കർ ഗ്രാമം പദ്ധതി**

46(833) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്നതിന് അനുമതി ലഭിച്ച കോളനികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത കോളനികളുടെ നവീകരണത്തിനുള്ള വിശദമായ പദ്ധതി രേഖയ്ക്ക് പട്ടികജാതി ഡയറക്ടറേറ്റിൽനിന്നും അനുമതി നൽകിയത് എന്നാണ്;

(സി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഏതെങ്കിലും കോളനികളുടെ നവീകരണം ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികൾ

1. പിണറ്റിൽമൂട് കൊറ്റുമ്പിൽ തെക്കേക്കര കോളനി

2. താമരക്കുടി ഇരവിക്കോട് കോളനി.

(ബി) പിണറ്റിൽമൂട് കൊറ്റുമ്പിൽ തെക്കേക്കര-അനുമതി നൽകിയ തീയതി- 8-10-2018

താമരക്കുടി ഇരവിക്കോട് - അനുമതി നൽകിയ തീയതി - 21-5-2018.

(സി) പിണറ്റിൽമൂട് കൊറ്റുമ്പിൽ തെക്കേക്കര കോളനിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. റോഡുകളുടെ നിർമ്മാണം 25 ശതമാനം പൂർത്തിയായി.

താമരക്കുടി ഇരവിക്കോട് കോളനിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## കോളനികളുടെ നവീകരണം

47(834) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളനികളുടെ നവീകരണത്തിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എറണാകുളം ജില്ലയിൽ ഏറ്റെടുത്ത കോളനികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

### ഉത്തരം

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി 2012-13, 2013-14 വർഷങ്ങളിൽ സ്വയംപര്യാപ്തഗ്രാമ പദ്ധതിയും 2016-17 മുതൽ അംബേദ്കർ സ്വാശ്രയ ഗ്രാമ വികസന പദ്ധതിയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എറണാകുളം ജില്ലയിൽ ഏറ്റെടുത്ത പട്ടികജാതി കോളനികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ എറണാകുളം ജില്ലയിൽ ഇളംബ്ലാശ്ശേരി കോളനി, തേരകോളനി, പൊങ്ങിൻചുവട് കോളനി എന്നിവ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി mobilization advance അനുവദിച്ച് ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

48 (835) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ എത്ര കോളനികൾ തിരഞ്ഞെടുത്തിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത കോളനികളിലെ വികസന പദ്ധതികളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ) 10 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്.

| ക്രമ നം. | കോളനിയുടെ പേര് | പഞ്ചായത്ത് | നിയോജക മണ്ഡലം |
|---|---|---|---|
| 1 | ചായോത്ത് ചക്ലിയ കോളനി | കിനാനൂർ കരിന്തളം | കാഞ്ഞങ്ങാട് |
| 2 | രാവണേശ്വരം സെറ്റിൽമെന്റ് | അജാനൂർ | |
| 3 | മാച്ചിക്കാട് കോളനി | പടന്ന | തൃക്കരിപ്പൂർ |
| 4 | ആനിക്കാടി കോളനി | പീലിക്കോട് | |
| 5 | ബന്ദിയോട് കോളനി | മംഗൽപ്പാടി | മഞ്ചേശ്വരം |
| 6 | കുജമ്പാടി കോളനി | എൻമകജെ | |
| 7 | ഉജമ്പാടി കോളനി | ദേലമ്പാടി | ഉദുമ |
| 8 | ദേവരടുക്ക കോളനി | ദേലമ്പാടി | |
| 9 | കല്ലക്കട്ട കോളനി | ചെങ്കള | കാസർഗോഡ് |
| 10 | ബാറഡ്ക്ക കോളനി | ബദിയടുക്ക | |

(ബി)

1. കല്ലക്കട്ട പട്ടികജാതി കോളനി : എസ്റ്റിമേറ്റ് 93,04,000 24-9-2018-ന് ബഹുമാനപ്പെട്ട എം.എൽ.എ. പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഡ്രെയിനേജ്, കമ്മ്യൂണിറ്റി ഹാൾ നവീകരണ ജോലികൾ നടന്നുവരുന്നു.

2. ബന്ദിയോട് പട്ടികജാതി കോളനി: എസ്റ്റിമേറ്റ് 98,96,347 17-9-2018-ന് ബഹുമാനപ്പെട്ട എം.എൽ.എ. പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചു. മൂന്ന് വീടുകളുടെ പുനരുദ്ധാരണം പൂർത്തിയായി.

3. ബാറഡുക്ക പട്ടികജാതി കോളനി: എസ്റ്റിമേറ്റ് 66,03,074 24-9-2018-ന് ബഹുമാനപ്പെട്ട എം.എൽ.എ. പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചു. 20 വീടുകളുടെ പുനരുദ്ധാരണം നടന്നുവരുന്നു.

4. ചായോത്ത് പട്ടികജാതി കോളനി: എസ്റ്റിമേറ്റ് 99,06,472 4-7-2018-ന് റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ പ്രവൃത്തി ഉദ്ഘാടനം ചെയ്തു. വിജ്ഞാൻവാടിയുടെ നിർമ്മാണം നടന്നുവരുന്നു.

5. കുജംമ്പാടി പട്ടികജാതി കോളനി: എസ്റ്റിമേറ്റ് 93,03,472 27-9-2018-ന് മഞ്ചേശ്വരം എം.എൽ.എ. പ്രവൃത്തി ഉദ്ഘാടനം ചെയ്തു. രണ്ട് വീടുകളുടെ പുനരുദ്ധാരണം പൂർത്തിയായി.

6. രാവണേശ്വരം കോളനി: ടി കോളനിയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല.

7. ദേവരടുക്ക കോളനി : ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

8. ഉജംപാടി പട്ടികജാതി കോളനി: ടി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല.

9. മാച്ചിക്കാട് പട്ടികജാതി കോളനി: മാച്ചിക്കാട് പട്ടികജാതി കോളനിയുടെ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഭവന പുനരുദ്ധാരണത്തിന്റെ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റി അറിയിച്ചതിനെത്തുടർന്ന് അഞ്ച് വർഷത്തിൽക്കൂടുതൽ പഴക്കമുള്ള വീടുകളെ പ്രവൃത്തിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതിൻപ്രകാരം നടപടികൾ പുരോഗമിച്ചുവരുന്നു.

10. ആനിക്കാടി പട്ടികജാതി കോളനി : എസ്റ്റിമേറ്റ് തുക 98, 96,797 6-10-2018-ന് തൃക്കരിപ്പൂർ എം.എൽ.എ. പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചു. നിലവിൽ അഞ്ച് വീടുകളുടെ പുനരുദ്ധാരണം നടന്നുവരുന്നു.

**പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

49(836) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച രണ്ട് കോളനികളുടെ നവീകരണ പ്രവൃത്തി ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പയ്യന്നൂർ മണ്ഡലത്തിൽനിന്നും അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം മാടക്കാം പൊയിൽ, കാരന്താട് എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. മാടക്കാം പൊയിൽ കോളനിയുടെ എസ്റ്റിമേറ്റ് 14-11-2018-ന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ ന്യൂനതയുള്ളതിനാൽ അംഗീകരിച്ച് നൽകിയിട്ടില്ല. ന്യൂനത പരിഹരിക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്.

കാരന്താട് പട്ടികജാതി കോളനിയിലെ എസ്റ്റിമേറ്റ് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. കോളനിയിലെ കുടിവെള്ള വിതരണത്തിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നിർവ്വഹണ ഏജൻസിക്ക് നൽകുവാൻ സാധിച്ചിട്ടില്ല.

(ബി) മാടക്കാം പൊയിൽ കോളനിയുടെ എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിച്ച് ഏജൻസി ലഭ്യമാക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതും പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

കാരന്താട് കോളനിയുടെ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമായിട്ടില്ല.

**കല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

50(837) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പുഞ്ചവയൽ, ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പുംചാൽ എന്നീ പട്ടികജാതി കോളനികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പുഞ്ചവയൽ കോളനിയുടെ ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികളിൽ 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. വിജ്ഞാൻവാടി കെട്ടിടത്തിന്റെ ഒന്നാം നിലയുടെ മേൽക്കൂരവരെയും ജോബ് ട്രെയിനിംഗ് സെന്ററിന്റെ ഒന്നാം നിലയുടെ മേൽക്കൂരവരെയും നടപ്പാലത്തിന്റെയും പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. 2019 ജനുവരി 30-നകം പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പുംചാൽ കോളനിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**വനാവകാശ നിയമം**

51(838) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനഭൂമിയിൽ അവകാശം നൽകുന്നതിനുള്ള വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ നിയമപ്രകാരം ഭൂമിക്കായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര അപേക്ഷകർക്ക് ഭൂമി നൽകിയെന്നും വ്യക്തമാക്കുമോ;

(സി) ഇനിയും വനാവകാശരേഖ ലഭിക്കാത്ത ആയിരക്കണക്കിന് ആദിവാസികൾ ഉണ്ടെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) നിയമം നടപ്പിലാക്കുന്നതിൽ സംസ്ഥാനം വീഴ്ചവരുത്തി എന്ന് കാണിച്ച് കേന്ദ്ര ആദിവാസി മന്ത്രാലയം ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസികൾക്കും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനഭൂമിയിൽ അവകാശം നൽകുന്നതിനുള്ള വനാവകാശ നിയമം നടപ്പിലാക്കിവരുന്നു. നാളിതുവരെയായി 25327 പേർക്ക് 34070.88 ഏക്കർ വ്യക്തിഗത അവകാശങ്ങൾക്കുള്ള കൈവശരേഖ നൽകിയിട്ടുണ്ട്. ഈ അവകാശം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ

വന്നശേഷം ഇനിയും വനാവകാശ നിയമപ്രകാരം വ്യക്തിഗതരേഖ ലഭിക്കുവാനുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി 5593 അപേക്ഷകൾ പുതുതായി ലഭിക്കുകയും അവ എസ്.ഡി.എൽ.സി., ഡി.എൽ.സി. എന്നിവയുടെ പരിഗണനയിലുമാണ്.

(ബി) നാളിതുവരെയായി 42659 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 25327 പേർക്ക് കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. 10177 അപേക്ഷകൾ നിരസിക്കുകയും 6350 അപേക്ഷകൾ ഗ്രാമസഭ എസ്.ഡി.എൽ.സി., ഡി.എൽ.സി. എന്നിവയിൽ പെന്റിംഗിലുമാണ്.

(സി) വനാവകാശരേഖ ലഭിക്കാനുള്ള അപേക്ഷകളിൽ നടപടിക്രമം പൂർത്തീകരിക്കാനെടുക്കുന്ന സമയംമൂലമാണ് മുഴുവൻ അപേക്ഷകളും തീർപ്പാക്കാൻ കഴിയാതെ വന്നത്. അപേക്ഷയിൽ പറയുന്ന സ്ഥലം റവന്യൂ ഭൂമിയാണോ, വനഭൂമിയാണോ എന്ന പരിശോധനയ്ക്കായി സംയുക്ത പരിശോധന വനം, റവന്യൂ വകുപ്പുകൾ യഥാസമയം നടത്താത്തത്, വനം വകുപ്പിൽ നിന്നുള്ള സാങ്കേതിക എതിർപ്പ്, പട്ടയത്തിന് പകരം കൈവശരേഖയായതിനാൽ ഗുണഭോക്താക്കളുടെ താൽപ്പര്യക്കുറവ് എന്നിവയാണ് കാലതാമസത്തിനുള്ള കാരണം.

(ഡി) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കേന്ദ്ര സർക്കാരിൽനിന്നും കത്ത് ലഭിച്ചിട്ടുണ്ട്. നിരസിച്ച അപേക്ഷകൾ അകാരണമായി നിരസിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാനും പരിഗണനയിലുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാനും ഡി.എൽ.സി. ചെയർമാൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനം, റവന്യൂ, സർവ്വേ വകുപ്പുകളുടെ സഹകരണത്തോടെ സംസ്ഥാനത്ത് വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം നടത്തിവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് അക്കാദമി

52 (839) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മണ്ണന്തലയിൽ പ്രവർത്തിച്ചിരുന്ന സിവിൽ സർവ്വീസ് അക്കാദമി അടച്ചുപൂട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പ്രസ്തുത സ്ഥാപനം എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും അവിടെ പരിശീലനം പൂർത്തിയാക്കിയ എത്ര വിദ്യാർത്ഥികൾക്ക് ഇതിനകം സിവിൽ സർവ്വീസിൽ പ്രവേശനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അക്കാദമി പൂട്ടിയ സാഹചര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിന് എന്ത് ബദൽ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഇല്ല. മുമ്പ് നാമമാത്രമായി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന രീതിക്ക് പകരമായി 300 പേർക്ക് പരിശീലനം നൽകുന്നതിനാണ് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുള്ളത്. 2018-19 മുതൽ കേരള സർക്കാർ സംരംഭമായ കേരള സിവിൽ സർവ്വീസ് അക്കാദമി മുഖേനയാണ് പരിശീലനം നൽകിവരുന്നത്.

(ബി) പ്രസ്തുത സ്ഥാപനം 1989-ൽ ആരംഭിച്ചു. സ്ഥാപനം ആരംഭിച്ചത് മുതൽ പരിശീലനം പൂർത്തിയാക്കി വിവിധ സർവ്വീസുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | പേര് | സർവ്വീസ് |
|---|---|---|---|
| 1 | 2002 | വി. കെ. പ്രശാന്ത് | IRS |
| 2 | 2003 | കെ. സേതുരാമൻ | IPS |
| 3 | 2003 | അനിൽകുമാർ | IRTS |
| 4 | 2004 | കെ. കെ. സുജ | IRTS |
| 5 | 2005 | സജ്ജു സുരേന്ദ്രൻ | IES |
| 6 | 2010 | ലൈനാ ബാലൻ | IRS |
| 7 | 2010 | പ്രദീപ് കെ.എസ്. | IFOS |
| 8 | 2010 | വിസ്മിജു വിശ്വനാഥ് | IFOS |
| 9 | 2011 | മിഥുൻ ടി.ആർ | IFS |
| 10 | 2012 | ഡോ. ലില്ലി. ജി | IFS |
| 11 | 2016 | മിഥുൻ വി സോമരാജ് (2010-11 ബാച്ച്) | IRTS |
| 12 | 2016 | വിജീഷ് കുമാർ ടി.ജി. (2007-08 ബാച്ച്) | IRS (Central Excise&customs |

(സി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ ICSETS ഇപ്പോഴും പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരിശീലനം തേടുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സൗജന്യ പരിശീലനം നൽകുവാൻ 17-5-2018-ലെ സ.ഉ.(കൈ) നമ്പർ 36/2018/പജപവവിവ. പ്രകാരം അനുമതി നൽകിയിരുന്നു. ആയതുപ്രകാരം ടി അക്കാദമിയിലെ പ്രവേശന പരീക്ഷ ക്വാളിഫൈ ചെയ്ത 300-ലധികം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം ലഭിക്കുന്നുണ്ട്. ടി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീ എന്നിവയും നൽകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ICSETS തന്നെയാണ് നിർവ്വഹിക്കുന്നത്.

**വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസ ആനുകൂല്യം**

53 (840) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

4-10-2017-ലെ സ.ഉ.(എം.എസ്) നമ്പർ 81/2017/പജപവവിവ. ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചുത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

**മോഡൽ റെസിഡൻഷ്യൽ സ്കൂൾ**

54(841) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് അനുവദിച്ച മോഡൽ റെസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്ന നടപടികൾ ഏത് വരെയായെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂൾ തുടങ്ങുവാൻ ആവശ്യമായ ഭരണാനുമതി ഏത് വകുപ്പാണ് നൽകേണ്ടത് ;

(സി) ഭരണാനുമതിക്കായുള്ള ഫയൽ ഏത് വകുപ്പിൽ ഏത് സെക്ഷനിൽ ആണ് ഉള്ളത് ;

(ഡി) ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഇ) നടപടികൾ പൂർത്തീകരിച്ച് ഏത് അക്കാദമിക് വർഷം മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ കണ്ണൂർ ജില്ലയിലെ പെരിങ്ങോത്ത് (പയ്യന്നൂർ മണ്ഡലം) ഒരു എം.ആർ.എസ്. ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നിർമ്മാണ ഏജൻസി. നിർമ്മാണം ആരംഭിക്കുന്നതിന് പ്രാരംഭനടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി-ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പാണ് അനുമതി നൽകേണ്ടത്. ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) 2019-20 അക്കാദമിക വർഷത്തിൽ എം.ആർ.എസ്.-ന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സാമൂഹിക പഠന മുറി പദ്ധതി**

55(842) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിദേശ തൊഴിൽ ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പട്ടികവർഗ്ഗ വകുപ്പ് കുട്ടികൾക്കായി നടപ്പിലാക്കുമെന്ന് രണ്ട് വർഷം മുമ്പ് പ്രഖ്യാപിച്ച സാമൂഹിക പഠന മുറി പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) നിലവിൽ എത്ര ആദിവാസി ഊരുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ആദിവാസി വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനംകൂടി ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രീ-മെട്രിക്, പോസ്റ്റ് -മെട്രിക് തലത്തിൽ പിന്നോക്ക വിഭാഗ വികസന വകുപ്പ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്. പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട മറ്റർഹ വിഭാഗങ്ങൾക്ക് (ഒ.ഇ.സി.) പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് സമാനരീതിയിൽ വിദ്യാഭ്യാസാനുകൂല്യം വരുമാന പരിധിയില്ലാതെ അനുവദിക്കുന്നു. ഇതുകൂടാതെ 30 മറ്റ് ഹിന്ദു സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി ഒ.ഇ.സി. ക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ശേഷിക്കുന്ന മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരുമാനപരിധിക്ക് വിധേയമായി പോസ്റ്റ്-മെട്രിക് പഠനത്തിന് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ധനസഹായം നൽകുന്നു. കൂടാതെ 100 ശതമാനം കേന്ദ്ര സഹായത്തോടെ 1.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ളവർക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും 2.5 ലക്ഷത്തിൽ അധികരിക്കാത്ത വാർഷികവരുമാനമുള്ളവർക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും നൽകുന്നു. ഇവയ്ക്കുപുറമെ വിദ്യാഭ്യാസ പ്രവേശനത്തിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണവും അനുവദിക്കുന്നു.

വിദേശത്ത് തൊഴിൽ തേടുന്നതിന് പിന്നോക്ക വിഭാഗ വികസന വകുപ്പുവഴി ആനുകൂല്യം അനുവദിക്കുന്നില്ലെങ്കിലും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി വായ്പ അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾ എന്ന നിലയിൽ 2017-18-ൽ 100 സാമൂഹ്യപഠന മുറികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിനായി കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റ് സമാന ഇടങ്ങളും കണ്ടെത്തി അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. കൂടാതെ ടി കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ്. (2), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി. മോണിറ്റർ, (1), എൽ.ഇ.ഡി. ഡിസ്പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ

വിദ്യാർത്ഥികളെ പഠന കാര്യത്തിൽ സഹായിക്കുക, വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകൽ, പുസ്തകങ്ങൾ, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയ അധിക സൗകര്യങ്ങളും ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു.

(ഡി) പുരോഗതി വിലയിരുത്തൽ ടി.ഇ.ഒ./പി.ഒ. തലത്തിൽ സംവിധാനം ഒരുക്കി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കോട്ടയം ജില്ലയിലെ മുക്കടയിൽ പ്രീ-മെട്രിക് സ്കൂൾ അനുവദിക്കാൻ നടപടി

56(843) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ കോട്ടയം ജില്ലയിലെ മണിമല പഞ്ചായത്തിലെ മുക്കടയിൽ പൊതുഉപയോഗത്തിനായി ഒഴിഞ്ഞുകിടക്കുന്ന 1 ഏക്കർ 35 സെന്റ്സ്ഥലത്ത് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക്ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയിൽ ഏതെങ്കിലും ഒന്ന്പുതുതായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ആവശ്യമായ തുക അനുവദിക്കാനുള്ള ബജറ്റ്പ്രഖ്യാപനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## മണ്ണന്തല സിവിൽ സർവ്വീസസ് ഇൻസ്റ്റിറ്റ്യൂട്ട്

57(844) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ മണ്ണന്തല അംബേദ്കർ ഭവനിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി സിവിൽ സർവ്വീസസ് പരിശീലനം നൽകിവന്നിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയിട്ടുണ്ടോ; ടി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ടിലെ ക്ലാസ് റൂമുകളും മറ്റ് സൗകര്യങ്ങളും സർക്കാർ ഇതര ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ടി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഈ വിഭാഗത്തിന് മാത്രമായി ഉപയോഗിക്കാവുന്ന രീതിയിൽ ആക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ;

(ഡി) ടി വിഭാഗക്കാർക്ക് മാത്രമായി ഇവിടെ പ്രവർത്തിച്ചുവന്ന പരിശീലന കേന്ദ്രം പഴയപടി തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട എസ്.സി/എസ്.ടി. വകുപ്പിന്റെ മുൻ ഡയറക്ടറായിരുന്ന സി.സി. കുഞ്ഞൻ സെക്രട്ടേറിയറ്റ് നടയിൽ നടത്തിവരുന്ന അനിശ്ചിതകാല സത്യാഗ്രഹം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) 2017-18 വരെ സിവിൽ സർവ്വീസ് പരിശീലന പരിപാടി നേരിട്ട് നടത്തിയിരുന്നു.

എന്നാൽ മികച്ച പരിശീലനം നൽകി കേന്ദ്ര സിവിൽ സർവ്വീസ് തസ്തികകളിൽ കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനായി 2018-19 മുതൽ സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നതും സർക്കാരിന്റെതന്നെ സംരംഭവുമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാദമി മുഖേനയാണ് പരിശീലനം നൽകിവരുന്നത്. മുമ്പ് പ്രതിവർഷം നാമമാത്രമായി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് ട്രെയിനിംഗ് നൽകുന്ന രീതിക്ക് പകരമായി ഈ വർഷം 300 കുട്ടികൾക്ക് ട്രെയിനിംഗ് നൽകാനുള്ള പദ്ധതിയാണ് സിവിൽ സർവ്വീസ് അക്കാദമി വഴി നടപ്പിലാക്കുന്നത്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) യുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ICSETS കെട്ടിടത്തിലെ എല്ലാ സൗകര്യങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉപയോഗിക്കാവുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(ഡി) ഉണ്ട്. കൂടുതൽ കുട്ടികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ ട്രെയിനിംഗ് നൽകുന്നതിനുള്ള ബൃഹത്തായ പദ്ധതിക്ക് സർക്കാർ ഏജൻസിയായ സിവിൽ സർവ്വീസ് അക്കാദമി വഴി രൂപംകൊടുത്ത സാഹചര്യത്തിൽ പഴയപോലെ നാമമാത്രമായി ട്രെയിനിംഗ് നൽകുന്ന രീതി അവലംബിക്കാൻ കഴിയുകയില്ല.

## മരുതോങ്കര പഞ്ചായത്തിൽ സ്പെഷ്യൽ സ്കൂൾ

58 (845) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുതോങ്കര ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് തയ്യാറാക്കി വരുന്ന സ്പെഷ്യൽ സ്കൂൾ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കെട്ടിട അനുബന്ധ പ്രവൃത്തികൾ എന്ന് പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തികരണത്തിനായി അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം നടന്നുവരികയാണ്. ടി എം.ആർ.എസ്.-ന്റെ അക്കാദമിക് ബ്ലോക്കിന്റെ 60 ശതമാനം സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്.

(ബി) ഹോസ്റ്റലിന്റെ ഒന്നാം നിലയുടെ നിർമ്മാണം നടന്നുവരുന്നു. ക്വാർട്ടേഴ്സ് നിർമ്മാണത്തിന്റെ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ 9 മാസം അധികമായി ആവശ്യമുണ്ടെന്ന് സൈറ്റ് എഞ്ചിനീയർ അറിയിച്ചു. ആയത് പ്രകാരം 2019-ൽ മുഴുവൻ പ്രവൃത്തിയും പൂർത്തീകരിക്കുവാൻ കഴിയും.

(സി) 1975 ലക്ഷം രൂപയാണ് പദ്ധതിയുടെ പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ളത്.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം

59 (846) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സംബന്ധിച്ച് വകുപ്പുമുഖേന പ്രത്യേക പഠനം നടത്തിയിട്ടില്ല.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സോഷ്യോ എക്കണോമിക് സർവ്വേ 2013-ൽ നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പട്ടികവർഗ്ഗ വികസന വകുപ്പിലെ 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പട്ടികവർഗ്ഗ സാക്ഷരത 74.44 ശതമാനമാണ്.

വിദ്യാഭ്യാസം നേടിയ 272034 പട്ടികവർഗ്ഗക്കാരിൽ 127344 (96.81%) പേർക്ക് പ്രൈമറി വിദ്യാഭ്യാസവും 923349 (33.95%) പേർ 10-ാം ക്ലാസിന് താഴെയും 30342 (11.15%) പേർ പത്താം ക്ലാസ് പാസ്സായവരും 16374 (6.02%) പേർ +2 പാസ്സായവരും 4475 (1.64%) പേർ ബിരുദധാരികളും 822 (0.30%) പേർ ബിരുദാനന്തര ബിരുദധാരികളും 328 (0.12%) പേർ മറ്റ് വിഭാഗങ്ങളിൽ യോഗ്യത നേടിയവരുമാണ്.

(ബി) പട്ടികജാതി വികസന വകുപ്പ്

1. പ്രീ-മെട്രിക് സ്കോർളർഷിപ്പ്
2. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ്
5. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
6. സ്റ്റെതസ്കോപ്പ് ധനസഹായം
7. ലാപ് ടോപ് ധനസഹായം
8. പ്രാരംഭ ചെലവ്
9. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം
10. അയ്യൻകാളി ടാലന്റ് സെർച്ച് സ്കീം

11. വിഷൻ 2013 മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
12. പ്രത്യേക പ്രോത്സാഹന സമ്മാനം
13. ഇതര സംസ്ഥാനത്തും/വിദേശത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം
14. പാരലൽ കോളേജ് ധനസഹായം
15. ബുക്ക് ബാങ്ക് സ്കീം
16. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള മെഡിക്കൽ റമഡിയൽ കോച്ചിംഗ് പദ്ധതി
17. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ
18. പാലക്കാട് മെഡിക്കൽ കോളേജ്
19. പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ
20. ക്രെസ്റ്റ്
21. ഐ.റ്റി.ഐ. കൾ., മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്, കമ്മ്യൂണിറ്റി കോളേജ്
22. സംഗീത, നൃത്ത വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി
23. പഠനമുറി
24. പഠനയാത്ര
25. സിവിൽ സർവ്വീസ് പരിശീലനം
26. പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു. പെരിപ്പതറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീ-മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പ്രീ-മെട്രിക് തലത്തിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു.

പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു.

കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു.

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്നു.

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിന്റർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് ഒന്ന് മുതൽ നാലാം ക്ലാസ്‌വരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പതറ്റിക് സെന്ററുകളും ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ രണ്ട് ഐ.റ്റി.ഐ. -കളും ഒരു ഉത്പാദന പരിശീലന കേന്ദ്രവും സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

വകുപ്പിനുകീഴിൽ 106 പ്രീ-മെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തികവർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതീയുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി.

വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി' യും വകുപ്പ് നടപ്പിലാക്കിവരുന്നു.

അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്.-കൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം 'CARSEL' എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ്**

60(847) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ എം.എസ്.സി., എം.കോം., എം.സി.എ. തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് -മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നില്ലെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ബി) പാരലൽ കോളേജുകളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് നിലവിൽ നൽകുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; സർക്കാർ സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയുംപോലെ അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട അർഹതയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 12-7-2009-ലെ സ.ഉ.(പി) നമ്പർ 50/2009/പജപവവിവ. പ്രകാരം സ്വാശ്രയ കോളേജുകളിലെ ഗവൺമെന്റ് സീറ്റിൽ പ്രൊഫഷണൽ ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. മറ്റ് കോഴ്സുകളിൽ 2.50 ലക്ഷം രൂപയിൽ അധികരിക്കാത്ത വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പും നൽകിവരുന്നു.

(ബി) പാരലൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ആനുകൂല്യം അനുവദിച്ച് വരുന്നു. +1 കോഴ്സിന് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ്

വിദ്യാഭ്യാസത്തിന് ആനുകൂല്യം ലഭിക്കുന്നതിന് ജില്ലയിലെ ഏകജാലക സംവിധാനംവഴി അപേക്ഷ സമർപ്പിച്ചിട്ടും പ്രവേശനം ലഭിച്ചില്ലെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പാരലലായി പ്രൈവറ്റ് കേന്ദ്രങ്ങളിൽ പഠിക്കേണ്ടിവരികയാണെങ്കിൽ യൂണിവേഴ്സിറ്റി/ബോർഡ് പരീക്ഷാഫീസിന് പുറമെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ട്യൂഷൻ ഫീസും അനുവദിക്കുന്നു.

(സി) സ.ഉ.(പി) നമ്പർ 50/2009/പജപവവിവ. പ്രകാരം സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ ട്യൂഷൻ ഫീസ് റീ-ഇംപേഴ്സ് പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചുവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ അംഗീകരിച്ച നിരക്കിൽ ലംപ്സംഗ്രാന്റും ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസും അനുവദിച്ചുവരുന്നു.

**അംബേദ്കർ ഭവനിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം**

61(848) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ മണ്ണന്തലയിൽ സ്ഥാപിച്ച അംബേദ്കർ ഭവനിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം എന്ന് മുതൽ പ്രവർത്തനം തുടങ്ങി; നാളിതുവരെ എത്ര വിദ്യാർത്ഥികൾ പഠിച്ചുകഴിഞ്ഞു; അതിൽ അഖിലേന്ത്യാ നിലവാരത്തിലുള്ള ഉദ്യോഗസ്ഥ തസ്തികകളിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചു; വ്യക്തമാക്കാമോ;

(ബി) സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരിശീലന കേന്ദ്രത്തിന് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടെങ്കിൽ എന്ന് മുതൽ എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ 1989-ലാണ് സിവിൽ സർവ്വീസ് പരിശീലനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. ഈ സ്ഥാപനം 2016 മുതൽ മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചുവരുന്നു. നാളിതുവരെ 850-ഓളം വിദ്യാർത്ഥികൾക്ക് ICSETS-ൽ പരിശീലനം ലഭിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസിൽ പ്രവേശിച്ചവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | പേര് | സർവ്വീസ് |
|---|---|---|---|
| 1 | 2002 | വി. കെ. പ്രശാന്ത് | IRS |
| 2 | 2003 | കെ. സേതുരാമൻ | IPS |
| 3 | 2003 | അനിൽകുമാർ | IRTS |
| 4 | 2004 | കെ. കെ. സുജ | IRTS |
| 5 | 2005 | സജ്ജ സുരേന്ദ്രൻ | IES |
| 6 | 2010 | ലൈനാ ബാലൻ | IRS |
| 7 | 2010 | പ്രദീപ് കെ.എസ്. | IFOS |
| 8 | 2010 | വിസ്മിജ്ഞ വിശ്വനാഥ് | IFOS |
| 9 | 2011 | മിഥുൻ ടി. ആർ. | IFS |
| 10 | 2012 | ഡോ. ലില്ലി ജി. | IFS |
| 11 | 2016 | മിഥുൻ വി സോമരാജ് (2010-11 ബാച്ച്) | IRTS |
| 12 | 2016 | വിജീഷ് കുമാർ ടി. ജി. (2007-08 ബാച്ച് ) | IRS (Central Excise & Customs) |

(ബി) ഇല്ല. പട്ടികജാതി വികസന വകുപ്പിന് കീഴിൽ മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനത്തിൽ 2017-18 വരെ പ്രതിവർഷം 30 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവന്നിരുന്നു. 17-5-2018-ലെ സ.ഉ.(കൈ) നമ്പർ 36/2018/പജപവവിവ. പ്രകാരം സർക്കാരിന്റെ തന്നെ സംരംഭമായ സിവിൽ സർവ്വീസസ് അക്കാദമി വഴി പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നൽകിയ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഫീസാനുകൂല്യം നൽകുന്നതിന് സർക്കാർ

അനുമതി നൽകിയിട്ടുണ്ട്. 300-ൽപ്പരം വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യത്തിനുപുറമെ പോക്കറ്റ്മണി, ഹോസ്റ്റൽ ഫീ, സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും നൽകിവരുന്നു. മുമ്പ് നാമമാത്രമായി പ്രതിവർഷം സിവിൽ സർവ്വീസ് പ്രവേശന പരീക്ഷയ്ക്ക് ട്രെയിനിംഗ് നൽകിയ രീതിക്ക് പകരം ഒറ്റ വർഷം 300 കുട്ടികൾക്ക് ട്രെയിനിംഗ് നൽകുന്ന ബൃഹത്തായ പദ്ധതിയാണ് ICSETS-ൽ സിവിൽ സർവ്വീസ് അക്കാദമി വഴി നടത്തുന്നത്.

ICSETS എന്ന സ്ഥാപനം ഇപ്പോഴും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തന്നെയാണ് പ്രവർത്തിച്ചുവരുന്നത്.

(സി) പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് ട്രെയിനിംഗ് സൊസൈറ്റിക്ക് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ നൈപുണ്യപരിശീലനം

62(849) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 ഒക്ടോബർ 31 വരെ എത്രപേർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകിയെന്നും ആരുടെ ആഭിമുഖ്യത്തിലാണ് പരിശീലനം നൽകിയതെന്നും വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം തൊഴിൽ നൈപുണ്യം നേടിയവരെ വിദേശ ജോലിക്ക് അയക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിൽ 2018 ഒക്ടോബർ 31 വരെ തൊഴിൽ നൈപുണ്യ പരിശീലനം നൽകിയതിന്റെ വിശദാംശം അനുബന്ധം I ആയി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ 2018 ഒക്ടോബർ 31 വരെ തൊഴിൽ നൈപുണ്യ പരിശീലനം നൽകിയതിന്റെ വിശദാംശം അനുബന്ധം II ആയി* ചേർത്തിരിക്കുന്നു.

(സി) തൊഴിൽ നൈപുണ്യം നേടുന്നവരെ വിദേശത്ത് ജോലിക്ക് അയയ്ക്കുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. Oil &Rig മേഖലയിൽ തൊഴിൽ സാധ്യതയുള്ള Pipe fabricator/Filter Industrial Electrician എന്നീ കോഴ്സുകൾ നടത്തുന്നതിന് ERAM Engineering എന്ന സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം 150 പേർക്കും 2018-19 വർഷം 200 പേർക്കും ഇത്തരത്തിൽ പരിശീലനം നൽകുന്നതിനും വിദേശത്ത് ഉൾപ്പെടെ പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനായി TOEFL/IELTS കോഴ്സുകൾക്കായി 90 പേർക്കും ഹോട്ടൽ മാനേജ്മെന്റ് കോഴ്സിൽ പരിശീലനം നേടി വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിന് 100 പേർക്കും തുക അനുവദിച്ചിട്ടുണ്ട്.

**പട്ടിക-വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് തൊഴിലവസരങ്ങൾ**

63 (850) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വകുപ്പ് ചുവടെ പറയുംപ്രകാരം വിവിധ പദ്ധതികളിലൂടെ തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ദ്ധ്യ പരിശീലത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പ്രത്യേക ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1) എസ്.സി.എ ടു ടി.എസ്.എസ്. എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളിലൂടെയും സംരംഭകത്വ വികസന പരിപാടികളിലൂടെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പരിശീലന സ്ഥാപനങ്ങൾവഴി പരിശീലനം നൽകി തൊഴിൽ ലഭിക്കുന്നതിനുമുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**ഗോത്രബന്ധു**

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാ പ്രശ്നം ലഘൂകരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട് ജില്ലയിൽ 241 മെന്റർ ടീച്ചർമാരെയും അട്ടപ്പാടിയിൽ 26 മെന്റർ ടീച്ചർമാരെയും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമിച്ചു.

**സാമൂഹ്യ പഠനമുറി**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും 2017-18 വർഷം തെരഞ്ഞെടുത്ത ഊരുകളിൽ 100 സാമൂഹിക പഠനമുറികൾ ആരംഭിച്ചു. ഇതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 യുവതീയുവാക്കളെ പ്രതിമാസം 15,000 രൂപ വീതം ഓണറേറിയം നിരക്കിൽ ട്യൂട്ടറായി നിയമിച്ചു. 2018-19 വർഷം 500 സാമൂഹ്യ പഠനമുറികൾ ആരംഭിക്കുന്നതിലൂടെ 500 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

**സമഗ്ര സാക്ഷരത-ഇൻസ്ട്രക്ടർ/പ്രേരക്മാർ**

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ 100 പട്ടികവർഗ്ഗ പ്രേരക്മാരെ നിയമിച്ച് പ്രതിമാസം 12,000 രൂപ നൽകിയ പദ്ധതി നടപ്പിലാക്കിവരുന്നു.

**കമ്മിറ്റഡ് സോഷ്യൽ വർക്കർ**

എം.എ. സോഷ്യോളജി, എം.എ. ആന്ത്രപ്പോളജി, എം.എസ്.ഡബ്ല്യൂ. എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 31 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ പ്രൊമോട്ടർമാർ**

പട്ടികവർഗ്ഗത്തിൽപ്പെട്ട 1182 പേരെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്.

**മാനേജ്മെന്റ് ട്രെയിനി**

140 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനിയായി നിയമിച്ചിട്ടുണ്ട്.

**കുടുംബശ്രീ അനിമേറ്റർമാർ**

പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കിയ സ്പെഷ്യൽ ട്രൈബൽ പ്രോജക്ട് മുഖേന 200 പട്ടികവർഗ്ഗ അനിമേറ്റർമാരെ നിയമിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പരിശീലന സ്ഥാപനങ്ങൾ വഴി തൊഴിൽ പരിശീലനം നൽകിയതിന്റെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന നന്ദിയോട്, പെരിങ്ങമല, വിതുര, പാങ്ങോട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി പാലോട് ആസ്ഥാനമായി ഒരു ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് കരിയർ ഡെവലപ്മെന്റ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. കരിയർ ഡെവലപ്മെന്റ് സെന്റർ വഴി മികച്ച രീതിയിൽ മത്സരപരീക്ഷാ പരിശീലന പരിപാടികളും തൊഴിൽമാർഗ്ഗനിർദ്ദേശങ്ങളും നൽകി പട്ടികവർഗ്ഗ വിഭാഗക്കാരെ മുഖ്യധാരയിൽ എത്തിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് അവർക്ക് അഭിരുചിയുള്ളതും താത്പര്യമുള്ളതുമായ മേഖലകളിൽ സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനാണ് സാമ്പത്തിക സഹായം അനുവദിച്ചുവരുന്നത്. സ്വയംതൊഴിൽ പദ്ധതിക്കായി ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസിലൂടെയും ഡയറക്ടറേറ്റിലും ലഭ്യമാക്കുന്ന പ്രൊപ്പോസൽ ഫീസിബിലിറ്റി പരിശോധിച്ച് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ധനസഹായം നൽകുന്നതാണ്.

**വീരശൈവ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ്**

64 (851) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വീരശൈവ സമുദായത്തിന്റെ വിഭാഗങ്ങളായ കുരുക്കൾ, ഗുരുക്കൾ, ചെട്ടി, ചെട്ടിയാർ എന്നീ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗക്കാരെ ഒ.ബി.സി.യിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ഈ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന വിഷയം സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്തവർ**

65 (852) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്തവർ എന്ന വിഭാഗത്തെ പ്രത്യേകം ജാതിയായി വ്യാഖ്യാനിക്കുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തം ജാതിപ്പേരായ ചേരമർ, സാംബവർ, പുലയർ, സിദ്ധനർ (കുറവർ )കൂടെ ചേർത്ത് നൽകാൻ തയാറാകുമോ;

(ബി) 'പട്ടികജാതിയിൽനിന്നും മതപരിവർത്തനം ചെയ്തവർ'എന്ന ജാതി സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ നൽകുന്നത് തെറ്റായതിനാൽ പി.എസ്.സി. അംഗീകരിയ്ക്കുന്നില്ല എന്നത് അറിയാമോ; പ്രസ്തുത പ്രശ്നം പരിഹരിക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയവർക്ക് 'പട്ടികജാതിയിൽ നിന്ന് പരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾ' (Scheduled Caste Converted to Christianity) എന്നാണ് ഔദ്യോഗിക രേഖകളിലും ഉത്തരവുകളിലും ചട്ടങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളത്. സ്വന്തം ജാതിപ്പേര് സർട്ടിഫിക്കറ്റുകളിൽ ചേർത്ത് നൽകുന്നതിന് സാധിക്കില്ല.

(ബി) ഔദ്യോഗിക രേഖകളിലും സർക്കാർ ചട്ടങ്ങളിലും 'പട്ടികജാതിയിൽ നിന്നും ക്രസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർ' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അത്തരം സർട്ടിഫിക്കറ്റുകൾ പി.എസ്.സി. നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോർപ്പസ് ഫണ്ട്**

66 (853) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തികളുടെ പേര് അവയുടെ നിലവിലെ പുരോഗതി എന്നിവ വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

**കോർപ്പസ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയിൽ അനുവദിച്ച തുക**

67(854) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് ഇനത്തിൽ 2017-18, 2018-19 വർഷങ്ങളിൽ കൊല്ലം ജില്ലയിൽ അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഫണ്ടിൽനിന്നും കൊട്ടാരക്കര മണ്ഡലത്തിന് അനുവദിച്ചതോ മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നതോ ആയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് കൊല്ലം ജില്ലയ്ക്ക് 2017-18 സാമ്പത്തിക വർഷം സ്പിൽഓവർ പദ്ധതികൾക്കായി 3,91,05,110 രൂപ അനുവദിച്ചിരുന്നു. കൂടാതെ ജില്ലയിലെ 31 പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 1,60,51,400 രൂപയും കുന്നത്തൂർ പഞ്ചായത്തിൽ ഒരു സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 3,94,000 രൂപയും അനുവദിച്ചിരുന്നു.

2018-19 വർഷം കൊല്ലം ജില്ലയ്ക്ക് 356.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് കൊല്ലം ജില്ലയിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ 2017-18 സാമ്പത്തിക വർഷം 39,97,309 രൂപയും 2018-19 വർഷം 73,92,312 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽനിന്ന് കൊട്ടാരക്കര മണ്ഡലത്തിന് അനുവദിച്ചതും മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പ്രസ്തുത വർഷങ്ങളിൽ പ്രവൃത്തികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

## കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിച്ച ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ

68(855) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷം പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും ആലത്തൂർ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ

69 (856) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് കോർപ്പസ് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഫയലിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ടി പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി&സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വിവിധ പട്ടികജാതി കോളനികളിൽ 5 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

## ആർപ്പുംപാറ അപ്രോച്ച് റോഡ്

70(857) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവിയിൽ അണക്കെട്ട് വന്നതുമൂലം കുരുമ്പൻമൂഴി, മണക്കയം ആദിവാസി ഊരിലേയ്ക്ക് പോകുന്ന വനത്തിലൂടെയുള്ള റോഡിലെ ആർപ്പുംപാറ തോട്ടിൽ വെള്ളമുയരുന്നതുമൂലം കോളനി നിവാസികൾ ഒറ്റപ്പെട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആർപ്പുംപാറ തോട്ടിൽ ചെറിയ പാലം നിർമ്മിച്ചെങ്കിലും ഇരുവശത്തുമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം നടത്താതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വനാവകാശനിയമ പ്രകാരം റോഡിനായി വനഭൂമി വിട്ടുകിട്ടിയ സാഹചര്യത്തിൽ കോളനി മുതൽ ചണ്ണ വരെയുള്ള റോഡും ആർപ്പുംപാറ അപ്രോച്ച് റോഡും നിർമ്മിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത രണ്ട് റോഡുകളുടെയും പ്രൊപ്പോസൽ ഊരുകൂട്ടത്തിൽ അംഗീകാരം വാങ്ങി അടുത്ത സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിച്ച് നൽകിയിട്ടുള്ള പദ്ധതികൾ**

71 (858) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്ന് ഷൊർണ്ണൂർ മണ്ഡലത്തിന് അനുവദിച്ച് നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ?

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പട്ടികജാതിവികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർ ഇല്ലാത്തതിനാൽ ഫണ്ട് അനുവദിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പിന്നോക്ക വികസന കോർപ്പറേഷന്റെ മേഖല ഓഫീസ്

72(859) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പിന്നോക്ക വികസന കോർപ്പറേഷന്റെ മേഖല ഓഫീസിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലാ എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പിന്നോക്ക വികസന കോർപ്പറേഷന്റെ എത്ര മേഖല ഓഫീസുകൾ ആണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; അതിന്റെ നിലവിലെ അവസ്ഥ എന്താണ്;

(സി) എപ്പോഴാണ് മേഖല ഓഫീസുകൾ (സബ്) ആരംഭിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി കത്ത് നൽകിയതെന്നും, പ്രസ്തുത ഫയൽ നമ്പർ ഏതെന്നും ഏതു വർഷത്തിൽ ആണ് നൽകിയതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര ഉൾപ്പെടെ 10 ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യം സംബന്ധിച്ച കോർപ്പറേഷന്റെ ശിപാർശ 8-5-2017-ന് 139/എ 1/2017/ പി.വി.വി.വ നമ്പർ ഫയലായി ധനവകുപ്പിന്റെ അഭിപ്രായത്തിനായി നൽകി.

## സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പ വിതരണം

73 (860) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫണ്ടിന്റെ അഭാവംമൂലം സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും വായ്പ നല്കുന്നതിന് തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) വിവിധതരം വായ്പകൾക്കായി അനുവദിച്ചിട്ടുള്ള തുകകളിൽ കുറവുവരുത്തിയത് പിൻവലിച്ച് നിയമ പ്രകാരം അനുവദിച്ചിട്ടുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് ആവശ്യം വേണ്ട തുകകൾ അനുവദിക്കുന്നതിനും തദ്വാര അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. വായ്പ പദ്ധതികളിൽ അനുവദിച്ചിട്ടുള്ള വായ്പാ തുകയിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ മിക്ക പദ്ധതികളുടെയും പരമാവധി വായ്പാ തുകയിൽ ഈ സാമ്പത്തിക വർഷം വർദ്ധനവ് വരുത്തിയിട്ടുമുണ്ട്.

(സി) പ്രധാനമായും ദേശീയ ഏജൻസികളുടെ ഫണ്ടുപയോഗിച്ചാണ് കോർപ്പറേഷൻ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. കൂടാതെ സംസ്ഥാന സർക്കാരിന്റെ മൂലധന സഹായം, കോർപ്പറേഷന്റെ ലാഭവിഹിതം എന്നിവ ഉപയോഗിച്ചും പദ്ധതി നടപ്പിലാക്കിവരുന്നു. ദേശീയ ഏജൻസികളിൽനിന്നും കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒ.ബി.സി.-ക്കാരിലെ മിശ്രവിവാഹിതരുടെ കുട്ടികൾ**

74 (861) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി -ക്കാരിലെ മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ജാതിസർട്ടിഫിക്കറ്റും നോൺക്രീമിലെയർ സർട്ടിഫിക്കറ്റും അനുവദിച്ചുവരുന്നത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഈ ഉത്തരവ് നിലവിലിരിക്കെ മിശ്രവിവാഹിതരായ ദമ്പതിമാരിൽ ഒരാൾ മുന്നാക്ക സമുദായത്തിൽപ്പെട്ടവരാണെങ്കിൽ മക്കൾക്ക് സംവരണത്തിന് അവകാശമില്ലെന്ന് സർക്കാർ പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ എന്താണ് പറയുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) പിന്നോക്ക വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ മക്കൾക്ക് നോൺക്രിമിലെയർ സാക്ഷ്യപത്രം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവുകൾ നിലവിലില്ല. കേന്ദ്ര സർക്കാരിന്റെ 14-10-2004-ലെ 36033/5/2004/Estt.(SCT) നമ്പർ ഓഫീസ് മെമ്മോറാണ്ടം, സംസ്ഥാന സർക്കാരിന്റെ 14-6-2010-ലെ 27396/എഫ്3/2007/പജപവവിവ. നമ്പർ സർക്കുലർ എന്നിവ അനുസരിച്ച് ഒരാളുടെ ക്രീമിലെയർ പദവി നിശ്ചയിക്കുന്നത് മാതാപിതാക്കളുടെ രണ്ടുപേരുടെയും പദവി പരിഗണിച്ചായിരിക്കണം.

മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്ക് അവർ ജീവിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകുന്ന കാര്യവും മാതാപിതാക്കളുടെ ക്രിമിലെയർ പദവി സംബന്ധിച്ച് തീരുമാനമെടുക്കാൻ പിന്നോക്ക വിഭാഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചുവരുന്നു.

**കുംഭാര സമുദായത്തെക്കുറിച്ചുള്ള പഠനം**

75(862) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംഭാര സമുദായത്തെക്കുറിച്ച് KIRTADS എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പഠന റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആദി ആന്ധ്ര പട്ടികജാതി എന്ന് അവകാശപ്പെടുന്ന കുംഭാര സമുദായത്തെക്കുറിച്ച് കീർത്താഡ്സ് 1990-ൽ നരവംശ ശാസ്ത്ര റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) പഠന റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

- ആദി ആന്ധ്ര പട്ടികജാതി എന്ന് വിദ്യാഭ്യാസ രേഖകളിലും മറ്റ് രേഖകളിലും തെറ്റായി ജാതിപ്പേർ ചേർത്ത കുംഭാര സമുദായക്കാർക്ക് അത് തിരുത്തി ശരിയായ ജാതിപ്പേർ രേഖപ്പെടുത്തി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- ആദി ആന്ധ്ര പട്ടികജാതി എന്ന് തെറ്റായി ജാതി സർട്ടിഫിക്കറ്റുകൾ നേടി വിദ്യാഭ്യാസ സംവരണ ആനുകൂല്യങ്ങൾ നേടിയവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാവുന്നതാണ്.

- മലബാർ പ്രദേശത്തെ കുംഭാരൻ സമുദായത്തെ മറ്റ് പിന്നോക്ക സമുദായക്കാരുടെ പട്ടികയിൽ നിലനിർത്തിക്കൊണ്ടുതന്നെ പട്ടികജാതിക്കാർക്കനുസരിച്ചുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഈ സമുദായത്തെ "മറ്റർഹസമുദായങ്ങളുടെ" (ഒ.ഇ.സി.) പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

പ്രസ്തുത നരവംശ ശാസ്ത്ര റിപ്പോർട്ട് പുനഃപരിശോധിക്കണമെന്നുള്ള കുംഭാര സമുദായക്കാരുടെ ആവശ്യത്തെത്തുടർന്ന് പുനർപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പഠനം അന്തിമഘട്ടത്തിലാണ്.

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള ഓച്ചിറ ഐ.ടി.ഐ.**

76(863) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള ഓച്ചിറ ഐ.ടി.ഐ. -യിൽ ഏതെല്ലാം കോഴ്സുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ ആരംഭിച്ചിട്ടുള്ള ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രഖ്യാപിത ഇലക്ട്രീഷ്യൻ ട്രേഡും പ്ലംബർ ട്രേഡിന്റെ അധികയൂണിറ്റും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ഡി) ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിന് അടിയന്തരമായി വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വകുപ്പിന് കീഴിലുള്ള ഓച്ചിറ ഐ.ടി.ഐ. -യിൽ നിലവിൽ പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ കോഴ്സുകളാണുള്ളത്.

(ബി) ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിനായി ഒരു കെയർടേക്കർ, ഒരു ഫുൾ ടൈം സ്വീപ്പർ എന്നീ ജീവനക്കാരെ താൽക്കാലികമായി/കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ഓച്ചിറ ഐ.ടി.ഐ. -യിൽ പുതിയതായി ഇലക്ട്രീഷ്യൻ (1+1) ട്രേഡും പംബ്ലർ ട്രേഡിന്റെ ഒരു അധിക ബാച്ചും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ഐ.ടി.ഐ. 1992 മുതൽ പ്രവർത്തിച്ചുവരുന്നു. ടി. ഐ.റ്റി.ഐ. -യിൽ ട്രെയിനിംഗ് സൂപ്രണ്ട് -1, ട്രെയിനിംഗ് ഇൻസ്ട്രക്ടർ-3, ഓഫീസ് അറ്റന്റന്റ്-1, സ്വീപ്പർ കം വാച്ച്മാൻ-1 എന്നീ സ്ഥിരം തസ്തികകൾ നിലവിലുണ്ട്. അതുകൂടാതെ എ.സി.ഡി ഗസ്റ്റ് ഇൻസ്ട്രക്ടർ -1, അപ്രന്റീസ് ക്ലാർക്ക് -1 എന്നീ താൽക്കാലിക ജീവനക്കാരും സ്ഥാപനത്തിലുണ്ട്. മേൽപരാമർശിച്ചതിനുപുറമെ വർക്ക്ഷോപ്പ് അറ്റന്ററായി രണ്ട് അപ്രന്റീസ് ട്രെയിനികളും സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണം**

77(864) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണം നടപ്പിലാക്കുന്നതുമായി നിയമ വകുപ്പ് (ഫയൽ നമ്പർ 8608/ഒപ്പിനിയൻ ഇ 1/18/നിയമം) പി. ആന്റ് എ.ആർ.ഡി. -ക്ക് നൽകിയ റിമാർക്സ് എന്താണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ നമ്പർ 8608/ഒപ്പിനിയൻ ഇ 1/18/നിയമം -ന്റെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) കെ.എ.എസ്-ൽ സംവരണം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്ര നിവേദനങ്ങൾ നിയമ വകുപ്പുമന്ത്രിക്ക് ലഭിച്ചിട്ടുണ്ട്; ആയതിൽ എന്ത് നടപടികൾ സ്വീകരിച്ചു; പ്രസ്തുത നിവേദനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണം സംബന്ധിച്ച നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

100-ൽ 6 പോസ്റ്റുകളാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് KSSR പ്രകാരം സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. അത് സ്ട്രീം ഒന്നിലും രണ്ടിലും പട്ടികജാതി

പട്ടികവർഗ്ഗ വിഭാഗങ്ങളെ ഒഴിവാക്കിയാൽ സംവരണാനുകൂല്യം 2/100 ആയി മാറും. അതുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം പ്രൊമോഷന്റെ കാര്യത്തിലും കൊടുക്കാവുന്നതാണ്. അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് By transfer എന്ന സ്കീമിലും സംവരണം കൊടുക്കാവുന്നതാണ്. മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനം തന്നെയാണ് By transfer സ്കീമിലും ഉള്ളത്. (അഭിപ്രായത്തിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു.*)

(ബി) ഫയൽ നമ്പർ 8608/ഒപ്പീനിയൻ ഇ 1/18/നിയമം നോട്ട് ഫയലിന്റെ പകർപ്പ് ഹാജരാക്കുന്നു. കറന്റ് ഫയൽ ലഭ്യമല്ല.

(സി) കെ.എ.എസ്.-ൽ സംവരണം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് PKS സംസ്ഥാന സെക്രട്ടറി ശ്രീ. സോമപ്രസാദ് എം. പി., Muslim Employees Cultural Association ശ്രീ വിപിൻ ശ്യാം എന്നിവർ നിവേദനം നൽകിയിരുന്നു. ടി നിവേദനങ്ങൾ മേൽനടപടിക്കായി മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. നിവേദനങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

**നിയമപരിഷ്കരണ കമ്മീഷൻ**

78(865) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപരിഷ്കരണ കമ്മീഷൻ നിലവിലുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കമ്മീഷൻ സർക്കാരിന് ഇതിനകം എത്ര റിപ്പോർട്ടുകൾ നൽകി; അതിൽ ഏതൊക്കെ ശിപാർശകളാണ് അംഗീകരിച്ചത്;

(സി) പ്രസ്തുത കമ്മീഷൻ ഏതെങ്കിലും ബില്ലിന്റെ കരട് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. റ്റി. തോമസ് അദ്ധ്യക്ഷനായി 9-3-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 45/2017/നിയമപ്രകാരം രൂപീകരിച്ച കേരള നിയമ പരിഷ്കരണ കമ്മീഷൻ നിലവിലുണ്ട്. ജസ്റ്റിസ് കെ. റ്റി. തോമസ് ചെയർമാനായും ശ്രീ. കെ. ശശിധരൻ നായർ വൈസ്ചെയർമാനും ഡോ. എൻ. കെ. ജയകുമാർ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അഡ്വ. എം. കെ. ദാമോദരൻ, ശ്രീമതി ലിസമ്മ അഗസ്റ്റിൻ എന്നിവർ അംഗങ്ങളുമായാണ് കമ്മീഷൻ രൂപീകരിച്ചത്. അഡ്വ. എം. കെ. ദാമോദരന്റെ മരണത്തെത്തുടർന്ന് 16-2-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 24/20018/നിയമം പ്രകാരം ശ്രീ. കെ. ജോർജ്ജ് ഉമ്മനെ അംഗമായി നിയമിച്ചിട്ടുള്ളതാണ്.

(ബി) നിലവിലെ കമ്മീഷൻ ഇതിനകം രണ്ട് റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഒന്നാമത്തെ റിപ്പോർട്ടിന്റെ ഭാഗമായ Kerala Vexatious Litigation (Prohibition) Bill 2018, സർക്കാരിന്റെ പരിഗണനയിലാണ്.

(സി) "The Kerala Medical Treatment After Accident and During Emergency Medical Condition Bill", "The Kerala Regulation Processing for Preventing Person-to-Person Transmission of Infectious Organisms Bill 2018" എന്നീ പേരുകളിൽ രണ്ട് ബില്ലുകളുടെ കരടുരൂപം കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സിനിമാ ടിക്കറ്റ് ഓൺലൈൻ ബുക്കിംഗ്**

79(866) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ ടിക്കറ്റ് ഓൺലൈൻ വഴി ബുക്ക് ചെയ്യുന്നവരിൽനിന്ന് അമിത തുക ഈടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീയേറ്ററുകളിൽ വിൽക്കുന്ന ഭക്ഷണ സാധനങ്ങൾക്കും അമിതവില ഈടാക്കുന്നതായ പരാതി ഉണ്ടായിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിയേറ്ററുകളിൽ ടിക്കറ്റ് നിരക്ക് ഏകീകരണം, റിസർവ്വേഷൻ ചാർജ് എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഉണ്ട്. തിയേറ്ററുകളിൽ ലീഗൽ മെട്രോളജി വകുപ്പ് സാധാരണ പരിശോധനകൾ നടത്തുന്നുണ്ട്. ഇതിനുപുറമെ പ്രത്യേക മിന്നൽപരിശോധനകളും നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**നവോത്ഥാന ആശയ പ്രചരണം**

80(867) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സമൂഹത്തെ പിറകോട്ട് നടത്താനുള്ള സംഘപരിവാർ ശക്തികളുടെ തെറ്റായ ആശയ പ്രചരണങ്ങൾക്കെതിരെ നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുന്ന എന്തൊക്കെ പരിപാടികളാണ് സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ച് വരുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

കേരള സമൂഹ നവോത്ഥാന മൂല്യങ്ങളിൽനിന്നും പുരോഗമന ആശയങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സമകാലീന കേരളം പ്രതിലോമചിന്തകൾ വീണ്ടും തലപൊക്കുന്ന ദുഃഖകരമായ സാഹചര്യങ്ങൾ നേരിടുകയാണ്. മത വർഗ്ഗീയ ചിന്തകൾ പ്രചരിപ്പിക്കാനും സാംസ്കാരിക ബഹുസ്വരത തകർക്കാനുമുള്ള ശ്രമങ്ങൾ ശക്തിപ്പെട്ടുവരുന്നു. ഇത്തരം പ്രതിലോമ വർഗ്ഗീയ ചിന്തകൾക്കെതിരെ സമൂഹം തികഞ്ഞ ജാഗ്രത ആവശ്യപ്പെടുന്നുണ്ട്. ഇതിന്റെ ഭാഗമായി നവോത്ഥാന പ്രതീകങ്ങളായ സാംസ്കാരിക നായകരുടെ അനുസ്മരണം, നവോത്ഥാന പ്രക്ഷോഭങ്ങളുടെ പുനർവായനയും സ്മരണ പുതുക്കലും സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ചുള്ള ജാഗ്രതപ്പെടുത്തലുകൾ എന്നിവയെല്ലാം സാംസ്കാരിക സ്ഥാപനങ്ങളിലൂടെ നടക്കുന്നുണ്ട്.

ശ്രീനാരായണ ഗുരുവിന്റെ ജാതിയില്ലാ വിളംബരം, അയ്യൻകാളിയുടെ വില്ലുവണ്ടി സമരം, വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ വാർഷികം, ക്ഷേത്രപ്രവേശന വിളംബര വാർഷികം, ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ അനുസ്മരണം എന്നിങ്ങനെ നിരവധി പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. സാംസ്കാരികമായ ഈ ജാഗ്രത തുടർന്നും നിലനിർത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

നവോത്ഥാന ആശയങ്ങൾ ഉൾക്കൊള്ളിച്ചുള്ള ചിത്രപ്രദർശനം, ചിത്രകലാ ക്യാമ്പ്, ശില്പശാലകൾ എന്നിവ പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു.

നവോത്ഥാന മുന്നേറ്റങ്ങൾക്ക് വെളിച്ചംപകർന്ന സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികവേളയിൽ, അയ്യാ വൈകുണ്ഠസ്വാമികൾ, ചട്ടമ്പി സ്വാമികൾ, അയ്യൻകാളി, ശ്രീനാരായണഗുരു, ഡോ. പൽപ്പു, മഹാകവി കുമാരനാശാൻ, സ്വാമി ആനന്ദതീർത്ഥർ തുടങ്ങിയ നവോത്ഥാന

നായകരുടെ ചിന്തകളും വരികളും സംഗീതം, നൃത്തം, നാടകം, ചിത്രകല, നവ മാധ്യമ സാധ്യതകൾ, ചലച്ചിത്രം എന്നീ കലാവിഷ്കാരങ്ങളിലൂടെ സമന്വയിപ്പിച്ചെടുത്ത നവോത്ഥാന ദൃശ്യസന്ധ്യ എന്ന പരിപാടി കേരളത്തിലെ വിവിധ ജില്ലകളിലും ഡൽഹിയിലും അവതരിപ്പിക്കുകയുണ്ടായി.

ഭരണഘടനാദത്തമായ അവകാശങ്ങൾക്ക് വിധേയമായി മാത്രമെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ഭരണഘടനാ സാക്ഷരത വ്യാപകമാകേണ്ടത് ആവശ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി 2018 നവംബർ 26 മുതൽ 2019 ജനുവരി 26 വരെ ഭരണഘടനാ സംരക്ഷണയജ്ഞമായി വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നവോത്ഥാന മൂല്യങ്ങളും ഭരണഘടനാ തത്വങ്ങളും ആലേഖനം ചെയ്തിട്ടുള്ള പ്രദർശനവാഹനങ്ങൾ എല്ലാ ഹൈസ്കൂളുകളും സന്ദർശിക്കുകയും വിദ്യാർത്ഥികൾക്കായി പ്രശ്നോത്തരി സംഘടിപ്പിക്കുകയും ചെയ്യും. വിക്ടേഴ്സ് ചാനൽ ഇതിന്റെ പ്രാധാന്യം പ്രസരിപ്പിക്കുന്ന തരത്തിലുള്ള വസ്തുതകൾ പ്രക്ഷേപണം ചെയ്യും. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും പി.ആർ.ഡി. -യും തയ്യാറാക്കുന്ന പുസ്തകം എല്ലാ വിദ്യാലയങ്ങളിലും വിതരണം ചെയ്യും. ഈ പുസ്തകങ്ങൾ വിദ്യാർത്ഥികൾ വഴി രക്ഷിതാക്കളിലും അങ്ങനെ പൗരസമൂഹത്തിലും പ്രചരിപ്പിക്കാനും മെച്ചപ്പെട്ട ഒരു നവോത്ഥാന ചിന്താധാര രൂപപ്പെടുത്താനും കഴിയും.

**സാംസ്കാരിക സംഘടനകൾക്കുള്ള സർക്കാർ ധനസഹായം**

81 (868) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കലാസാംസ്കാരിക സംഘടനകൾ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാംസ്കാരിക സംഘടനകൾക്ക് എല്ലാ വർഷവും എത്ര രൂപ വീതം ധനസഹായം നൽകാറുണ്ട്; കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംഘടനകൾ സർക്കാർ ധനസഹായം അനാവശ്യമായി ധൂർത്തടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ സാംസ്കാരിക സംഘടനകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തിവരുന്ന സംഘടനകൾ/ സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റായി 2015-16 സാമ്പത്തിക വർഷത്തിൽ 52,64,000 രൂപയും 2016-17-ൽ 58,00,000 രൂപയും 2017-18-ൽ 64,60,000 രൂപയും നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം**

82 (869) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സവർണ്ണ മേൽക്കോയ്മയിൽ അധിഷ്ഠിതമായ പൗരോഹിത്യ കല്പനകളെ ജനാധിപത്യ സംവിധാനത്തിലെ നീതിന്യായ വ്യവസ്ഥയ്ക്ക് ഉപരിയായി പ്രതിഷ്ഠിക്കണമെന്ന് അസഹിഷ്ണത മുഖമുദ്രയായിട്ടുള്ള ഫാസിസ്റ്റ് സ്വഭാവമുള്ള വർഗ്ഗീയവാദികൾ പുരോഗമന കേരളത്തോട് ശഠിക്കുന്നു എന്ന് ആക്ഷേപമുള്ള ഇക്കാലത്ത് സാംസ്കാരിക വകുപ്പ് ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ വാർഷികം ആഘോഷിക്കാൻ നിശ്ചയിച്ചതിന്റെ പ്രാധാന്യം വിശദമാക്കാമോ;

(ബി) ഗോവിന്ദ് പൻസാരയെയും കൽബുർഗിയെയും ഗൗരിലങ്കേഷിനെയും ഇല്ലാതാക്കുകയും പെരുമാൾ മുരുകനെ നിശബ്ദനാക്കുകയും ചെയ്ത ഹിംസയുടെയും അസഹിഷ്ണതയുടെയും പ്രണേതാക്കൾ കേരളീയ സമൂഹത്തിൽ കുരീപ്പുഴ ശ്രീകുമാറിനെയും എസ്.ഹരീഷിനെയും സുനിൽ പി .ഇളയിടത്തിനെയും പോലുള്ളവർക്കെതിരെ ഭീഷണിയുയർത്തുമ്പോൾ സംവാദത്തിന്റെ പൊതുഇടങ്ങൾ സൃഷ്ടിക്കാനായി സാംസ്കാരിക വകുപ്പ് നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഈ സാഹചര്യത്തിൽ ഭരണഘടന മൗലിക കർത്തവ്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ശാസ്ത്രീയ കാഴ്ചപ്പാടും മാനവികതയും സാമൂഹിക പരിഷ്കരണത്തിനുള്ള മനോഭാവവും വികസിപ്പിക്കുന്നതിനായി അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം രൂപീകരിക്കാൻ തയ്യാറാകുമോ; വിശദീകരിക്കുമോ ?

## ഉത്തരം

(എ) പൗരന്മാർക്കെല്ലാം സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുകയും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുന്നതുമായ പരമാധികാര സ്ഥിതി സമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായാണ് ഭാരതത്തിന്റെ ഭരണഘടന നമ്മുടെ രാഷ്ട്രത്തെ വിഭാവന ചെയ്യുന്നത്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം അന്ധവിശ്വാസങ്ങളും അനാചരങ്ങളും നിറഞ്ഞ ഒരു സാമൂഹികാവസ്ഥയിൽ നിന്നുമാറി ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഒരു ആധുനിക സമൂഹത്തിലേയ്ക്കെത്തിയത് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരായി നിരവധി ധാരകളിലായി നടന്ന നവോത്ഥാന പ്രക്രിയയിലൂടെയാണ്. അതിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് 1936-ലെ ക്ഷേത്ര പ്രവേശന വിളംബരം. നവോത്ഥാനമൂല്യങ്ങൾക്കും ഭരണഘടനാ മൂല്യങ്ങൾക്കുമെതിരായ പ്രവണതകൾ തിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സാംസ്കാരിക വകുപ്പ്, വിവര പൊതുജന സമ്പർക്ക വകുപ്പ്, പുരാരേഖാ വകുപ്പ്, പുരാവസ്തു വകുപ്പ് എന്നിവ ചേർന്ന് ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം ആഘോഷിച്ചത്.

(ബി) എല്ലാത്തരം അസഹിഷ്ണുതകൾക്കുമെതിരെ അഭിപ്രായ സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്ന ബഹുസ്വരതയുടെ സന്ദേശം പ്രചരിപ്പിക്കുന്ന സംവാദ മണ്ഡലങ്ങൾ സൃഷ്ടിക്കണമെന്നതു തന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിനായി വിവിധ മേഖലകളിൽ വിവിധ രീതികളിൽ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. നവോത്ഥാന നായകരേയും അവരുടെ സംഭാവനകളേയും അനുസ്മരിക്കുന്ന വിവിധ പരിപാടികൾ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. 'നമുക്ക് ജാതിയില്ലാ വിളംബരം', സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികാചാരണം, മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികം, ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം എന്നിവ ഇവയിൽ ചിലതാണ്. ഈ പരിപാടികൾ ജില്ലാതലത്തിൽക്കൂടി സംഘടിപ്പിക്കുകയും വിവിധ സ്ഥലങ്ങളിൽ ചർച്ചകളും സംവാദങ്ങളും നടത്തുകയുമുണ്ടായി.

(സി) അന്ധവിശ്വാസങ്ങളും അനാചരങ്ങളും തടയുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്ന വിഷയം ആഭ്യന്തരവകുപ്പ് പരിശോധിച്ചുവരുന്നു.

**ക്ഷേത്രപ്രവേശന വിളംബര വാർഷികാഘോഷം**

83(870) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രപ്രവേശന വിളംബര വാർഷികാഘോഷവുമായി ബന്ധപ്പെട്ട് 2016, 2017 വർഷങ്ങളിൽ സർക്കാർ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനുവേണ്ടി ചെലവഴിച്ച തുക വർഷം തിരിച്ച് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2018-ൽ ക്ഷേത്രപ്രവേശന വിളംബര വാർഷികവുമായി ബന്ധപ്പെട്ട് സർക്കാർ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷങ്ങളിൽ സാംസ്കാരിക വകുപ്പ് ക്ഷേത്രപ്രവേശന വിളംബര വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പ് എല്ലാ വർഷവും ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ് പദ്ധതി നടത്തിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ നവോത്ഥാനത്തിലധിഷ്ഠിതമായ നിരവധി പരിപാടികൾ നടത്തിവരുന്നു. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികം വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷിക പരിപാടിയായി വിവേകാനന്ദ സ്പർശം, മഹാത്മാഗാന്ധിയുടെ 70-ാം ചരമവാർഷികത്തിന്റെ ഭാഗമായി രക്തസാക്ഷ്യം, ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം എന്നിവ ഇത്തരത്തിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ്, വിവര പൊതുജന സമ്പർക്ക വകുപ്പ്, പുരാരേഖാ വകുപ്പ്, പുരാവസ്തു വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ നവംബർ 9 മുതൽ 13 വരെ തലസ്ഥാനത്തും 13 ജില്ലകളിലും ഡ്യൂഡൽഹിയിലും നവോത്ഥാന ചരിത്ര പ്രദർശനം, സെമിനാറുകൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം പുസ്തക പ്രസിദ്ധീകരണം, ഡോക്യുമെന്ററി പ്രകാശനവും പ്രദർശനവും തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടികളുടെ നടത്തിപ്പിനായി 23-11-2018-ലെ കണക്ക് പ്രകാരം വിവര പൊതുജന സമ്പർക്ക വകുപ്പ് ഇതുവരെ 31,25,000 രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയഞ്ചായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ ക്ഷേത്രപ്രവേശന വിളംബര വാർഷികാഘോഷ പരിപാടികൾ

സംഘടിപ്പിക്കുന്നതിന് സാംസ്കാരിക സ്ഥാപനങ്ങൾ 6,52,331 രൂപ (ആറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി മുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

**ഭരത് മുരളി നാടക പഠന കേന്ദ്ര നിർമ്മാണം**

84 (871) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം കുടവട്ടൂരിൽ ഭരത് മുരളി നാടക പഠന കേന്ദ്രം നിർമ്മിക്കുന്നതിനായി എത്ര തുക അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) വെളിയം കുടവട്ടൂരിൽ ഭരത് മുരളി നാടക പഠന കേന്ദ്രം നിർമ്മിക്കുന്നതിനായി 23-3-2018-ലെ സ.ഉ. (സാധാ.) നമ്പർ. 212/18/സാം.കാ.വ. പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയത് COSTFORD (Center of Science & Technology For Rural Development ആണ്.

(സി) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി നിയമിച്ച വെളിയം ഗ്രാമപഞ്ചായത്ത് കോസ്റ്റ് ഫോർഡുമായി കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**തലശ്ശേരിയിലെ തെയ്യം കല അക്കാദമിയും ഒയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയും**

85 (872) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19-ലെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളായ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി, തെയ്യം കല അക്കാഡമി എന്നിവയുടെ പ്രവൃത്തി പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി, തെയ്യം കല അക്കാദമി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി യഥാസമയം 50 ലക്ഷം രൂപയും 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ടി തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിലേയ്ക്കായി തദ്ദേശസ്വയം ഭരണാധികാരി സാക്ഷ്യപ്പെടുത്തിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സഹിതം വിശദമായ പ്രൊപ്പോസൽ അടിയന്തരമായി ലഭ്യമാക്കുവാൻ ചൊക്ലി ഗ്രാമപഞ്ചായത്തിനും എരിഞ്ഞോളി ഗ്രാമപഞ്ചായത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് തുക അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**തടുക്കശ്ശേരി വിവേകോദയ സാംസ്കാരിക സമുച്ചയ നിർമ്മാണം**

86(873) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്ന കോങ്ങാട് നിയോജകമണ്ഡലത്തിലെ തടുക്കശ്ശേരി വിവേകോദയ സാംസ്കാരിക സമുച്ചയ നിർമ്മാണം, കണ്ടലശ്ശേരി വാദ്യകലാ പൈതൃക കേന്ദ്രം എന്നീ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

ടി പദ്ധതികൾക്ക് ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ യാതൊരുവിധ പ്രൊപ്പോസലുകളും സർക്കാരിൽ ലഭ്യമായിട്ടില്ല.

**സാംസ്കാരിക അവബോധം വർദ്ധിപ്പിക്കാൻ നടപടി**

87(874) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നവോത്ഥാന ചരിത്രത്തെക്കുറിച്ചും നവോത്ഥാന - പുരോഗമന മൂല്യങ്ങളെക്കുറിച്ചും ജനങ്ങൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കുന്നതിന് വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുമോ;

(ബി) ഈ വിഷയങ്ങളിൽ എല്ലാ ജില്ലകളിലും ശിൽപ്പശാലകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിന്റെ നവോത്ഥാന ചരിത്രത്തെക്കുറിച്ചും പുരോഗമന മൂല്യങ്ങളെക്കുറിച്ചും ജനങ്ങൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കാൻ ബഹുമുഖങ്ങളായ കർമ്മപദ്ധതികൾ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി എല്ലാ മേഖലകളിലും പ്രവർത്തനം ആവശ്യമായിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, ഇക്കാര്യം മുൻനിർത്തി പ്രവർത്തിക്കുന്ന സ്വതന്ത്ര സംഘടനകൾ എന്നിവയെയെല്ലാം ആകാവുന്ന രീതിയിൽ സഹായിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിനായുള്ള നടപടികൾ പലതലങ്ങളിൽ സർക്കാർ ഏറ്റെടുത്ത് വരികയാണ്.

കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകർന്നതും അയിത്തോച്ചാടന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തിപകർന്നതുമായ നമുക്ക് ജാതിയില്ലാ വിളംബരം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം എന്നിവ സമുചിതമായി ആഘോഷിക്കുകവഴി ശക്തമായ സന്ദേശം സമൂഹത്തിന് നൽകുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാനവികതയും മതമൈത്രിയും ഉയർത്തിപ്പിടിച്ച് രക്തസാക്ഷിത്വം വരിച്ച മഹാത്മജിയുടെ സ്മരണ ഉണർത്തുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടി നടപ്പിലാക്കിവരികയാണ്. 2018 നവംബർ 9 മുതൽ 12 വരെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം 'തമസോ മാ ജ്യോതിർ ഗമയ' എന്ന പേരിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം 'നവോത്ഥാനം, ഭരണഘടന, കുട്ടികളുടെ അവകാശം' എന്ന പ്രത്യേക പരിപാടി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നവംബർ 26 മുതൽ ജനുവരി 26 വരെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടത്താനും തീരുമാനിച്ചിട്ടുണ്ട്. സോഷ്യൽമീഡിയ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെയും നവോത്ഥാന ചരിത്രവും നവോത്ഥാന മൂല്യങ്ങളും സംബന്ധിച്ച അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

എല്ലാ ജില്ലകളിലും ശില്പശാലകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവയെല്ലാം സംഘടിപ്പിച്ചുകൊണ്ട് ഈ ലക്ഷ്യത്തെ സഹായിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

## കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്റർ നിർമ്മാണം

88 (875) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന തിയേറ്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തിയേറ്ററിന് എത്ര കോടി രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്ഥലത്താണ് സിനിമാ തീയേറ്ററുകൾ നിർമ്മിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) തിയേറ്റർ നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്റർ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര നഗരസഭ കൈമാറുന്ന സ്ഥലത്ത് തിയേറ്റർ നിർമ്മിക്കുന്നതിലേയ്ക്കായി M/s. KITCO മുഖാന്തരം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു.

(സി) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിൽ ആധുനിക സൗകര്യങ്ങളോടെ 160 സീറ്റുകളുള്ള ഒരു തിയേറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) തിയേറ്റർ നിർമ്മാണത്തിനായി തയ്യാറാക്കി സമർപ്പിക്കുന്ന ഡി.പി.ആർ.-കളുടെ വിശദ പരിശോധനകൾക്കുശേഷം മാത്രമെ കിഫ്ബി അംഗീകാരം ലഭിക്കുകയുള്ളൂ. അംഗീകാരം ലഭ്യമാകുന്നതിനുവേണ്ടിയുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## കായംകുളത്തെ മൾട്ടിപ്ലക്സ് തീയേറ്റർ

89(876) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് നിർമ്മിക്കുന്ന മൾട്ടിപ്ലക്സ് തീയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത തീയേറ്റർ കോംപ്ലക്സിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്റർ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കായംകുളം നഗരസഭ കൈമാറിയിട്ടുള്ള സ്ഥലത്ത് മൾട്ടിപ്ലക്സ് തീയേറ്റർ നിർമ്മാണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) നിർദ്ദിഷ്ട കായംകുളം മൾട്ടിപ്ലക്സ് തീയേറ്റർ കോംപ്ലക്സിൽ 152 വീതം ഇരിപ്പിടങ്ങളുള്ള രണ്ട് തീയേറ്ററുകളും 200 ഇരിപ്പിടങ്ങളുള്ള ഒരു തീയേറ്ററുമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ടി തീയേറ്ററുകളിൽ ഏറ്റവും ആധുനിക ശബ്ദക്രമീകരണമായ അറ്റ്മോസ് ശബ്ദ സംവിധാനം, മികച്ച ശീതീകരണ സംവിധാനം, പുഷ്ബാക്ക് സീറ്റുകൾ, 4K പ്രൊജക്ഷൻ സംവിധാനം, മികച്ച ടോയ്‌ലെറ്റ് സൗകര്യം തുടങ്ങി അത്യാധുനിക രീതിയിലുള്ള സംവിധാനങ്ങളാണ് പ്രേക്ഷകർക്കായി ഒരുക്കുന്നത്. ഇതിനുപുറമെ 200 sq.m-ൽ ഷോപ്പിംഗ് സംവിധാനവും വിഭാവനം ചെയ്തിട്ടുണ്ട്.

**സിനിമാരംഗത്തുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുവാൻ കമ്മീഷൻ**

90(877) <u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. കെ. എം. ഷാജി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാരംഗത്തു സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കാൻ സർക്കാർ കമ്മീഷനെ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ ഈ കമ്മീഷനോട് എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്;

(സി) സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇന്റേണൽ കംപ്ലയ്ന്റ് കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സിനിമാ രംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. മുൻ ഹൈക്കോടതി ജസ്റ്റിസായ ശ്രീമതി കെ. ഹേമ അദ്ധ്യക്ഷയും ശ്രീമതി വത്സലാ കുമാരി, ശ്രീമതി ശാരദ എന്നിവർ അംഗങ്ങളുമായ ഒരു സമിതി 1-7-2017-ലെ സ.ഉ. (കൈ) നമ്പർ 16/2017/സാം.കാ.വ. ഉത്തരവ് പ്രകാരം രൂപീകരിക്കുകയും 16-11-2017-ലെ സ.ഉ. (സാധാ) നമ്പർ 661/2017/സാം.കാ.വ. ഉത്തരവ് പ്രകാരം സമിതിയുടെ കാലാവധി, വിഷയങ്ങൾ എന്നിവ നിർണ്ണയിച്ച് ഉത്തരവാകുകയും ആയതുപ്രകാരം പ്രവർത്തിച്ചുവരികയും ചെയ്യുന്നു. സമിതിക്ക് ആറ് മാസക്കാലയളവാണ് കാലാവധി നിശ്ചയിച്ച് നൽകിയിരുന്നത്. എന്നിരുന്നാലും റിപ്പോർട്ട് സമർപ്പിക്കുവാൻ സാവകാശം വേണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 2-7-2018-ലെ സ.ഉ. (കൈ) 25/2018/സാം.കാ.വ. ഉത്തരവ് പ്രകാരം കാലാവധി 2018 മേയ് 16 മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ കാലാവധി നവംബറിൽ അവസാനിക്കുമെന്നതിനാൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നീട്ടിനൽകണമെന്ന് സമിതി അദ്ധ്യക്ഷ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. സിനിമാ നിർമ്മാണ കേന്ദ്രങ്ങളെയും നിർമ്മാണവേളകളെയും തൊഴിൽസ്ഥലത്തെ ലൈംഗിക തൊഴിൽ പീഡന നിയമം 2013-ന്റെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശം നിർദ്ദിഷ്ട സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**കേന്ദ്ര വനനയം സംബന്ധിച്ച് സംസ്ഥാന നിലപാട്**

91(878) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങൾ സ്വകാര്യ കുത്തക കമ്പനികൾക്ക് കൈമാറാൻ വ്യവസ്ഥ ചെയ്യുന്ന പുതിയ കേന്ദ്ര വനനയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വനപരിപാലനം പ്രോത്സാഹിപ്പിക്കുന്ന കരട് കേന്ദ്രനയം സംബന്ധിച്ച അഭിപ്രായം സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വന ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും വനാശ്രിത ആദിവാസി സമൂഹങ്ങളുടെ അവകാശങ്ങളും ഉപജീവന സാധ്യതകളും

സംരക്ഷിക്കുന്നതിനുമുള്ള വനനയമാണ് സംസ്ഥാനത്തിന് ആവശ്യം എന്നതുകൊണ്ട് ഇക്കാര്യത്തിലുള്ള അഭിപ്രായം അടിയന്തരമായി കേന്ദ്രത്തെ അറിയിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് നീക്കിവച്ചിട്ടുള്ള തുകയിൽ, പ്രത്യേകിച്ച് കൃഷി സംബന്ധമായും ഗ്രാമവികസനവുമായി ബന്ധപ്പെട്ടുള്ളത്. വനാശ്രിത സമൂഹത്തിനുകൂടി ആനുപാതികമായി ഉപയോഗപ്പെടുത്തണമെന്ന് കരട് നയത്തിൽ പരാമർശി ക്കുന്നുണ്ട്. ഇപ്രകാരം ചെയ്യുന്നത് ഫോറസ്ട്രി സെക്ടറിലേയ്ക്കുള്ള ഫണ്ട് കൂട്ടുന്നതിന് സഹായമാകുമെങ്കിലും പ്രതീക്ഷിക്കുന്ന തരത്തിൽ ഉപയോഗപ്രദമാക്കുന്നതിന് നീതി ആയോഗ് വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളും ടി തുക ഫലവത്തായി വിനിയോഗിക്കാൻ വിശാലമായ സമീപനം കൈക്കൊള്ളണമെന്ന അഭിപ്രായമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ നാഷണൽ കമ്മ്യൂണിറ്റി ഫോറസ്റ്റ് മാനേജ്മെന്റ് മിഷൻ ആരംഭിക്കും എന്ന പരാമർശത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളും എപ്രകാരം തുടരും എന്നതിനെക്കുറിച്ച് പരാമർശം ഇല്ലെന്ന വിവരവും പഞ്ചായത്ത് രാജ് വകുപ്പ് ഫോറസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽപ്പോലും ഗ്രാമസഭകളുടെ അഭിപ്രായത്തിനാണ് കൂടുതൽ അംഗീകാരം നൽകുന്നതെന്നും ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് കമ്മിറ്റികളോട് മുഖംതിരിഞ്ഞ മനോഭാവമാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് രാജ് വകുപ്പ് ഒരു വിശാല സമീപനം കൈക്കൊള്ളണമെന്ന അഭിപ്രായവും വനം വകുപ്പും അറിയിച്ചിട്ടുണ്ട്.

(സി) നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് ഏജൻസികളുടെയും സഹായത്തോടെ വനാശ്രിത സമൂഹത്തിന് വനമേഖലയിൽ ജോലിസാധ്യത ലഭ്യമാക്കാൻ ഫോറസ്റ്റ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുമെന്നത് വനാശ്രിത സമൂഹത്തിന്റെ ദൈനംദിന ജീവനോപമാർഗ്ഗം വർദ്ധിപ്പിക്കുന്നതിന് ഉതകുമെന്ന അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**കുമ്പിച്ചൽക്കടവ് പാലം**

92(879) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി വിഭാഗത്തിൽപ്പെട്ട ആൾക്കാർ തിങ്ങിപ്പാർക്കുന്ന അമ്പൂരി ഗ്രാമപഞ്ചായത്തിൽ കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിനായുള്ള കിഫ്ബി പദ്ധതിക്ക് സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

കൈക്കൊണ്ടിട്ടുണ്ട്. അമ്പൂരി ഗ്രാമപഞ്ചായത്തിൽ കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ദേശീയ വന്യജീവി ബോർഡിലേയ്ക്ക് വൈൽഡ് ലൈഫ് ക്ലിയറൻസിനായി ശിപാർശ ചെയ്യുവാൻ 12-11-2018-ന് ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**വിവിധ ആവശ്യങ്ങൾക്കായി വിട്ടുനൽകിയ വനഭൂമി**

93(880) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മെയ് മാസത്തിന് ശേഷം വിവിധ ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഏജൻസികൾക്കുമാണ് വനഭൂമി വിട്ടുനൽകിയിട്ടുള്ളതെന്നും വിട്ടുനൽകിയിട്ടുള്ള വനഭൂമിയുടെ അളവ് എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

2016 മേയ് മാസത്തിനുശേഷം 9.59635 ഹെക്ടർ വനഭൂമി വിട്ടുനൽകിയിട്ടുണ്ട്. 2016 മേയ് മാസത്തിനുശേഷം വിട്ടുനൽകിയ വനഭൂമിയുടെ അളവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| PWD | 1.2282 Ha |
| KSEBL | 6.791 Ha |
| NHAI | 0.082 Ha |
| District Police, Idukki | 0.95 Ha |

| | |
|---|---|
| District Police, Thrissur | 0.07285 Ha |
| District Police, Thiruvananathapuram | 0.2023 Ha |
| Reliance Jio Info Com | 0.02 Ha |
| Anakkampoil HEP | 0.25 Ha |
| Total | 9.59635 Ha |

**തിരുവമ്പാടി മണ്ഡലത്തിലെ വനം കയ്യേറ്റങ്ങൾ**

94(881) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ആനക്കാംപൊയിൽ-മുത്തപ്പൻപുഴ പ്രദേശത്ത് വനം വകുപ്പ് അതിർത്തി നിശ്ചയിച്ച് ജണ്ടയിടുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കർഷകരെയും കൈവശക്കാരെയുംകൂടി വിശ്വാസത്തിലെടുത്തുകൊണ്ട് വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ പരിശോധന നടത്തുന്നതിന് എന്താണ് പ്രയാസം എന്ന് വ്യക്തമാക്കുമോ;

(സി) വിഷയം പരിഹരിക്കുന്നതിന് സംയുക്ത പരിശോധനയ്ക്ക് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) താമരശ്ശേരി റെയ്ഞ്ചിലെ എടത്തറ സെക്ഷനിൽ 45.50 കി.മീ. വനാതിർത്തി ജണ്ട കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ബാക്കിയുള്ള വനാതിർത്തി ജണ്ട നിർമ്മിച്ച് സംരക്ഷിക്കുന്നതിലേയ്ക്ക് സർവ്വേ നടപടികൾ പുരോഗമിക്കുന്നുണ്ട്. മുൻകാലങ്ങളിൽ വനാതിർത്തി കയ്യേറി കൈവശംവച്ചുപോന്നവർ ഇവിടെ പലയിടങ്ങളിലും ജണ്ട നിർമ്മാണത്തിന് തടസ്സം നിൽക്കുന്നുണ്ട്. ഈ പ്രദേശത്ത് സർവ്വേ നമ്പർ 163/112-ൽ (വി.എഫ്.സി. ഐറ്റം 133) ഹൈലൈഫ് ആയുർവേദിക് മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്ന സ്ഥാപനം വനഭൂമി കയ്യേറി ഒരു റിസോർട്ട് സ്ഥാപിച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് ആയത് ഒഴിപ്പിച്ചിട്ടുണ്ട്.

(ബി&സി) നിക്ഷിപ്ത വനത്തിൽ അംഗീകരിച്ച് സർവ്വേ സ്കെച്ച് ഉപയോഗിച്ച് ഫോറസ്റ്റ് മിനി സർവ്വേയിൽ നിന്നുള്ള സർവ്വേയർമാരാണ് വനാതിർത്തിയുടെ

സർവ്വേ നടത്തുന്നത്. ജി.ഒ. (എം.എസ്.) നമ്പർ 655/89/റവ. തീയതി 31-8-1989 ഉത്തരവിലാണ് സംയുക്ത പരിശോധന നടത്തുന്നതിന്റെ നടപടികൾ വ്യക്തമാക്കിയിട്ടുള്ളത്. മേൽഉത്തരവ് പ്രകാരം 1991 കാലത്ത് സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. സംയുക്ത പരിശോധന വീണ്ടും നടത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**അമ്പൂരി-ചാക്കപ്പാറ-പുരവിമല റോഡിന് വനം വകുപ്പ് അനുമതി**

95(882) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിൽ ചാക്കപ്പാറ വാർഡിൽ സാഗി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച അമ്പൂരി-ചാക്കപ്പാറ-പുരവിമല റോഡ് നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടായിരത്തോളം വരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനകരമായ പ്രസ്തുത റോഡ് നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിലെ ചാക്കപ്പാറ വാർഡിലെ അമ്പൂരി-ചാക്കപ്പാറ-പുരവിമല റോഡ് നിർമ്മാണത്തിന് സംസ്ഥാന വനം വകുപ്പിന് അനുമതി നൽകുവാൻ അധികാരമില്ലാത്തതാണ്. ആയതിന് കേന്ദ്രാനുമതി ആവശ്യമാണ്. ടി റോഡ് നെയ്യാർ വന്യജീവി സങ്കേതത്തിലെ വിവിധ ആദിവാസി സെറ്റിൽമെന്റുകളിൽ കൂടിയാണ് കടന്നുപോകുന്നത്. ടി റോഡിന് ഉദ്ദേശം 9 കി.മീ. നീളവും 3.5 മീറ്റർ വീതിയുമാണുള്ളത്. ടി റോഡ് 6 മീറ്റർ വീതിയിൽ നിർമ്മിച്ച് ടാർ ചെയ്യുന്നതിനാണ് യൂസർ ഏജൻസിയായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ്, പട്ടം അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. അതിന് ഉദ്ദേശം 5.4 ഹെക്ടർ വനഭൂമി ആവശ്യമായി വരുന്നുണ്ട്. വനാവകാശ നിയമം 2006 പ്രകാരമുള്ള അപേക്ഷ 27-9-2018-ന് ലഭിച്ചിട്ടുണ്ട്. എന്നാൽ വനാവകാശ നിയമം 2006 പ്രകാരം ഒരു ഹെക്ടർ വരെയുള്ള വനഭൂമി മാത്രമെ ഒരു സംഗതിക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. ടി വിവരം എക്സിക്യൂട്ടീവ് എഞ്ചിനീയറെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ടി റോഡിനായി ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട്, 1980 പ്രകാരമുള്ള യൂസർ ഏജൻസിയുടെ അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ഇക്കാര്യത്തിൽ 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമമനുസരിച്ച് യൂസർ ഏജൻസി അപേക്ഷിക്കേണ്ടതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുമുണ്ട്. എന്നാൽ ഇതുവരെയും യൂസർ ഏജൻസി അപേക്ഷിച്ചിട്ടില്ല. വന്യജീവി സങ്കേതത്തിൽ കൂടിയുള്ള റോഡ് നിർമ്മാണത്തിന് 1972-ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരമുള്ള അനുമതിയും ആവശ്യമാണ്.

## മണിയാർ-കട്ടച്ചിറ റോഡിന്റെ നിർമ്മാണം

96 (883) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാരാളം ജനങ്ങൾ ഉപയോഗിക്കുന്നതും വനത്തിലൂടെയുള്ളതുമായ മണിയാർ- കട്ടച്ചിറ റോഡിന്റെ നിർമ്മാണത്തിന് എത്ര രൂപയാണ് വനം വകുപ്പ് അനുവദിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം ടി പ്രവൃത്തിക്കായി ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി) 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വരുന്നതിനുമുമ്പുള്ള Kutcha ഫോറസ്റ്റ് റോഡുകൾ Pucca റോഡാക്കി മാറ്റുന്നതിന് 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമുള്ള പാരിസ്ഥിതിക അനുമതി ആവശ്യമാണ്. 1980-നുശേഷം നിലവിൽ വന്ന ഫോറസ്റ്റ് റോഡുകൾ വികസിപ്പിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതികൂടി ആവശ്യമാകുന്നു.

## നെല്ലിയാമ്പതിയിലും പറമ്പിക്കുളത്തും വീൽട്രാക്ക് നിർമ്മാണം

97(884) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ തകർന്ന നെല്ലിയാമ്പതിയിലെ ആനമട റോഡിലും, പറമ്പിക്കുളത്തെ പൂപ്പാറ കോളനി റോഡിലും വീൽട്രാക്ക് പണിയുന്നതിന് വനം വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളിൽ വീൽട്രാക്ക് പണിയുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നെന്മാറ വനം ഡിവിഷന് കീഴിലെ നെല്ലിയാമ്പതിയിലെ ആനമട റോഡിൽ വീൽട്രാക്ക് പണിയുന്നതിന് വനം വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ പറമ്പിക്കുളം കടുവാ സങ്കേതത്തിനുകീഴിലെ എർത്ത്ഡാം മുതൽ പൂപ്പാറ വരെയുള്ള റോഡിൽ വീൽട്രാക്ക് ചെയ്യുന്നതിന് വനം വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് ടി പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ളത്.

(ബി) 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽവരുന്നതിന് മുമ്പുള്ള Kutcha ഫോറസ്റ്റ് റോഡുകൾ Pucca റോഡാക്കി മാറ്റുന്നതിന് 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരമുള്ള പാരിസ്ഥിതിക അനുമതി ആവശ്യമാണ്. 1980-നുശേഷം നിലവിൽവന്ന ഫോറസ്റ്റ് റോഡുകൾ വികസിപ്പിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതികൂടി ആവശ്യമുണ്ട്.

നാഷണൽ പാർക്ക്, ദേശീയോദ്യാനങ്ങൾ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മേൽവിവരിച്ചത് കൂടാതെ സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരമുള്ള ദേശീയ വന്യജീവി ബോർഡിന്റെ മുൻകൂർ അനുമതി നേടേണ്ടതുണ്ട്.

**മറയൂരിൽ റാപ്പിഡ് റെസ്പോൺസ് ടീം**

98 (885) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂരിൽ ചന്ദനമോഷണം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറയൂർ ഡിവിഷൻ എന്നാണ് നിലവിൽവന്നതെന്നും പ്രസ്തുത ഡിവിഷൻ രൂപീകൃതമായ സമയത്തുള്ള സ്റ്റാഫ് സ്ട്രെംഗ്ത് തന്നെയാണോ ഇപ്പോഴും അവിടെയുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ മറയൂർ ഡിവിഷനിൽ എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മറയൂരിലെ വന്യമൃഗ ഭീഷണിയും ചന്ദനമോഷണവും നേരിടുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമിന് രൂപംനൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 18-7-2005-ലാണ് മറയൂർ ചന്ദന ഡിവിഷൻ നിലവിൽവന്നത്. ഡിവിഷൻ രൂപീകൃതമായ സമയത്തുള്ള സ്റ്റാഫ് സ്ട്രെംഗ്തല്ല ഇപ്പോൾ നിലവിലുള്ളത്.

(സി) മറയൂർ ഡിവിഷനിൽ നിലവിൽ 50 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരാണുള്ളത്.

(ഡി) ഇല്ല. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പരിസ്ഥിതിലോല മേഖല മാനദണ്ഡങ്ങളിൽ ഭേദഗതി**

99(886) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി മാത്രം കണക്കാക്കിയും ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കിയും പരിസ്ഥിതിലോല മേഖല (ഇ.എസ്.എ.) യ്ക്കുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം- I വില്ലേജിനെ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയിൽനിന്നും ഒഴിവാക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പരിസ്ഥിതിലോല മേഖലയ്ക്കുള്ള ശിപാർശകൾ പരിസ്ഥിതി വകുപ്പിൽ നിന്നുമാണ് നൽകുന്നത്. കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളെ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും എത്രയുംവേഗം അന്തിമവിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് പരിസ്ഥിതി വകുപ്പ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷിപ്ത വനങ്ങൾ, സംരക്ഷിത മേഖലകൾ, ലോക പൈതൃക പ്രദേശങ്ങൾ എന്നിവയെ മാത്രമെ പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഉൾപ്പെടുത്താവൂ എന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

**വഴിയോര തണൽ പദ്ധതി**

100(887) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോര തണൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം പുതിയവ നട്ടുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വഴിയോര തണൽ പദ്ധതിക്കായി ഓരോ വർഷവും നീക്കിവച്ച തുകയും ചെലവാക്കിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വഴിയോരത്തണൽ പദ്ധതി പ്രകാരം റോഡുകളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു. പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിലുള്ള പന്തളം ഭാഗത്ത് വഴിയോരത്തണൽ പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച തൈകളെല്ലാം ഈ വർഷമുണ്ടായ പ്രളയത്തിൽ നശിച്ചു പോയിട്ടുള്ളതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ ജലസേചനം നടത്തിയും ട്രീ ഗാർഡ് സ്ഥാപിച്ച് സംരക്ഷിക്കുകയും മൂന്നുവർഷം വരെ പരിചരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

(സി) നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം പുതിയവ നട്ടുപിടിപ്പിക്കുന്നതിന് (കാഷ്വാലിറ്റി റീപ്ലേസ്മെന്റ്) നടപടി സ്വീകരിക്കാറുണ്ട്. പത്തനംതിട്ട ജില്ലയിൽ നശിച്ചുപോയ തൈകൾക്ക് പകരം അടുത്ത പ്ലാന്റിംഗ് സീസണിൽ ഒരു വർഷം പ്രായമായ തൈകൾ നടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വഴിയോരത്തണൽ പദ്ധതിക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എന്നാൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയിൽനിന്നും സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ വഴിയോരത്തണൽ പദ്ധതിക്കായി നീക്കിവയ്ക്കുകയും ചെലവാക്കുകയും ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക ലക്ഷത്തിൽ

| 2016-17 | | 2017-18 | | 2018-19 | |
|---|---|---|---|---|---|
| നീക്കിവച്ച തുക | ചെലവാക്കിയ തുക | നീക്കിവച്ച തുക | ചെലവാക്കിയ തുക | നീക്കിവച്ച തുക | ചെലവാക്കിയ തുക |
| 19.53 | 17.58 | 21.14 | 20.45 | 48.66 | 39.03 |

## നിലയ്ക്കലിൽ ചെക്ക് പോസ്റ്റ്

101 (888) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകരുടെ വാഹനങ്ങൾ തടഞ്ഞ് പരിശോധിക്കുന്നതിനായി വനം വകുപ്പ് നിലയ്ക്കലിൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ വനം വകുപ്പിന്റെ ഏത് ഓഫീസിനുകീഴിലാണ് പ്രസ്തുത ചെക്ക് പോസ്റ്റ് സ്ഥാപിച്ചിരിക്കുന്നതെന്നും പ്രസ്തുത ചെക്ക് പോസ്റ്റ് സ്ഥാപിച്ചതുമുതൽ നാളിതുവരെ എത്ര വാഹനങ്ങൾ പരിശോധിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത വാഹന പരിശോധന ശബരിമല തീർത്ഥാടകർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകരുടെ വാഹനങ്ങൾ തടഞ്ഞ് പരിശോധിക്കുന്നതിനായി വനംവകുപ്പ് നിലയ്ക്കലിൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടില്ല. എന്നാൽ അതിശക്തമായ പ്രളയത്തിൽ പമ്പയിൽ അടിഞ്ഞുകൂടിയ മണൽ കടത്ത് തടയുന്നതിനും വനം-വന്യജീവി സംബന്ധമായ കുറ്റകൃത്യങ്ങൾ തടയുന്നതിനും വേണ്ടിയാണ് വനം വകുപ്പ് നിലയ്ക്കലിൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടുള്ളത്.

(ബി) റാന്നി ഡിവിഷനിലെ ഗൂഡ്രിക്കൽ റെയ്ഞ്ചിലെ പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽവരുന്ന നിലയ്ക്കൽ ഭാഗത്താണ് 16-11-2018 മുതൽ ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടുള്ളത്. സർക്കാർ വാഹനങ്ങളും കെ.എസ്.ആർ.ടി.സി. വാഹനങ്ങളും ശബരിമല തീർത്ഥാടകരുടെ വാഹനങ്ങളുമാണ് അതുവഴി കടന്നുപോകുന്നത്. ആയതിനാൽ ടി വാഹനങ്ങൾ പരിശോധന നടത്തിയിട്ടില്ല.

(സി) ശബരിമല തീർത്ഥാടകരുടെ വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധന നടത്താറില്ല. ചെക്ക് പോസ്റ്റ് വഴി കടന്നുപോകുന്നതും തിരികെ വരുന്നതുമായ എല്ലാ വാഹനങ്ങളും നിരീക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. ആയതിനാൽ ശബരിമല തീർത്ഥാടകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടില്ല.

## മുക്കത്ത് സർക്കാർ പോളിടെക്നിക്കിന് വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

102 (889) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കത്ത് അനുവദിച്ച സർക്കാർ പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് താഴക്കോട് വില്ലേജിലെ വനം വകുപ്പിന്റെ അധീനതയിലുള്ള മംഗലശ്ശേരി തോട്ടത്തിലെ അഞ്ച് ഏക്കർ സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം കൈമാറ്റം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; അടിയന്തര പ്രാധാന്യം നൽകി ഇതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ വെബ്പോർട്ടലിൽ FP/KL/Others30248/2017 എന്ന നമ്പരായി ഓൺലൈൻ പ്രൊപ്പോസൽ ഉണ്ട്. ടി വിഷയത്തിന്മേലുള്ള തുടർനടപടികൾ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ ഓഫീസിൽ സ്വീകരിച്ചുവരികയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്കേ സ്ഥലം കൈമാറ്റ നടപടി ചെയ്യുവാൻ കഴിയുകയുള്ളൂ.

## കോതമംഗലം മുനിസിപ്പാലിറ്റി വനം വകുപ്പിന് കൈമാറിയ സ്ഥലം

103 (890) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മുനിസിപ്പിലാറ്റിയുടെ കൈവശമിരുന്ന 75 സെന്റ് സ്ഥലം വനം വകുപ്പിന് കൈമാറിയത് തിരികെ മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കണമെന്ന് കാണിച്ച് കോതമംഗലം മുനിസിപ്പാലിറ്റി സമർപ്പിച്ച നിവേദനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത നിവേദനത്തിൽ എന്ത് തീരുമാന മെടുത്തെന്ന് വ്യക്തമാക്കാമോ;

(ബി) കോതമംഗലം ടൗണിന്റെ ഹൃദയഭാഗത്തുള്ള പ്രസ്തുത 75 സെന്റ് സ്ഥലം മുനിസിപ്പിലാറ്റിയുടെ വികസന പ്രവർത്തനങ്ങൾക്കായി വനം വകുപ്പിൽ നിന്നും വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മുനിസിപ്പാലിറ്റിയുടെ കൈവശമിരുന്ന 75 സെന്റ് സ്ഥലം ഒരു കാലഘട്ടത്തിലും മുനിസിപ്പാലിറ്റിയുടെ കൈവശമായിരുന്നില്ല. എന്നാൽ 1917 മുതൽ വനം വകുപ്പിന്റെ കൈവശത്തിലുള്ള വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള കോതമംഗലം സർക്കാർ തടി ഡിപ്പോയിലെ 75 സെന്റ് സ്ഥലം പാർക്കിംഗ് ഏരിയയ്ക്കായി കോതമംഗലം മുനിസിപ്പാലിറ്റിക്ക് വിട്ടുകൊടുത്തുകൊണ്ട് 7-9-2013-ൽ GO. (Rt.) 4927/2013/RD ആയി റവന്യൂ വകുപ്പിന്റെ ഒരു സർക്കാർ ഉത്തരവ് ഉണ്ടായിട്ടുണ്ട്. ഈ ഉത്തരവിൻ പ്രകാരം ടി 75 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിക്ക് വിട്ടുനൽകിയിരുന്നില്ല. പിന്നീട് 7-9-2017-ലെ GO. (Rt) 3864/2017/RD പ്രകാരം 7-9-2013-ലെ പ്രസ്തുത ഉത്തരവ് പിൻവലിച്ചു. ടി 75 സെന്റ് സ്ഥലം ഉൾപ്പെടുന്ന 5.7 ഏക്കർ (2.3088 ഹെക്ടർ) 1961-ലെ കേരള വന നിയമം 4-ാം വകുപ്പ് പ്രകാരം proposed reserved forest ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി വിജ്ഞാപനം [SRO No. 699/2017 G.O.(P) No. 09/2017/F&WLD തീയതി 4-11-2017] 10-11-2017 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 6 നമ്പർ 2642-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) മറുപടി (എ)-യിൽ വിശദമാക്കിയ പ്രകാരം proposed reserve forest-ന്റെ ഭാഗമാകയാൽ പ്രസ്തുത 75 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്കായി വനം വകുപ്പിൽനിന്നും വിട്ടുനൽകുവാൻ കഴിയുന്നതല്ല. ടി proposed reserve forest സ്ഥലത്താണ് വനം വകുപ്പിന്റെ കോതമംഗലം സർക്കാർ തടി ഡിപ്പോയും കോതമംഗലം ഡിവിഷണൽ ഓഫീസ് ഉൾപ്പെടെ വിവിധ ഓഫീസുകളും സ്റ്റാഫ് ക്വാർട്ടേഴ്സുകളും നിലവിലുള്ളത്. ഡിപ്പോ ഉപയോഗത്തിനുതന്നെ നിലവിലുള്ള സ്ഥലം തികയാത്ത അവസ്ഥയാണുള്ളത്.

**ശബരിമലയിലെ സൗകര്യങ്ങൾ സംബന്ധിച്ച വനം വകുപ്പ് നിലപാട്**

104(891) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ശബരിമലയോട് ശത്രുതാപരമായ നിലപാടാണ് സ്വീകരിക്കുന്നതെന്നും അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനുപോലും വകുപ്പ് ഇടപെടുന്നതായുമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമലയിൽ ഭക്തർക്ക് അത്യാവശ്യ സൗകര്യം ഒരുക്കുന്ന കാര്യത്തിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അത്തരം പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശബരിമല മാസ്റ്റർ പ്ലാനിൽ അനുശാസിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് യാതൊരു നിന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

**വനത്തിനുള്ളിൽ ഉരുൾപൊട്ടൽ**

105(892) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ ഏതൊക്കെ വനത്തിനുള്ളിൽ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വനത്തിനുള്ളിൽ ഉരുൾപൊട്ടിയതിനെ തുടർന്ന് ജനങ്ങൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭാവിയിൽ ഉരുൾപൊട്ടൽ ഉണ്ടായാൽ നേരിടാൻ എന്തൊക്കെ സംവിധാനങ്ങളാണ് വകുപ്പ് തയ്യാറാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 2018-ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ വനത്തിനുള്ളിൽ ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഉണ്ട്. പെരിയാർ വെസ്റ്റ് ഡിവിഷനിൽ ഉരുൾപൊട്ടലുണ്ടായ പ്രദേശത്തോട് ചേർന്നുകിടക്കുന്ന ജനവാസ മേഖലയിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളതും ആയതിന് താഴെപറയും പ്രകാരം ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി വഴി ധനസഹായം നല്കിയിട്ടുള്ളതുമാണ്.

പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക്- 20,000 രൂപ വീതം

50% -ൽ കൂടുതൽ വീട് തകർന്നവർക്ക് - 15,000 രൂപ വീതം

50% -ൽ താഴെ വീട് തകർന്നവർക്ക് - 10,000 രൂപ വീതം

രക്ഷാ പ്രവർത്തനത്തിനിടയിൽ മരണപ്പെട്ട ആളിന്റെ
ആശ്രിതർക്ക് - 2 ലക്ഷം രൂപ

പ്രളയത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് - 25,000 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മണ്ണൊലിപ്പ് കൂടുതൽ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ഉരുൾപൊട്ടിയ സ്ഥലങ്ങളിലും മണ്ണ് സംരക്ഷണത്തിനായി കല്ലുകെട്ടൽ, മണ്ണിനെ ഉറപ്പിച്ചുനിർത്തുന്നതിന് മരമഞ്ഞൾ, മുള തുടങ്ങിയ തൈകൾ വച്ചുപിടിപ്പക്കൽ, മണ്ണൊലിപ്പ് തടയുന്നതിനും മറ്റും ചെക്ക് ഡാം, ഗള്ളി മുതലായവയുടെ നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നു. അശാസ്ത്രീയമായ റോഡ്, ഡാം, കെട്ടിടം എന്നിവയുടെ നിർമ്മാണം നിയന്ത്രിക്കുക, മണൽ, കല്ല് മുതലായവ ഖനനം ചെയ്യുന്നത് നിയന്ത്രിക്കുക മുതലായ മുൻകരുതലുകൾ എടുക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**കാട്ടാനവേട്ട തടയുന്നതിനുള്ള നടപടി**

106 (893) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-ലും, 2018 നാളിതുവരെയും എത്ര വീതം കാട്ടാനകൾ ചരിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ചരിഞ്ഞ കാട്ടാനകളുടെ എണ്ണം എടുത്താൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് അത് കൂടുതൽ എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാട്ടാനകളുടെ മരണം കൂടിവരുന്നതിന്റെ മുഖ്യ കാരണം അവയെ വേട്ടയാടുന്നതാണ് എന്ന മാധ്യമ വാർത്തയിൽ വാസ്തവം ഉണ്ടോ; ഉണ്ടെങ്കിൽ കാട്ടാന വേട്ട അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2017-ൽ 110-ഉം 2018 നാളിതുവരെ 105-ഉം കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കാട്ടാനകളുടെ മരണം കൂടിവരുന്നതിന്റെ മുഖ്യകാരണം അവയെ വേട്ടയാടുന്നതാണെന്ന മാധ്യമ വാർത്തയിൽ വാസ്തവമില്ല. കാട്ടാനകൾ ചരിയുന്നത് കൂടുതലായും വളരെ ചെറിയ പ്രായത്തിലും അല്ലെങ്കിൽ പ്രായാധിക്യവും രോഗവും കാരണമാണ്. എന്നാൽ 2015-ൽ മലയാറ്റൂർ ഡിവിഷൻ പരിധിയിൽ കാട്ടാനവേട്ട നടന്നിട്ടുണ്ട്. ഈ വിഷയത്തിന്മേൽ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വരയാടുകളുടെ സംരക്ഷണം**

107 (894) ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് വരയാടുകളുടെ ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വംശനാശ ഭീഷണി നേരിടുന്ന വരയാടുകളുടെ സംരക്ഷണത്തിനു വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) പേപ്പാറ, നെയ്യാർ, പീച്ചി-വാഴാനി, പറമ്പിക്കുളം സൈലന്റ്‌വാലി, ചിന്നാർ എന്നിവിടങ്ങളിൽ കാണുന്ന വരയാടുകളുടെ ചെറുസംഘങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വരയാടുകളുടെ ആവാസവ്യവസ്ഥ നിരീക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പ്രൊട്ടക്ഷൻ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. അവയുടെ ആവാസകേന്ദ്രം പുൽമേടുകൾ ആയതിനാൽ വേനൽക്കാലത്ത് കാട്ടുതീ പടരാതിരിക്കാൻ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വനപാലകർക്ക് വാഹന സൗകര്യം, വയർലെസ്സ് സൗകര്യം എന്നിവ നൽകിയും, വനത്തിനുള്ളിൽ ക്യാമറാ ട്രാപ്പുകൾ, ആന്റിപോച്ചിംഗ് ഷെഡുകൾ എന്നിവ സ്ഥാപിച്ചും ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ പങ്കാളിത്തത്തോടെ ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ മാനേജ്മെന്റ് പ്ലാൻ നിഷ്കർഷിക്കുന്ന വിധത്തിലുള്ള ആവാസ വ്യവസ്ഥ പുനരുജ്ജീവന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(സി) ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്-സ്പീഷീസ് റിക്കവറി പ്രോഗ്രാം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് ഇരവികുളം ദേശീയോദ്യാനം, സൈലന്റ് വാലി ദേശീയോദ്യാനം എന്നിവിടങ്ങളിലെ വരയാടുകളുടെ ചെറുസംഘങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിലുള്ള ജീവനക്കാരുടെയും ദിവസവേതന വാച്ചർമാരുടെയും സഹകരണത്തോടെ മറ്റ് സംരക്ഷണ പ്രവർത്തനത്തോടൊപ്പം വംശനാശ ഭീഷണി നേരിടുന്ന വരയാടുകളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നുണ്ട്.

## കാട്ടാനകളുടെ സുരക്ഷ

108(895) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകൾ നേരിടുന്ന പീഡനങ്ങൾ വർദ്ധിച്ചുവരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാട്ടാനകളെ ജില്ലയ്ക്ക് പുറത്ത് കൊണ്ടുപോകുമ്പോൾ മണിക്കൂറുകളോളം നടത്തിയും വാഹനങ്ങളിൽ കയറ്റിയും കൊണ്ടുപോയി പീഡിപ്പിക്കുന്നത് തടയുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ 2012-ലെ കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടം 9-ൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പെർമിറ്റ് നൽകുന്ന വാഹനത്തിൽ മാത്രം കൊണ്ടുപോകുവാനും ആയത് പരിശോധിക്കുന്നതിന് വനം/പോലീസ്/റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരവും നൽകിയിട്ടുണ്ട്. കൂടാതെ നാട്ടാനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിന് വെറ്ററിനറി ഡോക്ടർ ആനയെ പരിശോധിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ട്.

## വന്യജീവികളുടെ ആക്രമണം

109(896) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് മരണപ്പെട്ടവരുടെ എണ്ണം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക നാളിതുവരെ ചെലവഴിച്ചു; നഷ്ടപരിഹാരത്തോത് എപ്രകാരമാണ് കണക്കാക്കപ്പെടുന്നത്; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്രപേർക്ക് പരിക്കേറ്റുവെന്നും എത്ര ഹെക്ടർ

കൃഷിസ്ഥലം നാശം സംഭവിച്ചുവെന്നും എത്ര വീടുകൾ നഷ്ടപ്പെട്ടുവെന്നും പരിക്കേറ്റവർക്കും കൃഷിനാശം സംഭവിച്ചവർക്കും വീട് നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരമായി നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്രപേർ സംസ്ഥാനത്ത് പാമ്പ് കടിയേറ്റ് മരണപ്പെട്ടു; ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക നാളിതുവരെ അനുവദിച്ചു; വിശദമാക്കുമോ;

(ഇ) പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം, വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കും പരിക്കേൽക്കുന്നവർക്കും നൽകിവരുന്ന ധനസഹായം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് മരണപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു. (പാമ്പുകടിയേറ്റുള്ള മരണം ഉൾപ്പെടെ)

| ജില്ല | എണ്ണം |
|---|---|
| 1 | 2 |
| 1. തിരുവനന്തപുരം | 17 |
| 2. കൊല്ലം | 22 |
| 3. കോട്ടയം | 14 |
| 4. പത്തനംതിട്ട | 10 |
| 5. ആലപ്പുഴ | 0 |
| 6. എറണാകുളം | 12 |
| 7. ഇടുക്കി | 15 |
| 8. തൃശ്ശൂർ | 55 |
| 9. പാലക്കാട് | 82 |
| 10. കോഴിക്കോട് | 4 |

| 1 | 2 |
|---|---|
| 11. കണ്ണൂർ | 14 |
| 12. മലപ്പുറം | 31 |
| 13. വയനാട് | 17 |
| 14. കാസർഗോഡ് | 9 |
| ആകെ | 302 |

(ബി) നാളിതുവരെ 4,92,82,500 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/18/വനം പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റവർ | നഷ്ടപരിഹാരമായി നൽകിയ തുക (രൂപ) | വന്യജീവികളുടെ ആക്രമണം മൂലം കൃഷി നാശം (ഹെക്ടർ) | നഷ്ടപരിഹാരമായി നൽകിയ തുക (രൂപ) | വന്യജീവികളുടെ ആക്രമണം മൂലം വീട്നാശം (എണ്ണം) | നഷ്ട പരിഹാരമായി നൽകിയ (രൂപ) |
|---|---|---|---|---|---|
| 1985 | 5,65,06,808 | 8542 | 10,46,23,016 | 365 | 64,67,488 |

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ 256 പേർ പാമ്പുകടിയേട് മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ കുടുംബങ്ങൾക്ക് 20150 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ഇ) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/18/വനം പ്രകാരം വനത്തിനകത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയും കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ)-യും, പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും) നൽകി വരുന്നു.

## വന്യജീവി ആക്രമണം

110(897) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിലെ വിവിധ ഡിവിഷനുകളുടെ കീഴിലുള്ള ജനവാസ മേഖലകളിൽ വന്യമൃഗശല്യം തടയുന്നതിനായി സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും മുമ്പ് നിർമ്മിച്ചവയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളത്തിനായി വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങി മനുഷ്യ-വന്യജീവി സംഘർഷം സൃഷ്ടിക്കുന്നത് തടയുന്നതിനും വന്യമൃഗങ്ങൾക്ക് കുടിവെള്ളവും ഭക്ഷണവും ലഭ്യമാക്കുന്നതിനുമായി ചെക്ക് ഡാമുകളും കുളങ്ങളും നിർമ്മിക്കുകയും വനത്തിൽ മുളകൾ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം പൊതുജനങ്ങളെ അറിയിക്കുന്നതിന് ജനപങ്കാളിത്തത്തോടെ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ചുവരുന്നു. റെയിൽ ഫെൻസിംഗ്, സൗരോർജ്ജ വേലികൾ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ എന്നിവ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നത് മുൻകൂട്ടി അറിയിക്കുന്നതിന് എസ്.എം.എസ്. അലെർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വന്യജീവി ശല്യം കൂടുതലായുള്ള മേഖലകളിൽ ത്വരിതഗതിയിലുള്ള രക്ഷാപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ക്യാമറാ ട്രാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. വനസംരക്ഷണ ജീവനക്കാരോടൊപ്പംവന്ന സംരക്ഷണ സമിതി അംഗങ്ങൾ, വാച്ചർമാർ, തദ്ദേശവാസികൾ എന്നിവരുടെ സേവനവും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വന്യജീവികളുടെ ആക്രമണം മൂലം മരണം (പാമ്പുകടി ഉൾപ്പെടെ) | വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റവർ | വന്യജീവികളുടെ ആക്രമണം മൂലം കൃഷി നാശം | വന്യജീവികളുടെ ആക്രമണംമൂലം വീട്നാശം | വന്യജീവികളുടെ ആക്രമണം മൂലം കന്നുകാലി നാശം | വന്യജീവികളുടെ ആക്രമണം മൂലം വസ്തു വകകൾ നശിപ്പിച്ചത് |
|---|---|---|---|---|---|
| എണ്ണം | | | | | |
| 302 | 1985 | 16589 | 365 | 601 | 403 |

**മാങ്കുളം ഭാഗത്തെ ആനശല്യം**

111(898) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മാങ്കുളം ഭാഗത്തെ ആനശല്യം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ ആനശല്യം ഒഴിവാക്കുന്നതിന് സജീവമായി ഇടപെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മാങ്കുളം ഭാഗത്തെ ആനശല്യം ഒഴിവാക്കുന്നതിന് വനം വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാങ്കുളം ഡിവിഷന്റെകീഴിൽ വരുന്ന ആനക്കുളം ഭാഗത്ത് ഈറ്റച്ചോലയാറിൽനിന്നും വെള്ളം കുടിക്കാൻ വരുന്ന ആനകൾ കൃഷിഭൂമിയിലേയ്ക്ക് പ്രവേശിച്ച് നാശനഷ്ടങ്ങൾ വരുത്തിയിരുന്നു. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി 1.2 കി. മീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കോഴിയിളകുടി, പെരുമ്പൻകുത്ത് ഭാഗങ്ങളിൽ വന്യമൃഗങ്ങൾ കൃഷിഭൂമിയിൽ അതിക്രമിച്ചുകയറുന്നത് തടയുന്നതിനുവേണ്ടി 1.308 കി. മീറ്റർ നീളത്തിൽ ട്രഞ്ചുകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ ആനക്കുളത്ത് നിർമ്മിച്ചിട്ടുള്ള ക്രാഷ് ഗാർഡ് ഫെൻസിംഗിന്റെ തുടർച്ചയായി 1 കി. മീറ്റർ കൂടി നീളത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാതെ കിടന്ന കോഴിയിളകുടി, പാണ്ഡ്യൻകുടി, വേലിയാംപാറ, സിങ്കുകുടി എന്നീ ഭാഗങ്ങളിലെ സോളാർ ഫെൻസിംഗ് നന്നാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാങ്കുളം ഡിവിഷന്റെ കീഴിലുള്ള വിവിധ സ്ഥലങ്ങളിൽ 23.7 കി.മീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ വന്യജീവി ആക്രമണം

112(899) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഉണ്ടായ നാശനഷ്ടങ്ങൾ എത്ര; അവയ്ക്ക് നൽകിയ നഷ്ടപരിഹാരം എത്ര;

(ബി) വന്യജീവി ആക്രമണം തടയുന്നതിനുള്ള പരിഹാര നടപടികൾ എന്തെല്ലാം; ഇത് സംബന്ധിച്ച് ശാശ്വത പരിഹാരങ്ങൾ സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ 3 വർഷങ്ങളിലായി വന്യജീവി ആക്രമണത്തിൽ താഴെ പറയുന്ന പ്രകാരം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | നഷ്ടപരിഹാരം നല്കിയ തുക |
|---|---|---|---|
| 1 | വിളനാശം | 940 | 63,13,229 |
| 2 | പരിക്ക് | 527 | 1,27,33,783 |
| 3 | മരണം | 14 | 33,07,500 |
| 4 | വളർത്തുമൃഗ നാശം | 24 | 5,46,140 |
| 5 | വസ്തു നാശം | 37 | 1,95,321 |
| | ആകെ | 1542 | 2,30,95,973 |

(ബി) വന്യജീവി ആക്രമണം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കൊട്ടിയൂർ റേഞ്ചിൽ വളയംചാൽ മുതൽ കരിയംകാപ്പ് വരെ 9.25 കി.മീ. ദൂരം ആന പ്രതിരോധ മതിൽ നിർമ്മിക്കുകയും ആയതിന് തുടർച്ചയായി കരിയംകാപ്പ് മുതൽ രാമച്ചി വരെ 2.13 കി.മീ. ആനമതിൽ നിർമ്മിക്കുവാൻ തീരുമാനിച്ചതിൽ 880 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ, 4.50 കി.മീ. എലിഫന്റ് പ്രൂഫ് ട്രഞ്ചും സ്ഥാപിച്ചിട്ടുണ്ട്.

2. നിലവിൽ വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള 120 കി.മീ. സോളാർ പവർ ഫെൻസിംഗ് പ്രവർത്തനക്ഷമമാക്കുന്നതിന് ലൈൻമാൻമാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുകയും പ്രവർത്തനക്ഷമമല്ലാത്ത 33 കി.മീ. നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൊട്ടിയൂർ, തളിപ്പറമ്പ് റെയ്ഞ്ചുകളിലായി വന്യജീവി ആക്രമണം രൂക്ഷമായ വിവിധ പ്രദേശങ്ങളിൽ പുതിയതായി 34.5 കി.മീ ദൂരം സോളാർ പവർ ഫെൻസിംഗ് ചെയ്യുന്നതിനും തളിപ്പറമ്പ് റെയ്ഞ്ചിൽ 9 കി.മീ ദൂരം നിലവിലുള്ള സോളാർ ഫെൻസിംഗ് മെയിന്റനൻസ് ചെയ്യുന്നതിനും നടപടി പൂർത്തിയാക്കിവരുന്നു.

3. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ഭൂമി വിട്ടുനൽകുവാൻ സന്നദ്ധത അറിയിച്ച 127 സ്വകാര്യ കൈവശങ്ങളിലുള്ള 72 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി KIIFB-ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

4. ഇരിട്ടി കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി. യൂണിറ്റിന്റെ പ്രവർത്തന കേന്ദ്രം കാട്ടാനശല്യം രൂക്ഷമായ ആറളം ഫാം മേഖലയിലെ ഓടൻതോട് ഔട്ട്പോസ്റ്റിലേയ്ക്ക് മാറ്റിസ്ഥാപിച്ചിട്ടുണ്ട്.

അടുത്ത കാലത്തായി വന്യജീവി ആക്രമണം കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇത് ഒരു സങ്കീർണ്ണമായ പ്രശ്നമായതിനാൽ സമ്പൂർണ്ണ പരിഹാരം കണ്ടെത്തുക അസാദ്ധ്യമാണ്. ഇതിനായി വനത്തിനടുത്തുനിന്നും ആളുകളെ മാറ്റിപാർപ്പിക്കുന്നതുൾപ്പെടെയുള്ള വിവിധനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നാദാപുരം മണ്ഡലത്തിലെ ആനശല്യം**

113(900) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മലയോര പ്രദേശങ്ങളിൽ ആനകൾ ഇറങ്ങി കൃഷിനാശം ഉണ്ടാക്കി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുമൂലം കർഷകർക്ക് എത്ര രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(ഡി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ഈ കാലയളവിൽ എന്തൊക്കെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആനകൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി തരിപ്പ, ഉറിതുക്കി, അത്തായക്കുത്ത്, ചൂരണി, കരിങ്ങാട്, വൃന്ദാവനം, പൂവ്വാട്ടിക്കൽ എന്നീ ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആനകളെ വിരട്ടിയോടിക്കുന്നതിനായി വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ നാദാപുരം മണ്ഡലത്തിലെ മലയോര പ്രദേശങ്ങളിൽ ആനകളുടെ ആക്രമണം കാരണം ഏകദേശം 12.50 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്.

(ഡി) ഇക്കാലയളവിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് 12,47,768 രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

**വന്യജീവി ആക്രമണത്തിൽനിന്ന് സംരക്ഷണം**

114(901) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽനിന്ന് കൃഷിയെയും കർഷകരെയും സംരക്ഷിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത കാലയളവിൽ വന്യമൃഗങ്ങളുടെ ആക്രമണത്താൽ ജീവൻ നഷ്ടപ്പെട്ട കർഷകരുടെ കുടുംബത്തിനും കൃഷിനാശം സംഭവിച്ച കർഷകർക്കും മതിയായ സമാശ്വാസ ധനസഹായവും നഷ്ടപരിഹാരവും നൽകുന്നതിന് സാധിച്ചുവോ; വ്യക്തമാക്കുമോ;

(സി) മലയോര മേഖലയിൽ കർഷകർക്ക് വന്യജീവികളിൽ നിന്ന് നേരിടുന്ന ആക്രമണങ്ങളിൽ നിന്ന് ഫലപ്രദമായ സംരക്ഷണം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വന്യജീവികളുടെ ജീവഹാനിയുമായി ബന്ധപ്പെട്ട് കർഷകരെ അന്യായമായി കേസിൽപ്പെടുത്തുന്നുവെന്ന വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വന്യജീവി ആക്രമണത്തിൽനിന്ന് കൃഷിയെയും കർഷകരെയും സംരക്ഷിക്കുവാൻ വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വനാതിർത്തിയിൽ സൗരോർജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും നഷ്ടപരിഹാരം നൽകി കുടുംബങ്ങളുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ

11. വന്യജീവികൾ നാട്ടിലിറങ്ങുന്നത് അറിയിക്കുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനം

12. 1980-ലെ "ദി കേരളാ റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ-വൈൽഡ് ആനിമൽസ്" പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 5-4-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 17/2018/വനം പ്രകാരം നിഷ്കർഷിക്കുന്ന നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു.

ഈ സാമ്പത്തിക വർഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വനാതിർത്തിയിൽ സൗരോർജ്ജ കമ്പിവേലി (101.50 കി.മീ), ആന പ്രതിരോധ മതിൽ (0.41 കി.മീ), റെയിൽ ഫെൻസ് ( 16 കി.മീ.) എന്നിവ നിർമ്മിക്കുന്നതിന് 26.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു.

(സി) ഉത്തരം (എ)-ൽ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് പരാതി ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**വന്യജീവി സംരക്ഷണനിയമത്തിന്റെ പേരിൽ കൃഷിക്കാർക്ക് പീഡനം**

115(902) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരമേഖലകളിലെ വന്യമൃഗാക്രമണം കാരണം വ്യാപക കൃഷിനാശവും ജീവഹാനിയും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വന്യമൃഗാക്രമണങ്ങളെ തടയുന്നതിനും പ്രാണരക്ഷേണ മൃഗങ്ങളെ കൊല്ലേണ്ടിവന്നാൽ വന്യജീവി സംരക്ഷണ നിയമത്തിന്റെ പേരിൽ കൃഷിക്കാർ പീഡിപ്പിക്കപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിനും സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ വിഷയം കൈകാര്യം ചെയ്യുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രാണരക്ഷേണ മൃഗങ്ങളെ കൊല്ലേണ്ടി വരുന്ന കേസ്സുകളിൽ കൃഷിക്കാരെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരം ശിക്ഷയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) മറുപടി (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

**പാലക്കാട് വനമേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണം**

116(903) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് വനമേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇപ്രകാരം ആക്രമണത്തിൽപ്പെട്ടവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് വനമേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 16 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷ നൽകുന്നതിനായി താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഡിവിഷൻ | സോളാർ പവർ ഫെൻസിംഗ് (കി.മീറ്റർ) | എലിഫന്റ് പ്രൂഫ് ട്രഞ്ച് (കി.മീറ്റർ) |
|---|---|---|---|
| 1 | പാലക്കാട് | 152.65 | 2.905 |
| 2 | മണ്ണാർക്കാട് | 28.66 | 7.44 |
| 3 | നെന്മാറ | 57.24 | 0.00 |
| | ആകെ | 238.55 | 10.345 |

കൂടാതെ പാലക്കാട്, മണ്ണാർക്കാട് ഡിവിഷനുകളിൽ സജ്ജമായ ആർ. ആർ. റ്റി-യുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങൾ നാട്ടിലെത്തുന്നത് മുൻകൂട്ടി

അറിയിക്കുന്നതിന് മണ്ണാർക്കാട് ഡിവിഷനിൽ SMS Based Alert System സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളുടെ രക്ഷയ്ക്കായി scaring watchers-ന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വനാതിർത്തികളിലെ വന്യജീവി ആക്രമണം ഒഴിവാക്കുന്നതിന്റെ ഭാഗമായി വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കാനായി കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 1980-ലെ Rules for Payment of Compensation to Victims of Wildlife Attack പ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണം സംഭവിച്ചവരുടെ (പാമ്പ് കടിയേറ്റ് മരിച്ച 66 പേർ ഉൾപ്പെടെ) അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിവിഷൻ | നല്കിയ നഷ്ടപരിഹാര തുക (രൂപയിൽ) |
|---|---|---|
| 1 | പാലക്കാട് | 55,00,000 |
| 2 | മണ്ണാർക്കാട് | 45,00,000 |
| 3 | നെന്മാറ | 20,00,000 |
| | ആകെ | 1,20,00,000 |

**നിലമ്പൂർകാട്ടിൽ നിന്നുള്ള വന്യമൃഗങ്ങളുടെ ആക്രമണം**

117(904) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കാട്ടിൽനിന്ന് ആനയും മറ്റ് വന്യമൃഗങ്ങളും നാട്ടിലേയ്ക്കിറങ്ങി ജനങ്ങളെയും കൃഷിയെയും ആക്രമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) വന്യമൃഗ/കാട്ടാന ശല്യത്തിൽനിന്ന് രക്ഷ ലഭിക്കുന്നതിനായി സമഗ്ര പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വന്യമൃഗങ്ങൾ കാട്ടിൽനിന്നും നാട്ടിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി, പ്രശ്നബാധിത പ്രദേശങ്ങളിൽ സൗരോർജ്ജ കമ്പിവേലി, പ്രതിരോധ ട്രഞ്ച്, ആനപ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടിൽനിന്നും ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് പ്രവൃത്തി ചെയ്യാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങുന്ന ആനകളെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുന്നതിനായി തദ്ദേശവാസികളെ വാച്ചർമാരായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ആനകളുടെ സഞ്ചാരം സുഗമമാക്കുന്നതിനായി ആനത്താരകൾ ഏറ്റെടുക്കുന്നതിനും ആനകൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവിഷ്കരിക്കുന്നതാണ്.

**വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം**

118(905) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം ഉണ്ടാകാറുണ്ടോ; പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് കേന്ദ്ര സഹായം ലഭിക്കാറുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) വന്യജീവി ആക്രമണങ്ങളിൽനിന്ന് കൃഷിയെയും കർഷകരെയും സംരക്ഷിക്കുവാൻ വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ

11. വന്യജീവികൾ നാട്ടിലിറങ്ങുന്നത് അറിയിക്കുന്നതിനായി എസ്.എം.എസ്. അലെർട്ട് സംവിധാനം.

12. 1980-ലെ "ദി കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു. കാലതാമസം ഒഴിവാക്കാൻ ഇ-ഡിസ്ട്രിക്ട് മുഖാന്തരം ഓൺലൈനായിട്ടാണ് ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്.

(സി) ലഭിക്കാറുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പദ്ധതികളിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്കീമിന്റെ പേര് | ആകെ അനുവദിച്ച തുക | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|---|---|
| | | | ( ലക്ഷത്തിൽ) | |
| 1 | പ്രോജക്റ്റ് എലിഫന്റ് | 125.00 | 75.00 | 50.00 |
| 2 | ഐ.ഡി.ഡബ്ല്യു.എച്ച്-പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് (ഔട്ട് സൈഡ് പ്രൊട്ടക്ടഡ് ഏരിയ) | 250.00 | 150.00 | 100.00 |

**ആനകളുടെ കണക്കെടുപ്പ്**

119(906) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നാട്ടാനകളുടെയും കാട്ടാനകളുടെയും എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) 2017-ൽ കാട്ടാനകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. നാട്ടാനകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം ഈ മാസം അവസാനത്തോടെ നാട്ടാനകളുടെ കണക്കെടുപ്പ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 2017-ലെ ആനകളുടെ കണക്കെടുപ്പ് പ്രകാരം സംസ്ഥാനത്ത് 5706 കാട്ടാനകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കാട്ടാനകളുടെ എണ്ണം കണക്കാക്കി വരുന്നതേയുള്ളു. ഏഷ്യൻ നേച്ചർ കൺസർവേഷൻ ഫൗണ്ടേഷൻ മുഖേന കേരളത്തിലെ 4 ആന റിസർവ്വുകൾ തിരിച്ചുള്ള വിശകലനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നടത്തിക്കൊണ്ടിരിക്കുകയാണ്.

## നെയ്യാർഡാം ലയൺ സഫാരി പാർക്ക്

120( *T 907) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാം ലയൺ സഫാരി പാർക്കിലേയ്ക്ക് പുതുതായി സിംഹങ്ങളെ എത്തിക്കുന്നതിന് സമർപ്പിച്ചിരുന്ന നിവേദനം പരിഗണനയിലുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നെയ്യാർഡാം മാൻപാർക്കിന്റെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. നെയ്യാർ ഡാം ലയൺ സഫാരി പാർക്കിലേയ്ക്ക് ഒരു ജോഡി സിംഹങ്ങളെ ഗുജറാത്തിലുള്ള സക്കർബർഗ് മൃഗശാലയിൽ നിന്നും കൊണ്ടുവരുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. കൂടാതെ തിരുവനന്തപുരം/തൃശ്ശൂർ മൃഗശാലകളിൽനിന്നോ തമിഴ്നാട്ടിലെ മൃഗശാലകളിൽനിന്നോ സിംഹങ്ങളെ കൊണ്ടുവരുന്നതിനായുള്ള ചർച്ചകളും നടക്കുന്നുണ്ട്.

(ബി) നെയ്യാർ ഡാം മാൻപാർക്കിന്റെ നവീകരണത്തിനായി പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ പാർക്കിന്റെ ചുറ്റും ഫെൻസിംഗ് ചെയ്യുകയും ജലലഭ്യത ഉറപ്പുവരുത്തുകയും ആഹാരം നൽകുന്നതിനായി പ്രത്യേക പ്ലാറ്റ്ഫോം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

## പ്രളയ ദുരിതത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

121(908) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതത്തിൽ താറാവ്, കോഴി, കന്നുകാലികൾ തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യക്തികൾക്ക് പുതിയവയെ വിതരണം ചെയ്യുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ എത്ര കർഷകർക്ക് ഇത്തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇവരുടെ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) പ്രളയ ദുരിതത്തിൽ താറാവ്, കോഴി, കന്നുകാലികൾ തുടങ്ങിയവ നഷ്ടപ്പെട്ടതിന്റെ കണക്ക് പഞ്ചായത്തുതലത്തിൽ എടുത്ത് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ച് ദുരന്തനിവാരണ മാനദണ്ഡപ്രകാരം ധനസഹായം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(സി) 542

(ഡി) മാവേലിക്കര നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ അർഹതപ്പെട്ട കർഷകരെ കണ്ടെത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുമായി ബന്ധപ്പെട്ട ഫീൽഡ്തല വെരിഫിക്കേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**പ്രളയംമൂലം കാലി സമ്പത്തിലുണ്ടായ നഷ്ടം**

122(909) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവുമായി ബന്ധപ്പെട്ട് കാലി സമ്പത്തിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) കർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി. ക്ഷീരകർഷകരുടെ ഉരുക്കൾ നഷ്ടപ്പെട്ടതുമൂലമുണ്ടായ നഷ്ടത്തിന് ദുരന്തനിവാരണ മാനദണ്ഡപ്രകാരമുള്ള ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നവകേരള സൃഷ്ടിയുടെ ഭാഗമായി ഈ മേഖലകളിൽ കർഷക സഹായ പദ്ധതികളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയം മൃഗസംരക്ഷണ ക്ഷീരവികസന മേഖലകൾക്കുണ്ടാക്കിയ നഷ്ടം**

123(910) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയം മൃഗസംരക്ഷണ ക്ഷീരവികസന മേഖലകൾക്ക് ഉണ്ടാക്കിയ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ കന്നുകാലികൾക്കും പക്ഷി-മൃഗാദികൾക്കും അവയുടെ പാർപ്പിട സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അടിസ്ഥാന മേഖലകളിലും ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളുടെ പുനരുജ്ജീവനത്തിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയംമൂലം മൃഗസംരക്ഷണ/ക്ഷീരവികസന മേഖലകൾക്ക് 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.9 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നഷ്ടപ്പെട്ടതുമൂലം 3.7 കോടിയുടെയും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളുടെ കേടുപാടുകൾമൂലം 23 കോടി രൂപയുടെയും നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(സി) ദുരന്ത നിവാരണ മാനദണ്ഡപ്രകാരം ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വികരിച്ചുവരുന്നു. പെട്ടെന്നുള്ള നഷ്ടം നികത്തുന്നതിനായി കണ്ടിൻജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയ സമയത്ത് 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുൽ എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയും പദ്ധതി തുക ഉപയോഗപ്പെടുത്തി

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുവാൻ ക്ഷീര വികസന വകുപ്പിന് സാധിച്ചു. കൂടാതെ 22 കോടി രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് നഷ്ടം വരുന്ന കർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന് കാലിത്തൊഴുത്ത് നിർമ്മിക്കുക/നവീകരിക്കുക, നഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുക എന്നീ ലക്ഷ്യത്തോടുകൂടി ഒരു പുനരധിവാസ പദ്ധതി ക്ഷീരവിസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

**പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്തിയ തുക**

124(911) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷം മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികൾക്കും നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി)

1. മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും-3300 ലക്ഷം
2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്-300 ലക്ഷം
3. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം -725 ലക്ഷം
4. ഊർജ്ജിത കന്നുകാലി വികസനം ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ -1128 ലക്ഷം
5. വകുപ്പിന്കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും-1680 ലക്ഷം
6. കന്നുകാലി വികസന പദ്ധതി ( കന്നുകട്ടി പരിപാലന പരിപാടി) -1500 ലക്ഷം.
7. ഗോവർദ്ധിനി-4500 ലക്ഷം.
8. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്-425 ലക്ഷം
9. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി) -500 ലക്ഷം

10. വികസനവും പരിശീലനവും-1055 ലക്ഷം

11. സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും -260 ലക്ഷം

12. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് -625 ലക്ഷം

13. കന്നുകാലി ആരോഗ്യ സംരക്ഷണവും രോഗ നിയന്ത്രണവും

(60% കേന്ദ്ര വിഹിതം) - കേന്ദ്ര വിഹിതം - 803 ലക്ഷം

(535 ലക്ഷം സംസ്ഥാന വിഹിതം) -1338 ലക്ഷം

14. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (60% കേന്ദ്ര വിഹിതം)- വിഹിതം- (600 ലക്ഷം, 400 ലക്ഷം സംസ്ഥാന വിഹിതം)-1000 ലക്ഷം

15. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം)-300 ലക്ഷം

16. കന്നുകാലി സെൻസസ്-(100% കേന്ദ്ര സഹായം)-1 ലക്ഷം

17. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം-817 ലക്ഷം

18. മീറ്റ് പ്രൊഡക്സ് ഓഫ് ഇൻഡ്യയ്ക്കുള്ള ധനസഹായം - 250 ലക്ഷം

19. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം -785 ലക്ഷം

20. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിനുള്ള സഹായം -2141 ലക്ഷം

**മൂലധന ശീർഷകത്തിലെ പദ്ധതികൾ**

21. മൃഗചികിൽസ സേവനവും മൃഗാരോഗ്യവും -400 ലക്ഷം

22. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്-100 ലക്ഷം

23. കന്നുകാലി എരുമ സംവർദ്ധനം-60 ലക്ഷം

24. ഡിപ്പാർട്ട് ഫാമുകളുടെ ശക്തിപ്പെടുത്തൽ -550 ലക്ഷം

25. വികസനവും പരിശീലനവും -75 ലക്ഷം

26. ആർ.ഐ.ഡി.എഫ്.-ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കൽ -300 ലക്ഷം

27.പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്.-എം.പി.ഐ -950 ലക്ഷം

28. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ആർ.ഐ.ഡി.എഫ്-കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ -950 ലക്ഷം

ആകെ -26015 ലക്ഷം.

**പ്രളയത്തെത്തുടർന്ന് മൃഗസംരക്ഷണ മേഖലയിലുണ്ടായ നഷ്ടങ്ങൾ**

125(912) ശ്രീ. സജി ചെറിയാൻ :

ശ്രീ. കെ. ജെ. മാക്സി :

ശ്രീ. എം. നൗഷാദ് :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയവും മഴക്കെടുതിയുംമൂലം മൃഗസംരക്ഷണ മേഖലയിലുണ്ടായ നഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിരവധി കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചതുമൂലം ക്ഷീരോല്പാദനത്തിൽ വലിയ കുറവ് സംഭവിച്ചിട്ടുണ്ടോ;

(സി) തീറ്റപ്പുൽ കൃഷി നശിച്ചതും ഫാമുകൾ തകർന്നതുംമൂലം കനത്ത നാശനഷ്ടങ്ങൾ സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മൃഗസംരക്ഷണ മേഖലയിൽ പ്രളയംമൂലം 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും, 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രളയംമൂലം 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. ഉരുക്കൾ നഷ്ടപ്പെട്ടതുമൂലം ഉണ്ടായ നഷ്ടപരിഹാരം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## കുളമ്പുരോഗം ബാധിച്ച കന്നുകാലികൾ

126(913) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതുമൂലം മരണം സംഭവിച്ച കന്നുകാലികളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ;

(ഡി) കുളമ്പുരോഗം പടർന്നുപിടിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) നൽകിയിട്ടില്ല.

(ഡി) സ്ഥിരമായ പ്രതിരോധ കുത്തിവയ്പ് ആറുമാസത്തിലൊരിക്കൽ നൽകിവരുന്നു. രോഗബാധയുണ്ടാകുന്ന അവസരത്തിൽ രോഗം ബാധിച്ച പ്രദേശത്തിന് ചുറ്റുമുള്ള സ്ഥലങ്ങളിൽ റിംഗ് വാക്സിനേഷൻ നടത്തുന്നു. ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും രോഗബാധയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകുകയും രോഗം പടർന്നുപിടിക്കാതിരിക്കുവാൻ അണുനാശിനികൾ ഉപയോഗിക്കുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റുകളിൽ രോഗബാധയുള്ള ഉരുക്കളെ കടത്തിവിടുന്നത് നിയന്ത്രിക്കുന്നതിനായി രോഗ നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. പുതുതായി വരുന്ന ഉരുക്കളെ വാക്സിനേഷന് വിധേയമാക്കുന്നു. രോഗബാധയേറ്റ ഉരുക്കളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധനയ്ക്കയയ്ക്കുന്നു. റിസൽട്ട് അവലോകനം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നു.

## പ്രളയത്തിൽ നഷ്ടപ്പെട്ട കന്നുകാലികളുടെ കണക്ക്

127(914) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ നഷ്ടപ്പെട്ട കന്നുകാലികളുടെ കണക്ക് ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി ജീവിതമാർഗ്ഗം നഷ്ടപ്പെട്ടവർക്ക് സഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(ബി) സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സഹായം**

128(915) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ എത്ര കന്നുകാലികളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്;

(ബി) കന്നുകാലികൾ നഷ്ടപ്പെട്ട ഉടമസ്ഥർക്ക് സഹായം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രളയംമൂലം മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും, 4.64 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ സത്വര പരിഗണനയിലാണ്.

**കന്നുകാലികൾക്കും കർഷകർക്കുമുള്ള ഇൻഷ്വറൻസ് പദ്ധതികൾ**

129(916) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികൾക്കും കർഷകർക്കും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകരുടെ ഇൻഷ്വറൻസ് പ്രിമിയം തുക സർക്കാർ വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനായി കേന്ദ്ര ഗവണ്മെന്റിന്റെ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (എൻ.എൽ.എം.) 2016-17 പദ്ധതിയും കേരള സർക്കാരിന്റെ ഗോസമൃദ്ധി 2017-18 പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ എൻ.എൽ.എം 2016-17 പദ്ധതി പൂർത്തീകരിച്ചു. ഗോസമൃദ്ധി 2017-18 പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. കന്നുകാലികൾക്കും കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന കേരള സർക്കാരിന്റെ പദ്ധതിയായ ഗോസമൃദ്ധി പ്ലസ് 2018-19, കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ എൻ.എൽ.എം. പ്ലസ് 2017-18 എന്നിവയുടെ പദ്ധതിനിർവ്വഹണം 2018 നവംബർ മാസത്തിൽ ആരംഭിച്ചു.

(ബി) ഗോസമൃദ്ധി പ്ലസ് 2018-19, എൻ.എൽ.എം. പ്ലസ് 2017-18 എന്നീ പദ്ധതികൾ സമന്വയിപ്പിച്ചാണ് ഫീൽഡുതലത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നത്. ഈ പദ്ധതികൾ പ്രകാരം മരണം/ഉത്പാദന പ്രത്യുത്പാദനക്ഷമതാ നഷ്ടം എന്നിവ സംഭവിച്ചാൽ ഇൻഷ്വർ ചെയ്യുന്ന മതിപ്പുവില ക്ലെയിമായി കർഷകന് ലഭിക്കുന്നു. പദ്ധതിയിൽ അംഗമായ കർഷകന് അപകടമരണമോ, പൂർണ്ണമോ/ഭാഗികമോ ആയ അംഗവൈകല്യമോ സംഭവിച്ചാൽ പരമാവധി 2 ലക്ഷം രൂപ വരെ ക്ലെയിം ആയി നൽകുന്നു. സബ്സിഡി നിരക്കിൽ ഇൻഷ്വർ ചെയ്യുവാനുള്ള പരമാവധി മതിപ്പുവില 50,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഉരുവിന്റെ മതിപ്പുവിലയുടെ 2.8% ഒരു വർഷത്തേയ്ക്കും 6.54% മൂന്ന് വർഷത്തേയ്ക്കും എന്ന നിരക്കിൽ പ്രീമിയം കണക്കാക്കുന്നതാണ്. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50%-ഉം എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70%-ഉം സർക്കാർ സബ്സിഡിയായി നൽകുന്നു.

ജനറൽ വിഭാഗത്തിലുള്ളവർക്ക് 50,000 രൂപ മതിപ്പുവിലയുള്ള ഉരുവിന് ഒരു വർഷത്തേയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് 700 രൂപയും കർഷകന് അപകടമരണ ഇൻഷ്വറൻസിനായി 42 രൂപയും പ്രീമിയമായി ആകെ 742 രൂപയും മൂന്ന് വർഷത്തേയ്ക്ക് ഉരുവിന്റെ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് 1635 രൂപയും കർഷകന് അപകടമരണ ഇൻഷ്വറൻസിനായി 114 രൂപയും ചേർത്ത് ആകെ 1749 രൂപയും പ്രീമിയമായി അടച്ചാൽ മതി.

എസ്.സി./എസ്.ടി വിഭാഗത്തിലുള്ളവർക്ക് 50,000 രൂപ മതിപ്പുവിലയുള്ള ഉരുവിന് ഒരു വർഷത്തേയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് 420 രൂപയും കർഷകന് അപകടമരണ ഇൻഷ്വറൻസിനായി 42 രൂപയും ചേർത്ത് ആകെ 462 രൂപയും മൂന്ന് വർഷത്തേയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് 981 രൂപയും കർഷകന് അപകടമരണ ഇൻഷ്വറൻസിനായി 114 രൂപയും ചേർത്ത് 1095 രൂപയും പ്രീമിയമായി അടച്ചാൽ മതി.

50,000 രൂപ മതിപ്പുവിലയുള്ള ഉരുക്കളുടെ പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതാണ്. 50,000 രൂപയ്ക്ക് മുകളിൽ മതിപ്പുവിലയ്ക്ക് ഉരുക്കളെ ഇൻഷ്വർ ചെയ്യേണ്ടവർക്ക് അഡീഷണൽ പോളിസി എടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. 1 വർഷത്തേയ്ക്ക് 4% -വും 3 വർഷത്തേയ്ക്ക് 9% -വുമാണ് പ്രീമിയം നിരക്ക്.

(സി) പ്രീമയം തുക മുഴുവനായും സർക്കാർ സബ്സിഡി നല്കുന്ന പദ്ധതികൾ നിലവിലില്ല.

നിലവിൽ ജനറൽ വിഭാഗത്തിലുള്ള കർഷകരുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ 50% എസ്.സി/എസ്.ടി വിഭാഗത്തിലുള്ള കർഷകരുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാനായി 70%-വുമാണ് സബ്സിഡി നൽകുന്നത്.

**കോഴിക്കർഷകരുടെ സംരക്ഷണം**

130(917) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴിക്കർഷകരുടെ സംരക്ഷണത്തിനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ കോഴിക്കർഷകരെയും ഉപഭോക്താക്കളെയും ഇതര സംസ്ഥാന ലോബികൾ ചൂഷണം ചെയ്യുന്നതും കോഴി ഇറച്ചി വില ക്രമാതീതമായി വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടുവോയെന്നും ഇത് തടയുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ദൈനംദിനം ആവശ്യംവേണ്ടുന്ന കോഴി ഇറച്ചി എത്രയെന്നും ഇതിൽ സംസ്ഥാന ഉത്പാദനം എത്രയെന്നും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അളവ് എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) അന്യസംസ്ഥാന ലോബികളുടെ ചൂഷണം തടയുവാനും ഇറച്ചിവില നിയന്ത്രണത്തിലാക്കാനുമായി ആരംഭിച്ച കേരള ചിക്കൻ സംബന്ധിച്ച പ്രവർത്തനം എന്തെല്ലാം എന്നും ഇതുവഴി കോഴിക്കർഷകർക്കും ഉപഭോക്താക്കൾക്കും ലഭ്യമാകുന്ന നേട്ടങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കോഴിക്കർഷകരുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ കേന്ദ്രങ്ങൾ മുഖേന 46-60 ദിവസം പ്രായമായ ഗുണമേന്മയുള്ള മുട്ട കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം

ചെയ്യുന്നു. ഈ ആവശ്യത്തിലേക്കായി 2018-19 വർഷം ഒക്ടോബർ മാസം വരെ മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ കേന്ദ്രങ്ങളിലും ഹാച്ചറികളിലുമായി 2209804 കോഴികുഞ്ഞുങ്ങളെയും 72907 താറാവിൻകുഞ്ഞുങ്ങളെയും 8727 ടർക്കി കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ വാർഷിക ഉല്പാദനശേഷി ശരാശരി 8 ലക്ഷത്തിൽനിന്നും 12 ലക്ഷത്തിന് മുകളിലായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് മുഖേനയും കുടുംബശ്രീ വഴിയും വിതരണം ചെയ്ത് വളർത്തി കെപ്കോ തിരിച്ചെടുത്ത് കോഴിയിറച്ചിയാക്കി വില്പന നടത്തുകയും അതുവഴി കർഷകർ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികൾക്ക് ന്യായ വില ഉറപ്പാക്കുകയും ചെയ്യുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുക എന്ന ലക്ഷ്യത്തോടെ കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിലും വിപണനത്തിലും വില നിയന്ത്രണത്തിലും, ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2017-18 വർഷം 1000 കോഴികൾ അടങ്ങുന്ന 1000 യൂണിറ്റുകൾ ആരംഭിച്ചു. തുടർന്ന് ഘട്ടം ഘട്ടമായി 2020-21 വർഷത്തോടെ മൊത്തം 5000 യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുവാനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) 2017-18 വർഷം കേരളത്തിലെ ആകെ ഇറച്ചിക്കോഴി ഉപഭോഗം 1,81,970,098 മെട്രിക് ടൺ ആണ് (കോഴി, താറാവ്, മുതലായവ ഉൾപ്പെടെ) ഇതിൽ 73.17 ശതമാനവും (1,33,147.521 മെട്രിക് ടൺ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങൾ വഴി കേരളത്തിൽ എത്തുന്നവയാണ്.

(ഡി) കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിലും വിപണനത്തിലും, വില നിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി കേരളചിക്കൻ ഉല്പാദിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്നു. കെപ്കോ ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന് നൽകി KEPCO-യുടെയും മൃഗസംരക്ഷണ വകുപ്പിന്റെയും

സംയുക്ത പ്രോജക്ടായി നടപ്പിലാക്കിയ 53 ഫാമുകളിൽ വളർത്തി 40-50 ദിവസം പ്രായവും രണ്ട് കിലോ ഭാരവുമാകുമ്പോൾ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ തന്നെ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസസ്സ് ചെയ്ത് വിപണനം നടത്തുന്നു. ആയതിനാൽ കോഴി വളർത്തൽ കർഷകർക്ക് കോഴികളെ വിറ്റഴിക്കാനുള്ള വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ട് ഒഴിവാകുകയും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുവാനും സാധിക്കുന്നു. കൂടാതെ ഗുണമേന്മയേറിയ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനും സാധിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്ന് 1.64 കോടി രൂപ ഉൾപ്പെടെ 18.72 കോടി രൂപ നിലവിൽ കുടുംബശ്രീ, കേരള ചിക്കൻ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 1000 ബ്രോയിലർ ചിക്കൻ വീതമുള്ള 1000 ഫാമുകൾ ആരംഭിക്കുകയും പ്രതിദിനം ഇരുപത്തായിരം ബ്രോയിലർ ചിക്കൻ വിപണിയിൽ എത്തിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതുതായി 931 ഫാമുകൾ ആരംഭിക്കുന്നതിനുള്ള ഗുണഭോക്താക്കളെ കുടുംബശ്രീ കണ്ടെത്തിയിട്ടുണ്ട്. കെപ്കോയിൽനിന്നും കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്ത ശേഷിക്കുന്ന ഫാമുകൾക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും മാംസ സംസ്കരണവും വിപണനവും ഉൾപ്പെടെ കുടുംബശ്രീ സംവിധാനത്തിൽ സ്ഥാപിക്കുന്നതിനും ആയതിൽ ലഭിക്കുന്ന ലാഭം പൂർണ്ണമായും കർഷകർക്ക് ലഭിക്കുന്ന തരത്തിൽ സംസ്ഥാനതലത്തിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്റർ

131(918) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്റർ സ്ഥാപിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ജില്ലാ മൃഗസംരക്ഷണ വകുപ്പ് മേധാവിയുടെ ശിപാർശയിൽ 17-9-2018-ൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അയച്ച പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഡയറക്ടറേറ്റിലെ ഫയൽ നമ്പർ അറിയിക്കാമോ ;

(സി) ഈ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ; ആയതിന്റെ സെക്രട്ടേറിയറ്റ് ഫയൽ നമ്പർ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിൽ ഒരു സബ്സെന്റർ ആരംഭിക്കാൻ ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടില്ലായിരുന്നു. ടി അപാകതകൾ പരിഹരിച്ച് പ്രൊപ്പോസൽ പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ട് കോട്ടയം ജില്ലാ ഓഫീസർക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ കത്തയച്ചിട്ടുണ്ട്. ഫയൽ നമ്പർ എ.എച്ച്.ഡി 8517/2018/സി2.

(സി) പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

**വാണിയംകുളം കന്നുകാലി ചന്തയുടെ നവീകരണം**

132(919) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വാണിയംകുളം കന്നുകാലി ചന്തയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നവീകരണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

(ബി) സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ മൃഗസംരക്ഷണ ആഫീസ് മുഖേന 1,48,71,930 (ഒരു കോടി നാല്പത്തെട്ട് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി തൊള്ളായിരത്തി മുപ്പത് രൂപ) രൂപയുടെ പ്രൊപ്പോസൽ 25-10-2018-ാം തീയതി ലഭിക്കുകയും ആയതിന് ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സ്വീകരിച്ചും വരുന്നു.

**നാട്ടാനകളെ സംബന്ധിച്ച കേന്ദ്ര വനം മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ**

133(920) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കത്തിൽ സുപ്രീംകോടതി അംഗീകരിച്ച കേന്ദ്ര വനം മന്ത്രാലയത്തിന്റെ 12 ഇന നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുപ്രകാരം നാട്ടാനകളെ പാർപ്പിക്കുവാൻ നിലവിലുള്ളതിനെക്കാൾ എത്ര ഏക്കർ സ്ഥലം ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഗുരുവായൂർ, കൊച്ചി, തിരുവിതാംകൂർ ദേവസ്വം ബോർഡുകൾക്ക് പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ കൂടുതൽ സ്ഥലം കണ്ടെത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സുപ്രീം കോടതി അംഗീകരിച്ച നിർദ്ദേശങ്ങൾ ഒന്നുംതന്നെ കേന്ദ്ര വനമന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടില്ല.

(ബി&സി) ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

## കടുത്തുരുത്തി വെറ്ററിനറി പോളിക്ലിനിക്

134(921) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വെറ്ററിനറി പോളിക്ലിനിക്കിന്റെ സുഗമമായ പ്രവർത്തനത്തിന് 2013-ൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ നടപ്പാകാതെ പോയതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; പുതിയ പ്രൊപ്പോസലിന് വേണ്ട നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ഇല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കരുനാഗപ്പള്ളിയിലെ മൃഗാശുപത്രികളിൽ തെരുവുനായ്ക്കളുടെ വന്ധ്യംകരണം

135(922) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന എ.ബി.സി. പദ്ധതി പ്രകാരം നായ്ക്കളുടെ വന്ധ്യംകരണം നടത്തുന്നതിന് കരുനാഗപ്പള്ളി താലൂക്കിലെ ഏതെല്ലാം മൃഗാശുപത്രികളിൽ സൗകര്യമുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ 2018 ജനവരി 1 മുതൽ ഒക്ടോബർ 31 വരെയുള്ള കാലയളവിൽ എത്ര നായ്ക്കളുടെ വന്ധ്യംകരണം നടത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര രൂപ അനുവദിച്ചുവെന്നും എന്ത് തുക വിനിയോഗിച്ചുവെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) വെറ്ററിനറി പോളിക്ലിനിക്, കരുനാഗപ്പള്ളി വെറ്ററിനറി ഹോസ്പിറ്റൽ ഓച്ചിറ, വെറ്ററിനറി ഡിസ്പെൻസറി പന്മന എന്നീ മൂന്ന് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) കേന്ദ്രങ്ങളിൽ വച്ചാണ് എ.ബി.സി. പദ്ധതി പ്രകാരം കരുനാഗപ്പള്ളി താലൂക്കിലെ 11 പഞ്ചായത്തുകളിലെയും നായ്ക്കളുടെ വന്ധ്യംകരണം നടത്തുന്നത്.

(ബി) കരുനാഗപ്പള്ളി താലൂക്കിൽ വരുന്ന 11 പഞ്ചായത്തുകളിലായി ആകെ 2251 നായ്ക്കളുടെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

(സി) ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് തെരുവുനായ്ക്കളിൽ വന്ധ്യംകരണം നടത്തിയിട്ടുള്ളത്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ലിഡ ജേക്കബ് കമ്മീഷൻ റിപ്പോർട്ട്**

136(923) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോഗിച്ച ലിഡ ജേക്കബ് കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ മിൽമ ഉടച്ചുവാർക്കണമെന്ന് നിർദ്ദേശമുണ്ടോ; ക്ഷീരമേഖലയിലെ പ്രശ്നങ്ങൾക്ക് എന്തെല്ലാം പരിഹാരമാണ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ മേഖലാ യൂണിയനുകളും തെരഞ്ഞെടുപ്പും ഭരണവും ഏത് രീതിയിലായിരിക്കണമെന്നാണ് വിവക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പ്രധാന ശിപാർശകളുടെ മലയാളം പരിഭാഷ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് നിലവിലുള്ള ത്രിതല ക്ഷീരസഹകരണ സംവിധാനം നിലനിർത്തിക്കൊണ്ട് മേഖലാ യൂണിയനുകളുടെ എണ്ണം മൂന്നിൽനിന്നും രണ്ടാക്കി കുറയ്ക്കുന്നതിനും എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകളെ സംയോജിപ്പിച്ചുകൊണ്ട് പുനഃസംഘടിപ്പിക്കണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ക്ഷീരമേഖല കൂടുതൽ ശകതിപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശിപാർശകളുടെ മലയാള പരിഭാഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

(സി) മേഖലാ യൂണിയനുകളിലെയും ഫെഡറേഷനിലെയും ഭരണസമിതിയംഗങ്ങളുടെ തെരഞ്ഞെടുപ്പ് കൂടുതൽ ജനാധിപത്യപരവും എല്ലാ മേഖലകളിലെയും കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുന്ന തരത്തിൽ അതാത് ജില്ലകളിലെ അംഗങ്ങൾ ചേർന്ന് ബന്ധപ്പെട്ട ജില്ലകളിലെ പ്രതിനിധികളെ തെരഞ്ഞടുക്കുന്ന വിധമായിരിക്കണമെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

**പ്രളയ നഷ്ടത്തിൽനിന്നും ക്ഷീര മേഖലയുടെ പുനരുജ്ജീവനം**

137(924) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പ്രളയത്തിൽ എത്ര പശുക്കളും എരുമകളും മരണപ്പെട്ടിട്ടുണ്ട്;

(സി) ഇതുമൂലം പാലുൽപ്പാദനത്തിൽ എത്ര ലിറ്ററിന്റെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പ്രളയ നാശനഷ്ടത്തിൽനിന്നും ക്ഷീര മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) പ്രളയത്തിൽ 5163 കറവപശുക്കൾ, 1228 കിടാരികൾ, 5166 കന്നുകുട്ടികൾ, 541 എരുമകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

(സി) പ്രളയത്തിന്റെ ഭാഗമായി പാൽ സംഭരണത്തിൽ ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) ഉരുക്കൾ പ്രളയത്തിൽ നഷ്ടപ്പെട്ടവർക്ക് കണ്ടിൻജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപ നല്കുകയും പ്രളയ സമയത്ത് കാലികൾക്ക് നല്കുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 150 ലക്ഷം രൂപയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റിഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നുണ്ട്.

മിൽമയുടെ എറണാകുളം മേഖലാ യൂണിയനിൽ പശുക്കളും കിടാരികളും തൊഴു<u>ത്തും</u> നഷ്ടപ്പെട്ട കർഷകർക്ക് 102 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

**ക്ഷീരകർഷക സാമ്പത്തിക സഹായം സംബന്ധിച്ച കേന്ദ്ര തീരുമാനം**

138(925) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തനത് ഇനങ്ങളിലുള്ള കന്നുകാലികളുടെ സംരക്ഷണത്തിനും വികസനത്തിനും മാത്രമെ കേന്ദ്ര സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂവെന്ന് കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് അറിയിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ഇനം കന്നുകാലികളെയാണ് തനത് വിഭാഗമായി കണക്കാക്കുന്നത്;

(സി) കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന്റെ ഈ തീരുമാനം സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് തിരിച്ചടിയായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ദേശീയതലത്തിൽ പ്രവർത്തിക്കുന്ന നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക്സ് റിസോഴ്സിന്റെ അംഗീകാരപ്രകാരം വെച്ചൂർ പശുവിനെ മാത്രമാണ് തനത് വിഭാഗമായി കണക്കാക്കുന്നത്.

(സി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

139(926) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം വച്ചുകൊണ്ട് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ക്ഷീര സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4. ഹീഫർ പാർക്ക്
5. ക്ഷീരഗ്രാമം
6. ക്ഷീര സംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ
7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
8. ക്ഷീര കർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ

9. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി

10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

(സി) ക്ഷീര വിപണന സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം

2. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം

3. ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണം

4. ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക് സബ്സിഡി

5. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന്

6. ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം

7. പാൽസംഭരണി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം മികച്ച ക്ഷീരസംഘങ്ങൾക്കുള്ള ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ്

8. ക്ഷീര സംഘങ്ങളുടെ ആട്ടോമേഷൻ

9. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ സംസ്കരണം, ചില്ലിംഗ്, പുനഃനിർമ്മാണം, ശീതീകരണ മുറി, കാറ്റിൽ ഫീൽഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം

10. AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം

11. ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം

12. കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള സഹായം

13. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് (ETP), സൗരോർജ്ജ വിനിയോഗം, മഴവെള്ള സംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം

**ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത**

140(927) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) മികച്ച പാലുല്പാദക സംസ്ഥാനമെന്ന ദേശീയ ബഹുമതി കേരളത്തിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നും കൃത്രിമപാൽ എത്തുന്നുണ്ടെന്ന പരാതി ഉയരുന്ന സാഹചര്യത്തിൽ ഇത് പരിശോധിക്കുന്നതിനുള്ള ചെക്ക്പോസ്റ്റുകൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി

2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം

4. ഹീഫർ പാർക്ക്

5. ക്ഷീരഗ്രാമം

6. ക്ഷീരസംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ

7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

8. ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ

9. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി

10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

(ബി) ഇന്ത്യാ ടുഡേ ഗ്രൂപ്പ് മികച്ച പാലുല്പാദക സംസ്ഥാനത്തിന് ഏർപ്പെടുത്തിയ പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും ക്ഷീരോല്പാദന മേഖലയിലെ താഴെ പറയുന്ന ഘടകങ്ങൾ പരിഗണിച്ചാണ് കേരളത്തെ മികച്ച ക്ഷീരോല്പാദക സംസ്ഥാനമായി തെരഞ്ഞെടുത്തത്:

1. 2017-18-ൽ പാലുല്പാദനത്തിൽ ഏറ്റവും ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനം

2. ഇന്ത്യയിൽ ക്ഷീരകർഷകർക്ക് ഏറ്റവും ഉയർന്ന പാൽ വില ലഭിക്കുന്ന സംസ്ഥാനം

3. മികച്ച ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്ന സംസ്ഥാനം

4. ക്ഷീരകർഷക പെൻഷൻ നടപ്പിലാക്കിയ ഏക സംസ്ഥാനം

5. പശുക്കളുടെ ഉൽപ്പാദനക്ഷമതയിൽ ദേശീയതലത്തിൽ രണ്ടാം സ്ഥാനം

6. എല്ലാ പഞ്ചായത്തുകളിലും മൃഗചികിത്സാ സൗകര്യം ഏർപ്പെടുത്തിയ ഏക സംസ്ഥാനം,

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം

2. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണത്തിനുള്ള സഹായം

3. ക്ഷീര സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സഹായം

4. മിൽക്ക് റൂട്ട് സബ്സിഡി

5. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള ധനസഹായം

6. ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം

7. പാൽസംഭരണ മുറി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം

8. ക്ഷീരസംഘങ്ങളുടെ ആട്ടോമേഷനുള്ള സഹായം

9. ക്ഷീരസംഘങ്ങൾക്ക് പാൽസംഭരണ സംസ്കരണം, ശീതീകരണ മുറി, കാറ്റിൽ ഫീഡ് പ്ലാന്റ് ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം

10 AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം

11. ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം

12. കർഷകർക്ക് സബ്സിഡി നിരക്കിൽ വൈക്കോൽ/പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനുള്ള സഹായം

13. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് (ETP), സൗരോർജ്ജ ഉല്പാദനത്തിനുള്ള സൗകര്യം, മഴവെള്ള സംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം

(ഡി) ഇതര സംസ്ഥാനങ്ങളിൽനിന്നും മായം കലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിലെ പാൽ പരിശോധനാ സംവിധാനത്തിനുള്ള ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**മായംകലർന്ന ഇതര സംസ്ഥാന പാലിന്റെ പരിശോധന**

141(928) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം കലർന്ന പാൽ സംസ്ഥാനാതിർത്തി കടന്ന് ഇപ്പോഴും എത്തുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്നും അതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) മായംകലർന്ന പാൽ പരിശോധിക്കുന്നതിനുള്ള അവകാശം നിലവിൽ ക്ഷീര വികസന വകുപ്പിനുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അധികാരം വകുപ്പിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും മായംകലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ പാൽ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നത് തടയുന്നതിനായി പ്രധാന അതിർത്തി ചെക്ക് പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മായംകലർന്ന പാലിന്റെ സംസ്ഥാനത്തേയ്ക്കുള്ള വരവ് തടയുന്നതിന് ഒരു പരിധിവരെ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തുന്നുണ്ട്. ഓണം പോലെയുള്ള ഉത്സവസമയങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്ത് മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നീ ചെക്ക്പോസ്റ്റുകളിൽ സ്ഥിരം പാൽ പരിശോധനാ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

1. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ -3

2. ലാബ്ടെക്നീഷൻ-3

3. ലാബ് അസിസ്റ്റന്റ്-3.

(സി) മായംകലർന്ന പാൽ പരിശോധിക്കുന്നതിനുള്ള അവകാശം ക്ഷീര വികസന വകുപ്പിനുണ്ട്. എന്നാൽ നിയമ നടപടികൾ സ്വികരിക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്.

**പാലിന്റെ ഗുണനിലവാരവും സ്വയംപര്യാപ്തതയും**

142(929) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ സ്ഥിരം പാൽ പരിശോധനാ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തുന്നുണ്ട്. ഓണം പോലെയുള്ള ഉത്സവസമയങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്.

(ബി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

2. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ

3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം

4. ഹീഫർ പാർക്ക്
5. ക്ഷീരഗ്രാമം
6. ക്ഷീരസംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ
7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
8. ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ
9. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

**ഇതര സംസ്ഥാന പാലിന്റെ ഗുണനിലവാര പരിശോധന**

143(930) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഏതെല്ലാം ചെക്ക് പോസ്റ്റുകളിലാണ് ലാബുകൾ സജ്ജീകരിച്ചിട്ടുള്ളത്;

(ബി) എല്ലാ ചെക്ക് പോസ്റ്റുകളിലും അന്യസംസ്ഥാനത്തുനിന്നും വരുന്ന പാൽ പരിശോധിക്കുന്നതിനായുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ എങ്ങനെയാണ് ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന പാൽ വിപണനം നടത്തുന്നത് തടയുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ സ്ഥിരം പാൽ പരിശോധനാ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) എല്ലാ ചെക്ക് പോസ്റ്റുകളിലും അന്യസംസ്ഥാനത്തുനിന്നും വരുന്ന പാൽ പരിശോധിക്കുന്നതിനായുള്ള സംവിധാനം നിലവിലില്ല.

ക്ഷീരവികസന വകുപ്പിന്റെ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന മാർക്കറ്റിൽ കാണുന്ന മിൽക്ക് സാമ്പിളുകളുടെ ഗുണനിലവാരം പരിശോധന നടത്തുന്നുണ്ട്. ഗുണനിലവാരമില്ലാത്തവയുടെയും മറ്റ് മായങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന മിൽക്ക് സാമ്പിളുകളുടെ വിവരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ അറിയിക്കുകയാണ് ചെയ്യുന്നത്. ഇതുകൂടാതെ, ചെക്ക് പോസ്റ്റുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ ഓണംപോലെയുള്ള ഉത്സവ സമയങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്.

(സി) ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നുണ്ട്. മനുഷ്യ ശരീരത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയാൽ ക്രിമിനൽ പ്രോസിക്യൂഷനും നിലവാരം കുറവാണെന്ന് കണ്ടെത്തിയാൽ അഡ്ജൂഡിക്കേഷൻ വഴി പിഴയും ഈടാക്കുന്നുണ്ട്.

## കോഴിക്കോട് മിൽമ ഡെയറി പ്ലാന്റ് വിപുലീകരണം

144(931) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മിൽമ ഡെയറി പ്ലാന്റിന്റെ വിപുലീകരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) D2/69/2016/DDD നമ്പർ ഫയലിൻമേൽ എടുത്ത നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) മിൽമ മലബാർ മേഖലാ യൂണിയനുകീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ഡെയറിയുടെ മലിനജല ശുദ്ധീകരണ പ്ലാന്റിന്റെ വികസന പ്രവർത്തനങ്ങൾക്കായി കോഴിക്കോട് ജില്ലയിൽ പെരുവയൽ വില്ലേജിൽ ഡെയറിയോട് ചേർന്ന് 16, 17, 27, 28, 29, 31 സർവ്വേ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന 5.0485 ഏക്കർ സ്ഥലം നിയമപ്രകാരമുള്ള നെഗോഷ്യേറ്റഡ് പർച്ചേസ് രീതിയിൽ വാങ്ങുന്നതിന് മിൽമ മാനേജിംഗ് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഈ ശിപാർശ പരിശോധിക്കുകയും ഗവൺമെന്റ് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഹൈലെവൽ കമ്മിറ്റിയുടെ 10-4-2018 തീയതിയിൽ ചേർന്ന യോഗത്തിൽ ടി ഭൂമിയിലെ തണ്ണീർത്തടത്തിന്റെ സാന്നിധ്യം,

പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റ് വിഹിതമായി അമിതമായി തുക നീക്കിവച്ചിരിക്കുന്ന സാഹചര്യം എന്നീ കാരണങ്ങളാൽ പ്രസ്തുത പ്രൊപ്പോസൽ നിരാകരിക്കുകയുണ്ടായി. മേൽപ്പറഞ്ഞ പോരായ്മകൾ പരിഹരിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ 2-11-2018-ന് ചേർന്ന ഹൈലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വീണ്ടും സമർപ്പിക്കുകയും കോഴിക്കോട് ജില്ലയിൽ പെരുവയൽ വില്ലേജിൽ 16, 17, 27, 28, 29, 31 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടിട്ടുള്ള 2.04305 ഹെക്ടർ ഭൂമി (5.0485 ഏക്കർ ഭൂമി) 2013-ലെ LARR ആക്ട് പ്രകാരം അക്വയർ ചെയ്ത് നൽകുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 13-11-2018-ാം തീയതിയിലെ G.O.(Rt)NO.4703/2018/RD പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) D2/69/2016/DD എന്ന ഫയലിൽ കോഴിക്കോട് ഡെയറിയുടെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള വിഷയമാണ് കൈകര്യം ചെയ്തത്. മിൽമ കോഴിക്കോട് ഡെയറിയുടെ വികസന പ്രവർത്തനങ്ങൾക്കായി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ പെരുവയൽ വില്ലേജിൽപ്പെട്ട 16, 17, 27, 28, 29, 31 സർവ്വേ നമ്പറുകൾ പ്രകാരമുള്ള ഏകദേശം 5.0485 ഏക്കർ വിസ്തീർണ്ണമുള്ള ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് വഴി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി നിലവിലുള്ള 6-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 1997/2014/AD പുതുക്കി ലഭ്യമാക്കുവാൻ മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

| | | |
|---|---|---|
| 1 | ഭൂമി ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യം | കോഴിക്കോട് ഡയറിയുടെ സംസ്കരണശേഷി 2 ലക്ഷമായി ഉയർത്തുന്നതിനും മലിന ജല സംസ്കരണ പ്ലാന്റിന്റെ വിപുലീകരണത്തിനും മിൽമയുടെ അനുബന്ധ കെട്ടിടങ്ങൾക്കുമായി |
| 2 | ജില്ല | കോഴിക്കോട് |
| 3 | താലൂക്ക് | കോഴിക്കോട് |
| 4 | വില്ലേജ് | പെരുവയൽ |
| 5 | സർവ്വേ നമ്പറുകൾ | 16,17,27,28,29,31 |

| | | |
|---|---|---|
| 6 | വിസ്തീർണ്ണം(ഉദ്ദേശം) | 5.0485 ഏക്കർ |
| 7 | ഫണ്ടിന്റെ ശീർഷകം | മലബാർ മേഖലാ യൂണിയൻ ഫണ്ട് |
| 8 | ഈ സാമ്പത്തിക വർഷം നീക്കിവച്ചിരിക്കുന്ന തുക | 10,00,00,000 രൂപ |

സർക്കാർ ഇക്കാര്യം വിശദമായി D2/69/2016/DD എന്ന ഫയലിൽ പരിശോധിക്കുകയും മുകളിൽ പരമാർശിച്ച ഭേദഗതികളോടെ കോഴിക്കോട് ഡെയറിയുടെ വികസനത്തിന്റെ ഭാഗമായി ഡയറിയോട് ചേർന്നുള്ള മാലിന്യ സംസ്കരണ പ്ലാന്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് 8-11-2017-ലെ സ.ഉ. (സാധാ.)നമ്പർ 130/2017/ഡിഡി ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഈ ഫയൽ തീർപ്പാക്കുകയുണ്ടായി.

**ക്ഷീര കർഷക ആനുകൂല്യങ്ങൾ**

145(932) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റ വിലയിലുണ്ടായിട്ടുള്ള വമ്പിച്ച വർദ്ധന ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ;

(ബി) കാലിത്തീറ്റ വിലവർദ്ധനവിന് ആനുപാതികമായി മിൽമ ക്ഷീര കർഷകർക്ക് പാൽ വില കൂട്ടിക്കൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) തമിഴ്നാട്ടിൽനിന്നും രണ്ട് ലക്ഷം രൂപയ്ക്ക് അഞ്ച് ഗർഭിണി പശുക്കളെ വാങ്ങിയാൽ അതിന് ക്ഷീര വികസന വകുപ്പ് സബ്സിഡി നൽകുന്ന പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയാണ് സബ്സിഡിയായി അനുവദിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്നുവെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കാലിത്തീറ്റ വില വർദ്ധനവുമൂലം ക്ഷീരകർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ മിൽമ കാലിത്തീറ്റയ്ക്ക് ഡിസ്കൗണ്ട് നൽകിവരുന്നു.

മലബാർ മേഖലാ യൂണിയൻ കാലിത്തീറ്റയ്ക്ക് ചാക്ക് ഒന്നിന് 200 രൂപ വീതം ക്ഷീരകർഷകർക്ക് കിഴിവ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ

കാലിത്തീറ്റയ്ക്ക് സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ 100 രൂപ കിഴിവ് നൽകിവന്നിരുന്നു. ഇത് 1 മുതൽ 31 വരെ 200 രൂപയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ 2018 ഡിസംബർ 1-ാം തീയതി മുതൽ ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും 1.50 രൂപ നിരക്കിൽ അധികവില നൽകുന്നുണ്ട്. തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ കേരളാ ഫീഡ്സ് കാലിത്തീറ്റയ്ക്ക് സെപ്റ്റംബർ മാസം 50 കിലോ ചാക്കൊന്നിന് 100 രൂപ വില കുറച്ചിരുന്നു.

(ബി) ഇല്ല.

(സി) ക്ഷീരവികസന വകുപ്പ് 5 കിടാരികളെ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. സബ്സിഡിയായി 98,800 രൂപയാണ് നൽകുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്രളയംമൂലം ക്ഷീരമേഖലയ്ക്കുണ്ടായ ആഘാതം**

146(933) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷമുണ്ടായ പ്രളയം ക്ഷീരമേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് എന്തൊക്കെ ധനസഹായമാണ് ഇതിനകം നൽകിയത്;

(സി) പ്രളയമേഖലയിൽ പൊതു കന്നുകാലി പരിപാലന കേന്ദ്രം സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള സർക്കാർ പരിശ്രമങ്ങളെ പ്രളയം എത്രമാത്രം പിന്നോട്ടടിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരമേഖലയിൽ പ്രളയത്തിന്റെ ഭാഗമായി ഏകദേശം 107 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. പ്രളയത്തിൽ 5163 പശുക്കൾക്കും, 1228 കിടാരികൾക്കും, 5166 കന്നുകുട്ടികൾക്കും, 541 എരുമകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ ഏകദേശം 10612 കാലിത്തൊഴുത്തുകൾക്ക് പൂർണ്ണമായും 7730 കാലിത്തൊഴുത്തുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ കെട്ടിടങ്ങൾക്കും ശീതീകരണ സംസ്കരണ, പാൽ പരിശോധനാ സംവിധാനങ്ങൾക്കും കനത്ത

നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. തീറ്റപ്പുൽ കൃഷിത്തോട്ടങ്ങൾ വ്യാപകമായി നശിക്കുകയും കാലിത്തീറ്റ, വയ്ക്കോൽ, കച്ചി തുടങ്ങിയവ ഉപയോഗശൂന്യമായിത്തീരുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ 2.5 ലക്ഷം ലിറ്ററിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് അടിയന്തര സഹായമായി കണ്ടിൻജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും കച്ചി/വയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയുടെയും ധനസഹായം കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പ്രളയ നാശനഷ്ടങ്ങൾമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ക്ഷീര കർഷകർക്കായി 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റിഹാബിലിറ്റേഷൻ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) അടുത്ത സാമ്പത്തിക വർഷം കുട്ടനാട് പോലെയുള്ള പ്രളയസാധ്യതാ പ്രദേശത്ത് പൊതു കന്നുകാലി പരിപാലനകേന്ദ്രം സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ട്.

(ഡി) പ്രളയത്തിന്റെ ഭാഗമായി സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ക്ഷീരോൽപ്പാദനമേഖലയ്ക്ക് കനത്ത നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രളയംമൂലം 384.26 ലക്ഷം രൂപയുടെ പാലുല്പാദന നഷ്ടം ക്ഷീര മേഖലയിൽ ഉണ്ടായിട്ടുണ്ട്. കറവപ്പശുക്കളും എരുമകളും നഷ്ടപ്പെട്ടതുമൂലമുണ്ടായ ഉല്പാദന നഷ്ടത്തോടൊപ്പം പ്രളയത്തെ അതിജീവിച്ച ഉരുക്കളിലും ഉല്പാദന നഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽകൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായത് ക്ഷീരോല്പാദനത്തെ ബാധിക്കാൻ കാരണമായിട്ടുണ്ട്.

**ക്ഷീരകർഷകർക്ക് നൽകിവരുന്ന സഹായങ്ങൾക്ക് കേന്ദ്ര നിയന്ത്രണം**

147(934) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപ്പാദനത്തിൽ പ്രധാന പങ്കുവഹിക്കുന്ന സങ്കരയിനം കന്നുകാലികളെ വളർത്തുന്ന ക്ഷീരകർഷകർക്ക് നൽകിവരുന്ന സഹായങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പാലിൽ എത്ര ശതമാനമാണ് സങ്കരയിനം പശുക്കളിലൂടെ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സഹായം തനത് കന്നുകാലികൾക്ക് മാത്രമായി നിജപ്പെടുത്തുന്നത് തടയുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) അറിയിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ ആകെ പ്രതിവർഷ പാൽ ഉൽപ്പാദനം (പശു, എരുമ, ആട്) = 2575980 ടൺ.

പശുവിൽ നിന്നുള്ള പാൽ ഉൽപ്പാദനം = 2442090 ടൺ

സങ്കരയിനം പശുക്കളിൽ നിന്നുള്ള പാൽ ഉൽപ്പാദനം =2416040 ടൺ

പശുവിൽ നിന്നുള്ള പാൽ ഉൽപ്പാദനത്തിൽ സങ്കരയിനം പശുക്കളിൽ നിന്നുള്ള ശതമാനം= 98%

സംസ്ഥാനത്തെ ആകെ പാൽ ഉൽപ്പാദനത്തിൽ സങ്കരയിനം പശുക്കളിൽ നിന്നുള്ള ശതമാനം = 94%

(സി) ബാധകമല്ല.

**പ്രളയത്തിൽ അങ്കമാലിയിലെ ക്ഷീരകർഷകർക്കുണ്ടായ നഷ്ടം**

148(935) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ഇക്കഴിഞ്ഞ പ്രളയത്തിൽ ക്ഷീരകർഷകർക്ക് ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ തിരിച്ചുള്ള പേര് വിവരം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ ക്ഷീരകർഷകർക്കുണ്ടായ നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) നാളിതുവരെയായി എത്രപേർക്ക് നഷ്ടപരിഹാര തുക നൽകിയെന്നും ഇനി എത്രപേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. കണ്ടിൻജൻസി ഫണ്ടിൽ ഉൾപ്പെടുത്തി കർഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ, പ്രളയക്കെടുതി ദുരിതാശ്വാസത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) കണ്ടിൻജൻസി ഫണ്ടിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് നശിച്ച അങ്കമാലി ബ്ലോക്കിലെ നാല് കർഷകർക്കും പാറക്കടവ് പഞ്ചായത്തിലെ ഒരു കർഷകനും 5,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

അങ്കമാലി പാറക്കടവ് ബ്ലോക്കുകളിൽ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രത്യേക പ്രളയ ദുരിതാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, പുതിയ കാലിത്തൊഴുത്ത് നിർമ്മിക്കുക, കാലിത്തൊഴുത്തിനുള്ള അറ്റകുറ്റപ്പണികൾ നടത്തുക, കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം എന്നിങ്ങനെ വിവിധ ഇനങ്ങളിലായി ധനസഹായം ഈ പദ്ധതി പ്രകാരം നൽകുന്നതാണ്.

**രണ്ടാംവിള സമയത്ത് ജലസേചനം പുനരാരംഭിക്കുന്നതിനുള്ള നടപടി**

149(936) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം പുഴ ഗതിമാറി ഒഴുകിയതുകാരണം നഷ്ടപ്പെട്ട, പട്ടാമ്പി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതിയായ കണ്ണമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വാട്ടർ സോഴ്സ് വീണ്ടെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) രണ്ടാംവിള ആരംഭിച്ച ഈ സമയത്ത് നെൽകൃഷിയിൽ ജലസേചനം അത്യന്താപേക്ഷിതമായതിനാൽ ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എത്രയുംവേഗം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പ്രദേശത്ത് പ്രളയംമൂലം പുഴ ഗതിമാറി ഒഴുകിയിട്ടില്ല. നിലവിൽ പമ്പിംഗ് ആവശ്യത്തിനുള്ള വെള്ളം ലഭ്യമാണ്.

(ബി) നടപടികൾ സ്വീകരിച്ച് പമ്പിംഗ് പുനരാരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

**ജലനിധി പദ്ധതി**

150(937) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. ആന്റണിജോൺ</u>:
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് റോഡുകൾ കുഴിക്കേണ്ടി വരുമ്പോൾ ആയത് നന്നാക്കുന്നതിനുവേണ്ട തുക മുൻകൂർ ഡെപ്പോസിറ്റ് ചെയ്യണമെന്ന നിബന്ധനയുണ്ടോ;

(ബി) ഇല്ലെങ്കിൽ എപ്രകാരമാണ് പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച ശേഷം റോഡ് റസ്റ്റോറേഷൻ നടത്തുന്നത്; ഇപ്രകാരമുള്ള റോഡ് റസ്റ്റോറേഷന് പഞ്ചായത്ത് വിഹിതം അടക്കേണ്ടതുണ്ടോ;

(സി) വേങ്ങര നിയോജകമണ്ഡലത്തിലെ വേങ്ങര, ഊരകം, പറപ്പൂർ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി പൂർത്തീകരിച്ചതിനുശേഷം ഇതിനായി കുഴിച്ച പഞ്ചായത്ത് റോഡുകൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തുക എത്രയെന്ന് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റ് തുകയിൽ ജലനിധിയുടെ വിഹിതം എത്രയാണ്; ഇത് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ ജലനിധി പദ്ധതി പൂർത്തീകരിച്ചത് എന്നാണ്; റോഡ് പുനരുദ്ധാരണത്തിനായി ജലനിധി നൽകാനുള്ള തുക എന്നത്തേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ജലനിധി പദ്ധതികളുടെ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള പഞ്ചായത്ത് റോഡ് റസ്റ്റോറേഷൻ തുകയ്ക്കനുസരിച്ചാണ് റോഡ് റസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നത്. എസ്റ്റിമേറ്റിൽ വരുന്ന റോഡ് റസ്റ്റോറേഷൻ തുകയ്ക്ക് പഞ്ചായത്ത് വിഹിതം അടയ്ക്കേണ്ടതാണ്.

(സി) ഉണ്ട്. വേങ്ങര, ഊരകം, പറപ്പൂര എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമായ തുക യഥാക്രമം 2,84,70,406, 1,31,87,781 3,08,72,893 എന്ന നിലയിലാണ് എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളത്.

(ഡി) എസ്റ്റിമേറ്റ് തുക തുല്യമായി ജലനിധിയും ഗ്രാമപഞ്ചായത്തും വഹിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തുകളുമായി ധാരണയിലായതിനുശേഷം മാത്രമെ തുക അനുവദിക്കാൻ സാധിക്കുകയുള്ളു.

(ഇ) പഞ്ചായത്ത് റോഡ് പുനരുദ്ധാരണത്തിനായി ജലനിധി നൽകാനുള്ള തുക മേൽപ്പറഞ്ഞ ധാരണയിലെത്തുന്നമുറയ്ക്ക് നൽകുന്നതാണ്.

## പാലക്കാട് ജില്ലയിൽ ജലസേചന വകുപ്പിൽ ഇലക്ട്രിക് വിംഗിൽ സബ് ഡിവിഷൻ ഓഫീസ്

151(938) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ധാരാളമുള്ള പാലക്കാട് ജില്ലയിലെ ജലസേചന വകുപ്പിൽ ഇലക്ട്രിക് വിംഗിൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഇത്തരം ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നത് പൊതുമരാമത്ത് വകുപ്പിൽ നിന്നും നിയുക്തരായ ഉദ്യോഗസ്ഥർ ആണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയുക്തരായ ഉദ്യോഗസ്ഥരുടെ ജോലിഭാരം നിമിത്തം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ ഇലക്ട്രിക് ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്നുള്ളത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) പാലക്കാട് ജില്ലയിൽ നെൽകൃഷി വിജയകരമായി നടപ്പിലാക്കുന്നതിന് ജലസേചനം അത്യാവശ്യമായതിനാൽ കുറ്റമറ്റ രീതിയിലുള്ള ജലസേചന രീതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇറിഗേഷൻ വകുപ്പിലെ സിവിൽ വിഭാഗത്തിന്റെയും കർഷക സമിതികളുടെയും സഹകരണത്തോടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി നല്ല രീതിയിൽ ജലവിതരണം നടത്തിവരുന്നു.

## നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ

152(939) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാം; പദ്ധതികൾ മുടങ്ങാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ ചെലവ് കണക്കാക്കിയിരിക്കുന്നത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന ജലസേചന പദ്ധതികൾ മുടങ്ങിക്കിടക്കുന്നു.

1. ചെ.811 മീ മുതൽ 851 മീറ്റർ വരെയുള്ള ലിങ്ക് കനാലിലെ പാലത്തിന്റെ നിർമ്മാണവും അനുബന്ധ റോഡിന്റെ രൂപീകരണവും കോടതിവിധി പ്രകാരം ടെർമിനേറ്റ് ചെയ്തതാണ് പ്രസ്തുത പ്രവൃത്തി മുടങ്ങുവാനുള്ള കാരണം.

2. ലിങ്ക് കനാൽ ചെ.2000 മീ മുതൽ 4025 മീറ്റർ വരെയുള്ള സി.ഡി. വർക്കുകൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ-പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭ്യമാകാത്തതാണ് പ്രസ്തുത പദ്ധതി മുടങ്ങുവാനുള്ള കാരണം.

1. ഐ.ഐ.പി.ലിങ്ക് കനാൽ ചെ.811 മീ. മുതൽ 851 മീറ്റർ വരെ- 42 ലക്ഷം രൂപ

2. ഐ.ഐ.പി.ലിങ്ക് കനാൽ ചെ.2000 മീ. മുതൽ 4025 മീറ്റർ വരെയുള്ള സി.ഡി വർക്കുകൾ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ ഇനി വേണ്ടിവരുന്ന തുക- 44 കോടി രൂപ.

ആകെ തുക-44.42 കോടി രൂപ.

(സി) ലിങ്ക് കനാലിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി വിശദമായ റിപ്പോർട്ട് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ച് ചാലക്കുടി ഇടതുകര കനാലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം ബോട്ട് ടെർമിനൽ നിർമ്മാണം

153(940) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം ബോട്ട് ടെർമിനൽ നിർമ്മിക്കാനുള്ള പദ്ധതി ടൂറിസം വകുപ്പ് വഴി തീരുമാനിച്ചിരുന്നുവെങ്കിലും ഇതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകാൻ ജലസേചന വകുപ്പ് ഏറെ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പ്രസ്തുത പദ്ധതി ഇൻലാന്റ് നാവിഗേഷൻ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ഈ പദ്ധതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായി ടി വകുപ്പ് അറിയിച്ചിട്ടുണ്ട്.

**തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടറുകൾ**

154(941) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടറുകൾ 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് എന്നാണ് ഉയർത്തിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്പിൽവേയിലെ ഷട്ടറുകൾ ഉയർത്തുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഷട്ടർ ഉയർത്തുന്നതിൽ ഉണ്ടായ അനാസ്ഥയാണ് കുട്ടനാട്ടിലെ വെള്ളപ്പൊക്കം രൂക്ഷമാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) തോട്ടപ്പള്ളി സ്പിൽവേയിലെ 40 ഷട്ടറുകളും വെള്ളപ്പൊക്കം ഉണ്ടാകുന്നതിന് മുമ്പുതന്നെ 16-7-2018-ന് പരമാവധി ഉയർത്തിയിട്ടുള്ളതാണ്. ഇതിൽ ഒരു ഷട്ടറിന്റെ ഡി ഷാക്കിൾ (ചെയിനിന്റെ ഹുക്ക്) ഒടിഞ്ഞുപോയത് കാരണം ഷട്ടർ താഴുകയും 15-08-2018-ന് യന്ത്രസഹായത്താൽ പ്രസ്തുത ഷട്ടർ പരമാവധി ഉയർത്തുകയും ചെയ്തു. ഒരു ഘട്ടത്തിലും ഷട്ടറുകളുടെ നിരപ്പിന് മുകളിൽ ജലം ഉയർന്നിട്ടില്ല.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുട്ടനാട്ടിൽ ഈ വർഷം ഉണ്ടായ വെള്ളപ്പൊക്കം**

155(942) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഈ വർഷം ഉണ്ടായ വെള്ളപ്പൊക്കം നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാരിന് ഗുരുതരമായ വീഴ്ച സംഭവിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തണ്ണീർമുക്കം ബണ്ട് കൃത്യസമയത്ത് തുറക്കാതിരുന്നതാണ് കുട്ടനാടിനെ പ്രളയത്തിൽ മുക്കുന്നതിനുള്ള പ്രധാന കാരണം എന്ന ആക്ഷേപം ശരിയാണോ;

(സി) എങ്കിൽ പ്രസ്തുത ബണ്ട് വെള്ളപ്പൊക്കം രൂക്ഷമാകുന്നതിന് മുമ്പ് തുറക്കാതിരുന്നത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും അലംഭാവം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശരിയല്ല. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ പ്രളയത്തിനുമുമ്പ് തന്നെ തുറന്നിട്ടുള്ളതാണ്.

(സി) ഷട്ടറുകൾ പ്രളയത്തിന് മുമ്പുതന്നെ തുറന്നിട്ടുള്ളതാണ്. തണ്ണീർമുക്കം ബാരേജിന്റെ ഒന്നുംരണ്ടും ഘട്ടങ്ങളിലെ 62 ഷട്ടറുകളും 16-4-2018 തീയതികളിൽ തന്നെ തുറന്നിരുന്നു. ആയതിനാൽ വെള്ളം ഒഴുകുന്നതിന് തടസ്സമില്ലായിരുന്നു. കൂടാതെ വെള്ളപ്പൊക്കം ആരംഭിച്ചതോടെ 2018 ജൂലൈ 26-ാം തീയതി പ്രവർത്തനസജ്ജമായ പുതിയ മൂന്നാംഘട്ടത്തിന്റെ 28 ഷട്ടറുകളും ഒരു ലോക്കും ഒന്നുംരണ്ടും ഘട്ടങ്ങളിലായുള്ള മൂന്ന് ലോക്കുകളുംകൂടി തുറന്നിരുന്നു. മാത്രമല്ല ആഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ നിലവിലുള്ള മൺചിറകൾ പൊളിച്ചുതുടങ്ങുകയും ചെയ്തിരുന്നു. ആയതിനാൽ വെള്ളപ്പൊക്കംമൂലമുണ്ടായ അധിക വെള്ളം ഒഴുക്കുന്നതിന് തടസ്സങ്ങളൊന്നും ഉണ്ടായിരുന്നില്ല.

(ഡി&ഇ) മേൽപ്പറഞ്ഞ സാഹചര്യത്തിൽനിന്നും ഉദ്യോഗസ്ഥരുടെ ഭാഗത്ത് യാതൊരു അലംഭാവവും ഉണ്ടായിട്ടില്ലെന്ന് വ്യക്തമാക്കുന്നു.

## സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ ഫോർ ഫ്ളഡ് ഫോർകാസ്റ്റിംഗ്

156(943) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കം മുൻകൂട്ടി കാണുന്നതിനും നിരീക്ഷിക്കുന്നതിനുമായി സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ ഫോർ ഫ്ളഡ് ഫോർകാസ്റ്റിംഗ് തയ്യാറാക്കുന്നതിന് കേന്ദ്ര വാട്ടർ കമ്മീഷൻ പദ്ധതി തയ്യാറാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുണ്ടായ കാരണമെന്താണ്;

(സി) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിൽ ഉണ്ടായ വീഴ്ചമൂലം സംസ്ഥാനത്ത് ഉണ്ടായ പ്രളയം കൃത്യമായി പ്രവചിക്കുന്നതിനും, മുൻകരുതലെടുക്കുന്നതിനും കേന്ദ്ര വാട്ടർ കമ്മീഷന് സാധിക്കാത്ത സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല. കേരളത്തിലെ നദികളുടെ വൃഷ്ടിപ്രദേശം വളരെ ചെറുതായതിനാലും ഭൂമിയുടെ പശ്ചിമഘട്ടത്തിൽനിന്നും കുത്തനെയുള്ള ചരിവും കാരണം മഴവെള്ളം ധ്രുതഗതിയിൽ നദികളിലെത്തുന്നു. തന്മൂലം നദികളിലെ ജലനിരപ്പിന്റെ അടിസ്ഥാനത്തിൽ വെള്ളപ്പൊക്ക പ്രവചനം പ്രാവർത്തികമല്ല. കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള വെള്ളപ്പൊക്ക പ്രവചന സമ്പ്രദായങ്ങൾ സജ്ജീകരിക്കുന്നതിനായി നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) ഇല്ല. കേന്ദ്ര ജല കമ്മീഷൻ സജ്ജീകരിച്ചിട്ടുള്ള വെള്ളപ്പൊക്ക പ്രവചന സമ്പ്രദായങ്ങൾ നദിയിലെ ജലനിരപ്പിന്റെ അടിസ്ഥാനത്തിലുള്ളവയാണ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നദികളിലെ ജലനിരപ്പിന്റെ അടിസ്ഥാനത്തിലുള്ള വെള്ളപ്പൊക്ക പ്രവചന സമ്പ്രദായങ്ങൾ പ്രാവർത്തികമല്ല.

**പമ്പ ആക്ഷൻ പ്ലാൻ**

157(944) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് നാളിതുവരെ സർക്കാർ അനുവദിച്ച് തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രളയം ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ പമ്പ ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് നാളിതുവരെ 39.77 കോടി രൂപ ചെലവഴിച്ചു. ഇതിൽ 7.75 കോടി രൂപ കേന്ദ്രവിഹിതവും ബാക്കി സംസ്ഥാനവുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി&സി) പമ്പാനദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് പമ്പാ ആക്ഷൻപ്ലാൻ ഒന്നാംഘട്ടത്തിന്

2003-ൽ 18.5 കോടി രൂപയുടെ അംഗീകാരം നല്കി. ടി പദ്ധതിയുടെ സാമ്പത്തിക അനുപാതം 70% കേന്ദ്ര വിഹിതവും 30% സംസ്ഥാന വിഹിതവും ആയിരുന്നു. 1-4-2015 മുതൽ 50:50 -ഉം 1-4-2016 മുതൽ ഇത് 60:40 -ഉം ആണ്. പമ്പാ ആക്ഷൻ പ്ലാൻ പ്രാരംഭഘട്ടത്തിൽ നോഡൽ ഏജൻസി കേരള വാട്ടർ അതോറിറ്റി ആയിരുന്നു. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെയാണ് ഏല്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരളവാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി. ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്.

പമ്പാ ആക്ഷൻ പ്ലാൻ രണ്ടാംഘട്ടത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനായി ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, വനം വകുപ്പ്, ദേവസ്വം ബോർഡ്, എൽ.എസ്.ജി.ഡി. എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, റാന്നി എം.എൽ.എ. ശ്രീ. രാജു എബ്രഹാം എന്നിവരെ ഉൾപ്പെടുത്തി 31-5-2017, 20-6-2017, 17-1-2018, 28-2-2018, 7-3-2018, 21-4-2018 എന്നീ തീയതികളിൽ മീറ്റിംഗുകൾ നടത്തി. എല്ലാ വകുപ്പുകളും അവരുടെ കരട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

**കരമന നദീതീരത്തെ ജൈവ വൈവിദ്ധ്യ ഉദ്യാനം**

158(945) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന നദീതീരത്ത് ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന ജൈവ വൈവിദ്ധ്യ ഉദ്യാനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ നിലവിൽ സ്തംഭനാവസ്ഥയിലാണോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്തംഭനാവസ്ഥയിലാണ്.

(ബി) കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് (KRSM) പ്രോജക്ടിന്റെ കീഴിൽ ജൈവ വൈവിദ്ധ്യ ഉദ്യാനവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് 65 ലക്ഷം രൂപയ്ക്ക് ലഭിച്ച ഭരണാനുമതി പ്രകാരം 70 ശതമാനം പ്രവൃത്തി നടപ്പിലാക്കി. എന്നാൽ ഈ പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ തിരുവനന്തപുരം, വൻകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പാസ്സാക്കി ഫണ്ടിനുവേണ്ടി കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് (KRSM) സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഇതുവരെയും ലഭിച്ചിട്ടില്ല.

**പ്രളയ മുന്നറിയിപ്പ് സംവിധാനം**

159(946) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, പെരിയാർ തീരങ്ങളിൽ കേന്ദ്ര സഹായത്തോടെ പ്രളയ മുന്നറിയിപ്പ് സംവിധാനം തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനം ഒരുക്കുന്നത് ആരുടെ സഹകരണ ത്തോടെയാണെന്ന് വിശദമാക്കുമോ; ഈ സംവിധാനം കേരളം മുഴുവൻ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (NHP)-ന്റെ സഹകരണ ത്തോടെയാണ് സംവിധാനം ഒരുക്കുന്നത്. ഈ പ്രവൃത്തിയിൽ ദീർഘകാല പരിചയമുള്ള അന്തർദ്ദേശീയ നിലവാരമുള്ള കൺസൾട്ടൻസിവഴി നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. പ്രസ്തുത പ്രോജക്ടിന്റെ കാര്യക്ഷമത വിലയിരുത്തിയശേഷം മാത്രമെ ഈ സംവിധാനം കേരളം മുഴുവൻ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുകയുള്ളൂ.

**കോട്ടയം ജില്ലയിലെ നബാർഡ് വർക്കുകൾ**

160(948) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ജലസേചനവകുപ്പ് 2018-19-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് നബാർഡ് അനുവാദം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19-ൽ ചീഫ് എഞ്ചിനീയർ ഏതെല്ലാം നബാർഡ് പ്രവൃത്തികൾ കോട്ടയം ജില്ലയിൽ നിന്നു ശുപാർശ ചെയ്തു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ 2018-19 കാലയളവിൽ ജലസേചന വകുപ്പിൻകീഴിൽ നബാർഡ് അനുമതി നൽകിയ പദ്ധതികളൊന്നും തന്നെയില്ല.

(ബി) നബാർഡ് നിഷ്കർഷിക്കുന്ന പുതിയ മാനദണ്ഡത്തിൽ 5 കോടി രൂപയ്ക്കുമേൽ അടങ്കൽ തുക വരുന്ന പദ്ധതികൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അഞ്ച് കോടി രൂപയ്ക്കുമേൽ അടങ്കൽ തുകയുള്ള പദ്ധതികൾ കോട്ടയം ജില്ലയിൽനിന്ന് ലഭിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത ജില്ലയിലെ പദ്ധതികൾ നബാർഡിൽ ശിപാർശ ചെയ്യാൻ സാധിച്ചിട്ടില്ല.

**കോലുമാട് ജലസേചന പദ്ധതി**

161(949) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ജലസേചന പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ജലസേചന പദ്ധതിക്കായി സർവ്വേ പ്രവൃത്തികൾ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പൂർത്തീകരിച്ചിട്ടുണ്ട്. KERI തയ്യാറാക്കിയ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

**ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ പുനർനിർമ്മാണം**

162(950) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിലും മലവെള്ളപ്പാച്ചിലിലും തകർന്ന ചേലക്കര നിയോജക മണ്ഡലത്തിലെ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അഞ്ച് പഞ്ചായത്തുകളിലായി 2500-ൽപരം ഏക്കർ സ്ഥലത്തെ നെൽകൃഷിക്ക് നേരിട്ട് ജലസേചന സൗകര്യം ലഭ്യമാക്കുവാൻ സഹായകമാവുന്ന പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ-സി) ചീരക്കുഴി ഇറിഗേഷൻ പ്രോജക്റ്റിന്റെ പുനർനിർമ്മാണത്തിനായുള്ള 14 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ്. XXIV-ൽ പരിഗണിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ വർഷത്തെ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചുവരുന്നു. താൽക്കാലികമായി കനാൽ വഴി ജലസേചനം നടത്തുവാൻ നിലവിലെ വിയറിൽ മണൽ ചാക്കിട്ട് താൽക്കാലിക ബണ്ട് നിർമ്മിക്കുവാനും മെക്കാനിക്കൽ പ്രവൃത്തികൾക്കും കനാലിന്റെ ഇൻടേക്ക് പോർഷനും കനാൽ റെഗുലേറ്ററിനും വിയർ റോഡിനും ചെറുതുരുത്തി കനാലിന്റെ അടിയന്തര പണികൾക്കുമായി 69.25 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

## പിടിവെട്ടിപ്പാറ കുടിവെള്ള പദ്ധതി

163(951) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കങ്ങഴ പഞ്ചായത്തിലെ വാട്ടർ അതോറിറ്റിയുടെ പിടിവെട്ടിപ്പാറ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് അനുവദിച്ചത്; പദ്ധതി പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലായെങ്കിൽ പൂർത്തിയാക്കുന്നതിനുള്ള തടസ്സങ്ങളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കങ്ങഴ പഞ്ചായത്തിൽ 2002-ൽ കേന്ദ്ര സഹായത്തോടെയുള്ള ARP-NC/PC-യിൽ ഉൾപ്പെടുത്തി 94.6 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. രണ്ട് പാക്കേജുകളായി വിഭജിച്ചിരുന്ന ഈ പദ്ധതിയിലുൾപ്പെടുത്തിയിരുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

**പാക്കേജ് 1**

1. പുതിയോട്ടിൽ പാറയിൽ രണ്ട് ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി

2. മുണ്ടംതാനം ഉന്നതതല ജലസംഭരണിയിൽനിന്നും പുതിയോട്ടിൽ പാറ വരെ 3890 മീറ്റർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ

**പാക്കേജ് 2**

കഞ്ഞഴ പഞ്ചായത്തിലെ 1, 2, 4, 5 വാർഡുകളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ

മേൽപ്രസ്താവിച്ച ഘടകങ്ങളിൽ പാക്കേജ് 1-ൽ ഉൾപ്പെട്ട ഭൂതല ജലസംഭരണിയുടെ നിർമ്മാണവും 3890 മീറ്റർ ദൈർഘ്യമുള്ള പമ്പിംഗ് മെയിനിൽ 2175 മീറ്റർ വിതരണ ശൃംഖലയും പൂർത്തീകരിച്ചിട്ടുണ്ട്. പമ്പിംഗ് മെയിനിന്റെ ബാക്കി ഭാഗം ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാക്കേജ്-ൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിക്കാത്തതിനാൽ ടി കരാർ റദ്ദാക്കുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ (Risk & Cost) ബാക്കി പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നുവെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. തുടർന്ന് പദ്ധതിക്ക് പുതുക്കിയ നിരക്കിൽ ഭരണാനുമതി ലഭ്യമാകാത്തതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

(ബി) 2002-ലാണ് പദ്ധതിക്ക് ഭരണാനുമതി നൽകിയത്. പദ്ധതി പൂർത്തിയായിട്ടില്ല.

(സി) 2002-ൽ അനുമതി ലഭിച്ച പദ്ധതിയിൽ പൂർത്തീകരിക്കാത്ത ഘടകങ്ങൾക്ക് പുതുക്കിയ നിരക്കിൽ ഭരണാനുമതി ലഭ്യമാകേണ്ടതുണ്ട്. ഇനി പൂർത്തീകരിക്കുന്നതിനുള്ള ഘടകങ്ങളെല്ലാം ഉൾപ്പെടുത്തി പുതുക്കിയ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുക്കിയ പദ്ധതി അനുയോജ്യമായ ശീർഷകത്തിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബാക്കി ഘടകങ്ങൾ പൂർത്തിയാക്കി പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതാണ്.

**നദികളുടെ ശരിയായ പരിപാലനം**

164(952) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ പ്രധാനകാരണം നദികളുടെ ശരിയായ പരിപാലനം ഇല്ലാത്തതാണെന്ന് ലോക ബാങ്കിന്റെ പ്രതിനിധികളുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നദികളുടെ പരിപാലനത്തിന് ഡച്ച് കാഴ്ചപ്പാടാണ് വേണ്ടതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) നദികളുടെ പരിപാലനത്തിനായി സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി ലോക ബാങ്ക് സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നദികളുടെ പരിപാലനത്തിന് ഡച്ച് സഹായം തേടുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നാൽ കുട്ടനാട് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡച്ച് സാങ്കേതിക സഹായത്തോടെ പഠനം നടത്തിയിട്ടുണ്ട്.

(സി) നദികളുടെ സമഗ്ര പരിപാലനം ആവശ്യമാണ്. ഇതിന് വിവിധ വകുപ്പുകൾ/ഏജൻസികൾ ചേർന്ന നദീതട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയാൽ മാത്രമെ കഴിയൂ.

**നദികളുടെ പുനരുദ്ധാരണം**

165(953) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളുടെ പുനരുദ്ധാരണം സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അതിതീവ്ര മഴയുണ്ടാകുമ്പോൾ വെള്ളം കായലിലേയ്ക്ക് ഒഴുകുന്ന വിധത്തിൽ നദികളുടെ വീതിയും ആഴവും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കത്തിന്റെ പ്രധാന കാരണം ആമയിഴഞ്ചാൻ തോടിൽ എക്കലും മാലിന്യവും അടിഞ്ഞ് വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തോടിലെ എക്കലും മാലിന്യവും നീക്കി വെള്ളപ്പൊക്ക ഭീഷണി തടയുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് പാരിസ്ഥിതിക പഠനം നടത്തിയാലെ ഇവ പ്രായോഗികമാണോ എന്ന് പറയാൻ കഴിയുകയുള്ളൂ.

(സി&ഡി) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടിനെയും അനുബന്ധ തോടുകളെയും കരമന, കിള്ളിയാർ എന്നീ നദികളെയും ചേർത്ത് ഒരു സമഗ്ര പദ്ധതി RITES-ന്റെ പഠനത്തിന് അനുസൃതമായി തയ്യാറാക്കി വരികയാണ്. ഇതിൽ ആമയിഴഞ്ചാൻ തോടിലുള്ള മണ്ണും എക്കലും നീക്കം ചെയ്യാനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**കിള്ളിയാർ**

166(954) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവർഷത്തിന് മുമ്പ് കിള്ളിയാർ സമ്പൂർണ്ണമായി ശുചീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഈ പദ്ധതിക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ&ബി) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കരമന, കിള്ളിയാർ എന്നിവ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി മുൻ ചീഫ് സെക്രട്ടറി 28-12-2017-ൽ നടത്തിയ മീറ്റിംഗിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ എന്നീ വകുപ്പുകൾ സംയുക്തമായി തയ്യാറാക്കിയ കൺസെപ്റ്റ് പ്ലാൻ അംഗീകരിച്ചു.

തുടർന്ന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസി മുഖേന തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നഗരപ്രദേശത്തുകൂടി പോകുന്ന നദിയുടെ ഇരുകരകളിലും 250 മീറ്റർ ദൂരത്തിലുള്ള വീടുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ സോഷ്യോ എക്കണോമിക് യൂണിറ്റ് വഴി ശേഖരിക്കുകയും സാനിട്ടേഷൻ സർവ്വേ നടത്തുകയും ചെയ്തു. പ്രസ്തുത സാനിട്ടേഷൻ സർവ്വേ പൂർത്തിയായിട്ടുണ്ട്.

കരമന, കിള്ളിയാർ ഇവ മാലിന്യമുക്തമാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി 31-10-2018-ലെ ജി.ഒ. (എം.എസ്.) 57/2018/ജവിവ. നമ്പർ ഉത്തരവ് പ്രകാരം ജലവിഭവ വകുപ്പ് ഒരു ടെക്നിക്കൽ കമ്മിറ്റിക്ക് (Technical Commitee) രൂപംനൽകിയിട്ടുണ്ട്.

ടെക്നിക്കൽ കമ്മിറ്റി ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു.

**ശാസ്താംകോട്ട തടാകം**

167(955) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകം നാശത്തിന്റെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തടാകത്തിന്റെ സമീപ പ്രദേശത്തുള്ള കുന്നുകളിൽ വൃക്ഷത്തൈ നടുന്നതിന് നേരത്തെ പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(സി) പ്രസ്തുത കുന്നുകളിൽ വൃക്ഷത്തൈക്ക് പകരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്; അറിയിക്കുമോ;

(ഡി) ശാസ്താംകോട്ടയിൽ നേരത്തെ കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതിനുള്ള ശ്രമം വിജയകരമല്ലാത്ത സാഹചര്യത്തിൽ വീണ്ടും ഈ പദ്ധതിയിൽ ലക്ഷങ്ങൾ മുടക്കുന്നത് ഏത് സാഹചര്യത്തിലാണെന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവിഷ്കരിക്കുന്നു.

(സി&ഡി) ജലവിഭവ വകുപ്പിൽ ഇങ്ങനെ ഒരു പദ്ധതി നിലവിലില്ല.

**ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് പദ്ധതി**

168(956) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാശോന്മുഖമായ നദികളുടെ സംരക്ഷണത്തിനായുള്ള ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം നദികളുടെ സംരക്ഷണത്തിനാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്: ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കേന്ദ്ര പരിസ്ഥിതി, വനം ആൻഡ് കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ "ഇന്റഗ്രേറ്റഡ് ആൻഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് - കരട്" എന്ന രേഖയുടെ പ്രധാന ലക്ഷ്യം നിലവിൽ ഇന്ത്യയിൽ നടപ്പിലാക്കിവരുന്ന "നാഷണൽ റിവർ കൺസർവേഷൻ പ്ലാൻ" എന്ന പദ്ധതി വിഭാവനം ചെയ്തിട്ടില്ലാത്ത ഘടകങ്ങളായ നദികളിലെ പാരിസ്ഥിതിക നീരൊഴുക്ക്, നദീതട പരിപാലനം, നദികളുടെ കൈവഴികളിലും നദിയിലും ചെറുകിട ജലസംഭരണികളുടെ നിർമ്മാണം, നദീതീരങ്ങളിൽ വനവത്കരണം, ഭൂജല പോഷണ നടപടികൾ, കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി നദികളിൽ എത്തിച്ചേരാനിടയുള്ള മാലിന്യം ഇല്ലാതാക്കുക, പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ എക്കോ ടൂറിസം നടപ്പിലാക്കുക, ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള ബോധവത്കരണം നടത്തുക, വ്യാവസായിക സ്ഥാപനങ്ങളിൽ സീറോ ഡിസ്ചാർജ് സംവിധാനം കൊണ്ടുവരിക, ഉപരിതല ജലചൂഷണം ഒഴിവാക്കുക തുടങ്ങിയ ഘടകങ്ങൾ ഉൾക്കൊണ്ട് നദീ പരിപാലന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ്. ഇതിനായി രണ്ട് തരത്തിലുള്ള ഇടപെടൽ രീതികളും നിർദ്ദേശിച്ചിട്ടുണ്ട്. (1) നേരിട്ടുള്ള ഇടപെടലുകൾ (2) നേരിട്ടല്ലാതെയുള്ള ഇടപെടലുകൾ

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ചാണ് (ജലത്തിലെ ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ് കണക്കാക്കി) നദികളെ മുൻഗണനാ പട്ടികയിൽപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിക്കായി രൂപപ്പെടുത്തിയ കരട് രൂപരേഖ, സംസ്ഥാനങ്ങളിൽനിന്ന് ലഭ്യമായ നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് സമ്പൂർണ്ണ രേഖയായി, അംഗീകരിച്ചതിനുശേഷം മാത്രമെ പ്രസ്തുത മാർഗ്ഗരേഖ പ്രകാരമുള്ള വിശദമായ പദ്ധതിരേഖ കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

**വിജയം കനാലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും**

169(957) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റുമൂലം ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി സമർപ്പിച്ച 294.417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) ഓഖി ചുഴലിക്കാറ്റുമൂലം ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനായി 294.417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

170(958) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ ഡിവിഷൻ മുഖാന്തരം എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ ഡിവിഷൻ മുഖാന്തരം ഇനി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു* .

(ബി) ഈ സാമ്പത്തിക വർഷം പ്രവൃത്തിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും കണക്കാക്കി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കനാലുകളുടെ നവീകരണം**

171(959) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കനാലുകളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ ചെറുകിട ജലസേചന വിഭാഗത്തിന് കീഴിൽ പുള്ളോട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ 0.64 കിലോമീറ്റർ കനാലും 2.54 കിലോമീറ്റർ പൈപ്പുമാണുള്ളത്. ഇവ ജലസേചനത്തിന് പര്യാപ്തമാണ്. മിർപ്പ-മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി 2011-ൽ നവീകരിച്ചിട്ടുണ്ട്. കാഡ ചാനലുകളുടെ നവീകരണത്തിനായി മംഗലം, ചേരാമംഗലം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ദർഘാസിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിരാ പദ്ധതിയിലുൾപ്പെടുത്തിയ ചേരാമംഗലം പദ്ധതിയുടെ പ്രവൃത്തികൾക്കായി സമർപ്പിച്ച ശിപാർശ പരിശോധനയിലാണ്.

**മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോട് സംരക്ഷണ ഭിത്തി**

172(960) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ കോട്ടത്തോട് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് എം.എൽ.എ. -യുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും അൻപത് ലക്ഷം രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയിന്മേൽ മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ മണ്ണ് പരിശോധന ഉൾപ്പെടെയുള്ളവ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ പ്രഥമ രൂപകൽപ്പനയിൽ വ്യതിയാനം വരുത്തി വാഹനങ്ങൾ കയറാവുന്ന തരത്തിലുള്ള പുതിയ ഡിസൈനും എസ്റ്റിമേറ്റും മണ്ണ് പരിശോധന നടത്തി സമർപ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. എന്നാൽ മണ്ണ് പരിശോധനയ്ക്ക് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിച്ചുവെങ്കിലും സീനിയോറിറ്റി അടിസ്ഥാനത്തിൽ മാത്രമെ പരിശോധിക്കുകയുള്ളൂ എന്നാണ് അവിടെനിന്നും അറിയിച്ചത്.

(ഡി) മണ്ണ് പരിശോധനയുടെ ഫലം ലഭ്യമായാലുടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാൻ നടപടി**

173(961) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മഴക്കാലത്തിന് മുമ്പ് തിരുവനന്തപുരത്തെ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിരുന്നോ;

(ബി) എങ്കിൽ എത്ര ലക്ഷം രൂപയുടെ പ്രൊപ്പോസലാണ് നൽകിയത്; എത്രലക്ഷം രൂപ ഇക്കാര്യത്തിന് അനുവദിച്ചു;

(സി) മഴക്കാലത്തിന് മുമ്പ് ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാതിരുന്നത് കൊണ്ട് ഗൗരീശപട്ടം, കുഴിവയൽ ഭാഗങ്ങളിൽ രൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാകുന്നതായും വീടുകളിൽ വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടായതായും കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആമയിഴഞ്ചാൻ തോടിലെ മണ്ണും എക്കലും എത്രയുംവേഗം നീക്കംചെയ്ത് മേല്പറഞ്ഞ സ്ഥലങ്ങളിലെ രൂക്ഷമായ വെള്ളപ്പൊക്കം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) 38 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അനുമതിക്കായി തിരുവനന്തപുരം വൻകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടിനെയും അനുബന്ധ തോടുകളേയും കരമന കിള്ളിയാർ എന്നീ നദികളെയും ചേർത്ത് ഒരു സമഗ്ര പദ്ധതി RITES-ന്റെ പഠനത്തിന് അനുസൃതമായി തയ്യാറാക്കി വരികയാണ്. ഇതിൽ ആമയിഴഞ്ചാൻ തോടിലുള്ള മണ്ണും എക്കലും നീക്കാനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സംഭരണശേഷി കുറഞ്ഞ ജലസംഭരണികൾ**

174(962) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംഭരണികളിൽ മണ്ണും ചെളിയും അടിഞ്ഞുകൂടിയത് കാരണം സംഭരണശേഷി കുറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ നീക്കം ചെയ്ത് പരമാവധി ജലം സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന മണലും ചെളിയും നീക്കി സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വ രൂപത്തിലാക്കുവാനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26-9-2017-ാം തീയതിയിലെ സർക്കാർ ഉത്തരവ് (Ms.) നമ്പർ 79/2017/WRD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റിംഗ് നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ അംഗീകാരത്തിന് വിധേയമായി പ്രത്യേകം രൂപീകരിച്ച ഉന്നതാധികാര സമിതിയിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SOP-ൽ ആവശ്യമായ ഭേദഗതികൾ വരുത്തി ബാക്കി അണക്കെട്ടുകളുടെ ഡീസിൽറ്റേഷൻ നടത്തുന്നതാണ്.

### ഡ്രിപ്പ് പദ്ധതിവഴി ഡാമുകളുടെ നവീകരണം

175(963) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഴയ ഡാമുകളുടെ നവീകരണം അടക്കമുള്ള സുരക്ഷാ സജ്ജീകരണങ്ങൾ നടപ്പിലാക്കുന്നതിന് ഡ്രിപ് പദ്ധതി വഴി തുക ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയെയാണ് ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തനം ഏല്പിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ എത്ര അണക്കെട്ടുകളിൽ ഈ പദ്ധതി പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും അതിൽ എത്ര അണക്കെട്ടുകളിൽ പദ്ധതി പൂർത്തിയാക്കിയെന്നും അറിയിക്കുമോ;

(ഡി) ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളുടെ ശേഷി അനുസരിച്ചുള്ള ദുരന്ത സാധ്യതാ പ്രദേശങ്ങളുടെ മാപ്പിംഗ്, എമർജൻസി ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ പദ്ധതിയുടെ നിർവ്വഹണം സംസ്ഥാന ജലസേചന വകുപ്പ് നടത്തിവരുന്നു.

(സി) ഡ്രിപ്പ് പദ്ധതിയിൽ 16 അണക്കെട്ടുകളിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ പാക്കേജുകളാക്കി നവീകരണം നടത്തിവരുന്നു. ഇതിൽ മലമ്പുഴ, ചുള്ളിയാർ, പോത്തുണ്ടി അണക്കെട്ടുകളിൽ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) പദ്ധതി പൂർത്തീകരിച്ചു. വാഴാനി, മീൻകര അണക്കെട്ടുകളിൽ സിവിൽ, മെക്കാനിക്കൽ പാക്കേജുകളും പൂർത്തീകരിച്ചു. പഴശ്ശി, ചിമ്മിനി, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് (പി.വി.ഐ.പി.), നെയ്യാർ, പീച്ചി, കുറ്റിയാടി എന്നീ അണക്കെട്ടുകളിൽ മെക്കാനിക്കൽ പാക്കേജ് പൂർത്തീകരിച്ചു.

മലങ്കര അണക്കെട്ടിന്റെ സിവിലും ഇലക്ട്രിക്കൽ പാക്കേജുകളും പൂർത്തീകരിച്ചു. പി.വി.ഐ.പി.-ൽ സിവിൽ ബാരേജ് പാക്കേജ് പൂർത്തീകരിച്ചു. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2020 ജൂൺ വരെയാണ് പദ്ധതിയുടെ കാലാവധി. ബാക്കി അണക്കെട്ടുകൾ ഡ്രിപ്പ് പദ്ധതിയുടെ ഫേസ് 2-ൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) 12 ഡാമുകളുടെ inundation മാപ്പുകൾ കേന്ദ്രജല കമ്മീഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇവ അനുസരിച്ചുള്ള എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും കേന്ദ്രജല കമ്മീഷന് നൽകുകയും ചെയ്തു. കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശം അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുന്നതിനായുള്ള നടപടികൾ ചെയ്തുവരുന്നു.

**ജലവിഭവ വകുപ്പിനുണ്ടായ നഷ്ടം**

176(964) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം ജലവിഭവ വകുപ്പിന് ഉണ്ടാക്കിയ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രളയ സമയത്ത് ഡാമുകൾ തുറക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(സി) പൊതുജനസുരക്ഷ മുൻനിർത്തി ഡാമിന്റെ പ്രവർത്തനം നിയന്ത്രിക്കാൻ ബന്ധപ്പെട്ട ഏജൻസികളെ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രളയ സമയത്ത് ഡാമുകൾ തുറക്കുന്നത് സംബന്ധിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ നിലവിലുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജലവിഭവ വകുപ്പിനെ സംബന്ധിച്ച് വകുപ്പുതലത്തിൽ സംഭവിച്ച നാശനഷ്ടം ഇപ്രകാരമാണ്.

| | |
|---|---|
| ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) | 1068 കോടി |
| കേരള ജല അതോറിറ്റി | 140.899 കോടി |
| ജലനിധി | 8.53 കോടി |
| ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ് II) | 9607.49 ലക്ഷം |
| ഭൂജല വകുപ്പ് | 86.75 ലക്ഷം |
| ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) | പീച്ചി കനാലിന്റെ പുനരുദ്ധാരണത്തിന് 119.86 ലക്ഷം രൂപയും ഹൈഡ്രോളജി വിഭാഗവുമായി ബന്ധപ്പെട്ട നിരീക്ഷണ സംവിധാനത്തിന് 42.80 ലക്ഷം രൂപയും പുനർനിർമ്മാണത്തിന് ആവശ്യമാണ്. |
| ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) | 3,67,50,000 രൂപയുടെ നഷ്ടം |
| ചീഫ് എഞ്ചിനീയർ (കുട്ടനാട് പാക്കേജ്) | 106.51 കോടി രൂപ |

ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ് 1-)മായി ബന്ധപ്പെട്ട നാശനഷ്ടങ്ങളുടെ കണക്ക്

| നമ്പർ | പദ്ധതിയുടെ പേര് | നഷ്ടങ്ങളുടെ തുക |
|---|---|---|
| 1 | പഴശ്ശി | 6 കോടി |
| 2 | കുറ്റ്യാടി | 16.97 കോടി |
| 3 | കാരാപ്പുഴ | 4.53 കോടി |
| 4 | ബാണാസുര സാഗർ | 0.55 കോടി |
| 5 | ചിറ്റൂർപ്പുഴ | 12.4 കോടി |
| 6 | കാഞ്ഞിരപ്പുഴ | 1.92 കോടി |
| 7 | ശിരുവാണി | 8 കോടി |
| 8 | മലമ്പുഴ | 12.04 കോടി |
| 9 | പോത്തുണ്ടി | 1.792 കോടി |
| 10 | മംഗലം | 3.87 കോടി |
| 11 | ചേരാമംഗലം | 0.33 കോടി |
| 12 | വാളയാർ | 2.19 കോടി |
| 13 | ഗായത്രി പ്രോജക്ട് (മീങ്കര, ചുള്ളിയാർ) | 3.85 കോടി |
| 14 | ചമ്രവട്ടം | 2.30 കോടി |
| 15 | തൂത്താല | 16.97 കോടി |

(ബി) മുന്നറിയിപ്പ് നൽകിയിരുന്നു. ഡാമുകൾ തുറന്നതിനുമുമ്പുതന്നെ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ, ജില്ലാ കളക്ടർ, ഗ്രാമപഞ്ചായത്തുകൾ, പോലീസ് വകുപ്പ്, മാധ്യമങ്ങൾ, ദക്ഷിണ റെയിൽവേ, ജില്ലാ ഇൻഫർമേഷൻ സെന്റർ തുടങ്ങിയവയ്ക്കെല്ലാം ആവശ്യമായ മുന്നറിയിപ്പുകളെല്ലാം യഥാസമയം നൽകിയിരുന്നു.

(സി) Integrated Dam Operation-ന് ആവശ്യമായ നടപടി പ്രാരംഭ ഘട്ടത്തിലാണ്.

(ഡി) ഇല്ല. ഓരോ ഡാമിനും പ്രത്യേകം പ്രത്യേകം Warning ലെവലുകൾ നിലവിലുണ്ട്. അതനുസരിച്ച് വേണ്ട മുൻകരുതലുകളും മുന്നറിയിപ്പുകളും നൽകിയാണ് ഡാമുകൾ തുറക്കുന്നത്. കൂടാതെ കേന്ദ്ര ജല കമ്മീഷന്റെ പുതിയ 2016 ഗൈഡ്‌ലൈൻസ് പ്രകാരം എല്ലാ ഡാമുകളുടെയും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് മാന്വവൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടിശ്ശേരി, അപ്പർ ചട്ട മൂന്നാർ ചെക്ക് ഡാമുകളുടെ നിർമ്മാണം**

177(965) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടിശ്ശേരി അപ്പർ ചട്ട മൂന്നാർ ചെക്ക് ഡാമുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമായാലുടൻ പണികൾ പുനരാരംഭിക്കാൻ കഴിയും.

അപ്പർ ചട്ട മൂന്നാർ ഡാമിന്റെ രൂപകൽപ്പന ചെയ്യുന്നതിനാവശ്യമായ വിശദമായ കോണ്ടൂർ സർവ്വേ പൂർത്തീകരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 4(1) നോട്ടിഫിക്കേഷന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനെ സമീപിച്ചിട്ടുണ്ട്. മണ്ണ് പര്യവേഷണ ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതികമായ നടപടിക്രമങ്ങളുടെ ഭാഗമായി ഉണ്ടാകാവുന്ന കാലതാമസമേ ഉണ്ടായിട്ടുള്ളൂ.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡാമുകൾ യഥാസമയം തുറക്കുന്നതിൽ പാളിച്ച**

178(966) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകൾ യഥാസമയം തുറക്കുന്നതിൽ പാളിച്ചയുണ്ടായി എന്ന കേന്ദ്ര ജല കമ്മീഷൻ റിപ്പോർട്ടിലെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കക്കി അണക്കെട്ടിലെ വെള്ളം യഥാസമയം തുറന്നുവിട്ട് കുട്ടനാട്ടിലെ പ്രളയത്തിന്റെ ആഘാതം കുറയ്ക്കാമായിരുന്നു എന്ന കേന്ദ്ര ജല കമ്മീഷൻ റിപ്പോർട്ടിലെ നിരീക്ഷണം ഗൗരവമായി കാണുന്നുണ്ടോ?

ഉത്തരം

(എ) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിൽ അങ്ങനെ പറഞ്ഞതായി കാണുന്നില്ല.

(ബി) കക്കി അണക്കെട്ടിലെ വെള്ളം യഥാസമയം തുറന്നുവിട്ട് കുട്ടനാട്ടിലെ പ്രളയത്തിന്റെ ആഘാതം കുറയ്ക്കാമായിരുന്നു എന്ന നിരീക്ഷണം കേന്ദ്ര ജലകമ്മീഷൻ നടത്തിയിട്ടില്ല. ജലകമ്മീഷന്റെ നിരീക്ഷണങ്ങൾ ഇപ്രകാരമാണ്.

പമ്പ, മണിമല, മീനച്ചിൽ, അച്ചൻകോവിൽ നദീതടങ്ങൾ ഉൾപ്പെടുന്നതാണ് കുട്ടനാട് മേഖല. ഇതിൽ ജലസംഭരണികൾ ഉള്ളത് പമ്പാനദിയിൽ മാത്രമാണ്. ജൂലൈ ആദ്യവാരം കക്കി അണക്കെട്ടിൽ 51 ശതമാനം വെള്ളമുണ്ടായിരുന്നു. ജൂലൈ 9 മുതൽ 27 വരെ തുടർച്ചയായി കനത്ത മഴ പെയ്തു. ഈ മഴവെള്ളം മുഴുവൻ കക്കി റിസർവ്വോയറിൽ സംഭരിക്കുകയും ജലവിതാനം 91 ശതമാനത്തിൽ എത്തുകയും ചെയ്തു. ഈ മഴയിൽത്തന്നെ കുട്ടനാട് മേഖല പ്രളയബാധിതമായിരുന്നു. പ്രളയത്തിന്റെ രൂക്ഷത കൂടുമെന്നതിനാലും ജനങ്ങളുടെ ദുരിതം വർദ്ധിക്കുമെന്നതിനാലും ആ സമയത്ത് ജലനിരപ്പ് താഴ്ത്തുന്നതിനായി കക്കി റിസർവ്വോയർ തുറക്കുവാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ആഗസ്റ്റ് 9 മുതൽ അടുത്ത കനത്ത മഴ ഉണ്ടാകുകയും 15-17 തീയതികളിൽ അതിതീവ്രമഴയാവുകയും ചെയ്തു. തൻമൂലം ഡാമുകളുടെ സുരക്ഷയെ കരുതിയും ഡാം തകർന്നാലുണ്ടാകുന്ന അതിഭീകര അവസ്ഥ ഒഴിവാക്കുന്നതിനുമായി കക്കി ജലസംഭരണിയിൽ ഒഴുകിയെത്തിയ അധികജലം ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതിയോടെ ക്രമാനുഗതമായി തുറന്നുവിടേണ്ട സാഹചര്യമുണ്ടായി.

മറ്റ് നദികളിലെ ജലസംഭരണികളുടെ അഭാവവും ആഗസ്റ്റ് 15-17 തീയതികളിലെ അതിതീവ്രമഴയും അനധികൃത കയ്യേറ്റങ്ങൾമൂലവും എക്കൽ അടിഞ്ഞതുമൂലവും വേമ്പനാട് കായലിന്റെ ജലസംഭരണശേഷിയിലുണ്ടായ കുറവും കുട്ടനാടൻ മേഖലയിൽ പ്രളയത്തിന്റെ ആഘാതം കൂട്ടി.

## ഡാമുകളുടെ ജലസംഭരണശേഷി

179(967) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ ജലസംഭരണശേഷി പുനഃപരിശോധിക്കുന്നതിനും ക്രമീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

പ്രളയത്തിനുമുമ്പുതന്നെ കേരളത്തിലെ ഡാമുകളിലെ റിസർവോയറുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും കാരണം സംഭരണശേഷി കുറഞ്ഞു എന്ന് ഒരു പഠനത്തിൽനിന്നും വ്യക്തമായ സാഹചര്യത്തിൽ അവ നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിന് രൂപംനൽകിയിട്ടുണ്ട്.

ഇത് പ്രകാരം ഒരു Empowered Committee രൂപീകരിക്കുകയും പ്രാരംഭ ഘട്ടത്തിൽ പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി Empowered Committee-യുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളിലും ഡീസിൽറ്റേഷൻ നടത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

പ്രളയത്തിനുശേഷമുള്ള സംഭരണശേഷി അറിയുന്നതിന് ഒരു അണക്കെട്ടിന്റെ റിസർവോയർ ഏരിയയിൽ പഠനം തീർക്കുകയും മറ്റൊന്നിൽ പഠനം നടന്നുവരികയും ചെയ്യുന്നു.

## പാലക്കാട് ജില്ലയിലെ ഡാമുകളുടെ ജലസംഭരണശേഷി

180(968) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഡാമുകളുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഡാമുകളിലാണെന്ന് വിശദീകരിക്കാമോ ;

(ബി) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാമിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ഡാമുകളിലും റിസർവ്വോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനുവേണ്ടി ഒരു Standard Operating Procedure-ന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റിംഗ് പൈലറ്റ് പദ്ധതികളായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പൈലറ്റ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ആറംഗ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾക്കുമേൽ സമിതി അംഗീകാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതിൽനിന്നും ലഭിക്കുന്ന പാഠങ്ങൾ ഉൾക്കൊണ്ട് ബാക്കി അണക്കെട്ടിന്റെ reservoir desilt ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) മംഗലം ഡാമിലെ desiltation പ്രവൃത്തി നടപ്പിലാക്കുന്നതിനായി പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം അതിന്റെ ഡി.പി.ആർ. സർക്കാരിന് ലഭിക്കുകയും ആയത് പരിശോധിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി ഉന്നതാധികാര സമിതിയുടെ യോഗം 2-11-2018-ന് കൂടുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ച് ഡി.പി.ആർ. വീണ്ടും സമർപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതുകൂടാതെ പ്രവൃത്തി ആഗോള ടെണ്ടർ ചെയ്യുന്നതിനായി bid പൂർത്തീകരിച്ചുവരുന്നു.

**ഇറിഗേഷൻ വകുപ്പിന്റെ ഡാമുകൾ തുറക്കുന്നതിന് പാലിച്ച നടപടിക്രമങ്ങൾ**

181(969) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള എത്ര ഡാമുകൾ ആഗസ്റ്റ് മാസത്തിൽ തുറന്നുവിടേണ്ട സാഹചര്യമുണ്ടായി എന്നറിയിക്കാമോ;

(ബി) ഡാമുകൾ തുറക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സെൻട്രൽ വാട്ടർ കമ്മീഷൻ നൽകിയ ഗൈഡ് ലൈനിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) 2016-ൽ സെൻട്രൽ വാട്ടർ കമ്മീഷൻ പുറപ്പെടുവിച്ച ആക്ഷൻ പ്ലാനിൽ ഓറഞ്ച്, റെഡ് അലർട്ടുകൾ നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ടോ. വിശദമാക്കുമോ;

(ഡി) ഡാമുകൾ തുറക്കുന്നതിനുമുമ്പ് മേല്പറഞ്ഞ നടപടിക്രമങ്ങൾ പ്രാവർത്തികമാക്കിയിരുന്നോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇക്കാര്യത്തിൽ പാലിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇറിഗേഷൻ വകുപ്പിന്റെ 16 (പതിനാറ്) ഡാമുകൾ ആഗസ്റ്റ് മാസത്തിൽ തുറന്നുവിട്ടിട്ടുണ്ടായിരുന്നു.

(ബി) ഡാമുകൾ തുറക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സെൻട്രൽ വാട്ടർ കമ്മീഷൻ നൽകിയ ഗൈഡ്‌ലൈനിൽ ഉണ്ട്. ഗൈഡ്‌ലൈൻ അനുബന്ധമായി ചേർക്കുന്നു*.

(സി) 2016-ൽ സെൻട്രൽ വാട്ടർ കമ്മീഷൻ പുറപ്പെടുവിച്ച എമർജൻസി ആക്ഷൻ പ്ലാനിന്റെ ഗൈഡ്‌ലൈനിൽ ഓറഞ്ച് റെഡ് അലർട്ടുകൾ നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ അനുബന്ധമായി വയ്ക്കുന്നു*.

(ഡി) ഡാമുകൾ നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് തുറന്നുവിട്ടത്. ഡാമുകൾ തുറക്കുന്നതിന് മുന്നോടിയായി ജലവിതാനത്തെ സംബന്ധിച്ച മുന്നറിയിപ്പ് എല്ലാ മേലധികാരികൾക്കും ജില്ലാ ഭരണകൂടം, നിയമസഭാ സാമാജികർ, തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റ് കാര്യാലയങ്ങൾ, പത്ര ദൃശ്യ മാധ്യമങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് നൽകിയതിനുശേഷം മാത്രം നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് തുറന്നിട്ടുള്ളത്.

## ഇടമലയാർ അണക്കെട്ടിന്റെ ജലനിരപ്പ്

182(970) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവോയർ ലെവൽ ക്രമപ്പെടുത്തി നിർത്താൻ സാധിക്കാതിരുന്നതാണ് ഇടമലയാർ അണക്കെട്ടിന്റെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനുള്ള ഒരു കാരണം എന്ന ജലകമ്മീഷന്റെ നിരീക്ഷണം ഗൗരവമേറിയതെന്ന് കരുതുന്നുണ്ടോ;

(ബി) പ്രസ്തുത നിരീക്ഷണത്തിന്മേൽ സർക്കാർ അന്വേഷണം നടത്താൻ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര ജലകമ്മീഷൻ കേരളത്തിലെ ആഗസ്റ്റ് 2018-ലെ പ്രളയത്തിനെക്കുറിച്ചുള്ള പഠന റിപ്പോർട്ടിൽ റിസർവോയർ ലെവൽ ക്രമപ്പെടുത്തി നിർത്താൻ സാധിക്കാതിരുന്നതാണ് ഇടമലയാർ അണക്കെട്ടിന്റെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനുള്ള ഒരു കാരണം എന്ന് പറഞ്ഞിട്ടില്ല. കമ്മീഷന്റെ നിരീക്ഷണ പ്രകാരം കേരളത്തിലെ ഡാമുകൾ പ്രളയം വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്തിട്ടില്ല. അതിതീവ്രമഴ മൂന്ന് മുതൽ നാല് ദിവസം വരെ നീണ്ടുനിന്നതിനാൽ ജലവിതാനം പരമാവധി ജലനിരപ്പിനേക്കാൾ താഴെ ആയിരുന്നെങ്കിലും പ്രളയത്തിന്റെ സ്ഥിതിയിൽ വ്യത്യാസം ഉണ്ടാകുമായിരുന്നില്ല.

**നെയ്യാർഡാം മോടിപിടിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ**

183(971) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നെയ്യാർഡാം മോടിപിടിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ; ഈ സർക്കാർ നിലവിൽവന്നശേഷം അതിനായി എന്ത് തുക ചെലവഴിച്ചു ;

(സി) വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ ഏകോപനമില്ലാത്തതിനാൽ നെയ്യാർ വികസന അതോറിറ്റി രൂപീകരിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനോടുള്ള നിലപാട് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നെയ്യാർഡാമിന്റെ വികസന പ്രവർത്തനങ്ങൾക്കായി ടൂറിസം ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് 4.65 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 18-1-2018-ൽ ഇതുസംബന്ധിച്ച പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികളുടെ കാലാവധി ഒരു വർഷമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. കോൺട്രാക്ടർ പാർട്ട് ബിൽ ആവശ്യപ്പെടാത്തതുകൊണ്ടാണ് ഈ വകയിൽ സർക്കാർ ഖജനാവിൽനിന്നും തുകകളൊന്നുംതന്നെ ചെലവാക്കാതിരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം ഈ വിഷയത്തിൽ ആവശ്യമാണ്.

**അശാസ്ത്രീയമായി ഡാമുകൾ തുറന്നുവിട്ടുവെന്ന കണ്ടെത്തൽ**

184(972) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അശാസ്ത്രീയമായി ഡാമുകൾ തുറന്നുവിട്ടതാണ് കേരളത്തിലെ പ്രളയത്തിന്റെ പ്രധാന കാരണം എന്ന ഗാന്ധിനഗർ ഐ. ഐ. ടി. നടത്തിയ പഠനത്തിലെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

കേരളത്തിലെ പ്രളയത്തെ സംബന്ധിച്ച് ഗാന്ധിനഗർ ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ട് 'European Geo sciences Union'-ന്റെ "Hydrology and Earth System Sciences" എന്ന "Open access" ജേർണലിൽ 2018 സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ചതിൽ ആയത് Rainfall Analysis നടത്തിയതിന്റെ അടിസ്ഥാനത്തിൽമാത്രം തയ്യാറാക്കിയിട്ടുള്ളതാണെന്നും Down Stream-ലുണ്ടായ പ്രളയം സ്ഥിരീകരിക്കാനുള്ള ശാസ്ത്രീയമായ പഠനമൊന്നും ഇതിൽ നടത്തിയിട്ടില്ലെന്നും കാണാൻ കഴിഞ്ഞു. അതിനാൽ പഠന റിപ്പോർട്ട് അശാസ്ത്രീയവും അപൂർണ്ണവുമാണെന്ന് സർക്കാർ വിലയിരുത്തുന്നു.

**പ്രളയദുരന്തവും അണക്കെട്ടുകളും**

185(973) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം മാത്രമല്ല അണക്കെട്ടുകൾ തുറന്നതും സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തിന് കാരണമായി എന്ന കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയ സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലവകുപ്പിന് കീഴിലുള്ള ഡാമുകൾ തുറന്നുവിട്ടത് പ്രളയമുണ്ടാകുന്നതിന് കാരണമായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഡാമുകളാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഡാമുകൾ തുറക്കുന്നതിനുമുമ്പ് ജനങ്ങൾക്കാവശ്യമായ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനെ സാധൂകരിക്കത്തക്ക വിവരങ്ങളൊന്നും അദ്ദേഹത്തിന്റെ പ്രസ്താവനയിലുണ്ടായിരുന്നില്ല. മാത്രമല്ല, കേന്ദ്ര ജലകമ്മീഷൻ വിശദമായ പഠനം നടത്തി കേരളത്തിലുണ്ടായ പ്രളയത്തിന് കാരണം ഇവിടെയുണ്ടായ ശക്തമായ മഴ തന്നെയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകൾ തുറന്നുവിട്ടത് കാരണം പ്രളയമുണ്ടായതായി കണ്ടെത്തിയിട്ടില്ല. കേന്ദ്ര ജലകമ്മീഷൻ വിശദമായ പഠനം നടത്തി കേരളത്തിലുണ്ടായ പ്രളയത്തിന് കാരണം ഇവിടെയുണ്ടായ ശക്തമായ മഴ തന്നെയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകൾ തുറക്കുന്നതിനുമുമ്പ് ജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകിയിരുന്നു. ഡാമുകളിലെ ജലനിരപ്പ് വർദ്ധിക്കുന്ന തോതനുസരിച്ച് 1, 2, 3 എന്ന നിലയിൽ ജാഗ്രതാ മുന്നറിയിപ്പുകൾ പത്രദൃശ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുകയുണ്ടായി. മൂന്നാമത്തെ ജാഗ്രതാ മുന്നറിയിപ്പിനുശേഷം ജില്ലാ ഭരണകൂടം, പോലീസ്, ദുരന്ത നിവാരണ അതോറിറ്റി എന്നിവരുടെയെല്ലാം അറിവോടെയാണ് ഡാം തുറന്നത്.

ഇതിനുപുറമെ, ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചു. സ്ഥിതിഗതികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കൺട്രോൾ റൂമുകൾ തുറന്നിരുന്നു. പ്രാദേശികമായ അറിയിപ്പുകൾ നൽകുന്നതിലേയ്ക്ക് അമ്പലങ്ങളിലും പള്ളികളിലും മണികൾ മുഴക്കുകയും ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുകയും ചെയ്തു.

**മുന്നറിയിപ്പുകൾ ഇല്ലാതെ ഡാമുകൾ തുറന്നുവിട്ട നടപടി**

186(974) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിക്ക് കാരണം മുന്നറിയിപ്പുകൾ ഒന്നും ഇല്ലാതെ ഡാമുകൾ തുറന്നുവിട്ടതാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഏതെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രളയകാലത്ത് സംസ്ഥാനത്ത് എത്ര ഡാമുകൾ മുന്നറിയിപ്പില്ലാതെ തുറന്നുവിട്ടു; അങ്ങനെ തുറന്നുവിടാനുണ്ടായ സാഹചര്യം എന്താണ്; പ്രസ്തുത ഡാമുകൾ മുന്നറിയിപ്പില്ലാതെ തുറന്നുവിട്ടതിന് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി എടുത്തു; വിശദമാക്കുമോ;

(സി) പ്രളയകാലത്ത് ഡാമുകളിൽ എത്ര ഘന അടി വരെ ജലം ഉയർന്നു; പ്രസ്തുത ഡാമുകൾ തുറന്നുവിടാൻ ആരാണ് ഉത്തരവ് നൽകിയത്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഡാമുകളുടെ സുരക്ഷയ്ക്കുവേണ്ടി പ്രളയശേഷം എന്തൊക്കെ നടപടികൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) ഡാം സേഫ്റ്റി അതോറിറ്റിയുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; പ്രളയകാലത്ത് ഡാം സേഫ്റ്റി അതോറിറ്റി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി; വിശദമാക്കുമോ ?

ഉത്തരം

(എ) അത്തരത്തിൽ ഒരു പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) പ്രളയകാലത്ത് ജലസേചന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡാമുകളും നിലവിലുള്ള മാർഗ്ഗരേഖ പ്രകാരമുള്ള മുന്നറിയിപ്പ് നൽകിയ ശേഷമാണ് തുറന്നുവിട്ടത്.

(സി) പ്രളയകാലത്ത് ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളിൽ ഉയർന്ന ജലനിരപ്പിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു*.

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജില്ലാ ഭരണാധികാരികളുമായി ബന്ധപ്പെട്ട് അതത് ഡാമിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുന്നറിയിപ്പ് നൽകിയശേഷമാണ് ഡാമുകൾ തുറന്നുവിട്ടത്. പ്രളയത്തിനുമുമ്പുതന്നെ ജലസേചന വകുപ്പിന്റെ കീഴിലുള്ള മിക്ക അണക്കെട്ടുകളും തുറന്ന നിലയിലായിരുന്നു. തുടർച്ചയായി പെയ്ത തീവ്ര മഴയും കേരളത്തിന്റെ ഭൂപ്രകൃതിയും കാരണം പെട്ടെന്ന് വെള്ളപ്പൊക്കമുണ്ടാവുകയായിരുന്നു.

(ഡി) ഡാമുകളുടെ സുരക്ഷയ്ക്കുവേണ്ടി Emergency Action Plan, Operation and Maintenance Manual എന്നിവ രൂപീകരിക്കാൻ പ്രളയത്തിനുമുമ്പുതന്നെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടായിരുന്നു. കൂടാതെ പ്രളയത്തിനുശേഷം ഡാമുകളിലെ ജലനിരപ്പ് നിരീക്ഷിച്ചുകൊണ്ട് ഓരോ മാസവും എത്ര ജലം സംഭരണികളിൽ ശേഖരിക്കാവുന്നതാണ് എന്നതിനായി Rule curve, flood forecasting, integrated reservoir operation എന്നിവയ്ക്ക് വേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ ഡാമുകളുടെ നിരീക്ഷണം, പരിശോധന, പരിപാലനത്തിന് ഉപദേശം നൽകൽ എന്നിവയ്ക്കായി 2006-ൽ ഡാം സുരക്ഷ അതോറിറ്റി രൂപീകരിച്ചു. ഡാമുകളുടെ സുരക്ഷ വിലയിരുത്തുക, കാലാകാലങ്ങളിൽ പരിശോധന നടത്തുക, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായേയ്ക്കാവുന്ന സാഹചര്യം മുൻനിർത്തി ഡാമിൽ വേണ്ട ബലപ്പെടുത്തലുകൾ, ഡാം പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ, ഡാം ഡികമ്മീഷനിംഗ് എന്നിവയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡാം ഉടമസ്ഥനവേണ്ട നിർദ്ദേശങ്ങൾ നൽകുക, ഡാം പര്യവേഷണം, രൂപകൽപ്പന, പ്രവർത്തനം, നിർമ്മാണം, പരിപാലനം എന്നിവയിൽ സ്വീകരിക്കേണ്ട നയങ്ങളേയും നടപടിക്രമങ്ങളേയും സംബന്ധിച്ച് നിർദ്ദേശം നൽകുക, ഡാം സുരക്ഷയെ മുൻനിർത്തി FRL, MWL എന്നിവ ഉയർത്തുന്നതിനോ താഴ്ത്തുന്നതിനോ ഡാം ഉടമസ്ഥന് നിർദ്ദേശം നൽകുക തുടങ്ങിയവയാണ് അതോറിറ്റിയുടെ ചുമതലകൾ. ഡാം അതോറിറ്റിയുടെ ചുമതലകൾ ഉപദേശക സ്വഭാവമുള്ളതാണ്. ഡാമുകളുടെ പ്രവർത്തനത്തിൽ ദൈനംദിന ഇടപെടലുകൾ അതോറിറ്റിയുടെ ചുമതലയിൽ വരുന്നില്ല. മറിച്ച് ഡാമിന്റെ ചുമതലക്കാർക്ക് ഡാം സുരക്ഷയെ മുൻനിർത്തിയുള്ള കാര്യങ്ങളിൽ നിർദ്ദേശം നൽകുകയാണ്. ഈ ചുമതലകൾ ഡാം സുരക്ഷാ അതോറിറ്റി നിർവ്വഹിച്ചുവരുന്നു.

കൃത്യമായ ഇടവേളകളിൽ ഡാമുകൾ സന്ദർശിച്ച് സുരക്ഷയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയതുമൂലം ഈ വർഷം ഉണ്ടായ പ്രളയത്തിൽ ഡാമുകൾ പ്രവർത്തനസജ്ജവും സുരക്ഷിതവുമായിരുന്നു എന്നുള്ളത് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്ന് കാണിക്കുന്നു.

## തടയണ നിർമ്മാണം

187(976) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ്-മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഇടിയഞ്ചിറ റഗുലേറ്റർ- കം -ബ്രിഡ്ജിന്റെ പടിഞ്ഞാറ് ഭാഗത്ത് അമ്പത് ഏക്കർ വരുന്ന പരപ്പുഴ ആഴംകൂട്ടൽ, തടയണ നിർമ്മാണം ഉൾപ്പെടെയുള്ള ജനസേചന പദ്ധതിക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിൽ ഇടിയൻചിറ റെഗുലേറ്ററിന് പടിഞ്ഞാറ് ഭാഗത്ത് പരപ്പുഴ ആഴം കൂട്ടൽ, തടയണ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി 75 കോടി രൂപയുടെ പ്രവൃത്തിക്ക് 2018-19 വർഷത്തെ ബജറ്റ് പ്രൊപ്പോസലിൽ ബജറ്റ് വാല്യം II-ൽ 4914-ാമത്തെ ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ പര്യവേഷണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ ചെക്ക് ഡാം നിർമ്മാണം**

188(977) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കുടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മെൽ കടവിലെ ചെക്ക് ഡാം നിർമ്മാണത്തിന് അനുവദിച്ച 6 കോടി രൂപയുടെ ഭാഗമായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിലെ കുടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മെൽ കടവ് കടലുണ്ടിപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണം എന്ന പ്രവൃത്തിക്ക് 600 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെക്ക് ഡാമുകളുടെ നിർമ്മാണം**

189(978) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദിയിൽ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയെല്ലാമാണ് ;

(ബി) കാരേറ്റ്, പൂവൻപാറ എന്നിവിടങ്ങളിലെ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്താണ് തടസ്സം എന്ന് വിശദമാക്കുമോ ; ഇപ്പോൾ ഇത് ആരുടെ പരിഗണനയിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാമനപുരം നദിയിൽ ചെക്ക് ഡാമുകളുടെ പ്രൊപ്പോസലുകൾ നിലവിലില്ല. എന്നാൽ വാമനപുരം നദിയിൽ അയിലം കടവിനുസമീപം കിഫ്ബിയുടെ ധനസഹായത്താൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി&സി) കാരേറ്റ്, പൂവമ്പാറ എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ നിലവിൽ പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല.

**മലപ്പുറം ജില്ലയിലെ കക്കാടം പൊയ്കയിൽ ചീങ്കണ്ണിപ്പാലയിലെ തടയണ**

190(979) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കക്കാടം പൊയ്കയിൽ ചീങ്കണ്ണിപ്പാലയിൽ അബ്ദുൽ ലത്തീഫിന്റെ ഭൂമിയിൽ തടയണ നിർമ്മിച്ചത് അതിനാവശ്യമായ അനുമതി വാങ്ങിയ ശേഷമായിരുന്നോ ;

(ബി) പ്രസ്തുത തടയണ പൊളിക്കണമെന്ന ജില്ലാകളക്ടറുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(സി) പ്രളയ സമയത്ത് തടയണകളിലെ വെള്ളം ഉടമകൾ ഒഴുക്കി കളഞ്ഞുവെന്ന് ജില്ലാകളക്ടർ ഉറപ്പാക്കണമെന്ന ഉത്തരവ് ഈ തടയണയുടെ കാര്യത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു; വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ കക്കാടം പൊയ്കയിൽ ചീങ്കണ്ണിപ്പാലയിൽ ശ്രീ. അബ്ദുൾ ലത്തീഫിന്റെ ഭൂമിയിൽ തടയണ നിർമ്മിക്കാൻ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും അനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത തടയണ പൊളിക്കണമെന്ന ജില്ലാ കളക്ടറുടെ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല. കേരള ഹൈക്കോടതി പ്രസ്തുത ഉത്തവ് സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) മൺസൂൺ കാലത്ത് ഈ തടയണയിൽനിന്ന് ജലം ഒഴുക്കിവിടുന്നതിനായി 10-7-2018-ലെ [WP(C) No. 41156/2017] ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെയും 12-7-2018-ലെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന വിദഗ്ദ്ധ സമിതി യോഗത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി 12-7-2018-ന് സ്ഥലം സന്ദർശിച്ച വേളയിൽത്തന്നെ ഉടമ തടയണയുടെ ഒരു ഭാഗം പൊളിച്ച് വെള്ളം ഒഴുക്കിവിടാനുള്ള ക്രമീകരണം ചെയ്തിരുന്നു. കൂടാതെ 3-11-2018-ലെ സ്റ്റേറ്റ് അറ്റോർണിയുടെ നിർദ്ദേശപ്രകാരം 13-11-2018-ന് വീണ്ടും വിദഗ്ദ്ധ സമിതി സ്ഥലം സന്ദർശിക്കുകയും തടയണയുടെ പൊളിച്ച ഭാഗം വീതിയും ആഴവുംകൂട്ടി കൂടുതൽ ജലം ഒഴുക്കിവിടാനുള്ള ശിപാർശ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## കുളത്തൂർ മൂഴി ചെക്ക് ഡാം നിർമ്മാണം

191(980) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ മണിമലയാറ്റിൽ കുളത്തൂർ മൂഴി ഭാഗത്ത് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നബാർഡിന്റെ സഹായത്തോടെ കുളത്തൂർ മൂഴി ഭാഗത്ത് ചെക്ക് ഡാമിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ ഡിസൈനിംഗിൽ ചില ഭേദഗതികൾ ആവശ്യമാണെന്ന് കണ്ടു. അതനുസരിച്ച് പുതുക്കിയ ഡിസൈൻ പ്രകാരം സാങ്കേതികാനുമതിക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാംഘട്ട പണി

192(981) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽനിന്നും ജലം ഒഴുകിപ്പോകേണ്ട തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടത്തിന്റെ പണി എന്നാണ് പൂർത്തിയായത്;

(ബി) മൂന്നാംഘട്ടത്തിന് മുന്നിലുള്ള മണൽചിറയിലെ മണലിന്റെ അവകാശം സംബന്ധിച്ച തർക്കം കാരണം മണൽചിറ മാറ്റുന്നതിന് എന്തെങ്കിലും കാലതാമസം ഉണ്ടായോ;

(സി) മണൽചിറ മാറ്റുന്നതിനുണ്ടായ കാലതാമസം കുട്ടനാട്ടിൽ പ്രളയം ഗുരുതരമാക്കുന്നതിനും 90 ശതമാനം ജനങ്ങളെ ഒഴിപ്പിക്കേണ്ട സാഹചര്യമുണ്ടാക്കുവാൻ കാരണമായോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാംഘട്ട പദ്ധതി പൂർത്തിയായിട്ടില്ല. മെക്കാനിക്കൽ വർക്കുകൾ 99 ശതമാനവും ഇലക്ട്രിക്കൽ പ്രവൃത്തികൾ 72 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഇരുവശത്തേയും മൺചിറ നീക്കം ചെയ്യുന്നതൊഴിച്ച് എല്ലാ സിവിൽ വർക്കുകളും പൂർത്തിയായിട്ടുണ്ട്.

(ബി) മൺചിറ നീക്കംചെയ്യുമ്പോൾ ലഭിക്കുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കങ്ങളിൽ ഹൈക്കോടതിയുടെ പരാമർശം ഉണ്ടായതിനാൽ കാലതാമസം ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല. തണ്ണീർമുക്കം ബാരേജിന്റെ ഒന്നുംരണ്ടും ഘട്ടങ്ങളിലെ 62 ഷട്ടറുകളും മൂന്ന് ലോക്കുകളും വെള്ളപ്പൊക്കത്തിന് മുൻപുതന്നെ തുറന്നതിനാൽ നീരൊഴുക്കിന് തടസ്സമൊന്നും ഉണ്ടായില്ല. കൂടാതെ വെള്ളപ്പൊക്കം ആരംഭിച്ചതോടെ ബാരേജിന്റെ മൂന്നാംഘട്ടത്തിലെ 28 ഷട്ടറുകളും നാല് നാവിഗേഷൻ ലോക്ക് ഷട്ടറുകളും തുറക്കുകയും തെക്കും വടക്കുമുള്ള മൺചിറയുടെ 55 മീറ്ററോളം നീളം മുറിക്കുകയും ചെയ്തതോടെ വെള്ളം തെക്കുനിന്നും വടക്കോട്ട് സുഗമമായി ഒഴുകുകയുണ്ടായി.

**കടലുണ്ടിപ്പുഴയിലെ നാമ്പ്രാണി ചെക്ക് ഡാം**

193(982) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭയിൽ കടലുണ്ടിപ്പുഴയിലെ നാമ്പ്രാണി ചെക്ക് ഡാം പുനർനിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ;

(ബി) 25 വർഷത്തിലധികം പഴക്കമുള്ള വിയറിന്റെ ചോർച്ച പരിഹരിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ മലപ്പുറം ശുദ്ധജല വിതരണ പദ്ധതിക്കും കോങ്കയം ശുദ്ധജല വിതരണ പദ്ധതിക്കും ഗുണമാകുന്ന തരത്തിൽ പുതിയ ചെക്ക് ഡാം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മലപ്പുറം നഗരസഭയിൽ കടലുണ്ടി പുഴയിൽ പുതിയ ചെക്ക് ഡാമിന്റെ നിർമ്മാണം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ പരിഗണനയിലുള്ളതിനാൽ നിലവിലുള്ള നാമ്പ്രാണി ചെക്ക് ഡാമിന്റെ പുനർനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കടലുണ്ടി പുഴയുടെ ഘടന പഠിക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ പുരോഗതിയിലാണ്. സർവ്വേയുടെ റിപ്പോർട്ട് തയ്യാറായതിനുശേഷം ചാമക്കയം തടയണയുടെയും നാമ്പ്രാണി തടയണയുടെയും ഇടയ്ക്കായി ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് നടപടി എടുത്തുവരുന്നു.

## പ്രളയംമൂലം തകർന്ന കടലുണ്ടിപ്പുഴയുടെ തീരങ്ങൾ

194(983) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിമൂലം തകർന്നടിഞ്ഞ മലപ്പുറം മണ്ഡലത്തിലെ മലപ്പുറം നഗരസഭ, ആനക്കയം, കോഡൂർ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കടലുണ്ടിപ്പുഴയുടെ തീരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ എടുത്തിട്ടുണ്ടോ; പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ സ്ഥലങ്ങളിൽ എത്രയും വേഗം പാർശ്വഭിത്തി കെട്ടി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുമോ?

ഉത്തരം

(എ-സി) പ്രളയക്കെടുതിമൂലം തകർന്നടിഞ്ഞ മലപ്പുറം മണ്ഡലത്തിലെ മലപ്പുറം നഗരസഭ, ആനക്കയം കോഡൂർ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കടലുണ്ടിപ്പുഴയുടെ തീരങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് സർവ്വേ നടത്തി സമർപ്പിച്ച കണക്കുകൾ ജില്ലാ ഭരണകൂടം പരിശോധിച്ചുവരുന്നു.

2018-ലെ പ്രളയത്തിൽ ജലസേചന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെയുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 1068 കോടി രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിയുടെ പ്രാധാന്യവുംകൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കടവുകളുടെയും സംരക്ഷണ ഭിത്തികളുടെയും പുനർനിർമ്മാണം

195 (984) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ ഏതെല്ലാം മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾക്കാണ് ഈ പ്രളയത്തിൽ നാശനഷ്ടമുണ്ടായത്; കണക്ക് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പെരിയാറിന്റെയും ചാലക്കുടി പുഴയുടെയും തീരങ്ങളിലെ ഏതെല്ലാം കടവുകളാണ് പ്രളയത്തിൽ ഒലിച്ച് പോയിട്ടുള്ളത്; ഏതെല്ലാം കടവുകളാണ് ഭാഗികമായി തകർന്ന് പോയിട്ടുള്ളത്;വ്യക്തമാക്കാമോ;

(സി) ഇപ്രകാരം തകർന്ന ചെറുതും വലുതുമായ കടവുകളുടെയും സംരക്ഷണ ഭിത്തികളുടെയും പുനർനിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) <u>മൈനർ ഇറിഗേഷൻ പദ്ധതികൾ</u>

അങ്കമാലി നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാലുകൾക്കും പമ്പ് ഹൗസുകൾക്കും ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. 19 ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

<u>മേജർ ഇറിഗേഷൻ പദ്ധതികൾ</u>

1. ഇടമലയാർ ജലസേചന പദ്ധതിയുടെ കനാലുകളുടെ നാശനഷ്ടം- 243.20 ലക്ഷം.

2. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം -511.25 ലക്ഷം

(ബി) പെരിയാറിന്റെയും ചാലക്കുടിയുടെയും തീരങ്ങളിൽ ജലസേചന വകുപ്പ് നിർമ്മിച്ചിട്ടുള്ള കടവുകൾ ഒന്നുംതന്നെ പൂർണ്ണമായോ ഭാഗികമായോ തകർന്നുപോയിട്ടില്ല. എന്നാൽ നിർമ്മാണ പ്രവൃത്തികൾ നടത്താത്ത കടവുകളും നദീതീരവും നിരവധി സ്ഥലങ്ങളിൽ തകർന്നുപോയിട്ടുണ്ട്.

പാറക്കടവ് പഞ്ചായത്തിൽ ചാലക്കുടി പുഴയുടെ തീരം, മലയാറ്റൂർ, നീലേശ്വരം, കാലടി എന്നീ പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ പെരിയാറിന്റെ തീരം തുടങ്ങിയവ മേൽപ്പറഞ്ഞവയിൽ പ്രധാനപ്പെട്ടവയാണ്.

(സി) കടവുകളും നദീതീരവും സംരക്ഷിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. പ്രാധാന്യവും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് പ്രവൃത്തികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**നദീതീര സംരക്ഷണഭിത്തി നിർമ്മാണം**

196 (985) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ മൂവാറ്റുപുഴയാറിന്റെ തീരമിടിഞ്ഞ് കൃഷിഭൂമിയും വീടും അപകടാവസ്ഥയിലായ പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ നദീതീരസംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയത്; ഓരോ പദ്ധതിയുടെയും നിർവ്വഹണ ഏജൻസികൾ ആരെല്ലാമാണ്; പദ്ധതികൾ ഏത് ഘട്ടത്തിലാണ്;എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രളയത്തിൽ ജലസേചന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെയുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 1068 കോടി രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച ശിപാർശയിൽ നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളിലെ നദീതീര സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിയുടെ പ്രാധാന്യവുംകൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**വൈപ്പിൻ തീരപ്രദേശത്തെ പുലിമുട്ട്, കടൽഭിത്തി നിർമ്മാണം**

197(986) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന വൈപ്പിൻ തീരപ്രദേശത്ത് പുലിമുട്ട്, കടൽഭിത്തി എന്നിവ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കാലതാമസം കൂടാതെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന വൈപ്പിൻ തീരപ്രദേശത്ത് 4 പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 3.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാവുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. കൂടാതെ വൈപ്പിൻ ദ്വീപിലെ വിവിധ പ്രദേശങ്ങളിൽ കടൽ ഭിത്തി പുനരുദ്ധരിക്കുന്നതിന് 9.26 കോടി രൂപയുടെ 10 പ്രവൃത്തികളുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ പുലിമുട്ട് നിർമ്മാണം**

198 (987) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തകർന്ന കടൽ ഭിത്തി പുനർനിർമ്മാണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) കടലാക്രമണ ഭീഷണി ഏറ്റവും രൂക്ഷമായ ചെറിയഴീക്കൽ, വെള്ളനാതുരുത്ത്, ശ്രായിക്കാട് ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും ഏജൻസികളുടെ ധനസഹായം ലഭ്യമാക്കുന്നതിന് ശ്രമിക്കുമോ; വ്യക്തമാക്കുമോ;

(സി) പുലിമുട്ട് നിർമ്മാണത്തിനുള്ള പഠനം പൂർത്തീകരിച്ചിട്ടുള്ള ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം പ്രദേശങ്ങളാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ പ്രവൃത്തിക്കായി 363 ലക്ഷം രൂപയുടെ ശിപാർശ പരിശോധിച്ചുവരുന്നു.

(ബി&സി) കടലാക്രമണഭീഷണി ഏറ്റവും രൂക്ഷമായ വെള്ളനാതുരുത്ത് ഭാഗത്ത് ഐ.ആർ.ഇ. യുടെ സാമ്പത്തിക സഹായത്തോടെയുള്ള പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

CWPRS നടത്തിയ Comprehensive study on the sea erosion along the Kerala coast-ൽ ആലപ്പാട്, അഴീക്കൽ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുലിമുട്ടുകളുടെ നിർമ്മാണത്തിനായി സൈറ്റ് സ്പെസിഫിക് സ്റ്റഡി നടത്തേണ്ടതുണ്ട്. ആലപ്പാട് പഞ്ചായത്തിലെ വെള്ളനാതുരുത്ത് ഭാഗത്താണ് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായുള്ള പഠനം പൂർത്തീകരിച്ചിട്ടുള്ളത്.

**കോഴിക്കോട് കോയാറോഡിലുള്ള കടൽ ഭിത്തി**

199(988) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോയാറോഡിലുള്ള കടൽ ഭിത്തി സാമൂഹ്യദ്രോഹികൾ തകർത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) എത്ര തുകയുടെ നഷ്ടം ഇത് കാരണം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോയാറോഡിലുള്ള കടൽ ഭിത്തി തകർത്ത വിവരം ഫോൺ മുഖാന്തരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം പരിശോധിക്കുകയും പരാതി സത്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സർക്കാർ വസ്തു നശിപ്പിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ വേണ്ടി 10-9-2018-ന് കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. തുടർന്ന് പോലീസ് സ്റ്റേഷനിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് നഷ്ടം കണക്കാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും സമർപ്പിച്ചു. 22-9-2018-ന് എഫ്.ഐ.ആർ-ന്റെ കോപ്പി പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ പോലീസിൽ നടന്നുകൊണ്ടിരിക്കുന്നു.

(സി) ഏകദേശം 36,000 രൂപയുടെ നഷ്ടം ഇതുമൂലം സംഭവിച്ചതായാണ് കണക്കാക്കിയിട്ടുള്ളത്.

**തൃശ്ശൂർ ജില്ലയിലെ ഏനാമാവ് ഇടിയഞ്ചിറ റഗുലേറ്റർ**

200(989) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ ഏനാമാവ് ഇടിയഞ്ചിറ റഗുലേറ്ററിന്റെ ഷട്ടറുകൾ ഉയർത്തുന്നതിനും താഴ്ത്തുന്നതിനും മോട്ടോർ ഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

ഉണ്ട്. ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ ഷട്ടറുകൾ ഉയർത്തുന്നതിനും താഴ്ത്തുന്നതിനും ആവശ്യമായ പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കൂടാതെ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകൾക്ക് മോട്ടോർ ഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് യഥാക്രമം 425 ലക്ഷം 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**വേങ്ങര മണ്ഡലത്തിലെ ബാക്കിക്കയം റെഗുലേറ്റർ**

201 (990) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര മണ്ഡലത്തിലെ ബാക്കിക്കയം പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തുവെങ്കിലും ഇതിലേയ്ക്കാവശ്യമായ വൈദ്യുതി കണക്ഷൻ ഇതുവരെയും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസ മുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) വൈദ്യുതിയുടെ അഭാവത്തിൽ ഷട്ടറുകൾ ഉയർത്താനും താഴ്ത്താനും ജനറേറ്ററുകൾ ഉപയോഗിക്കുകവഴി ഭീമമായ തുക ചെലവാകുന്നത് കണക്കിലെടുത്ത് അടിയന്തരമായി വൈദ്യുതി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പദ്ധതിയുടെ വൈദ്യുതീകരണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 2018 നവംബർ 30 ആണ്. ഇതിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി. യിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മൂലത്തറ റെഗുലേറ്റർ പുനർനിർമ്മാണ പ്രവൃത്തികൾ

202(991) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ മൂലത്തറ റെഗുലേറ്റർ പുനർനിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ്;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ചിറ്റൂർ താലൂക്കിലെ മൂലത്തറ റെഗുലേറ്റർ പുനർനിർമ്മാണ പ്രവൃത്തികൾ 50% പൂർത്തിയായിട്ടുണ്ട്.

(ബി) പ്രവൃത്തിയുടെ അടങ്കൽ തുക 49,50,00,000 രൂപയും പുതുക്കിയ എസ്റ്റിമേറ്റ് തുക 53,46,20,841 രൂപയുമാണ്.

(സി) നിലവിലെ കരാർ പ്രകാരം പൂർത്തീകരണ കാലാവധി 17-4-2019 ആണ്.

## മങ്കടയിലെ മോറിക്കയത്ത് കടലുണ്ടിപ്പുഴയിൽ ആർ.സി.ബി.

203(992) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച മങ്കടയിലെ മോറിക്കയത്ത് കടലുണ്ടിപ്പുഴയിൽ ആർ.സി.ബി. നിർമ്മിക്കുന്നതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകി ഏറെയായിട്ടും തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വീഴ്ച സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഇനിയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) മങ്കടയിലെ മോറിക്കയത്ത് ആർ.സി.ബി. നിർമ്മിക്കുന്നതിന് 9-5-2018-ൽ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും 8-6-2018-ൽ സാങ്കേതിക മൂല്യനിർണ്ണയ റിപ്പോർട്ട് കിഫ്ബിയിൽനിന്നും ലഭിക്കുകയും ചെയ്തു. കിഫ്ബിയുടെ സാങ്കേതിക മൂല്യനിർണ്ണയ റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കിവരുന്നു. പദ്ധതിക്ക് 27-9-2017-ൽ ഭരണാനുമതി നല്കുകയുണ്ടായി അതിന്റെ പര്യവേഷണ പ്രവർത്തനങ്ങൾ, ഡിസൈൻ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) എന്നിവ പൂർത്തീകരിച്ച് റിപ്പോർട്ട് 9-5-2018-ൽ കിഫ്ബിയിൽ സമർപ്പിച്ചു. ഇതിനായി കിഫ്ബിയുടെ സാങ്കേതിക വിഭാഗവും, കെ.ഐ.ഐ.ഡി.സി.യും ജലസേചന വകുപ്പും സംയുക്തമായി 23-11-2018-ൽ സൈറ്റ് സന്ദർശിക്കുകയുണ്ടായി. സാങ്കേതിക മൂല്യനിർണ്ണയ റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നല്കി ടെൻഡർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ്

204(993) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തിയായ റെഗുലേറ്റർ-കം-ബ്രിഡ്ജ് (ചൊക്ലി) -യുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ഉള്ളത്; ആയതിന്റെ ഭരണാനുമതി എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2017-18-ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ഭാഗം II (പേജ് 45)-ൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ 852-മതായി ചൊക്ലി പഞ്ചായത്ത് ആർ.സി.ബി. നിർമ്മാണത്തിന് 40 ലക്ഷം രൂപ വകയിരുത്തിയതാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്ക് തുടർനടപടി സ്വീകരിച്ചുവരുന്നു.

**നട്ടിക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

205(994) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് കോട്ടയിൽ (മൂലക്കടവ്) പെരുമ്പ പുഴക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് കോട്ടയിൽ (മൂലക്കടവ്) പെരുമ്പ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി ഡിസൈൻ ഐ.ഡി.ആർ.ബിയിൽ നിന്ന് ലഭിച്ചിരുന്നു. എന്നാൽ ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തെ വെള്ളപ്പൊക്കത്തെ തുടർന്ന് നദിയിലുണ്ടായ പരമാവധി ജലനിരപ്പിന്റെ (എം.എഫ്.എൽ) അടിസ്ഥാനത്തിൽ ഡിസൈനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഐ.ഡി.ആർ.ബി -യിൽനിന്നും അന്തിമ ഡിസൈൻ ലഭ്യമാക്കി ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്ക് നടപടിയെടുത്തുവരുന്നു.

## കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്റർ

206 (995) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ അനുവദിച്ചിരുന്ന കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്റർ യാഥാർത്ഥ്യമാക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കാലതാമസം ഒഴിവാക്കി കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്റർ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പൂരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ആരംഭിച്ചതാണ്. എന്നാൽ ഏകദേശം 42 മീറ്ററോളം ബോർഹോൾ-1 - ന്റെ ബോറിംഗ് നടത്തിയപ്പോൾ പാറയുടെ സാന്നിദ്ധ്യം കാണാൻ കഴിഞ്ഞില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി -യുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. പൂർണ്ണമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായുള്ള 6.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൂടി സാമ്പത്തികാനുമതിക്കായി ഐ.ഡി.ആർ.ബി -ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭ്യമായതിനുശേഷം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ പരിശോധനയ്ക്കുശേഷം സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

## കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ പൂർത്തീകരണം

207(996) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടന്ന നിയമനങ്ങൾക്ക് കമ്മീഷനിലേയ്ക്ക് പി.എസ്.സി. വെരിഫിക്കേഷന് അയയ്ക്കുവാൻ ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ഇത് സംബന്ധിച്ച് തസ്തിക തിരിച്ചുള്ള ലിസ്റ്റ് അറിയിക്കാമോ; ഇവ എന്ന് പി.എസ്.സി.-ക്ക് അയയ്ക്കും എന്നറിയിക്കാമോ;

(സി) വിവിധ തസ്തികകളിലായി ഇനി എത്ര ഉദ്യോഗസ്ഥരുടെ വെരിഫിക്കേഷനായുള്ള രേഖകൾ പി.എസ്.സി -ക്ക് അയയ്ക്കുവാനുണ്ട് എന്നറിയിക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ അസ്സിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്കായി എത്ര ബൈ പ്രൊമോഷൻ ഒഴിവുകൾ നിലവിലുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) പി.എസ്.സി. വെരിഫിക്കേഷനുവേണ്ടിയുള്ള സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ നിർദ്ദിഷ്ട ഓഫീസുകളിൽനിന്നും കേരള വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷന് അയയ്ക്കാറുണ്ട്.

(ബി&സി) കേരള വാട്ടർ അതോറിറ്റിയിൽനിന്നും പി.എസ്.സി. വെരിഫിക്കേഷന് അയയ്ക്കാനുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ലാസ്കർ | 11 |
| 2 | പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ | 1 |
| 3 | ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ | 1 |
| 4 | ലീഗൽ അസിസ്റ്റന്റ് | 1 |
| 5 | മീറ്റർ റീഡർ | 2 |
| 6 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I | 56 |
| 7 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്- II | 78 |
| 8 | ഓഫീസ് അറ്റൻഡന്റ് | 76 |
| 9 | വാച്ച്മാൻ | 43 |
| 10 | ഓപ്പറേറ്റർ | 131 |
| 11 | ഓവർസീയർ ഗ്രേഡ്- III | 5 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 44 |

ടി ജീവനക്കാരുടെ രേഖകൾ പി.എസ്.സി -ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്കായി ബൈ-പ്രൊമോഷൻ ഒഴിവുകൾ നിലവിലില്ല.

## പട്ടാമ്പി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികളിലെ പമ്പ് ഓപ്പറേറ്റർമാരുടെ നിയമനം

208(997) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലുള്ള ഏഴോളം ചെറുകിട ജലസേചന പദ്ധതികളിൽ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥ സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പമ്പ് ഓപ്പറേറ്റർമാരുടെ സ്ഥിര നിയമനത്തിന് സാദ്ധ്യത ഇല്ലെങ്കിൽ ഓപ്പറേറ്റർമാരെ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) രണ്ടാം വിള നെൽക്കൃഷിക്ക് ജലസേചനം അത്യാവശ്യമായതിനാൽ പമ്പ് ഓപ്പറേറ്റർമാരുടെ നിയമനം ഈ വർഷത്തിൽ എത്രയുംവേഗം നടത്തുന്നതിനും, വരുംവർഷങ്ങളിൽ മുൻകൂട്ടിത്തന്നെ നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ചെറുകിട ജലസേചന പദ്ധതികളിൽ പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് വർക്കർ ഗ്രേഡ് 1/11, എസ്.എൽ.ആർ/സി.എൽ.ആർ. ജീവനക്കാർ ഉൾപ്പെട്ട ഉദ്യോഗസ്ഥ സംവിധാനമാണ് നിലവിലുള്ളത്.

(ബി) ജലസേചന വകുപ്പിൽ നിലവിൽ HR/SLR/Worker Gr. II വിഭാഗത്തിൽപ്പെട്ട ജീവനക്കാരാണ് പമ്പ് ഓപ്പറേറ്ററുടെ ജോലിയും ചെയ്തുവരുന്നത്. 9-6-2014-ലെ ജി.ഒ.(എം.എസ്) 45/14/ജവിവ. നമ്പർ ഉത്തരവ് പ്രകാരം (അനുബന്ധമായി ചേർത്തിരിക്കുന്നു)* ജലസേചന വകുപ്പിൽ കാഷ്വൽ ലേബേഴ്സിനെ ആവശ്യമുള്ളപക്ഷം താൽക്കാലികാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കേണ്ടതാണ് എന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ ജലസേചന വകുപ്പിന്റെ പ്രവൃത്തികൾ

209 (998) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ജലസേചന വകുപ്പിന്റെ വ്യത്യസ്ത പദ്ധതികളിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇക്കാലയളവിൽ ജലസേചന വകുപ്പിന്റെ കീഴിൽ കേരള വാട്ടർ അതോറിറ്റിയുടേതടക്കം മങ്കട മണ്ഡലത്തിൽ പുതുതായി അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം ജലസേചന വകുപ്പിന്റെ വ്യത്യസ്ത പദ്ധതികളിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കൂടാതെ പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ചമ്രവട്ടം പദ്ധതിക്കുകീഴിൽ തവനൂർ മണ്ഡലത്തിൽപ്പെട്ട ഭാരതപ്പുഴയ്ക്ക് കുറുകെ ചമ്രവട്ടത്ത് നിർമ്മിച്ച റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റെക്റ്റിഫിക്കേഷൻ പ്രവൃത്തിക്ക് 29.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷം മങ്കട മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പുഴക്കാട്ടിരി പഞ്ചായത്തിൽ 20 ലക്ഷം രൂപയും മങ്കട പഞ്ചായത്തിൽ 9.30 ലക്ഷം രൂപയും ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ നടന്നു വരികയും ചെയ്യുന്നു.

ജലസേചന വകുപ്പിന്റെ കീഴിൽ മങ്കട മണ്ഡലത്തിൽ പുതുതായി അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി പഞ്ചായത്തിലെ കടലുണ്ടിപ്പുഴയ്ക്കുകുറുകെ ആനപ്പാറ പൊറ്റമ്മൽ കടവിൽ വിയർ നിർമ്മാണം-സാങ്കേതികാനുമതി നൽകി. പി.ക്യൂ. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

2. മൂർക്കനാട് പഞ്ചായത്തിൽ ഇൗതപ്പുഴയ്ക്ക് കുറുകെ കീഴമുറിക്കടവ് -മോദിക്കയം ആർ.സി.ബി.-കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാനായി എം.ഡി.കെ.ഐ.ഐ.ഡി.സി. തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അങ്കമാലി മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഇറിഗേഷൻ പദ്ധതികൾ

210(999) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ ഡിവിഷനുകൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ച് 2016-17 മുതൽ നാളിതുവരെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) എസ്റ്റിമേറ്റ് ലഭ്യമായതിൽ ഇനി ഭരണാനുമതി നൽകേണ്ട പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം-1* -ൽ ചേർത്തിട്ടുണ്ട്.

(ബി) അനുബന്ധം-2* -ൽ ചേർത്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി

211(1000) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയോടനുബന്ധിച്ച് ഒരു ട്രാക്റ്റർ വേ അനുവദിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യത്തിന് വകുപ്പ് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ ചിത്താരി, കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി എന്നിവിടങ്ങളിൽ തടയണയോടുകൂടി പാലം നിർമ്മിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിൽ ബാവിക്കരയിലും ഒരു ട്രാക്റ്റർ വേ നിർമ്മിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ ചന്ദ്രഗിരി പുഴയിൽ ബാവിക്കര എന്ന സ്ഥലത്തുള്ള തടയണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മാണ പദ്ധതി ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണ്. ഇത് സ്രോതസ്സായുള്ള കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയും കാസർഗോഡ് ജില്ലയിലെ ചെങ്കള, മൂളിയാർ, മധൂർ, മൊഗ്രാൽപുത്തൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ളപദ്ധതിയും പുരോഗമിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ ബാവിക്കര റെഗുലേറ്റർ (ബാക്കി പ്രവൃത്തി) തുടങ്ങുന്നതിനുവേണ്ടി 4-10-2018-ന് കോൺട്രാക്ടർക്ക് പ്രവൃത്തി സ്ഥലം വിട്ടുനൽകിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിലെ ബാവിക്കര പദ്ധതിയുടെ പകുതിയോളം ഭാഗം തടയണ/വി.സി.ബി. ആയി പണി പൂർത്തീകരിച്ചതാണ്. നിർമ്മാണം പൂർത്തിയാകാത്ത ഭാഗത്തെ പുഴയുടെ ഒഴുക്ക് കാരണം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതിനാൽ നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള പുതുക്കിയ ഡിസൈൻ പ്രകാരമുള്ള ബാലൻസ് പ്രവൃത്തിയാണ് ഇപ്പോൾ നടക്കുന്നത്. പുതുക്കിയ ഡിസൈൻ പ്രകാരം ട്രാക്ടർ വേ പ്രായോഗികമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പുതുക്കിയ ഡിസൈൻ പ്രകാരം ട്രാക്ടർ വേ പ്രായോഗികമല്ല.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

212(1001) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽനിന്നും മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിവ വഴി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി അയച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

**തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

213 (1002) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര പ്രവൃത്തികൾക്കാണ് ചേലക്കര മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒരോ പ്രവൃത്തിയുടെയും ഭരണാനുമതി തുകയും ഇപ്പോഴത്തെ അവസ്ഥയും എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയത്തിലും മണ്ണിടിച്ചിലിലും കൃഷി നശിച്ച് കർഷകർ ബുദ്ധിമുട്ടുന്നത് കണക്കിലെടുത്ത് കർഷകർക്ക് വലിയതോതിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്ന തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഇനിയും ചെയ്തുതീർക്കാനുള്ള പ്രവൃത്തികൾ കഴിവതും വേഗത്തിൽ ചെയ്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇറിഗേഷൻ വകുപ്പിന്റെ തലപ്പിള്ളി താലൂക്ക് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 2016-17-ൽ 11 പ്രവൃത്തികൾക്കും 2017-18-ൽ 7 പ്രവൃത്തികൾക്കും ചേലക്കര മണ്ഡലത്തിൽ ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപ്പിലാക്കാനുള്ള പ്രവൃത്തികളുടെ സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ ജലസേചന വകുപ്പിന് കീഴിലുള്ള പദ്ധതികൾ**

214 (1003) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിലുള്ള മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കുറ്റ്യാടി കനാൽ പദ്ധതി വിഭാഗം എന്നീ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ച് പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ/പദ്ധതികളുടെ പേര്, അനുവദിച്ച ഫണ്ടിന്റെ തരം, അനുവദിച്ച തുക, പ്രവൃത്തിയുടെ പുരോഗതി എന്നിങ്ങനെ പട്ടിക രൂപത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

<u>ജലസേചന വകുപ്പ്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിലുള്ള മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നീ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ച് പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ/പദ്ധതികളുടെ പട്ടികരൂപത്തിൽ തയ്യാറാക്കിയ വിശദാംശങ്ങൾ അനുബന്ധം 1* ആയും കുറ്റ്യാടി കനാൽ പദ്ധതി വിഭാഗത്തിന്റെ കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2* ആയും ചേർത്തിരിക്കുന്നു.

**നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ**

215 (1004) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ അറിയിക്കുമോ;

(സി) ഏതെങ്കിലും പദ്ധതികൾ തടസ്സപ്പെട്ട് നിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങളെന്തൊക്കെയാണെന്നും അത് നീക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും തടസ്സങ്ങൾ നീക്കി പ്രവൃത്തികൾ എന്നത്തേയ്ക്ക് നിർവ്വഹിക്കാനാകുമെന്നും വിശദമാക്കാമോ;

(ഡി) ചുങ്കത്തറ പഞ്ചായത്തിലെ ആറം പുളിക്കൽ റഗുലേറ്റർ-കം-ബ്രിഡ്ജ് പെട്ടെന്ന് നടപ്പിലാക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും എന്നത്തേയ്ക്ക് പ്രവൃത്തി തുടങ്ങുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നിലമ്പൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലമ്പൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി കരുളായി-മൂത്തേടം-അമരമ്പലം പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതിയുടെ ശുദ്ധീകരണശാല നിർമ്മിക്കുവാൻ ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭിക്കുന്നതനുസരിച്ച് മാത്രമെ പദ്ധതിയുടെ പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ.

കൂടാതെ ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം ഇപ്പോൾ നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ കിണർ, മോട്ടോർപുര എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ചുങ്കത്തറ പഞ്ചായത്തിൽ ആറാം പുളിക്കലിൽ ചെക്ക് ഡാം-കം ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചുവെങ്കിലും സൈറ്റിലുള്ള വ്യതിയാനം കാരണം പ്രവൃത്തി താല്ക്കാലികമായി തടസ്സപ്പെട്ടു. നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് പുതുക്കിയ ഡിസൈൻ ലഭ്യമായിട്ടുണ്ട്. അതുപ്രകാരം പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ വർക്കുകൾ**

216(1005) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ 2018-19-ൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം; അവയുടെ പേരും സ്ഥലവും അടങ്കൽ തുകയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ 2017-18 വർഷത്തിൽ ഭരണാനുമതി നല്കിയ എത്ര പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-19-ൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗത്തിനുകീഴിൽ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടുകുളം നവീകരണത്തിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(സി) 2017-18 വർഷത്തിൽ ഭരണാനുമതി നൽകിയ 26 പ്രവൃത്തികളിൽ 16 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

## കുട്ടനാടിന്റെ വികസനം

217 (1006) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ വികസനവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് എന്തൊക്കെ പഠനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഓരോ പഠനത്തിന്റെയും അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കുട്ടനാട് വികസനവുമായി ബന്ധപ്പെട്ട് കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എം.എസ്.എസ്.ആർ.) നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്. ഇത് പ്രായോഗികമായി നടപ്പിലാക്കുന്നതിനുവേണ്ടി ഐ.ഐ.ടി മദ്രാസ്, കോഴിക്കോട് CWRDM എന്നീ സ്ഥാപനങ്ങൾ ഒരു സംയുക്ത പഠനവും നടത്തിയിട്ടുണ്ട്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ ഉയരവും മറ്റും തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ 1985-1988 കാലഘട്ടത്തിൽ നെതർലാന്റ് സർക്കാരിന്റെ സഹായത്തോടുകൂടി കുട്ടനാട് മേഖലയുടെ "കുട്ടനാട് വാട്ടർ ബാലൻസ് സ്റ്റഡി" എന്ന ഒരു പഠനവും നടത്തിയിട്ടുണ്ട്.

(ബി) എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമായി 129 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലും അനുബന്ധ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

2. ഓണാട്ടുകര മേഖലയിൽ 49.97 കിലോമീറ്റർ തോടുകൾ നവീകരിക്കുകയും 33.60 കിലോമീറ്റർ പുറംബണ്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. തണ്ണീർമുക്കം ബാരേജിന്റെ മൂന്നാംഘട്ട നിർമ്മാണം പൂർത്തിയായി വരുന്നു.

4. തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്ക് കുറുകെയുള്ള റഗുലേറ്റർ-കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

5. ചേർത്തല താലൂക്കിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പട്ടണക്കാട് പഞ്ചായത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ് എഴുപുന്ന പഞ്ചായത്തിലെ പെണ്ണൂഡി റെഗുലേറ്റർ, കുത്തിയതോട് പുല്ലംഞ്ചിറ ചാത്തൻച്ചിറ തോടിന്റെ സ്ലൂയിസിന്റെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

6. തോട്ടപ്പള്ളി സ്പിൽവേയുടെ 40 ഷട്ടറുകൾ മാറ്റി സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.

7. ആലപ്പുഴ, ചങ്ങനാശ്ശേരി എ.സി. കനാൽ നവീകരിക്കുന്നതിന്റെ ഒന്നാം ഘട്ടമായ മനക്കൽച്ചിറ മുതൽ ഒന്നാംകരവരെയുള്ള 9.78 കി.മീറ്റർ ഭാഗത്തെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

8. കുട്ടനാട് വാട്ടർബാലൻസ് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ കുട്ടനാട്ടിലേയ്ക്ക് ശുദ്ധജലം എത്തിച്ചേരുന്ന അച്ചൻകോവിൽ, പമ്പ, മണിമല തുടങ്ങിയ പുഴകളിൽ അധിക ജലം ഉണ്ടാവില്ലെന്നും കുട്ടനാടിന്റെ പാരിസ്ഥിതിക സംരക്ഷണത്തിന് ആവശ്യമുള്ളത്ര ശുദ്ധജലംപോലും വേനൽക്കാലത്ത് ഈ പുഴകൾവഴി ലഭ്യമാകുന്നില്ലെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. കുട്ടനാട് മേഖലയിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ 70 കോടി രൂപയുടെ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിക്ക് 241 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുത്തൻതെരുവിലെ കുഴൽകിണറിൽ നിന്നുള്ള ജല ലഭ്യത**

218(1007) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി എം.എൽ.എ. -യുടെ 2016-17-ലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുത്തൻതെരുവിൽ നിർമ്മിച്ച കുഴൽ കിണറിൽനിന്ന് ലഭിക്കുന്ന ജലത്തിന്റെ അളവ് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്തെ ജല ലഭ്യത സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയശേഷം ഭൂഗർഭ ജല നിരപ്പ് താഴ്ന്നു എന്ന റിപ്പോർട്ട് വിശ്വസനീയമാണോ; ഇത്തരത്തിലൊരു പ്രതിഭാസം സംസ്ഥാനത്തുണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഇവിടെ ജലം ലഭിക്കുന്ന സ്ഥലത്ത് മറ്റൊരു കുഴൽക്കിണർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി എം.എൽ.എ. -യുടെ 2016-17-ലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുത്തൻ തെരുവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച കുഴൽക്കിണറിൽ 14-6-2018-ൽ കംപ്രസ്സർ ഉപയോഗിച്ച് ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസിൽനിന്നും ഡവലപ്പ് ചെയ്തപ്പോൾ ഏകദേശം 20000 ലിറ്റർ മണിക്കൂറിൽ പമ്പ് ചെയ്യുന്നതിനുള്ള ജലം ഉണ്ടായിരുന്നതായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ വിശദമായ ജലക്ഷമതാ പരിശോധന (പമ്പിംഗ് ടെസ്റ്റ്) നടത്തിയാൽ മാത്രമെ ഈ കുഴൽക്കിണറിന്റെ ജലലഭ്യത കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ.

കേരള വാട്ടർ അതോറിറ്റി ജലക്ഷമതാ പരിശോധനയ്ക്കായി ഭൂജല വകുപ്പിൽ അപേക്ഷ സമർപ്പിക്കുമ്പോൾ വിശദമായ ജലക്ഷമതാ പരിശോധന നടത്താവുന്നതാണ്.

(ബി) ഭൂജലവകുപ്പ്.

(സി) ഭൂജല വകുപ്പ് 2018 സെപ്റ്റംബർ മാസത്തിൽ 395 തുറന്ന കിണറുകളിൽ നിന്നും 391 പീസോ മീറ്ററുകളിൽനിന്നും ജലവിതാന ഡേറ്റ ശേഖരിച്ച് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ വർദ്ധിച്ച മഴയും പ്രളയവും സംസ്ഥാനത്തിന്റെ ഭൂജല വിഭവസമ്പത്തിൽ ഉണ്ടാക്കിയ സ്വാധീനം മനസ്സിലാക്കുന്നതിലേയ്ക്കായി വിശകലനം ചെയ്തിട്ടുണ്ട്. സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം സെപ്റ്റംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യ പഠനം നടത്തിയതിൽനിന്നും സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 75 ശതമാനത്തിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിലും 72% (ബോർവെൽ) കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.

സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2008-2017) യുമായി താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് 62% തുറന്ന കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിലും (ബോർവെൽ) 60% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.

മഴയുടെ ആധിക്യവും ചെറിയ കാലയളവിൽ കൂടുതൽ മഴ ലഭിച്ചതും ഭൂതലത്തിൽ ഊർന്ന് ഇറങ്ങാനുള്ള സമയ ലഭ്യതക്കുറവുകൊണ്ട് ഭൂജല സംപോഷണം നടക്കുന്നതിന് കാലതാമസം ഉണ്ടാകുകയും ഉപരിതല ജലപ്രവാഹമായി നഷ്ടപ്പെടുകയും ചെയ്തു. ഇപ്രകാരമുണ്ടായ ഉപരിതല ജലപ്രവാഹം പ്രദേശത്തെ മേൽമണ്ണിനെ ഒഴുക്കി പുഴകളിലും നദികളിലും താഴ്ന്ന പ്രദേശങ്ങളിലും നിക്ഷേപിക്കുകയും ചെയ്തു. ഇതിലൂടെ മണ്ണിലെ കളിമണ്ണിന്റെ അംശം നഷ്ടപ്പെടുകയും ജലം വളരെവേഗം ഊർന്നിറങ്ങുകയും മണ്ണിൽ ശേഖരിക്കപ്പെടാതെ അടിയൊഴുക്ക് (base flow) ആയി നഷ്ടപ്പെടുകയും ചെയ്തു. കൂടാതെ ഈ കാലയളവിലെ മഴയുടെ ആധിക്യവും ചുരുങ്ങിയ സമയത്തിലെ വർദ്ധിച്ച മഴയും ഭൂജല സംപോഷണം നടക്കുന്നതിന് വിഘാതമുണ്ടാക്കുകയും ജലഭൃതങ്ങൾ (Aquifer) സംപോഷണം ചെയ്യപ്പെടാതിരിക്കാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മണ്ണിലെ വർദ്ധിച്ച ജലസമ്മർദ്ദംമൂലം ചില പ്രദേശങ്ങളിൽ സൂക്ഷ്മ കണികകളും കളിമണ്ണും ഒഴുകിപ്പോകുകയും ലഭ്യമായ മഴവെള്ളം അടിയൊഴുക്കായി (base flow) നദികളിലൂടെ നഷ്ടപ്പെട്ടതായും മനസ്സിലാക്കുന്നു. ഇത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമാണ്. വടക്ക് കിഴക്ക് കാലവർഷം സാധാരണഗതിയിൽ ലഭിക്കുകയാണെങ്കിൽ ഇത് പരിഹരിക്കപ്പെടാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ഡി) ആദ്യമുണ്ടായിരുന്ന ട്യൂബ് വെല്ലിന് പകരമായി പുതിയ ട്യൂബ് വെൽ നിർമ്മിക്കുന്നതിനാണ് ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് ഫീസിബിലിറ്റി നൽകിയത്. ആദ്യമുണ്ടായിരുന്ന ട്യൂബ് വെല്ലിലെ പമ്പിംഗ് നിർത്തിവച്ചാൽ മാത്രമെ പുതിയ കുഴൽകിണറിലെ ജലലഭ്യത കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ വിശദമായ ഒരു പമ്പിംഗ് ടെസ്റ്റിനുശേഷം ആവശ്യമെങ്കിൽ സമീപ പ്രദേശത്ത് മറ്റൊരു ട്യൂബ് വെല്ലിനുചിതമായ സ്ഥലം കണ്ടെത്താവുന്നതാണ്.

**കൊമ്മള്ളി-മുല്ലപ്പള്ളി ജലനിധി പദ്ധതി**

219 (1008) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ കൊമ്മള്ളി-മുല്ലപ്പള്ളി ജലനിധി പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിച്ചതാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരണത്തിന് അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥരുടെമേൽ നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി പൂർത്തീകരണത്തിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 1-9-2014-ൽ ആരംഭിച്ച പ്രസ്തുത പദ്ധതി 2016 മേയ് മാസത്തിൽ പൂർത്തീകരിച്ചു. പദ്ധതി പൂർത്തീകരണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അനാസ്ഥ ഉണ്ടായിട്ടില്ല.

(ഡി) പദ്ധതി പൂർത്തീകരണം നടത്തി വെള്ളം വിതരണം ചെയ്യുന്നതിനിടയിൽ ഇരുമ്പ്, കലക്കൽ എന്നിവയുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനെത്തുടർന്ന് ജലവിതരണം നിർത്തിവയ്ക്കുകയുണ്ടായി. ഇത് പരിഹരിക്കുന്നതിനായി ജലശുദ്ധീകരണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടി ജലനിധി സ്വീകരിച്ചുവരുന്നു. ആയത് 2019 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാനാകും.

**പ്രധാനമന്ത്രി കൃഷിസിഞ്ചായ് യോജന**

220(1009) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിന്റെയും വിനിയോഗത്തിന്റെയും കാര്യത്തിൽ സംസ്ഥാനം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം പിന്നിലാണെന്ന് കരുതുന്നുണ്ടോ ;

(ബി) പ്രധാനമന്ത്രി കൃഷിസിഞ്ചായ് യോജനയിൽ സംസ്ഥാനം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തിന് ലഭിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ തുള്ളിയും കൂടുതൽ വിള സ്കീമിൽ സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. കാരാപ്പുഴ ജലസേചന പദ്ധതിക്കുവേണ്ടി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ എം.വി.ഐ.പി.-യുടെ കാഡാ പദ്ധതിക്ക് 2015-16-ൽ 99 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഈ സ്കീമിൽ ജലവിഭവ വകുപ്പിന് തുകയൊന്നും ലഭിച്ചിട്ടില്ല.

**താഴേക്കോട്-ആലിപ്പറമ്പ കുടിവെള്ള പദ്ധതി**

221(1010) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന CARWSS താഴേക്കോട് -ആലിപ്പറമ്പ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടും നാളിതുവരെ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക അനുവദിച്ച് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ഈ മേഖലയിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നം രൂക്ഷമാക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നടപ്പ് സാമ്പത്തിക വർഷംതന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സി.എ.ആർ.ഡബ്ല്യു.എസ്.എസ്. താഴേക്കോട്-ആലിപ്പറമ്പ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികളുടെ 25 കോടി രൂപയുടെ ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.) 2018-19 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി നൽകിയിട്ടില്ല. വരുംവർഷങ്ങളിൽ ഭരണാനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മരട് നഗരസഭയിലെ കുടിവെള്ള വിതരണ പദ്ധതി**

222 (1011) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് നഗരസഭയിലെ കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എത്ര ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ; ഓരോ ഘട്ടത്തിന്റെയും വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതിയുടെ ഓരോ ഘട്ടവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഓരോ ഘട്ടവും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മരട് മുനിസിപ്പാലിറ്റി വിതരണ ശൃംഖല ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ വിതരണ ശൃംഖലയിലെ പഴക്കംചെന്ന 50 കി.മീറ്ററോളം പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി 6 ഘടകങ്ങളാക്കി തിരിച്ചാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി* ചേർക്കുന്നു.

(സി) പദ്ധതിയുടെ ഘടകങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ലഭിക്കേണ്ടതും നിലവിലെ ട്രാഫിക് നിയന്ത്രണങ്ങൾമൂലം കുണ്ടന്നൂർ മേൽപ്പാലത്തിന്റെ പ്രവൃത്തി കഴിയുന്ന മുറയ്ക്ക് മാത്രം നടത്താൻ സാധിക്കുന്നതുമായ ഘടകം 4 -ന്റെ ഭാഗവും, ഘടകം 6 -ഉം ചേർത്ത് 5 കി.മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 2019 അവസാനത്തോടെ മാത്രമേ ക്രമീകരിക്കുവാൻ സാധിക്കുകയുള്ളൂ. ബാക്കി ഘടകങ്ങളായ 2, 3, 4 sub1, 5 ഘടകങ്ങൾ 2019 മേയ് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ജലനിധി പദ്ധതി**

223(1012) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പഞ്ചായത്തുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുടിവെള്ള വിതരണത്തിൽ ഫലപ്രദമായ ഈ പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലനിധി രണ്ടാംഘട്ടത്തിൽ 115 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതി കാലാവധി അവസാനിക്കുന്നതിനാൽ ഇപ്പോൾ പുതിയ പഞ്ചായത്തുകളൊന്നും ഏറ്റെടുക്കുന്നത് പരിഗണനയിലില്ല. ജലനിധിയുടെ മൂന്നാംഘട്ടം യാഥാർത്ഥ്യമാകുമ്പോൾ മാത്രമേ പുതിയ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ.

**മീനാട് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം**

224(1013) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി വഴിയുള്ള ജലവിതരണം പൂർണ്ണമായും നടത്തുവാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണികൾ മാത്രമാണ് ഇനി അവശേഷിക്കുന്നത്. പദ്ധതിയിൽ ഏകദേശം 963 കി.മീ വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പണികൾക്ക് ആദ്യം കരാർ ഏറ്റെടുത്തിരുന്നത് M/s K Ramakrishna Contractors Pvt.Ltd, Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ചുപോയതിനാൽ 2012-ൽ M/s. Tecpro Infra Projects Ltd., Kochi എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു. എന്നാൽ M/s.Tecpro Infra Projects Ltd. പണികൾ യഥാസമയം തീർക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ 31-7-2017-ൽ അവസാനിപ്പിക്കുകയുണ്ടായി. പദ്ധതിയിൽ ഉൾപ്പെട്ട 963 കിലോമീറ്റർ വിതരണ ശൃംഖലയിൽ മുൻകരാറുകാർ സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ അവശേഷിക്കുന്ന ഗ്യാപ്പുകൾ പൂർത്തിയാക്കുന്നതുൾപ്പെടെ ഇനി 135 കി.മി. വിതരണ ശൃംഖല സ്ഥാപിക്കാനും 620 കിലോമീറ്റർ വിതരണ ശൃംഖല കമ്മീഷൻ ചെയ്യുന്നതിനുമുള്ള പണികൾ അവശേഷിക്കുന്നുണ്ട്.

(ബി) ഈ പദ്ധതിയിൽ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിനായി പുതിയ കരാർ M/s. Shibu Zacharia Multitech Services JV എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. 10-10-2018-ന് പുതിയ കരാറുകാരൻ (M/s. Shibu Zacharia Multitech Services JV) കേരള വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് ഒപ്പുവച്ച് വിതരണ ശൃംഖലയുടെ പണികൾ പുനരാരംഭിച്ചു.

(സി) 10-10-2018-ൽ പുതിയ കരാറുകാരിലൂടെ പുനരാരംഭിച്ച പണികൾ 2020 ഏപ്രിൽ മാസത്തോടെ പൂർത്തിയാക്കി ജലവിതരണം പൂർണ്ണമായി നടത്തുവാൻ വേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**ആറൻമുള നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

225 (1014) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ആറൻമുള നിയോജകമണ്ഡലത്തിലെ മല്ലപ്പുഴശ്ശേരി-കോഴഞ്ചേരി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ബാക്കിയുണ്ടെന്നും എന്നത്തേയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്കുടി ഉൾപ്പെടുന്ന പുറമറ്റത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾക്ക് ഒന്നാംഘട്ടത്തിൽ 42.35 കോടി രൂപയുടെ ഭരണാനുമതി 30-3-2017-ൽ ലഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു. ലാൻഡ് അക്വിസിഷൻ നടപടികൾക്കെതിരെ വസ്തു ഉടമ നൽകിയ കേസ് ഇപ്പോൾ നിലനിൽക്കുന്നു. സ്ഥലം ലഭ്യമായാൽ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാവുന്നതാണ്.

ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾകൂടി ഉൾപ്പെടുന്ന പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിനുള്ള പദ്ധതി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ടി 85 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ജലസംഭരണികളും ട്രാൻസ്മിഷൻ മെയിനുകളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ആയത് നിർവ്വഹിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകുന്നതും തുടർന്ന് സർക്കാരിൽനിന്നും കിഫ്ബിയുടെ അനുമതിക്കായി സമർപ്പിക്കുന്നതുമാണ്.

(ബി) ഇലന്തൂർ-മല്ലപ്പുഴശ്ശേരി കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയ ജല ശുദ്ധീകരണ ശാലയുടെ പ്രവൃത്തി പുരോഗമിക്കുന്നു. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയ സോൺ-1-ലെ വിതരണ ശൃംഖലയുടെ പണികൾ പൂർത്തിയാക്കി. സോൺ 3-ലെ പ്രവൃത്തി കരാർ നൽകി പൈപ്പുകൾ സപ്ലൈ ചെയ്തു തുടങ്ങി. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. അംഗീകാരം ലഭിച്ച ഘടകങ്ങൾ 2019 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴഞ്ചേരി പദ്ധതിയുടെ ഒന്നാംഘട്ടത്തിൽപ്പെട്ട ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. ഒന്നാം ഘട്ടത്തിൽപ്പെട്ട ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നീ പ്രവൃത്തികൾക്ക് 2017 സെപ്റ്റംബറിൽ എഗ്രിമെന്റ് വച്ചെങ്കിലും കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതിനാൽ കരാർ റദ്ദാക്കി വീണ്ടും ദർഘാസ് വിളിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി പ്രവൃത്തികൾ പൂർത്തീകരിച്ച് 2019 ജൂൺ മാസത്തിൽ അംഗീകാരം ലഭിച്ച ഘടകങ്ങൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പയ്യന്നൂർ മണ്ഡലത്തിൽ ജലനിധി പദ്ധതി**

226(1015) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18, 2018-19 വർഷങ്ങളിൽ പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

<u>ഉത്തരം</u>

2017-18, 2018-19 വർഷങ്ങളിൽ പയ്യന്നൂർ മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളെ പുതിയതായി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

227(1016) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ച് പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തി കളുടെ/പദ്ധതികളുടെ പേര്, അനുവദിച്ച ഫണ്ടിന്റെ തരം, അനുവദിച്ച തുക, പ്രവൃത്തിയുടെ പുരോഗതി എന്നിങ്ങനെ തരംതിരിച്ച് പട്ടികരൂപത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ചാത്തന്നൂരിൽ ജപ്പാൻ കുടിവെള്ള പദ്ധതി**

228(1017) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിനായി പുതിയ കരാർ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കി ജലവിതരണം പൂർണ്ണമായും ആരംഭിക്കുന്നതിന് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിനായി പുതിയ കരാർ M/s. Shibu Zacharia Multitech Services JV എന്ന കമ്പനിക്ക് നൽകുകയും കരാറുകാരൻ 10-10-2018-ന് കേരള വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് ഒപ്പുവച്ച് വിതരണ ശൃംഖലയുടെ പണികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അവശേഷിക്കുന്ന 135 km വിതരണ ശൃംഖലയുടെ പണികൾ സുഗമമായി നടത്താൻ കേരള വാട്ടർ അതോറിറ്റി എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. മുൻകരാറുകാർ സ്ഥാപിച്ച പൈപ്പ്ലൈനുകളിലെ വിടവുകൾ കണ്ടെത്തിയും പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള ബാക്കി പൈപ്പ്ലൈനുകൾ സമയബന്ധിതമായി സ്ഥാപിച്ചും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ പി.ഡബ്ല്യു.ഡി. റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, പഞ്ചായത്ത് മുതലായ ഏജൻസികളിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കിയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് ജല വിതരണം പൂർണ്ണമായും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കുന്നുമ്മൽ കുടിവെള്ള പദ്ധതി**

229(1018) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുമ്മൽ കുടിവെള്ള പദ്ധതി എന്നാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച് നിരവധി സബ്മിഷനുകൾ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കുന്നുമ്മൽ കുടിവെള്ള പദ്ധതിക്ക് 2008-ലാണ് ഭരണാനുമതി നൽകിയത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കായക്കൊടി, വളയം, വാണിമേൽ, നരിപ്പറ്റ എന്നീ പഞ്ചായത്തുകളിൽ ജലവിതരണ സംവിധാനം പൂർത്തിയാക്കി ഗാർഹിക കണക്ഷനുകൾ നല്കിത്തുടങ്ങിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായുള്ള എല്ലാ പഞ്ചായത്തുകളിലും ജലവിതരണം ഉറപ്പാക്കുന്നതിനായി നിലവിലുള്ള സ്രോതസ് അപര്യാപ്തമാണ്. ഇതിന് പരിഹാരമായി നിലവിലെ സ്രോതസ് വിപുലീകരിക്കുന്നതിനുള്ള ഒരു പദ്ധതി 2018-19 വർഷത്തിലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കുറ്റ്യാടി പുഴയിൽനിന്നും

പദ്ധതിയുടെ കിണറിലേയ്ക്ക് ആവശ്യാനുസരണം വെള്ളം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. സ്രോതസ് വിപുലീകരണം 2019 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിച്ച് കുന്നമ്മൽ കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി ഭാഗികമായി കായക്കൊടി, വളയം, വാണിമേൽ, നരിപ്പറ്റ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിനായുള്ള സ്രോതസ് വിപുലീകരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇത് പൂർത്തീകരിക്കുന്നമുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. പദ്ധതി പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സ്രോതസ് വിപുലീകരണം പൂർത്തീകരിച്ച് മാർച്ച് 2019-ഓടുകൂടി കുന്നമ്മൽ കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**അരുവിക്കരയിലെ കുടിവെള്ള നിർമ്മാണ യൂണിറ്റ്**

230(1019) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും നാളിതുവരെയുള്ള പദ്ധതി ചെലവ് എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഉദ്ഘാടനത്തിന് എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്നും ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളുടെ അനുമതിയാണ് ഇനി ആവശ്യമുള്ളതെന്നും പദ്ധതി എന്ന് ഉദ്ഘാടനം ചെയ്യുമെന്നും അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ ഭാവിപ്രവർത്തനങ്ങൾക്കും വിപണനത്തിനും എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഒരുക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുപ്പിവെള്ള പ്ലാന്റിന് ആവശ്യമുള്ള കെട്ടിടങ്ങൾ, ഇലക്ട്രിക് ഉപകരണങ്ങൾ, കുപ്പിവെള്ളം ഉത്പാദിപ്പിക്കുന്നതിനുള്ള വിവിധ യന്ത്ര സാമഗ്രികൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ച് ജനറേറ്ററിന്റെ സഹായത്തോടുകൂടി 12-4-2018-ന് പരീക്ഷണാടിസ്ഥാനത്തിൽ പ്ലാന്റ് പ്രവർത്തിപ്പിച്ചു.

(ബി) ഭരണാനുമതി നൽകിയ തുക-16 കോടി രൂപ, നാളിതുവരെ പദ്ധതി ചെലവ് - 13.40 കോടി രൂപ.

(സി) ഈ പദ്ധതിക്ക് നിലവിൽ യാതൊരു തടസ്സങ്ങളുമില്ല. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, അളവുതൂക്ക വകുപ്പ്, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (ബി.ഐ.എസ്.), ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ.) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വൈദ്യുതി കണക്ഷനും ലഭിക്കുന്ന മുറയ്ക്ക് ഫെബ്രുവരി 2019-ഓടുകൂടി പദ്ധതി ഉദ്ഘാടനം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പദ്ധതിയുടെ ഭാവിപ്രവർത്തനങ്ങളും വിപണന സംവിധാനങ്ങളെ ക്കുറിച്ചുമുള്ള നിർദ്ദേശം സമർപ്പിക്കാൻ ജല അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അരുവിക്കരയിൽ നിർമ്മാണം ആരംഭിച്ച കുപ്പിവെള്ള പദ്ധതി**

231(1020) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 14-1-2016-ൽ അരുവിക്കരയിൽ നിർമ്മാണം ആരംഭിച്ച കുപ്പിവെള്ള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കുപ്പിവെള്ള പ്ലാന്റിന് ആവശ്യമുള്ള കെട്ടിടങ്ങൾ, ഇലക്ട്രിക് ഉപകരണങ്ങൾ, കുപ്പിവെള്ളം ഉല്പാദിപ്പിക്കുന്നതിനുള്ള വിവിധ യന്ത്രസാമഗ്രികൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ച് ജനറേറ്ററിന്റെ സഹായത്തോടുകൂടി 12-4-2018-ന് പരീക്ഷണാടിസ്ഥാനത്തിൽ പ്ലാന്റ് പ്രവർത്തിപ്പിച്ചു.

(ബി) ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, അളവുതൂക്ക വകുപ്പ്, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (ബി.ഐ.എസ്.), ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ.) എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽനിന്നും വൈദ്യുതി കണക്ഷനും ലഭിക്കുന്നമുറയ്ക്ക് ഫെബ്രുവരി 2019-ഓടു കൂടി പദ്ധതി ഉദ്ഘാടനം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വരൾച്ച നേരിടുന്നതിന് നടപടി**

232(1021) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം കിണറുകളിലും പുഴകളിലും ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കടുത്ത വരൾച്ച ഉണ്ടാകാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ മഴവെള്ള സംഭരണവും കിണർ റീ-ചാർജിംഗും കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വരൾച്ച നേരിടുന്നതിന് സംസ്ഥാനത്ത് ഗോവൻ മാതൃകയിൽ നദീജല സംഭരണികൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വർഷംതോറും ആവർത്തിക്കുന്ന വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യാൻ സാങ്കേതിക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയത്തിനുശേഷം പുഴകളോട് ചേർന്നുവരുന്ന കിണറുകളിലും പുഴകളിലും ജലനിരപ്പ് താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെപ്റ്റംബർ 2018-ലെയും സെപ്റ്റംബർ 2017-ലെയും ഭൂജലവിതാനം താരതമ്യപഠനം നടത്തിയതിൽനിന്നും സംസ്ഥാനത്ത് 75% തുറന്ന കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിലും (ബോർവെൽ) 72% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.

സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2008-2017) യുമായി താരതമ്യം ചെയ്യുപ്പോൾ സംസ്ഥാനത്ത് 62% തുറന്ന കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിലും (ബോർവെൽ) 60% കിണറുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.

(ബി) ഭൂജലവകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായ 'മഴകേന്ദ്രം' സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന "മഴവെള്ള സംഭരണ ഭൂജല പരിപോഷണം" പരിപാടിയിലൂടെ മഴവെള്ള സംഭരണത്തിനും കിണർ റീചാർജിംഗിനും നേതൃത്വം നല്കിവരുന്നു. മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശുദ്ധീകരിച്ച് കിണറുകളിലേയ്ക്ക് നേരിട്ട് കടത്തിവിട്ട് ഉപരിതല ജലവിതാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ജലനിധി സ്വീകരിച്ചുവരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവുചാൽ നിർമ്മാണം), Sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശേഖരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്.

(സി&ഡി) ഉണ്ട്. ഉപരിതല ജലസംഭരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തുന്നതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ബന്ധാരകൾ എന്ന ഗോവയിലെ ചെറുകിട ജലസംഭരണ നിർമ്മിതികൾ സന്ദർശിച്ച് മൺസൂൺ കാലത്തെ അധികജലം സംഭരിക്കുന്നതിനായി നദികൾക്ക് കുറുകെ ഫൈബർ റീ-ഇൻഫോഴ്സ് പോളിമർ ഷട്ടറുകളോടുകൂടിയ ബന്ധാരകളുടെ ഒരു ശൃംഖല നിർമ്മിച്ച് ജലലഭ്യത കുറഞ്ഞ മാസങ്ങളിൽ നദികളിൽ വേണ്ടത്ര ജലം നിലനിർത്താവുന്നതാണെന്നും ഗോവയിലെ നദികളിൽ നിർമ്മിച്ചിട്ടുള്ള ബന്ധാരകൾ ഭൂപ്രകൃതിയും ഭൂഗർഭശാസ്ത്രവും സാമ്യമായതിനാൽ കേരളത്തിന് അനുയോജ്യമാണെന്നും സമിതി കണ്ടെത്തുകയുണ്ടായി. ഹരിതകേരളം മിഷൻ ശിപാർശ ചെയ്ത പ്രകാരം ബന്ധാരകളുടെ ശൃംഖല നിർമ്മിക്കുന്നതിനുള്ള പൈലറ്റ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ആയത് നടപ്പിലാക്കുന്നതിന് മുമ്പായി വിശദമായ ഒരു ഓപ്പറേഷൻ പ്ലാൻ നടപ്പിലാക്കാനും കേരളത്തിലെ 20 നദികളിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി KIIFB-ൽ വകയിരുത്തിയിട്ടുള്ള 600 കോടി രൂപയിൽനിന്നും കാസർഗോഡ്, വയനാട്, പാലക്കാട്, പത്തനംതിട്ട എന്നീ 4 ജില്ലകളിലെ 5 നദികളിൽ 175 കോടി രൂപ ചെലവിൽ പൈലറ്റ് പദ്ധതിയായി ബന്ധാരകൾ നിർമ്മിക്കുന്നതിലേയ്ക്കായി 175 കോടി രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശം KIIFB-യുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ

19-9-2018-ൽ ടെക്നിക്കൽ കമ്മിറ്റി കൂടുകയും മേൽപ്പറഞ്ഞ 4 ജില്ലകളിൽ ബന്ധാരകൾ നിർമ്മിക്കുന്നതിനും അവ ഡിസൈൻ ചെയ്യുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുമുണ്ട്.

**ചേരാമംഗലം ജലസേചന പദ്ധതി**

233(1022) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ചേരാമംഗലം ജലസേചന പദ്ധതിക്കുവേണ്ടി സ്വീകരിച്ച നവീകരണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക എത്രയെന്ന് വിശദമാക്കുമോ;

(സി) നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് അറിയിക്കുമോ?

ഉത്തരം

(എ&ബി) ചേരാമംഗലം ജലസേചന പദ്ധതിയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 2018-19 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കാഡാ ചാനലുകളുടെ നവീകരണ പ്രവൃത്തികൾക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(സി) നവീകരണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരുന്നു.

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

234(1023) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണത്തിനായി അമൃത് പദ്ധതിയിൽനിന്നും അനുവദിച്ച ആറ് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അമൃത് പദ്ധതിയിലുൾപ്പെടുത്തി ഇടക്കൊച്ചിയിൽ 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്ന പ്രവൃത്തിക്ക് കരാറുകാരന് 14-5-2018-ന് സെലക്ഷൻ നോട്ടീസ് നൽകിയിരുന്നു. എന്നാൽ കരാറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കുറഞ്ഞ ലോക്കൽ മാർക്കറ്റ് റേറ്റ് (LMR) അനുസരിച്ചാണ് കൊച്ചി പി.എച്ച്. സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉത്തരവ് നൽകിയിരുന്നത്. ഈ സാഹചര്യത്തിൽ പ്രവൃത്തിയുടെ നടത്തിപ്പ് രീതിയിൽ (Scope of work) എന്തെങ്കിലും മാറ്റമുണ്ടോയെന്ന് കരാറുകാരൻ ആരായുകയും ഈ പ്രവൃത്തി ദർഘാസിൽ വിവരിച്ച പ്രകാരമാണെന്നും LMR നിരക്കോ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റോ (DSR) ഏതാണോ കുറവ് അത് അനുവദിക്കുവാനേ ചട്ടം അനുശാസിക്കുന്നുള്ളൂ എന്ന് കരാറുകാരനെ അറിയിക്കുകയും ചെയ്തു. ആയതനുസരിച്ച് കരാർ ഉമ്പടി നടത്തി എത്രയുംവേഗം പ്രവൃത്തി ആരംഭിക്കുവാൻ 7-6-2018, 17-7-2018 എന്നീ തീയതികളിൽ കരാറുകാരന് നിർദ്ദേശം നൽകി. എന്നാൽ കരാറുകാരൻ ഹാജരാകാതിരിക്കുകയും പ്രവൃത്തിക്കായി ഒടുക്കിയ നിരത ദ്രവ്യം 1-10-2018-ൽ വാക്കാൽ തിരികെ ആവശ്യപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ ടി ദർഘാസ് റദ്ദ് ചെയ്ത് 23-10-2018-ൽ പുനർദർഘാസ് ക്ഷണിച്ചു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 23-10-2018-ൽ പുനർദർഘാസ് ക്ഷണിക്കുകയും ഏക ദർഘാസ് ആയ കാരണത്താൽ ദർഘാസ് സമർപ്പിക്കേണ്ട തീയതി 29-11-2018 വരെ നീട്ടിനൽകുകയും ചെയ്തിട്ടുണ്ട്.

(സി) ദർഘാസ് നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാലപ്പഴക്കംചെന്ന പൈപ്പുകൾ**

235(1024) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നിലവിലുള്ള കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതുമൂലം പലയിടത്തും തുടർച്ചയായി കുടിവെള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാലപ്പഴക്കംചെന്ന AC പൈപ്പുകളും GI പൈപ്പുകളും തുടർച്ചയായി പൊട്ടുന്നതുമൂലം കീരംപാറ, പിണ്ടിമന എന്നീ പഞ്ചായത്തുകളിലെയും കോതമംഗലം മുനിസിപ്പാലിറ്റിയിലെയും കുടിവെള്ള വിതരണം തടസ്സപ്പെടാറുണ്ട്.

(ബി&സി)പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് 2016-17-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കോതമംഗലം ജവഹർ തിയേറ്റർ മുതൽ കോളേജ് ജംഗ്ഷൻ വരെ 2000 മീറ്റർ നീളത്തിൽ 125 മി.മി AC പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് 20 ലക്ഷം രൂപയുടെയും നെല്ലിക്കുഴി പഞ്ചായത്തിൽ 2380 മീറ്റർ നീളത്തിൽ 250 എം.എം AC പമ്പിംഗ് മെയിൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് 175 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ 2018-19-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി അമ്പലപ്പറമ്പ് മുതൽ ഇലവും പറമ്പ് വരെ 300 മി.മി. AC പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് 284.20 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്.

കൂടാതെ താഴെ പറയുന്ന സ്ഥലങ്ങളിൽ 300 mm AC പൈപ്പ് മാറ്റി 300 mm DI പൈപ്പ് ഇടുന്ന പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

1. മലയിൻകീഴ് മുതൽ രാമല്ലൂർ വരെ- (850 m)-77 ലക്ഷം

2.അമ്പലപ്പറമ്പ് മുതൽ വലിയപാറ (കോതമംഗലം മുനിസിപ്പാലിറ്റി)- (1000 m)-75 ലക്ഷം

3. രാമല്ലൂർ മുതൽ ഇലവുപറമ്പ്-(2000m)-182 ലക്ഷം

4. ജവഹർ ജംഗ്ഷൻ മുതൽ മതിരപ്പള്ളി- (2000m)-178 ലക്ഷം.

**മൂർക്കനാട് കുടിവെള്ള പദ്ധതി**

236(1025) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ;

(സി) ടി സാമ്പത്തിക വർഷം പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അടക്കമുള്ള പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ കിണർ, ജല ശുദ്ധീകരണശാല, പമ്പ്ഹൗസ് തുടങ്ങിയ ഉൽപ്പാദന ഘടകങ്ങളും ചുള്ളിക്കാട്, മൂച്ചിൽ കൂട്ടിലങ്ങാടി, മൂർക്കനാട് എന്നിവിടങ്ങളിലെ ഉപരിതല സംഭരണികളും, മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി പഞ്ചായത്തുകളിലെ വിതരണ ശൃംഖല ഉൾപ്പെടെ 2016 ഫെബ്രുവരി മാസം ഉദ്ഘാടനം ചെയ്യപ്പെട്ടതാണ്. കൂട്ടിലങ്ങാടി പഞ്ചായത്തിലെ വിതരണ ശൃംഖലയുടെ പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്. മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി പഞ്ചായത്തുകളിൽ കുടിവെള്ള വിതരണ കണക്ഷൻ നൽകുന്നത് ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ 368.49 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) ടി സാമ്പത്തിക വർഷം പ്രസ്തുത കുടിവെള്ള പദ്ധതിക്കുവേണ്ടി പുഴക്കാട്ടിരി പഞ്ചായത്തിലെ പനഞ്ഞങ്ങര വിതരണ ലൈൻ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

**തൃപ്പൂണിത്തറ മണ്ഡലത്തിലെ ഇടക്കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം**

237(1026) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഇടക്കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായ പാമ്പായിമൂലയിൽ ജല അതോറിറ്റിയുടെ വക സ്ഥലത്ത് 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയുടെ എസ്റ്റിമേറ്റ് തുക 278 ലക്ഷം രൂപയിൽ നിന്നും 356 ലക്ഷം രൂപയായി പുതുക്കി അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും അത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പാമ്പായിമൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയും പമ്പ്ഹൗസും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിനായി 278 ലക്ഷം രൂപയുടെ ഭരണാനുമതി ശ്രീ. കെ. ബാബു, എം. എൽ. എ -യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 29-2-2016-ലെ GO (Rt).No.205/2016/WRD പ്രകാരം അനുവദിച്ചിരുന്നു. മണ്ണ് പരിശോധന നടത്തി DSR 2016 പ്രകാരം അടങ്കൽ തയ്യാറാക്കിയപ്പോൾ ഭൂതല സംഭരണിയുടെ നിർമ്മാണത്തിനുമാത്രം 346 ലക്ഷം രൂപ ആവശ്യമായി വന്നു. 68 ലക്ഷം രൂപ അധികമായി വേണ്ടിവന്നത് ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ -യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭിച്ചു. കൂടാതെ പമ്പ് ഹൗസിന്റെ നിർമ്മാണത്തിനായി ശ്രീ. എം. സ്വരാജ് എം. എൽ. എ -യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 70 ലക്ഷം രൂപ അനുവദിച്ചു. DSR 2016 പ്രകാരം ഭൂതല സംഭരണിയുടെ അടങ്കലിന് ജല അതോറിറ്റിയിൽനിന്നും 302 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയുണ്ടായി. പ്രവൃത്തിക്കുവേണ്ടി 3,01,85,813 രൂപയുടെ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽവിവരിച്ച പ്രകാരം ഫണ്ടിന്റെ കുറവും നടപടിക്രമങ്ങൾക്കുണ്ടായ കാലതാമസവുമാണ് പ്രവൃത്തി തുടങ്ങാനുണ്ടായ കാലതാമസത്തിനു കാരണം.

(ബി) ഈ പ്രവൃത്തിക്കുവേണ്ടി 3,01,85,813 രൂപയുടെ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ എടുക്കുന്ന കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെടുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കാൻ 10 മാസത്തെ കാലാവധിയാണ് നിശ്ചയിച്ചിട്ടുള്ളത്.

**ജലസ്രോതസ്സുകളുടെ മലിനീകരണം**

238(1027) ശ്രീ. എ. എൻ. ഷംസീർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. ജോയി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനും കേന്ദ്രീകൃത ജലശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) കിണറുകളിലും മറ്റ് ജലസ്രോതസ്സുകളിലും അപകടകരമായ രീതിയിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യമുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് ജനങ്ങളിലെത്തിക്കുന്നത്. നിലവിൽ സ്രോതസ്സിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒന്നിൽ കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കേന്ദ്രീകൃത പദ്ധതികളാണ് വാട്ടർ അതോറിറ്റി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ധനലഭ്യതയ്ക്കനുസരിച്ച് ഇപ്രകാരം ആവശ്യമായ എല്ലാ പ്രദേശങ്ങളിലേയ്ക്കും കുടിവെള്ള സ്രോതസ്സ് ഉറപ്പാക്കി കേന്ദ്രീകൃത ജലശുദ്ധീകരണശാലയോടുകൂടിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) കേരളത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സായ കിണറുകളിലെ ജലത്തിൽ കോളീഫാം ബാക്ടീരിയയുടെ അളവ് കൂടുതലാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ ജലമലിനീകരണ നിയന്ത്രണ നിയമം 1974, കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018, കേരള ഭൂജല നിയന്ത്രണവും, ക്രമീകരണവും ആക്ട് 2002 സെക്ഷൻ 15 സബ്സെക്ഷൻ (ജെ) എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 പ്രകാരം ജലസ്രേതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ തടവും പരമാവധി രണ്ട് ലക്ഷം രൂപവരെ പിഴയും ചുമത്താവുന്നതാണ്. ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് കേസ് നടത്തിപ്പിന് അധികാരമുള്ളത്.

**കിഫ്ബി വഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ**

239(1028) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കാൻ അനുമതി ലഭിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെ; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി പഴയ ലൈനുകളുടെ മാറ്റിസ്ഥാപിക്കൽ എന്ന ഇനത്തിൽ നടപ്പിലാക്കാൻ അനുമതി ലഭിച്ച 3 പദ്ധതികളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. കല്ലറ, പാങ്ങോട്, പനവൂർ, പുല്ലംപാറ, വെമ്പായം സമഗ്ര കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ചാമവിള മുതൽ നെല്ലിമുക്ക് വരെയുള്ള 4500 മീറ്റർ 350 എം എം എ സി പൈപ്പ് മാറ്റി 350 എം എം ഡി ഐ പൈപ്പും കൊടിതൂക്കി കുന്നു മുതൽ പട്ടാര വരെയുള്ള 1320 മീറ്റർ 250 എം എം എ സി പൈപ്പ് മാറ്റി 250 എം എം ഡി ഐ പൈപ്പും സ്ഥാപിക്കുന്ന പ്രവൃത്തി-342.79 ലക്ഷം രൂപ.

2. കല്ലറ, പാങ്ങോട്, പനവൂർ, പുല്ലംപാറ, വെമ്പായം സമഗ്ര കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട നെല്ലിമുക്ക് മുതൽ ഐയ്യർ മുക്ക് വരെയുള്ള 1580 മീറ്റർ 300 എം എം എ സി പൈപ്പ് മാറ്റി 300 എം എം ഡി ഐ പൈപ്പും പാലുവള്ളി മുതൽ വട്ടകരിക്കകം വരെയുള്ള 2190 മീറ്റർ 125 എം എം എ സി പൈപ്പ് മാറ്റി 140 എം എം പി വി സി പൈപ്പും സ്ഥാപിക്കുന്ന പ്രവൃത്തി-103.85 ലക്ഷം രൂപ.

3. കല്ലറ, പാങ്ങോട്, പനവൂർ, പുല്ലംപാറ, വെമ്പായം സമഗ്ര കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ഭരതന്നൂർ മുതൽ കോട്ടയപ്പൻകാവ് വരെയും ഐയ്യർ മുക്ക് വരെയുമുള്ള 3465 മീറ്റർ 200 എം എം എ സി പൈപ്പ് മാറ്റി 200 എം എം ഡി ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി-128.88 ലക്ഷം രൂപ.

(ബി) ഒന്നാമത്തെയും രണ്ടാമത്തെയും പദ്ധതികൾക്ക് നിലവിൽ അനുമതി ലഭിച്ച തുകയെക്കാൾ എസ്റ്റിമേറ്റ് തുക കൂടുതലായതിനാൽ കിഫ്ബിയുടെ പുതുക്കിയ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. മൂന്നാമത്തെ പദ്ധതിയുടെ ദർഘാസുകൾ സൂക്ഷ്മപരിശോധനയിലാണ്.

**പ്രളയത്തെ തുടർന്ന് ജലസേചന ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും**

240(1029) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് ജലസേചന ഡാമുകളിൽ മണലും ചെളിയും അടിഞ്ഞുകൂടിയത് നീക്കംചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത് വാണിജ്യാടിസ്ഥാനത്തിൽ വാരിയെടുത്ത് സർക്കാരിന് സാമ്പത്തികനേട്ടം ഉണ്ടാക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഇതിലൂടെ എന്ത് തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന മണലും ചെളിയും നീക്കി സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വ രൂപത്തിലാക്കുവാനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26-9-2017-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 79/2017/ജവിവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിൻപ്രകാരം പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റിംഗ് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ അംഗീകാരത്തിന് വിധേയമായി പ്രത്യേകം രൂപീകരിച്ച ഉന്നതാധികാര സമിതിയിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളുടെയും ഡീസിൽറ്റേഷൻ നടത്തുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഡാമുകളിൽനിന്നും മണലും എക്കലും നീക്കുവാനുള്ള കരാർ work contract method, turnkey method എന്നീ അടിസ്ഥാനത്തിലുമാണ് നൽകുവാൻ തീരുമാനിച്ചിരിക്കുന്നത്. Work contract പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ മണൽ, എക്കൽ എന്നിവ നീക്കംചെയ്യുന്നതിനും ഘടകങ്ങൾ വേർതിരിക്കുന്നതിനുമുള്ള പ്രവൃത്തിക്കായിട്ടാണ് ടെണ്ടർ ചെയ്യുക. വേർതിരിച്ച് കിട്ടുന്ന മണൽ, എക്കൽ എന്നിവ റവന്യൂ അധികാരികൾക്ക് കൈമാറുന്നതാണ്. Turnkey method പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ SOP പ്രകാരം മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനും വേർതിരിക്കുന്നതിനും വേർതിരിച്ചുകിട്ടുന്നവ ടെണ്ടർ എടുക്കുന്നയാൾതന്നെ ലേലം ചെയ്യുന്നതുമാണ്. ഇതുവഴി സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാകുന്നതാണ്.

(സി) പ്രവൃത്തികൾ നടപ്പിലാക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടേയുള്ളൂ. പ്രത്യേകം രൂപീകരിച്ച ഉന്നതാധികാര സമിതിയാണ് ഏത് പദ്ധതി ഏത് തരത്തിൽ കരാർ ചെയ്യണമെന്ന് തീരുമാനിക്കുന്നത്. പ്രസ്തുത സമിതിയുടെ അംഗീകാരം ലഭ്യമായാൽ മാത്രമെ തുക വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

**ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ എന്നിവ നീക്കംചെയ്യൽ**

241(1030) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ എന്നിവ നീക്കംചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഡാമുകളിലെ മണൽ ശുദ്ധീകരിച്ച് നൽകുന്നതിനുള്ള നടപടി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇപ്രകാരം ലഭിക്കുന്ന മണൽ നിർമ്മാണ പ്രവർത്തനത്തിന് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടികിടക്കുന്ന മണലും ചെളിയും നീക്കി സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വ രൂപത്തിലാക്കുവാനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26-9-2017-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്)79/2017/ജവിവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡിസിൽറ്റിംഗ് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ അംഗീകാരത്തിന് വിധേയമായി പ്രത്യേകം രൂപീകരിച്ച ഉന്നതാധികാര സമിതിയിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളുടെയും ഡിസിൽറ്റേഷൻ നടത്തുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഉണ്ട്. ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കൽ കലർന്ന മണൽ നീക്കം ചെയ്ത് SOP പ്രകാരം ഘടകങ്ങൾ വേർതിരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) work contract പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ ലഭ്യമാകുന്ന മണൽ റവന്യൂ അധികൃതരെ ഏൽപ്പിക്കാനാണ് SOP പ്രകാരം തീരുമാനിച്ചിരിക്കുന്നത്. Turn key പ്രകാരം കിട്ടുന്ന മണൽ ടെണ്ടർ എടുക്കുന്നയാൾതന്നെ പിന്നീട് ലേലം ചെയ്യുന്നതാണ്. ഏത് ടെണ്ടർ പ്രകാരമായാലും കിട്ടുന്ന മണൽ നിർമ്മാണ പ്രവൃത്തിക്കായി ഉപയോഗിക്കുന്നതാണ്.

## ഒഴുക്ക് നിലച്ചുപോയ ജല സ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ

242(1031) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒഴുക്ക് നിലച്ചുപോയ നദികൾ ഉൾപ്പെടെ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം നടപടികൾ തുടരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വകുപ്പുതലത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഹരിത കേരളം മിഷൻ നാലാമത് യോഗത്തിന്റെ തീരുമാനപ്രകാരം പുഴ വീണ്ടെടുക്കലിനായി സംസ്ഥാനത്ത് നടപ്പിലാക്കിയ ജനകീയ പ്രവർത്തനങ്ങളുടെ മാതൃകയിൽ എല്ലാ ജില്ലകളിലും പുതിയതായി ഒരു പുഴയെങ്കിലും ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി സംസ്ഥാനത്തെ മാതൃകാ പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരെയും പുതിയതായി പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തൽപ്പരരായവരെയും പങ്കെടുപ്പിച്ചുകൊണ്ട് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഒരു പുഴ വീണ്ടെടുക്കൽ ശിൽപ്പശാല സംഘടിപ്പിക്കുകയും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ശിൽപ്പശാലയിൽ വിവിധ വകുപ്പുകളിലെ മേധാവികൾ ഉൾപ്പെടെയുള്ളവർ പങ്കെടുത്തിരുന്നു. നാലാമത് മിഷൻ യോഗത്തെ തുടർന്ന് 22-10-2018-ാം തീയതി ജല ഉപദൗത്യത്തിന്റെ കർമ്മസേന യോഗം ചേർന്നു. ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ ഇതിനാവശ്യമായ തുടർ പരിപാടികൾക്ക് രൂപംനൽകുകയും ചെയ്തു. 21-11-2018-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അഞ്ചാമത് മിഷൻ അവലോകന യോഗത്തിൽ ഒരു നദി/നീർച്ചാലെങ്കിലും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഡിസംബർ എട്ടാം തീയതി എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള സംഘാടന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട സാങ്കേതികവും സാമൂഹികവുമായ ഘടകങ്ങൾ ഉൾക്കൊള്ളുന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്.

## കേരള ജല അതോറിറ്റിക്ക് പുതിയ സെക്ഷൻ ഓഫീസുകൾ

243(1032) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി കോഴിക്കോട് പി.എച്ച്. ഡിവിഷൻ ഓഫീസ് പുന:ക്രമീകരിച്ച് അധികസാമ്പത്തിക ബാധ്യതയില്ലാതെ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) ജിക്ക പദ്ധതിയിലുള്ള പ്രവൃത്തികൾ ഉൾപ്പെടെ നിരവധി കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയതായി ആരംഭിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട ആർ.ഡബ്ല്യു.എസ്. സെക്ഷൻ കുന്ദമംഗലം, പ്രവർത്തിപ്പിക്കുന്നതിന് കുന്ദമംഗലത്ത്, പ്രവൃത്തി പൂർത്തീകരിച്ച മിനി സിവിൽ സ്റ്റേഷനിൽ ആവശ്യമായ സൗകര്യം ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

## കേരള ജല അതോറിറ്റിക്ക് ലഭിക്കാനുള്ള വെള്ളക്കരം കുടിശ്ശിക

244(1033) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1584.29 കോടി രൂപ.

(ബി) . സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനുള്ള അധികാരം എല്ലാ ഡിവിഷനുകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി.

- ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16-3-2018-ന് ചേർന്ന മീറ്റിംഗിലെ നിർദ്ദേശമനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശികയിൽ 24% വരുന്ന പിഴപ്പലിശ 6% ആക്കി കുറച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- കുടിശ്ശിക പിരിച്ചെടുക്കാൻ ഡിമാന്റ് നോട്ടീസ്, ഡിസ്കണക്ഷൻ നോട്ടീസ് എന്നിവ നൽകുകയും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ റവന്യൂ ഓഫീസർ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ നേരിട്ടുപോയി കുടിശ്ശിക പിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല കുടിശ്ശിക തവണകളായിട്ട് അടയ്ക്കുവാനുള്ള സൗകര്യം നൽകുകയും ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ കാമ്പെയിനുകൾ സംഘടിപ്പിച്ച് കുടിശ്ശിക നിവാരണത്തിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും ചെയ്തുവരുന്നു.

- സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി പിരിച്ചെടുക്കുന്നതോടൊപ്പം പത്രമാധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് അറിയിപ്പുകൾ നൽകുകയും റവന്യൂ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സ്ക്വാഡ് തിരിച്ച് കുടിശ്ശിക പിരിക്കുകയും ചെയ്തുവരുന്നു.

- വാട്ടർ ചാർജ് സ്വീകരിക്കുന്നതിനുള്ള സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ച് ഉപഭോക്താക്കൾക്ക് പണം അടയ്ക്കുവാനുള്ള സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണം**

245(1034) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണ പദ്ധതികളും ഉപഭോക്താക്കളുടെ എണ്ണവും വർദ്ധിക്കുന്നതിന് അനുസരിച്ച് കാര്യക്ഷമമായി സേവനം നൽകുന്നതിന് കേരള ജല അതോറിറ്റിയിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സ്ഥാപന ശാക്തീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; സ്ഥാപന ശാക്തീകരണ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കേരള ജല അതോറിറ്റി നടപ്പിലാക്കിയ ജിക്ക പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി കേരള ജല അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടിക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ എന്നിവ സംബന്ധിച്ചും ധനകാര്യ സുസ്ഥിരത ലക്ഷ്യമാക്കിയും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സ്ഥാപന ശാക്തീകരണ സമിതി നിർദ്ദേശിക്കുകയുണ്ടായി.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കുക.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറക്കുക.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുക.

6. അറ്റകുറ്റപ്പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കുക.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തുക.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർശൃംഖലവഴി ബന്ധിപ്പിക്കുക.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സ്ഥാപന ശാക്തീകരണ സമിതിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയുണ്ടായി.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പിലാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവു മാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ്ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികളെടുത്തു.

6. അറ്റകുറ്റപ്പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർശൃംഖലവഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്), ഇ-പേയ്മെന്റ് സംവിധാനവും കംപ്ലയിന്റ് റിഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി.

(സി) 2016-2017 ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് 2015-2016 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകുവാനുള്ള വായ്പ തുകയായ 2242.21 കോടി രൂപ മൂലധനമാക്കി മാറ്റുവാനും അതിന്റെ പലിശയായി 1450.11 കോടി രൂപ എഴുതിത്തള്ളാനുമുള്ള നിർദ്ദേശം ജല അതോറിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകുവാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതുവഴി വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നുണ്ട്.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2017-18 സാമ്പത്തിക വർഷം മുൻവർഷത്തെക്കാൾ 46 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുക്കാൻ സാധിച്ചു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജല ചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. കൂടാതെ വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഇവയൊക്കെയാണ് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ.

**സാലറി ചലഞ്ച്**

246(1035) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ച് വഴി കേരള വാട്ടർ അതോറിറ്റിയിൽനിന്ന് എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ചു;

(ബി) വാട്ടർ അതോറിറ്റിയിൽനിന്ന് എത്രപേർ സാലറി ചലഞ്ചിൽ പങ്കെടുത്തു; അറിയിക്കുമോ;

(സി) ഹെഡ് ഓഫീസ്, ചീഫ് എഞ്ചിനീയർമാരുടെ ഓഫീസ്,സർക്കിൾ, ഡിവിഷൻ, സെക്ഷൻ എന്നിവ തിരിച്ച് ലഭിച്ച തുകയും പങ്കെടുത്ത ജീവനക്കാരുടെയും എണ്ണം വ്യക്തമാക്കാമോ;

(ഡി) എത്ര ശതമാനം ജീവനക്കാർ, ഓഫീസർമാർ, മറ്റ് ജീവനക്കാർ എന്ന കണക്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാലറി ചലഞ്ച് വഴി കേരള വാട്ടർ അതോറിറ്റിയിൽനിന്ന് 5,02,28,018 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ചു.

(ബി) വാട്ടർ അതോറിറ്റിയിൽനിന്ന് 3964 ജീവനക്കാർ സാലറി ചലഞ്ചിൽ പങ്കെടുത്തു.

(സി)

| ക്രമ നമ്പർ | ഓഫീസ് | പങ്കെടുത്ത ജീവനക്കാരുടെ എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | ഹെഡ് ഓഫീസ് | 285 | 51,80,892 |
| 2 | ചീഫ് എഞ്ചിനീയർമാരുടെ ഓഫീസ് | 85 | 13,81,731 |
| 3 | സർക്കിൾ ഓഫീസ് | 206 | 50,17,666 |
| 4 | ഡിവിഷൻ ഓഫീസ് (സെക്ഷൻ ഓഫീസുകൾക്ക് ഡിവിഷൻ തലത്തിലാണ് ഇപ്പോൾ ശമ്പളം നൽകുന്നത്) | 3388 | 3,86,47,729 |
| | ആകെ | 3964 | 5,02,28,018/- |

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ 55.85% ജീവനക്കാർ സാലറി ചലഞ്ചിൽ പങ്കെടുത്തു. ഇതിൽ ആകെയുള്ള ഓഫീസർമാരുടെ 83.50%-ഉം മറ്റ് ജീവനക്കാരിൽ 60.75%-ഉം ഉൾപ്പെടുന്നു.

**കോട്ടയം ജില്ലയിലെ വാട്ടർ അതോറിറ്റി പദ്ധതികളുടെ ശാക്തീകരണം**

247(1036) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ളപദ്ധതികൾ സ്ഥാപിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളെ കാലാനുസൃതമായി ശാക്തീകരിക്കാൻ എന്തുനടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ശാക്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1983-84 കാലഘട്ടത്തിലാണ് കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ കുടിവെള്ള പദ്ധതികൾ സ്ഥാപിച്ചത്.

(ബി&സി) കാലപ്പഴക്കംചെന്നതും കേടുപാടുകൾ സംഭവിച്ചതുമായ പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും സ്ഥല ലഭ്യതയ്ക്കനുസൃതമായി ജലശുദ്ധീകരണശാലയോടുകൂടിയ ശുദ്ധജലവിതരണ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം നൽകുന്നതും പരിഗണിക്കുന്നതാണ്.

## ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

248(1037) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ലോൺ ഉപയോഗിച്ച് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജില്ലകൾ ഏതെല്ലാം; ഈ ജില്ലകളിലെ നിലവിലുള്ള ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം നടത്തുന്ന ജനസംഖ്യാനുപാതികമായ ശതമാനം എത്ര;

(സി) കേരള ജല അതോറിറ്റി ഓരോ ജില്ലകളിലും കുടിവെള്ള വിതരണം ലഭ്യമാക്കുന്നതിന്റെ ശതമാന കണക്ക് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എ.ഡി.ബി. യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഏകദേശം 2500 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന അടങ്കൽ.

താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾകൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി എം എ (District Metering Area)കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും

ജലചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജല ചോർച്ച ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.

4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. SCADA (Supervisory control and Data Aquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക.

9. ഐ.ടി. അധിഷ്ഠിത എം. ഐ. എസി-ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

24x7 പദ്ധതി അഞ്ച് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) എ.ഡി.ബി. -യുടെ ധനസഹായത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 31-3-2018 വരെ പ്രസ്തുത ജില്ലകളിൽ ജല അതോറിറ്റി കുടിവെള്ള വിതരണം നടത്തിയ ജനസംഖ്യാനുപാതികമായ ശതമാന കണക്ക് ഇപ്രകാരമാണ്:-

| ജില്ല | ജനസംഖ്യ (ശതമാനം) |
|---|---|
| തിരുവനന്തപുരം | 73 |
| എറണാകുളം | 83.60 |
| കോഴിക്കോട് | 55.08 |

(സി) കേരള ജല അതോറിറ്റി ഓരോ ജില്ലകളിലും 31-3-2018 വരെ കുടിവെള്ള വിതരണം ലഭ്യമാക്കിയതിന്റെ ജനസംഖ്യാനുപാതികമായ ശതമാനകണക്ക് ചുവടെ ചേർക്കുന്നു:-

| ജില്ല | ജനസംഖ്യ (ശതമാനം) |
|---|---|
| തിരുവനന്തപുരം | 73 |
| കൊല്ലം | 63.64 |
| പത്തനംതിട്ട | 55.22 |
| ആലപ്പുഴ | 70 |
| കോട്ടയം | 59 |
| ഇടുക്കി | 33.78 |
| എറണാകുളം | 83.60 |
| തൃശ്ശൂർ | 77.80 |
| പാലക്കാട് | 50.05 |
| മലപ്പുറം | 24.52 |
| കോഴിക്കോട് | 55.08 |
| വയനാട് | 48.78 |
| കണ്ണൂർ | 38.66 |
| കാസർകോട് | 16.52 |
| **ആകെ** | **56.29** |

**ഇടക്കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം**

249(1038) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ഉൾപ്പെടെ ഇടക്കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അരൂർ ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂല വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പൈപ്പ് ലൈൻ ഇടുന്ന റോഡ് കട്ട് ചെയ്യുവാൻ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി. വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളത്; വാട്ടർ അതോറിറ്റി കെട്ടിവച്ചിട്ടുള്ള തുക എത്ര; ഇത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുണ്ടോ; എങ്കിൽ തർക്കം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മഴമൂലം നിർത്തിവച്ച പ്രവൃത്തി പുനരാരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അരൂർ ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂലവരെ 2050 മീറ്റർ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി രണ്ട് ഘടകങ്ങളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട 1050 മീറ്റർ 450 mm DI പൈപ്പ് സ്റ്റേറ്റ് പ്ലാനിൽപ്പെടുത്തി ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 600 m 450 mm DI പൈപ്പ് സ്ഥാപിക്കുന്നതിന് ഏപ്രിലിൽ PWD-യിൽനിന്നും അനുമതി ലഭിച്ചുവെങ്കിലും മഴക്കാലത്ത് റോഡ് മുറിക്കുന്നതിനുള്ള നിരോധനം നിലവിൽ വരുന്നതിനുമുൻപ് 165 മീറ്റർ പൈപ്പ് മാത്രമെ സ്ഥാപിക്കാൻ കഴിഞ്ഞുള്ളൂ. ബാക്കി 885 മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായി മുഴുവൻ തുകയും 7-6-2018-ൽ PWD-യിൽ അടച്ചുവെങ്കിലും നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. അടിന്തരമായി 150 മീറ്റർ നീളത്തിൽ റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുകയാണെങ്കിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളും നിലവിലുള്ള വിതരണ ശൃംഖലയുമായി കൂട്ടിയോജിപ്പിച്ച് കുടിവെള്ള വിതരണം നടത്തുവാൻ സാധിക്കും. അങ്ങനെ ഇടക്കൊച്ചിയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമത്തിന് താത്കാലിക പരിഹാരം കാണുവാൻ സാധിക്കും. ഇടക്കൊച്ചി പാലത്തിന്റെ വടക്കേയറ്റം മുതൽ പാമ്പായിമൂലവരെ 2050 മീറ്റർ 450 mm DI പൈപ്പ് സ്ഥാപിക്കുന്നതിൽ അമൃത് പദ്ധതിയിൽ നടപ്പിലാക്കുന്ന 1000 മീറ്റർ 450mm DI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ച് കരാർ ഒപ്പുവച്ചു. പൈപ്പ് സപ്ലൈ പൂർത്തിയായി. എന്നാൽ റോഡ് മുറിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(ബി) ഇടക്കൊച്ചി പാലത്തിന്റെ വടക്കേയറ്റം മുതൽ പാമ്പായിമൂല വരെ 2050 മീറ്റർ പൈപ്പ് സ്ഥാപിക്കാനുള്ളതിന്റെ ഒന്നാംഘട്ടമായ 1050 മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിന് 51,17,436 രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ളത്. മുഴുവൻ തുകയും PWD-യിൽ അടച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തർക്കമൊന്നും നിലവിലില്ല. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ജനറം സർക്കിളിനുകീഴിൽ നടപ്പിലാക്കിവരുന്ന 1000 മീറ്റർ 450 എം.എം DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് റോഡ് കട്ടിംഗിനായി 6,79,300 രൂപയുടെ എസ്റ്റിമേറ്റാണ് PWD നൽകിയിട്ടുള്ളത്. അതിൽ 38,37,853 രൂപ ജല അതോറിറ്റി PWD-ൽ അടച്ചിട്ടുണ്ട്. തുടർന്ന് റോഡ് മുറിക്കുന്നതിനുള്ള നിരക്ക് വർദ്ധിച്ചതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട് PWD-ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ഇതുവരെ ലഭ്യമായിട്ടില്ല. റോഡ് മുറിക്കുന്നതിന് 57,81,000 രൂപയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പുതുക്കിയ നിരക്ക് ലഭിച്ചാൽ അധികമായി വരുന്ന തുക സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. കെട്ടിവച്ച തുക സംബന്ധിച്ച് തർക്കമൊന്നും നിലനിൽക്കുന്നില്ല.

(സി) റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(ഡി) റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭിച്ചുകഴിഞ്ഞാൽ പ്രവൃത്തി ആരംഭിച്ച് 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്.

## കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

250(1039) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലംമാറ്റ മാനദണ്ഡം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ നമ്പർ, കോപ്പി സഹിതം നൽകാമോ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലെ സ്ഥലംമാറ്റം നടത്തുന്നത് ആരാണ്; സ്ഥലമാറ്റം സംബന്ധിച്ച് പരാതിയുള്ളവർ അപ്പീൽ നൽകേണ്ടത് ആർക്കാണ്;

(സി) കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് ഓൺലൈൻ സ്ഥലംമാറ്റ സംവിധാനം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിൽവരുത്തുമോ?

ഉത്തരം

(എ) 26-2-2018-ലെ കെ.ഡബ്ല്യു.എ/ജെ.ബി/ഇ.1/3687/2017 നമ്പർ പരിപത്രം മുഖേന കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലംമാറ്റ മാനദണ്ഡം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലെ സ്ഥലംമാറ്റം യഥാക്രമം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ജനറൽ), ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ), മാനേജിംഗ് ഡയറക്ടർ എന്നിവരാണ് നടത്തുന്നത്. സ്ഥലമാറ്റം സംബന്ധിച്ച് പരാതിയുള്ളവർ അപ്പീൽ നൽകേണ്ടത് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ), മാനേജിംഗ് ഡയറക്ടർ എന്നിവർക്കാണ്.

(സി) ഓൺലൈൻ സ്ഥലംമാറ്റ സംവിധാനം കേരള വാട്ടർ അതോറിറ്റിയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

**മണിമല മേജർ കുടിവെള്ള പദ്ധതി**

251(1040) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല മേജർ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് തുക അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണിമല, വെള്ളാവൂർ, വാഴൂർ, പള്ളിക്കത്തോട് (ഭാഗികം), ചിറക്കടവ് (ഭാഗികം) എന്നീ വില്ലേജുകൾക്കുവേണ്ടി രൂപകൽപ്പന ചെയ്ത ശുദ്ധജല വിതരണ പദ്ധതിയാണ് മണിമല കുടിവെള്ള പദ്ധതി. മണിമലയാറ്റിൽ മാരൂർകടവ് ഭാഗത്ത് കിണറും കുളത്തിങ്കൽ ഭാഗത്ത് 9 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയും കറുത്തമഞ്ചാടി, ഉള്ളായം, പൂരത്തോലി, ചള്ളോലി എന്നീ സ്ഥലങ്ങളിൽ ജല സംഭരണികളുമുള്ള പദ്ധതിയാണിത്. ഈ പദ്ധതിക്ക് ആദ്യഘട്ടമായി 18.33 കോടി രൂപയുടെ ഭരണാനുമതി 2002-03 വർഷത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ലഭിക്കുകയുണ്ടായി. കൂടാതെ ഈ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 32.50 കോടി രൂപയുടെ ഒരു പദ്ധതിക്ക് 1-11-2014-ൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പൂർത്തീകരിച്ച ഘടകങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ

2017-18-ൽ സ്റ്റേറ്റ് പ്ലാനിൽ optimization of production and Transmission ഹെഡ്ഡിലുൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്കായി മൊത്തം 183 ലക്ഷം രൂപയ്ക്ക് 20-12-2017- ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2002-03-ൽ അനുമതി ലഭിച്ച 18.33 കോടി രൂപയുടെ പദ്ധതിയിലുൾപ്പെട്ട ശുദ്ധീകരണശാല, കിണർ, ജലസംഭരണികൾ, പമ്പിംഗ് ലൈനുകൾ എന്നീ ഉൽപ്പാദന ഘടകങ്ങളിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തിയിൽ കറുത്തമഞ്ചാടി ഉന്നതതല സംഭരണിയുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തികളും ഗ്യാപ് വർക്കുകളും ഒഴികെയുള്ളവ പൂർത്തീകരിച്ചുകഴിഞ്ഞു. ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. 294.9 കി.മീ. വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി ലഭിച്ച 32.50 കോടി രൂപയുടെ പദ്ധതിയിൽ 86.70 കി.മീ ഇതിനോടകം ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ പണികൾ ഏകദേശം 80 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്.

ഇതുകൂടാതെ 2017-18-ൽ സ്റ്റേറ്റ് പ്ലാനിൽ optimization of production and Transmission ഹെഡ്ഡിലുൾപ്പെടുത്തി അനുമതി ലഭിച്ച 183 ലക്ഷം രൂപയുടെ സ്കവർ ലൈൻ, ഇന്റർ കണക്ഷൻ, എച്ച്.റ്റി. കണക്ഷൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ അനുമതി ലഭിച്ച ഘടകങ്ങൾ 2019 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിച്ച് ജലവിതരണം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) അവശേഷിക്കുന്ന ജലവിതരണ ശൃംഖലയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മുക്കം മേജർ കുടിവെള്ള പദ്ധതി**

252(1041) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പാറ കുടിവെള്ള പദ്ധതിക്കായി ഈ സർക്കാർ എത്ര തുക അനുവദിച്ചു ; എന്നാണ് ഭരണാനുമതി നൽകിയത് ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുക്കം-കൊടുവള്ളി നഗരസഭകൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി (തിരുവമ്പാടി, കുന്ദമംഗലം മണ്ഡലങ്ങളെ ഉൾപ്പെടുത്തി) 400 കോടി രൂപ ചെലവ് കണക്കാക്കി ഒരു ബൃഹത് പദ്ധതി വിഭാവനം ചെയ്യുകയും ഇതിന്റെ ഒന്നാം ഘട്ടം 60 കോടി രൂപയുടെ പ്രവൃത്തിക്ക് സ്റ്റേറ്റ് പ്ലാനിൽ (2018-19) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തഴക്കര കുടിവെള്ള പദ്ധതി**

253(1042) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ തഴക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സർവ്വേ നടപടികൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മുനിസിപ്പാലിറ്റിക്കും തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾക്കായുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നടത്തേണ്ട ഡിജിറ്റൽ സർവ്വേ പുരോഗമിച്ചുവരുന്നു.

(ബി) സർവ്വേ നടപടികൾക്കായി 2018-19-ലെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾ പൂർത്തിയാക്കി സർവ്വേ ആരംഭിച്ചിട്ടുള്ളതും ആയത് പുരോഗമിച്ചുവരികയുമാണ്.

(സി) തഴക്കര പദ്ധതിയിൽ ഉൾപ്പെടുത്തിയ രണ്ട് സംഭരണികളിൽ ഒന്നിന്റെ സ്ഥലം പഞ്ചായത്തിന്റെ കൈവശമുള്ളതും വാട്ടർ അതോറിറ്റിക്ക് കൈമാറ്റം ചെയ്യാമെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. രണ്ടാമത്തെ സംഭരണിക്ക് വേണ്ട സ്ഥലം വിലയ്ക്ക് വാങ്ങി നൽകാമെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ശൃംഖലയിൽ ബാക്കിയുള്ള ഘടകങ്ങൾ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലങ്ങളിലാണ് ഉദ്ദേശിച്ചിരിക്കുന്നത്.

**മുട്ടം, കരിങ്കുന്നം പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി**

254(1043) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മുട്ടം, കരിങ്കുന്നം പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എൻ.ആർ.ഡി.ഡബ്ല്യൂ.പി.-ൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ തുടരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14-5-2014-ൽ നടന്ന എസ്.എൽ.എസ്.എസ്.സി.-ൽ പ്രസ്തുത പദ്ധതിക്ക് 4000 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ 9 പാക്കേജുകളാണുള്ളത്. ഇതിൽ പാക്കേജ്-1 (എ) പമ്പിംഗ് മെയിനും വിതരണ ശൃംഖല സ്ഥാപിക്കലും, പാക്കേജ്-II 8MLD ജലശുദ്ധീകരണശാലയുടെ നിർമ്മാണം എന്നിവയുടെ കരാർ ഉറപ്പിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നല്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും കരാറുകാരൻ ഇതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല. ഈ പദ്ധതിയുടെ ബാക്കി പാക്കേജുകൾ ഒന്നും ടെണ്ടർ ചെയ്തിട്ടില്ല. ഈ പദ്ധതിയിൽ അകെ 8 ലക്ഷം രൂപ സർവ്വേ പ്രവൃത്തികൾക്ക് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

കരാർ കൊടുത്ത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. ജോസഫ് ജോൺ WP(C) No.13466/2018 പ്രകാരം പ്രവൃത്തിയിൽനിന്നും ടിയാനെ ഒഴിവാക്കി സെക്യൂരിറ്റി ഡെപ്പോസിറ്റും, ബാങ്ക് ഗ്യാരണ്ടിയും തിരികെ നല്കാൻ ആവശ്യപ്പെട്ട് ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുകയാണ്.

നിലവിൽ എൻ.ആർ.ഡി.ഡബ്ല്യൂ.പി-ൽ അംഗീകാരം ലഭിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കീരംപാറ കുടിവെള്ള പദ്ധതി**

255(1044) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ കുടിവെള്ള പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി. സ്കീമിൽ ഉൾപ്പെടുത്തി 13 കോടി രൂപ അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ കിണർ കുഴിക്കുന്നതിനുവേണ്ട ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് ഒപ്പിട്ടെങ്കിലും പദ്ധതി തുടങ്ങുവാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്.എൽ.എസ്.എസ്.സി. സ്കീം നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സർക്കാരിന്റെ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി തുടർന്നു കൊണ്ടുപോകുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ കുടിവെള്ള പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 14 കോടി രൂപയുടെ അംഗീകാരം 21-11-2012-ൽ നടന്ന പതിനെട്ടാമത് എസ്.എൽ.എസ്.എസ്.സി -ൽ ലഭിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര വിഹിതത്തിലുണ്ടായ കുറവും 25%-ൽ താഴെ നിർവഹണ പുരോഗതി കൈവരിച്ച പദ്ധതികൾ സംസ്ഥാന വിഹിതം ഉപയോഗിച്ച് പൂർത്തീകരിക്കണമെന്ന കേന്ദ്ര നിർദേശവും കാരണം പ്രസ്തുത പദ്ധതിയുടെ നിർവഹണം നിർത്തിവയ്ക്കേണ്ടിവന്നു. നിലവിൽ അനുയോജ്യമായ ഏതെങ്കിലും ശീർഷകത്തിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി പദ്ധതി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മാവൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

256(1045) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 102 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇപ്പോൾ ഭരണാനുമതി ലഭിച്ച പദ്ധതിയിൽനിന്നും മാവൂർ കോട്ടക്കുന്ന് അടുവാട് പട്ടികജാതി കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറിക്കിയിട്ടുണ്ടോ;

(സി) ഭരണാനുമതി ലഭിച്ച പദ്ധതിയുടെ ഭാഗമായിത്തന്നെ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മാവൂർ ഗ്രാമപഞ്ചായത്തിന് കുടിവെള്ളം ലഭ്യമാക്കുന്നതിന് 2018-19 പ്ലാൻ ഫണ്ടിൽ 103 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ കോഴിക്കോട് നഗര ശുദ്ധജല വിതരണ പദ്ധതിയിൽനിന്നും കുളിമാട് ഒ.എച്ച് ടാങ്കിൽനിന്നും 250 മില്ലിമീറ്റർ ഡി.ഐ പൈപ്പ് 1600 മീറ്റർ സ്ഥാപിച്ച് മാവൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പൂർത്തിയായാൽ നിലവിലുള്ള മാവൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിലൂടെ ശുദ്ധീകരിച്ച കുടിവെള്ളം നൽകാനാവും. മേൽപ്രവൃത്തി ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിച്ച മേൽപദ്ധതിയിൽനിന്നും മാവൂർ കോട്ടക്കുന്ന് അടുവാട് പട്ടികജാതി കോളനിയിലേക്ക് അലോക്കേഷൻ വച്ചിട്ടില്ല. നിലവിൽ അടുവാട് കോട്ടക്കുന്ന് പട്ടികജാതി കോളനിക്ക് ഒരു കുടിവെള്ള പദ്ധതിയുണ്ട്.

(സി) ഭരണാനുമതി ലഭിച്ച പദ്ധതിയുടെ ഭാഗമായി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ കഴിയില്ല.

**തിരുവല്ല-ചങ്ങനാശ്ശേരി നഗരങ്ങളിൽ കുടിവെള്ളം**

257(1046) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല-ചങ്ങനാശ്ശേരി നഗരങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ പുതിയതായി നടപ്പിലാക്കുന്ന പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചെലവ് എത്രയാണ്; അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ ചങ്ങനാശ്ശേരി നഗരത്തിൽ അധികമായി എത്ര ജലം ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ടി പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) ഗുരുതരമായ കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ ഈ പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയുടെ ധനസഹായത്തോടെ തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപപഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനുവേണ്ടിയുള്ള പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) കിഫ്ബി 2016-17 ധനസഹായത്തിലുള്ള പ്രസ്തുത പദ്ധതിക്ക് 58 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രതിദിനം 50 ലക്ഷം ലിറ്റർ (5 MLD) അധികജലം ചങ്ങനാശ്ശേരി നഗരത്തിൽ ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തിരുവല്ല ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തികൾ 2019 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊല്ലമുള കുടിവെള്ള പദ്ധതി**

258(1047) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ കൊല്ലമുള കുടിവെള്ള പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികളാണ് ഈ തുക ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; ഇവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; ഇനിയും എന്തൊക്കെ നിർമ്മാണങ്ങൾ പൂർത്തീകരിക്കാനുണ്ട്; ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്ത് ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലമുള കുടിവെള്ള പദ്ധതിക്ക് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം (NRDWP) 800 ലക്ഷം രൂപയുടെയും സ്റ്റേറ്റ് പ്ലാൻ പ്രകാരം 320 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. NRDWP പ്രകാരം ഭരണാനുമതി കിട്ടിയ 800 ലക്ഷം രൂപ ഉപയോഗിച്ച് താഴെ പറയുന്ന ഘടകങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(1) എരുമേലി ശുദ്ധീകരണശാലയിൽനിന്നും വെൺകുറിഞ്ഞി ജലസംഭരണി വരെ ക്ലിയർ വാട്ടർ ഗ്രാവിറ്റി ലൈൻ

(2) വെൺകുറിഞ്ഞിയിൽ ജലസംഭരണിയും പമ്പ് ഹൗസും

(3) വെൺകുറിഞ്ഞി മുതൽ പാമ്പിരിക്കുംപാറ വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെഷീൻ

(4) വെൺകുറിഞ്ഞി മുതൽ ഓലിക്കൽ ബൂസ്റ്റർ വരെ പമ്പിംഗ് മെയിൻ

(5) ഓലിക്കൽ മുതൽ തലമുട്ടിയാനി ടാങ്ക് വരെ പമ്പിംഗ് മെയിൻ

(6) ഓലിക്കൽ ജലസംഭരണിയും പമ്പ് ഹൗസും

(7) തലമുട്ടിയാനിയിൽ ജലസംഭരണി

(8) പമ്പ് സെറ്റുകൾ.

ഇതിൽ മേൽസൂചിപ്പിച്ച 1, 2, 3 എന്നീ ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി. വെൺകുറിഞ്ഞി മുതൽ ഓലിക്കൽ വരെ സ്ഥാപിക്കുന്ന ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ കരാർ നൽകിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. NRDWP ഫണ്ടിന്റെ അപര്യാപ്തത കാരണം ഒന്നാംഘട്ടത്തിൽ നിർമ്മാണം അവശേഷിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി 320 ലക്ഷം രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിൽ ലഭിച്ചു. പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ പങ്കെടുത്തില്ല. റീ-ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) അവശേഷിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തികളുടെ കരാർ നടപടികൾ പൂർത്തീകരിച്ച് 2019 ജൂലൈ മാസത്തോടുകൂടി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി**

259(1048) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്കായി തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ;

(സി) എന്നത്തേക്ക് ഭരണാനുമതി ലഭ്യമാകുമെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി 28 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ജല അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**അമ്പലപ്പാറ കുടിവെള്ള പദ്ധതി**

260(1049) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പാറ കുടിവെള്ള പദ്ധതിക്കായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; എന്നാണ് ഭരണാനുമതി നൽകിയത്;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; ഇനി പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(സി) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ടത്തിന്, 11-1-2017-ലെ സ.ഉ(സാ.ധാ)നമ്പർ 14/2017/ജവിവ. പ്രകാരം 1000 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

2017-18 വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാം ഘട്ടത്തിന് 22-6-2018 -ലെ സ.ഉ(സാധാ.)നമ്പർ 442/2018/WRD പ്രകാരം 1000 ലക്ഷം രൂപയുടെ തത്വത്തിലുള്ള അംഗീകാരം നല്കുകയും 12-11-2018-ൽ 1114 ലക്ഷം രൂപയ്ക്ക് കിഫ്ബിയുടെ അനുമതി ലഭിക്കുകയും ചെയ്തു.

(ബി) 2016-17-ൽ ഭരണാനുമതി ലഭിച്ച അമ്പലപ്പാറ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. 350 എം.എം.ഡി.ഐ. കെ. 9 പൈപ്പ്- ജല ശുദ്ധീകരണശാലയിൽ നിന്നുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ -7065 മീറ്ററിൽ 6208 മീറ്റർ സ്ഥാപിച്ചു കഴിഞ്ഞു.

2. 350 എം.എം.ഡി.ഐ കെ 9 പൈപ്പ്- ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ -300 മീറ്ററിൽ 250 മീറ്റർ സ്ഥാപിച്ചു.

3. 150 എം.എം.ഡി.ഐ പൈപ്പ്- ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (ലോ ലെവൽ സോൺ)-1270 മീറ്ററിൽ 988.5 മീറ്റർ സ്ഥാപിച്ചു.

4. 250 എം.എം.ഡി.ഐ കെ 9 പൈപ്പ്- 511.5 മീറ്ററിൽ 350 മീറ്റർ സ്ഥാപിച്ചു.

5. 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയിൽ സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചു. പ്ലാസ്റ്ററിംഗ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

6. 300 എം.എം. വിതരണ ശൃംഖല പൈപ്പ് ലൈൻ പ്രവൃത്തി (ഡി.ഐ.കെ 9) 1322.5 മീറ്ററിൽ 905 മീറ്റർ സ്ഥാപിച്ചു.

രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട ഘടകങ്ങളായ 6.5 MLD ശുദ്ധീകരണശാല, 12 ലക്ഷം ലിറ്റർ ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോവാട്ടർ പമ്പ്സെറ്റ് എന്നിവയ്ക്ക് 2018 നവംബറിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചു, പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

(സി) ഒന്നാംഘട്ട പ്രവൃത്തികൾ 2018 ഡിസംബറിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാംഘട്ടത്തിന് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് ഏകദേശം 18 മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

261(1050) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ താഴെ പറയുന്ന ഘടകങ്ങളാണ് നടപ്പിലാക്കിവരുന്നത്.

1. ഒന്നാംഘട്ടമായി അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ അരൂർ ഇടക്കൊച്ചി പാലത്തിന്റെ തെക്കേ അറ്റം വരെ 450 mm ഡി.ഐ.പൈപ്പ് 1600 മീറ്റർ സ്ഥാപിക്കുന്നതിന് LAC ADS-ൽ 300 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഡിപ്പാർട്ട്മെന്റിൽ ലഭ്യമായ 500 mm DI Pipe 1258 m നീളത്തിൽ സ്ഥാപിച്ച് പ്രവൃത്തി പൂർത്തീകരിച്ചു.

2. രണ്ടാംഘട്ടമായി അരൂർ പാലത്തിന്റെ അടിയിൽ പുഴയിൽകൂടി 650 മീറ്റർ, 500 mm HDPE പൈപ്പും, 2050 m, 450mm Di പൈപ്പും അരൂർ പാലത്തിന്റെ വടക്കേ അറ്റം മുതൽ പാമ്പായിമൂലവരെ സ്ഥാപിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ 19 Replacement-ൽപ്പെടുത്തി 495 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. സാങ്കേതികാനുമതിക്കായി DSR-ൽ അടങ്കൽ തയ്യാറാക്കിയപ്പോൾ ഭരണാനുമതി ലഭിച്ച തുക മതിയാകാതെ വന്നപ്പോൾ ലഭ്യമായ ഭരണാനുമതിയിൽ 500mm HDPE പൈപ്പും, 1050m, 450mm ഡി.ഐ പൈപ്പും ആയി ചുരുക്കി നടപ്പിലാക്കിവരുന്നു. ബാക്കി 1000m, 450mm ഡി.ഐ പൈപ്പ് സ്ഥാപിക്കുന്നതിനായി അമൃത് പദ്ധതിയിൽ ഭരണാനുമതി ലഭ്യമാക്കി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അരൂർ ഇടക്കൊച്ചി പാലത്തിന്റെ അടിയിൽ 500mm HDPE പൈപ്പും 650m സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് ഒന്നാംഘട്ടമായി സ്ഥാപിച്ച 500 mm ഡി.ഐ. പൈപ്പുമായി കൂട്ടി യോജിപ്പിച്ചിട്ടുണ്ട്. 600m, 450mm ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിന് ഏപ്രിലിൽ PWD-ൽ നിന്നും അനുമതി ലഭിച്ചുവെങ്കിലും മഴക്കാലത്ത് റോഡ് മുറിക്കുന്നതിനുള്ള നിരോധനം നിലവിൽവരുന്നതിനുമുമ്പ് 165 മീ. പൈപ്പ് മാത്രമെ സ്ഥാപിക്കാൻ കഴിഞ്ഞുള്ളു. ബാക്കി Pipe സ്ഥാപിക്കുന്നതിന് റോഡുമുറിക്കുന്നതിനുള്ള അനുമതിക്കായി മുഴുവൻ തുകയും 7-6-2018-ൽ PWD യിൽ അടച്ചുവെങ്കിലും നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. അടിയന്തരമായി 150m നീളത്തിൽ റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുകയാണെങ്കിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളും നിലവിലുള്ള വിതരണ ശൃംഖലയുമായി കൂട്ടിയോജിപ്പിച്ച് കുടിവെള്ള വിതരണം നടത്തുവാൻ സാധിക്കും. അങ്ങനെ ഇടക്കൊച്ചി മേഖലയിൽ അനുഭവപ്പെടുന്ന ശുദ്ധജല ക്ഷാമത്തിന് താൽക്കാലിക പരിഹാരം കാണുവാൻ സാധിക്കും. ഇടക്കൊച്ചി പാലത്തിന്റെ വടക്കേയറ്റം മുതൽ

പാമ്പായിമൂല വരെ 2050m, 450mm ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിന് ജനറം സർക്കിളിനുകീഴിൽ അമൃത് പദ്ധതിയിൽ നടപ്പാക്കുന്ന 1000m, 450mm ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ച് കരാർ ഒപ്പുവച്ചു. പൈപ്പ് സപ്ലൈ പൂർത്തിയായി. എന്നാൽ റോഡ് മുറിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. PWD-ൽ നിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

3. മൂന്നാംഘട്ടമായി പാമ്പായിമൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണിയും പമ്പ് ഹൗസും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിനായി 278 ലക്ഷം രൂപയുടെ ഭരണാനുമതി LAC ADS-ൽ ലഭിച്ചിരുന്നു. മണ്ണ് പരിശോധന നടത്തി DSR-ൽ അടങ്കൽ തയ്യാറാക്കിയപ്പോൾ സംഭരണിയുടെ നിർമ്മാണത്തിന് മാത്രം 346-ലക്ഷം രൂപ ആവശ്യമായി വന്നു. അതിനുവേണ്ടി 68 ലക്ഷം രൂപ അധികമായും പമ്പ്ഹൗസിന്റെ നിർമ്മാണത്തിനായി 7 ലക്ഷം രൂപയും LAC ADS-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഭൂതലസംഭരണിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. പമ്പ്ഹൗസിന്റെ അടങ്കൽ തയ്യാറാക്കിവരുന്നു.

(ബി) 1885 മീറ്റർ, 450 mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും ഭൂതല സംഭരണിയുടെയും പമ്പ് ഹൗസിന്റെയും അനുബന്ധ ഘടകങ്ങളുടേയും പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്.

(സി&ഡി) റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് പൈപ്പ് ലൈനുകളുടെ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. ഭൂതല സംഭരണിയുടെയും പമ്പ്ഹൗസിന്റെയും പണി 31-12-2019-ൽ പൂർത്തീകരിക്കാവുന്നതാണ്.

## വിളപ്പിൽ കുടിവെള്ള പദ്ധതി

262(1051) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പ്രവർത്തനോദ്ഘാടനം കഴിഞ്ഞ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) വിളവൂർക്കൽ കുടിവെള്ള പദ്ധതിയുടെ (നബാർഡ്) ടെണ്ടർ നടപടികൾ എന്തായെന്ന് വിശദമാക്കാമോ; ടെണ്ടർ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് ഒഴിവാക്കി സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2018 ജൂൺ 19ന് നിർമ്മാണോദ്ഘാടനം കഴിഞ്ഞ വിളപ്പിൽ കുടിവെള്ള പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം പഞ്ചായത്ത് അധികൃതർ ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ജല ശുദ്ധീകരണശാല നിർമ്മിക്കേണ്ട ചീലപ്പാറയിലെ സ്ഥലത്തുള്ള പഞ്ചായത്ത് വക കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആയത് പൂർത്തിയാക്കി പ്രസ്തുത സ്ഥലം ജല അതോറിറ്റിക്ക് കൈമാറുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) വിളവൂർക്കൽ പഞ്ചായത്തിലെ പിടാരത്ത് പുതുതായി നിർമ്മിക്കേണ്ട ഉപരിതല, ഭൂതല ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തികൾ, പള്ളിച്ചൽ പഞ്ചായത്തിലെ പൂവടയിൽ നിർമ്മിക്കേണ്ട ഭൂതല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ, വിളവൂർക്കൽ പഞ്ചായത്തിലെ ജലവിതരണ ശൃംഖലയുടെ പ്രവൃത്തികൾ എന്നിവയുടെ ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിൽ ജലനിധി പദ്ധതി**

263(1052) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടിപേരൂർ ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ നിലവിലെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രവർത്തനരഹിതമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽപ്പെട്ട ലക്കിടിപേരൂർ ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ ജലവിതരണം നടത്തിയിരുന്ന കേരള ജല അതോറിറ്റിയുടെ 5 കുടിവെള്ള പദ്ധതികളും 4-3-2014-ന് ഗ്രാമ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ഈ പദ്ധതികളിൽനിന്നും ലക്കിടി RWSS (Rural Water Supply Scheme), മുളഞ്ഞൂർ BWSS (Bulk Water Supply Scheme) എന്നീ രണ്ട് പദ്ധതികളിൽ ഉൾപ്പെട്ട

ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ജലനിധി പദ്ധതിയായ ലക്കിടി പേരൂർ ശുദ്ധജല വിതരണ ബൃഹത് പദ്ധതിക്ക് (SLEC-1) (Scheme Level Executive Committee) രൂപംകൊടുക്കുകയും 3400 കുടുംബങ്ങൾക്ക് ജലവിതരണം നടത്താനുള്ള പദ്ധതിക്ക് അനുമതി ലഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ കിണറും പമ്പ് ഹൗസും പമ്പിംഗ് മെയിനും ഗ്രൗണ്ട് ലെവൽ സ്റ്റോറേജ് റിസർവോയറും ജല ശുദ്ധീകരണശാലയും പൂർത്തീകരിച്ചുകഴിഞ്ഞു. 150 കി.മീ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഇപ്പോൾ ട്രയൽ റൺ നടന്നുവരുന്നു. കാലതാമസം കൂടാതെ ഈ പദ്ധതി പൂർത്തീകരിച്ച് ശുദ്ധജല വിതരണം നടത്താനാകും. വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് കൈമാറിയ മറ്റ് 3 പദ്ധതികളായ ഞാവലിൻകടവ്, അകലൂർ, പാലക്കുറിശ്ശി പറമ്പ് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി SLEC-2- ഞാവലിൻകടവ് ബൃഹത് പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ 3 MLD ജലശുദ്ധീകരണശാലയിൽനിന്നും പൈപ്പ് ലൈൻ സ്ഥാപിക്കാനും 3.56 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഓവർഹെഡ്സ് സ്റ്റോറേജ് റിസർവോയർ നിർമ്മിക്കാനും ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) പദ്ധതി ഇപ്പോൾ അവസാന ഘട്ടത്തിനാണ്. പ്ലാന്റിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് 15-11-2018-ന് ട്രയൽ റൺ നടത്തുകയുണ്ടായി. കെ.എസ്.ഇ.ബി. പവർ കണക്ഷന്റെ വോൾട്ടേജ് ക്ഷാമംമൂലം ഭാഗികമായി ട്രയൽ റൺ നടത്താൻ മാത്രമെ കഴിഞ്ഞിട്ടുള്ളൂ. കെ.എസ്.ഇ.ബി. പവർ കണക്ഷൻ ലോഡ് കൂട്ടിക്കഴിഞ്ഞാൽ പ്ലാന്റിന്റെ പ്രവർത്തനം പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കാനും എല്ലാ കണക്ഷനുകൾക്കും ജലം ലഭ്യമാക്കാനും സാധിക്കുമെന്ന് കണക്കാക്കുന്നു.

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

**ബാലുശ്ശേരി പഞ്ചായത്തിലെ കുടിവെള്ള വിതരണ പൈപ്പുകൾ**

264(1053) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി പഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള വിതരണ പൈപ്പുകൾ പ്രവൃത്തിയിലെ അപാകതമൂലം സ്ഥിരമായി പൊട്ടുകയും ഗ്രാമീണ റോഡുകൾ ഉൾപ്പെടെ തകർന്നുപോവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥിരമായി കുടിവെള്ള വിതരണ പൈപ്പുകൾ പൊട്ടുകയും കുടിവെള്ളം പാഴായി പോവുകയും ചെയ്യുന്ന അവസ്ഥ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(സി) ബാലുശ്ശേരി ടൗൺ നവീകരണത്തിന് മുന്നോടിയായി കുടിവെള്ള വിതരണ പൈപ്പുകൾ റോഡിന്റെ വശങ്ങളിലേക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ തകരാറിലായ പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തിക്കായി 16.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതി**

265(1054) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത്-നഗരൂർ-കരവാരം കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി കൈമാറിക്കിട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ ഉൾപ്പെടുത്തി പ്രാഥമികഘട്ടം നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 83 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതിയുടെ ഭാഗമായി സംപും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെന്റ് സ്ഥലവും ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തടമെന്ന സ്ഥലത്ത് 15 സെന്റ് സ്ഥലവും ലഭ്യമാക്കുന്നതിനായി കരവാരം പഞ്ചായത്തിലേയ്ക്കും ഉപരിതല ജല സംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെന്റ്

സ്ഥലവും വെള്ളല്ലൂർ വില്ലേജിലെ നെല്ലിക്കുന്നിൽ 25 സെന്റ് സ്ഥലവും ലഭ്യമാക്കുന്നതിനായി നഗരൂർ പഞ്ചായത്തിലേയ്ക്കും കേരള വാട്ടർ അതോറിറ്റി കത്തുകൾ നൽകിയിട്ടുണ്ട്. കൂടാതെ ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് കടൽകാണിപ്പാറയിൽ 15 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനായി പുളിമാത്ത് പഞ്ചായത്തിലേയ്ക്കും കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനായി വാമനപുരം പഞ്ചായത്തിലേയ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിക്ക് ഭൂമി കൈമാറി കിട്ടിയിട്ടില്ല.

**കിഴക്കൻമല കുടിവെള്ള പദ്ധതി**

266(1055) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഴക്കൻമല കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആര്യൻകോട്, പെരുങ്കടവിള പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രാഥമികഘട്ടം നടപ്പിലാക്കുന്നതിനുള്ള 43 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന് കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി**

267(1056) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്ത കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്ത സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാഞ്ഞീറ്റുകര ശുദ്ധജലപദ്ധതിക്ക് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക**

268(1057) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിരുന്ന ആയിരൂർ കാഞ്ഞീറ്റുകര പദ്ധതിക്ക് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക കൊറ്റനാട്-അങ്ങാടി പദ്ധതിക്ക് മാറ്റിനൽകണമെന്ന് ആവശ്യപ്പെട്ട് റാന്നി എം.എൽ.എ. കത്ത് നൽകിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഇത് പ്രകാരം ഈ പദ്ധതിക്ക് തുക മാറ്റി നൽകി ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ബഡ്ജറ്റിൽ അനുവദിച്ച 20 കോടി രൂപയിൽ 5 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരിക്കെ പ്രസ്തുത 20 കോടി രൂപയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടിയുടെ വിശദവിവരം നല്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിരുന്നു.

(ബി) ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ആയിരൂർ കാഞ്ഞീറ്റുകര പദ്ധതി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് 28.00 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞിട്ടുള്ളതിനാൽ 20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയുടെ ആവശ്യമില്ല.

**പൂക്കോട്ടൂർ-മൊറയൂർ-പുൽപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതി**

269(1058) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ - മൊറയൂർ - പുൽപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിക്കുന്നതിന് ഇനിയുമുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ ബഡ്ജറ്റിൽ പദ്ധതിക്ക് തുക നീക്കിവെച്ചിരുന്നുവെങ്കിലും തുടർ നടപടികൾ അനന്തമായി നീണ്ടു പോകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പൂക്കോട്ടൂർ-മൊറയൂർ-പുൽപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ നടത്തുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതുകാരണം ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.) തയ്യാറായിട്ടില്ല. സർവ്വേ പൂർത്തിയാക്കുന്നമുറയ്ക്ക് ഡി.ഇ.ആർ. തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**മണലൂർ നിയോജകമണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

270(1059) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി മണലൂർനിയോജകമണ്ഡലത്തിൽ പുരോഗമിച്ച് വരുന്ന ജലസേചന പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

നിലവിൽ തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി റെഗുലേറ്ററുകൾ ഒന്നും നടപ്പിലാക്കുന്നതിന് KIIDC-ക്ക് ശിപാർശ സമർപ്പിച്ചിട്ടില്ല.

**അരൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

271(1060) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇവയുടെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കേരള ജല അതോറിറ്റി വഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അനുബന്ധം 1* ആയും ജലസേചന വകുപ്പ് വഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അനുബന്ധം 2* ആയും ചേർത്തിരിക്കുന്നു.

അരൂർ മണ്ഡലത്തിൽ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായി മഴകേന്ദ്രം വഴി നടപ്പിലാക്കുന്ന ജല സൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി തൈക്കാട്ട്ശ്ശേരി ഗ്രാമ പഞ്ചായത്തിലെ തേവരുവട്ടം ഗവൺമെന്റ് ഹൈസ്കൂളിൽ 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ചുനൽകിയിട്ടുണ്ട്.

**ജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി**

272(1061) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പഴയ ജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ഈ സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എവിടെയെങ്കിലും പഴയ പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. സ്റ്റേറ്റ് പ്ലാൻ 2016-17-ൽ ഉൾപ്പെടുത്തി പത്തനംതിട്ട നഗരസഭയിൽ മക്കംകുന്ന് മുതൽ കരിമ്പിൻകുഴിവരെ പഴയ ജലവിതരണ കുഴലുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

2. സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെടുത്തി നെല്ലിമല മുതൽ ഒതറ വരെയുള്ള ജലവിതരണ കുഴലുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട്.

**കുട്ടനാട് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

273(1062) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിലവിലുള്ള പദ്ധതികൾ ഏതെല്ലാം: പ്രസ്തുത പദ്ധതികളുടെ അവസ്ഥ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പുതിയതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോൾ പ്രതിദിനം 14 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല നീരേറ്റുപുറത്ത് പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ 26 ട്യൂബ് വെൽ പദ്ധതികളും നിലവിലുണ്ട്. ഇക്കഴിഞ്ഞ പ്രളയത്തിൽ കുട്ടനാട് മേഖലയിൽ അനുഭവപ്പെട്ട രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 9 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിലവിലുള്ള പ്രധാന പദ്ധതികളെല്ലാം പ്രവർത്തനസജ്ജമാണ്. നീരേറ്റുപുറത്തുള്ള 14 mld പ്ലാന്റിൽനിന്ന് കുട്ടനാട് മണ്ഡലത്തിലെ തലവടി, മുട്ടാർ, രാമങ്കരി, എടത്വാ (ഭാഗികം), കാവാലം (ഭാഗികം), പുളിങ്കുന്ന് (ഭാഗികം) എന്നിവിടങ്ങളിൽ ജല വിതരണം നടത്തിവരുന്നു. ഇതിനുപുറമെ തിരുവല്ല പ്ലാന്റിൽനിന്നും കുട്ടനാട് മണ്ഡലത്തിലെ വെളിയനാട് പഞ്ചായത്തിലും കുടിവെള്ളം നൽകിവരുന്നു. കൂടാതെ 26 ട്യൂബ് വെൽ പദ്ധതികളിൽനിന്നും ജലം ലഭ്യമാകുന്നുണ്ട്.

(ബി) ഉണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ 70 കോടി രൂപയുടെ കുട്ടനാട് ജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനുള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

താഴെ പറയുന്ന രീതിയിലാണ് 70 കോടിയുടെ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

| | | |
|---|---|---|
| 1. | ട്രാൻസ്മിഷൻ സിസ്റ്റം 1 (പ്രധാന ട്രാൻസ്മിഷൻ പൈപ്പ്ലൈനുകൾ) | 1194 ലക്ഷം |
| 2. | ട്രാൻസ്മിഷൻ സിസ്റ്റം 2 | 2576 ലക്ഷം |
| 3. | വിതരണശൃംഖല 1, 2 & ഓവർഹെഡ് ടാങ്കുകൾ | 3133 ലക്ഷം |
| 4. | നിലവിലുള്ള ട്രാൻസ്മിഷൻ സിസ്റ്റം ബലപ്പെടുത്തുന്നതിന് | 40 ലക്ഷം |
| 5. | നിലവിലുള്ള വിതരണ ശൃംഖല ബലപ്പെടുത്തുന്നതിന് | 57 ലക്ഷം |

കൂടാതെ കുട്ടനാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിക്ക് 241 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 30 MLD ശുദ്ധീകരണശാലയും 13 പഞ്ചായത്തുകളിൽ ഉന്നതതല സംഭരണികളും 39 കിലോമീറ്റർ പ്രധാന ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയും സ്ഥാപിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തോട്ടം മേഖലയിൽ സീനിയറേജ് ഒഴിവാക്കുന്ന നടപടി

274(1063) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട തോട്ടം മേഖലയിലെ പ്രതിസന്ധികൾ ലഘൂകരിക്കുന്നതിനായി തോട്ടങ്ങളിലെ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ നൽകേണ്ടിയിരുന്ന സീനിയറേജ് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) വൻകിട തോട്ടം ഉടമകൾക്കും ഈ ആനുകൂല്യം ലഭിക്കുമോ;

(സി) എങ്കിൽ വൻകിട തോട്ടം മേഖലയിൽ പ്രസ്തുത ആനുകൂല്യം നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; ഹാരിസൺ മലയാളം പ്ലാന്റേഷൻ പ്രസ്തുത ആനുകൂല്യം ആവശ്യപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ-സി) തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരവും സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെയും ടി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ എല്ലാ തോട്ടങ്ങളിലും റബ്ബർമരങ്ങൾ മുറിച്ചുമാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

റബ്ബർമരങ്ങൾ മുറിച്ച് മാറ്റുമ്പോൾ ഈടാക്കുന്ന സീനിയറേജ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു നിവേദനം ഹാരിസൺ മലയാളം ലിമിറ്റഡ് വൈസ്-പ്രസിഡന്റ് 31-10-2016-ൽ തൊഴിലും നൈപുണ്യവും, എക്സൈസും വകുപ്പുമന്ത്രി മുഖാന്തരം മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു.

**കയറ്റിറക്ക് കൂലി നിരക്ക്**

275(1064) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി നിരക്ക് അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്;

(ബി) കയറ്റിറക്ക് കൂലി നിരക്ക് സംബന്ധിച്ച് നിലവിലുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കയറ്റിറക്ക് കൂലി നിശ്ചയിക്കുന്നത് ഓരോ കാലയളവിലേക്കാണ്. ടി നിരക്കുകൾ നിശ്ചിത കാലയളവുകളിലാണ് ബാധകമായിട്ടുള്ളത്. ആയത് പൂർത്തീകരിച്ച് കഴിയുമ്പോൾ കൂലി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ് ചെയ്യുന്നത്. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കയറ്റിറക്ക് കൂലി ഏകീകരിച്ചിട്ടുണ്ട്. ആയത് www.lc.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ഒരു പകർപ്പ് അറിവിലേയ്ക്കായി ഇതിനോടൊപ്പം ഉൾപ്പെടുത്തുന്നു.*

**തോട്ടം തൊഴിലാളികൾക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ**

276(1065) ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അറ്റകുറ്റപണി നടത്തി വാസയോഗ്യമാക്കുന്നത് പ്രായോഗികമല്ലാത്ത ലയങ്ങളെ കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങളെ അറ്റകുറ്റപ്പണി നടത്തി താമസയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) തോട്ടം തൊഴിലാളികൾക്കുള്ള ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിന് തൊഴിലാളി കുടുംബങ്ങൾക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന വീട് വച്ച് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിന് ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. "ഓൺ യുവർ ഓൺ" ഹൗസിംഗ് സ്കീം പ്രകാരം 400 സ്ക്വയർ ഫീറ്റോടുകൂടിയതും 2 കിടപ്പുമുറി, കിച്ചൺ, മൾട്ടി പർപ്പസ് ഹാൾ, ടോയ്‌ലെറ്റ് എന്നീ സൗകര്യങ്ങളോടുകൂടിയ വീട്/അപ്പാർട്ട്മെന്റ് വച്ച് നൽകുന്നതിനുള്ള ശിപാർശ ഭവനം ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് മുഖേന തോട്ടം മേഖലയിൽ നടത്തിയ സർവ്വേയിൽ ഭവനരഹിതരും ഭൂരഹിതരുമായ 32454 തൊഴിലാളികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ മൂന്നാറിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ലിസ്റ്റിൽനിന്നും 15 തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പ്രാഥമിക പരിശോധനകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇവർക്കുള്ള ആദ്യഘട്ട വീട് നിർമ്മാണം മൂന്ന് മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തോട്ടങ്ങളിലെ ലയങ്ങളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ എസ്റ്റേറ്റ് ലയങ്ങളിൽ നടത്തുന്ന പരിശോധനാവേളയിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടവ കണ്ടെത്തുന്ന ഘട്ടങ്ങളിൽ നോട്ടീസ് നൽകി മാനേജ്മെന്റിനെക്കൊണ്ട് അറ്റകുറ്റപ്പണികൾ ചെയ്യിക്കാറുണ്ട്.

(ഡി) തോട്ടം തൊഴിലാളികൾക്കായി പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 1951-ലെ പ്ലാന്റേഷൻസ് ലേബർ ആക്ട് പ്രകാരം തൊഴിലാളികൾക്ക് മതിയായ ചികിത്സാ/ഹോസ്പിറ്റൽ സൗകര്യം തൊഴിലുടമകൾ ഒരുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്കുള്ള സ്വയംതൊഴിൽ പദ്ധതി**

277(1066) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ പദ്ധതിയായ കൈവല്യയിൽ ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുള്ള ബുദ്ധിപരിമിതരായ ഭിന്നശേഷിക്കാരായവർക്കുള്ള ലോൺ തുകയായ 50,000 രൂപ 2018 ജനുവരി മുതൽ പാലക്കാട് ജില്ലയിൽ വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈവല്യ പദ്ധതി പ്രകാരം അപേക്ഷ നല്കിയവർക്ക് അപേക്ഷിച്ച തീയതിയുടെ അടിസ്ഥാനത്തിലാണ് വായ്പ വിതരണം ചെയ്യുന്നത്. പ്രസ്തുത അപേക്ഷകരിൽ അമ്പത് വയസ്സ് കഴിഞ്ഞവർക്ക് മുൻഗണന നല്കാറുണ്ട്. ഇപ്രകാരം പാലക്കാട് ജില്ലയിൽ 21-1-2017 (അപേക്ഷ തീയതി) വരെയുള്ള അപേക്ഷകർക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്. അതിനുശേഷമുള്ള അപേക്ഷകർക്ക് ഫണ്ടിന്റെ ലഭ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുന്നതാണ്.

**ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ സ്വീകരിച്ച നടപടികൾ**

278(1067) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ ലേബർ ആക്ട്, 1951 പ്രകാരം തോട്ടം തൊഴിലാളികൾക്ക് താമസസ്ഥലങ്ങളും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും, ചികിത്സാ സൗകര്യങ്ങളും മറ്റും തോട്ടം ഉടമകൾ ഒരുക്കാതിരുന്നാൽ ആയത് ചെയ്തു കൊടുക്കുന്നതിന് ചുമതലപ്പെട്ട ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ 2005 മുതൽ എത്ര തോട്ടങ്ങളിൽ ഇത്തരം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര തുക 2005 മുതൽ ചെലവാക്കിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) എത്ര തോട്ടം ഉടമകളിൽനിന്നും പ്രസ്തുത ഇനത്തിൽ ചെലവാക്കിയ തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും തിരിച്ചുപിടിക്കാത്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ തോട്ടങ്ങളിൽ പരിശോധന നടത്തുകയും അവിടങ്ങളിലെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾ പരിഹരിക്കാൻ തൊഴിലുടമകൾക്ക് രേഖാമൂലം നിർദ്ദേശം നൽകുകയും തുടർനടപടി സ്വീകരിച്ച് പോരായ്മകൾ പരിഹരിക്കുകയുമാണ് ചെയ്യുന്നത്. ആക്ടിൽ പറയുന്ന പ്രകാരമുള്ള മെഡിക്കൽ സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യങ്ങളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർ മുമ്പാകെ തൊഴിലാളി അപേക്ഷ സമർപ്പിക്കുകയും

ഇരുക്കൂട്ടരെയും കേൾക്കുകയും ചെയ്യാറുണ്ട്. തൊഴിലാളികൾക്ക് ചികിത്സാ ഇനത്തിൽ മറ്റേതെങ്കിലും ആശുപത്രികളിൽ തുക ചെലവാകുന്ന സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിക്കുവാൻ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഉത്തരവ് നൽകുകയും ഉത്തരവ് പാലിച്ചില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. 2005 മുതൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് തോട്ടങ്ങളിൽ നേരിട്ട് ലയങ്ങളുടെ അറ്റകുറ്റപ്പണികളോ/നിർമ്മാണ പ്രവർത്തനങ്ങളോ ചികിത്സാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട തുടർനടപടികളോ കൈക്കൊണ്ടിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള അവകാശം**

279(1068) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കടകളിലെയും കച്ചവട സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നത് ഉൾപ്പടെയുള്ള അവകാശങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുള്ള സർക്കാരിന്റെ 4-10-2018-ലെ 50/2018 എന്ന ഓർഡിനൻസിലെ വ്യവസ്ഥകൾ സ്ഥാപനങ്ങളിൽ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

കടകളിലും കച്ചവട സ്ഥാപനങ്ങളിലും തൊഴിൽ വകുപ്പ് നടത്തുന്ന പരിശോധനകളിൽ തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നത് ഉൾപ്പെടെയുള്ള അവകാശങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള പരിശോധനയും നടത്താറുണ്ട്. ആയതിന് ഒരു പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതില്ല.

**നോക്കുകൂലി സമ്പ്രദായത്തിനെതിരെ നടപടി**

280(1069) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന നോക്കുകൂലി സമ്പ്രദായം ഔദ്യോഗികമായി നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നോക്കുകൂലി നിരോധിച്ച കാര്യത്തിൽ തൊഴിലാളി യൂണിയനുകളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ;

(സി) നോക്കുകൂലി നിരോധിച്ചതിന് ശേഷവും പ്രസ്തുത പ്രവണത നിലനിൽക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ പ്രവൃത്തികൾപോലും നോക്കുകൂലി ലഭ്യമാക്കാത്തതിന്റെ പേരിൽ തടഞ്ഞ സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് നോക്കുകൂലിയുടെ പേരിൽ തടയപ്പെട്ടത്; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പൂർണ്ണമായ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ചുമട്ടുതൊഴിൽ മേഖലയിലെ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുവാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുവാൻ ലക്ഷ്യമിട്ടും 30-4-2018-ലെ സ.ഉ (സാധാ.) നമ്പർ 511/2018/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഉണ്ട്.

(സി) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി&ഇ) ഇല്ല.

**നോൺ ബാങ്കിംഗ് ഫിനാൻസ് സ്ഥാപനങ്ങളിൽ മിനിമം വേതനം**

281(1070) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ ബാങ്കിംഗ് ഫിനാൻസ് സ്ഥാപനങ്ങളിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത മേഖലയിലെ മിനിമം വേതനം എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് മിനിമം വേജസ് കമ്മിറ്റി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; മിനിമം വേതനം നൽകാതെ ജീവനക്കാരെ ദ്രോഹിക്കുന്ന സ്ഥാപന ഉടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുവാൻ തൊഴിൽ വകുപ്പ് പ്രത്യേകമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) നോൺ ബാങ്കിംഗ് ബിസിനസ്/പ്രൈവറ്റ് ബാങ്ക്/ഫിനാൻഷ്യൽ സർവീസ് എന്നീ വിഭാഗങ്ങളിലായി ഏകദേശം 54587 പേർ ജോലി ചെയ്യുന്നു. ടി മേഖലയിൽ മിനിമം വേതനം നിശ്ചയിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള W.P.(C) നമ്പർ 26803/17 കേസിൽ മേൽവിജ്ഞാപനം സ്റ്റേ ചെയ്തതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കേസിൽ സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. നോൺ ബാങ്കിംഗ് ഫിനാൻസ് മേഖലയിൽ മിനിമം വേതനം നിശ്ചയിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് മിനിമം വേതനം നൽകാതെ ജീവനക്കാരെ ദ്രോഹിക്കുന്ന സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കും.

(സി) 1947-ലെ തൊഴിൽ തർക്ക നിയമപ്രകാരം തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അനുരഞ്ജന സംവിധാനം ഉപയോഗപ്പെടുത്തി ടി മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധനവ്**

282(1071) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധനവിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; തൊഴിലാളികൾക്ക് എന്ന് മുതൽ കൂലി വർദ്ധനവ് കിട്ടിത്തുടങ്ങും; വ്യക്തമാക്കാമോ?

ഉത്തരം

തോട്ടം തൊഴിലാളികളുടെ മിനിമം കൂലി സംബന്ധിച്ച നിലവിലെ ഉത്തരവ് പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ വിവിധ യോഗങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്. തുടർന്ന് 16-11-2018-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂലി പുതുക്കി നിശ്ചയിക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആയത് സജീവ പരിഗണനയിലുമാണ്.

## കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന സ്ത്രീ ജീവനക്കാർ

283(1072) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന സ്ത്രീ ജീവനക്കാർ തിരക്കില്ലാത്ത സമയത്തും ഇരിക്കാൻ അനുമതിയില്ലാത്തത് ഉൾപ്പെടെ അവരുടെ ദുരവസ്ഥ ഒഴിവാക്കാനായി സർക്കാർ സ്വീകരിച്ച ക്ഷേമ നടപടികൾ എന്തെല്ലമെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലാളിക്ഷേമം ഉന്നമിട്ട് സംസ്ഥാനത്താകമാനം സർക്കാർ നടത്തിവരുന്ന മറ്റ് ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലൊമെന്നും വ്യക്തമാക്കുമോ ;

(സി) സ്ത്രീകൾ ജോലിയെടുക്കുന്ന സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശിച്ച പ്രസ്തുത ക്ഷേമപ്രവർത്തികളോടൊപ്പം നിർദ്ദേശിച്ച സുരക്ഷ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) വസ്ത്രശാലകൾ, ജുവലറികൾ, ഹോട്ടലുകൾ, മാളുകൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ തുടങ്ങിയവകളിലായി ഉദ്ദേശം എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നു; വ്യക്തമാക്കുമോ;

(ഇ) ഇവർക്കിടയിൽ സർക്കാർ കൊണ്ടുവന്ന തൊഴിൽ നിയമ ഭേദഗതികൾ കർശനമായി നടപ്പാക്കുവാനും അത് പരിശോധിച്ച് കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കടകളിലും മറ്റ് വ്യാപാര സ്ഥാപനങ്ങളിലും സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി, 50/18 ഓർഡിനൻസ് ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർനടപടികളും പരിശോധനകളും നടത്തുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും അവർ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കടകളിലും വ്യാപാര സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യുന്ന അംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് എല്ലാ തൊഴിലാളികളേയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനും ഇതിലൂടെ ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ

ലഭ്യമാക്കുന്നതിനും തൊഴിലുടമകളുടെയും തൊഴിലാളി പ്രതിനിധികളുടെയും തൊഴിൽ വകുപ്പിലെ ലേബർ ഓഫീസർമാരുടെയും യോഗം ബോർഡ് ചെയർമാന്റേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നിവ നൽകിവരുന്നു. കൂടാതെ മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവയും ക്ഷേമനിധിയിൽനിന്നും നൽകിവരുന്നു.

(സി) സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്ക് ശേഷവും രാവിലെ 6.00 മണി വരെയും ഉള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അങ്ങനെ ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരുള്ള ഗ്രൂപ്പായും അതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതും ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യവും സുരക്ഷയും തൊഴിലുടമ ഉറപ്പാക്കേണ്ടതുമാണ്.

(ഡി) വസ്ത്രശാലകൾ, ജ്വല്ലറികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ യഥാക്രമം ഏകദേശം 70363, 22920, 69950 തൊഴിലാളികൾ ജോലി ചെയ്യുന്നു. മാളുകൾ, ഡിപ്പാർട്ടുമെന്റ് സ്റ്റോറുകൾ എന്നിവയുൾപ്പെടെയുള്ള കടകളിലും വാണിജ്യസ്ഥാപനങ്ങളിലുമായി ഉദ്ദേശം 1340290 തൊഴിലാളികളുണ്ട്.

(ഇ) പുതിയ തൊഴിൽ നിയമ ഭേദഗതി പ്രകാരമുള്ള സ്ഥാപന പരിശോധനകൾ നടത്തുന്നതിനും തൊഴിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം സ്ഥാപന ഉടമകൾക്കെതിരെ നോട്ടീസ് നൽകി പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യും.

**ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

284(1073) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസൗകര്യത്തിനും ആരോഗ്യപരിരക്ഷയ്ക്കുമായി എന്തെല്ലാം പരിഗണനയും ആനുകൂല്യങ്ങളുമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ്

"അപ്നാഘർ" പദ്ധതി. ടി പദ്ധതി വഴി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് പൂർത്തിയായിട്ടുണ്ട്. 620 പേർക്ക് എല്ലാവിധ സൗകര്യങ്ങളോടുംകൂടി കഴിയാവുന്ന ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "ആവാസ്" ആരംഭിച്ചിട്ടുണ്ട്. "ചിയാക്ക"മായി സഹകരിച്ച് "ചിസ് പ്ലസ്" മാതൃകയിൽ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് പ്രതിവർഷം 15,000 രൂപ വരെയുള്ള ഇൻപേഷ്യന്റ് സൗജന്യ ചികിത്സാ സഹായമടക്കം 56 ഗവൺമെന്റ് ഹോസ്പിറ്റലുകളിലായി നൽകിവരുന്നുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വനിലവാരം പരിതാപകരമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ജീവിത സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ.(സാധാ.)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

**ആവാസ് പദ്ധതി**

285(1074) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുക്കുന്നതിനും ക്ഷേമ പദ്ധതികൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിച്ച് നടപ്പാക്കുന്ന ആവാസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന ലഹരിപദാർത്ഥ-മയക്കുമരുന്ന് കടത്ത് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇവരുടെ വിവരശേഖരണത്തിനായി ആവാസ് പദ്ധതിയിൽ അംഗത്വം നിർബന്ധമാക്കുന്നതിന്റെ സാധ്യത പരിശോധിക്കുമോ;

(സി) സംസ്ഥാനത്തേക്കുള്ള തൊഴിലാളികളുടെ കുടിയേറ്റം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് നിശ്ചിത വേതനം, മാന്യമായ താമസ സൗകര്യം, ചികിത്സാ സഹായം തുടങ്ങിയവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ വകുപ്പ് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 26-11-2018 വരെ 329240 ഇതര സംസ്ഥാന തൊഴിലാളികളെ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് കാർഡ് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാനത്ത് എത്തിച്ചേരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും ആവാസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നിർബന്ധിത രജിസ്ട്രേഷൻ നടപ്പിലാക്കുവാൻ സാധ്യമല്ല.

(സി) തൊഴിലും നൈപുണ്യവും വകുപ്പ് സംസ്ഥാനത്തേക്കുള്ള തൊഴിലാളികളുടെ കുടിയേറ്റം സംബന്ധിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

(ഡി) മിനിമം വേതന നിയമപ്രകാരം ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവർ പരിശോധന നടത്തി മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് "അപ്നാഘർ"പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് പദ്ധതികളിൽ നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. 620 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

"ചിയാക്ക്" മായി സഹകരിച്ച് "ചിസ് പ്ലസ്" മാതൃകയിൽ "ആവാസ്" പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 15,000 രൂപ വരെയുള്ള ഇൻപേഷ്യന്റ് സൗജന്യ ചികിത്സാ സഹായം 56 ഗവൺമെന്റ് ഹോസ്പിറ്റലുകളിലായി നൽകിവരുന്നുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നു.

**ആവാസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

286(1075) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള രജിസ്ട്രേഷൻ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക്, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ് 27-10-2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1325/2016/തൊഴിൽ പ്രകാരം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. പ്രതിവർഷം 15,000 രൂപയുടെ സൗജന്യ ചികിത്സാ സഹായവും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതര സംസ്ഥാന തൊഴിലാളികളെ ആവാസ് പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള രജിസ്ട്രേഷൻ 2017 നവംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. 23-11-2018 വരെ 324773 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. "ചിയാക്ക്"മായി സഹകരിച്ച് "ചിസ് പ്ലസ്" മാതൃകയിൽ, ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 15,000 രൂപ വരെയുള്ള ഇൻപേഷ്യന്റ് സൗജന്യ ചികിത്സാ സഹായം 56 ഗവൺമെന്റ് ഹോസ്പിറ്റലുകളിലായി നൽകിവരുന്നുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം 2,00,000 രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ടി പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ തുടർന്നുവരികയാണ്. കാലപരിധി നിശ്ചയിച്ചിട്ടില്ല.

## ആവാസ് പദ്ധതിയിലെ രജിസ്ട്രേഷൻ

287(1076) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവിഷ്കരിച്ച സൗജന്യ ഇൻഷ്വറൻസ് പദ്ധതിയോട് പ്രസ്തുത തൊഴിലാളികൾ താല്പര്യം കാണിക്കുന്നില്ലായെന്നത് വസ്തുതയാണോ;

(ബി) ഇതിനകം എത്ര പേർ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തു എന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതിയിൽ ചേരുവാൻ തിരിച്ചറിയൽ രേഖ നിർബന്ധമാക്കിയത് ഇവരെ പദ്ധതിയിൽനിന്നും അകറ്റിയിട്ടുണ്ടോ;

(ഡി) റയിൽവേ സ്റ്റേഷനുകളിൽ പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 23-11-2018 വരെ 324773 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് കാർഡ് ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) റെയിൽവേ സ്റ്റേഷനുകളിൽ പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പലഘട്ടങ്ങളിലായി നടത്തിയിട്ടുണ്ട്.

## മുക്കം ഇ.എസ്.ഐ.ഡിസ്പെൻസറി

288(1077) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിസ്പെൻസറിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മുക്കം ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടം വാടകയ്ക്ക് ലഭിച്ചിട്ടുണ്ട്. ടി ഡിസ്പെൻസറിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി**

289(1078) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിക്കപ്പെട്ട ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നിബന്ധനകളോ നിർദ്ദേശങ്ങളോ നിലവിൽവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇ.എസ്.ഐ. ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നതെന്നും എവിടെയാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് കേരള സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ടി ഡിസ്പെൻസറിയുടെ പ്രവർത്തനാനുമതി ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയിട്ടില്ല.

(ബി) പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകളോ നിർദ്ദേശങ്ങളോ നിലവിൽവന്നിട്ടില്ല.

(സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ മാവൂർ, ചക്കോരത്തുകുളം, എരഞ്ഞിപ്പാലം, ചേമഞ്ചേരി, ചുങ്കം, ചാലപ്പുറം, ചെറുവണ്ണൂർ-I, ചെറുവണ്ണൂർ-II, കൈനാട്ടി, പുതിയറ, കുന്നത്തുപാലം എന്നീ ഡിസ്പെൻസറികളാണ് നിലവിൽ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്നത്. കോഴിക്കോട് ജില്ലയിൽ മുക്കം, ബാലുശ്ശേരി, താമരശ്ശേരി എന്നീ സ്ഥലങ്ങളിൽ ഏക ഡോക്ടർ ടൈപ്പ്

ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയെങ്കിലും മുക്കം ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനാനുമതി മാത്രമേ ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഒരു ജില്ലയിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി-കം-ബ്രാഞ്ച് ഓഫീസ് നേരിട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി ഇ.എസ്.ഐ കോർപ്പറേഷൻ കോഴിക്കോട് ജില്ലയിലും ഒരു ഡിസ്പെൻസറി -കം-ബ്രാഞ്ച് ഓഫീസ് തുടങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്.

## കോട്ടയ്ക്കൽ-എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥ

290(1079) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ-എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തസ്തികകൾ പുതുതായി അനുവദിക്കണമെന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഇ.എസ്.ഐ. ആസ്ഥാനത്ത് തയ്യാറാക്കിയിട്ടുണ്ടോ; സർക്കാർ അനുമതിക്ക് നിവേദനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത ഇ.എസ്.ഐ. ആശുപത്രി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇ/2682669/2018 /എം (എൽ.ബി.ആർ.ഡി ) എന്ന പ്രൊപ്പോസലിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിലെ ഇ.എസ്.ഐ ഡിസ്പെൻസറിയുടെ ശോചനീയാവസ്ഥയും ജീവനക്കാരുടെ കുറവും ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട കോട്ടയ്ക്കൽ എം.എൽ.എ. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനം ഇ/2682669/2018/എം (എൽ.ബി.ആർ.ഡി.) നമ്പരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു. പുതുതായി

തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിക്ക് അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടെത്തി നൽകുവാൻ ഇ.എസ്.ഐ. കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വെഞ്ഞാറമൂട് കേന്ദ്രമാക്കി ഇ.എസ്.ഐ ഡിസ്പെൻസറി**

291(1080) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് എന്ന സ്ഥലത്ത് ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ 15-9-2017-ലെ സ.ഉ (കൈ.) നമ്പർ 75/2017/തൊഴിൽ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഇ.എസ്.ഐ കോർപ്പറേഷനിൽനിന്നും ടി ഡിസ്പെൻസറിക്ക് പ്രവർത്തനാനുമതി നാളിതുവരെ ലഭിച്ചിട്ടില്ല.

**മിനിമം വേജസ്**

292(1081) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനഃസംഘടിപ്പിച്ച മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

25-11-2016-ലെ സ.ഉ (സാ.ധാ.) നമ്പർ 187/2016/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം പുനഃസംഘടിപ്പിച്ച മിനിമം വേജസ് അഡ്വൈസറി ബോർഡ് താഴെപ്പറയുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് മുൻബോർഡ് തുടക്കമിട്ട 12 മേഖലകളിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ സർക്കാരിന് നല്കുകയും ആയതിൽ 11 മേഖലകളിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 'സ്വകാര്യ ആശുപത്രി' വ്യവസായബന്ധ സമിതിയുടെ ശിപാർശ പ്രകാരം സ്വകാര്യ ആശുപത്രി മേഖലയിലെ മിനിമം വേതനവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

2. 4.7.2017-ലെ സ.ഉ.(പി) 65/17/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 27 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് തെളിവെടുപ്പുകൾ നടത്തി ശിപാർശ സമർപ്പിക്കുന്നതിന് മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ 3 സബ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ 15 മേഖലകളിലെ മിനിമം വേതനം പുതുക്കുന്നതിനുള്ള ശിപാർശ മിനിമം വേതന ഉപദേശക സമിതി സർക്കാരിന് ലഭ്യമാക്കുകയും ഇതിൽ 3 മേഖലകളിൽ അന്തിമ വിജ്ഞാപനവും 9 മേഖലകളിൽ പ്രാഥമിക വിജ്ഞാപനവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

3. കൂടാതെ 10-9-2018-ലെ സ.ഉ.(പി). 80/2018/തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം 24 മേഖലകളിൽക്കൂടി മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ സബ്കമ്മിറ്റികളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സബ്കമ്മിറ്റികളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് തെളിവെടുപ്പ്/ ഹിയറിംഗ് പുരോഗമിച്ചുവരുന്നു.

പുനഃസംഘടിപ്പിച്ച മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ ശിപാർശ പ്രകാരം അന്തിമ വിജ്ഞാപനവും പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുള്ള മേഖലകളുടെ വിശദാംശം അനുബന്ധമായി * ചേർക്കുന്നു.

## തൊഴിൽ വകുപ്പിന് കീഴിൽ ഇനിയും പി.എസ്.സി.-ക്ക് വിടാത്ത നിയമനങ്ങൾ

293(1082) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി. ക്ക് വിടുവാൻ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. -ക്ക് വിടാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുവാൻ വേണ്ടിയുള്ള വിശേഷാൽ ചട്ടം തയ്യാറാക്കിയിട്ടുണ്ടോ;

(സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നിയമനങ്ങൾ പി.എസ്.സി. -ക്ക് വിടുവാൻ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം അറിയിക്കുമോ;

(ഡി) നിലവിൽ ആകെ ഇത്തരത്തിലുള്ള ഒഴിവുകളുടെ എണ്ണം ലഭ്യമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികത്തിയ ഇത്തരത്തിലുള്ള ഒഴിവുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിലെ ഓഫീസുകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടന്നുവരുന്നത്. വകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകളിൽ 12 ബോർഡുകളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി.ക്ക് വിടാനുണ്ട്. അവയുടെ പേര് ചുവടെ ചേർക്കുന്നു.

1) കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

2) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

3) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

4) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

5) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

6) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

7) കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

8) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

9) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

10) കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്

11) കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

12) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്.

(ബി&സി) വിശേഷാൽ ചട്ടം രൂപീകരിച്ച് നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാത്ത ക്ഷേമനിധി ബോർഡുകളിൽ 2 ക്ഷേമനിധി ബോർഡുകളുടെ (കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്) വിശേഷാൽ ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് നാല് ക്ഷേമനിധി ബോർഡുകളിൽ (കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്) വിശേഷാൽ ചട്ടം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ക്ഷേമനിധി ബോർഡുകളിൽ നേരിട്ട് നിയമനം നടത്താവുന്ന സർക്കാർ അനുവദനീയ തസ്തികകളിൽ സ്പെഷ്യൽ റൂൾ നടപ്പിൽവരുന്നമുറയ്ക്ക് മാത്രമേ തസ്തികകളുടെ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളൂ. വിശേഷാൽ ചട്ടം രൂപീകരിക്കാത്ത ക്ഷേമനിധി ബോർഡുകളിൽ നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലോ ദിവസവേതന വ്യവസ്ഥയിലോ ആണ് നിയമനങ്ങൾ നടത്തിവരുന്നത്.

**പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് തൊഴിൽ സുരക്ഷിതത്വം**

294(1083) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തുന്നതിനും അവർക്കായി ക്ഷേമനിധി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് സംസ്ഥാനതലത്തിൽ സംഘടനാ നേതാക്കളുമായി ചർച്ച നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്.

(ബി) 1-2-2017-മുതൽ ഇ.എസ്.ഐ. പദ്ധതി സംസ്ഥാന വ്യാപകമാക്കി യതിനാൽ ഏതെങ്കിലും സ്റ്റുഡിയോയിൽ പത്തോ അതിലധികമോ തൊഴിലാളികൾ പ്രവർത്തിയെടുക്കുന്നുണ്ടെങ്കിൽ ടി സ്ഥാപനം ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ടി സ്ഥാപനത്തിൽ പ്രവൃത്തി എടുക്കുന്നതും പ്രതിമാസം 21,000 രൂപയിൽ താഴെ വരുമാനമുള്ളവരുമായ എല്ലാ ഫോട്ടോഗ്രാഫർമാർക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതാണ്. നിലവിൽ ഇ.എസ്.ഐ. പദ്ധതി അസംഘടിത മേഖലയിലേക്ക് വ്യാപിപ്പിച്ചിട്ടില്ല. ആയതിനാൽ സ്വന്തമായി ഫോട്ടോഗ്രാഫി പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ വരുന്നില്ല. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. പദ്ധതി ബാധകമാക്കുമ്പോൾ എല്ലാ ഫോട്ടോഗ്രാഫർമാർക്കും ഇ.എസ്.ഐ. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

(സി) കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം ജോലി ചെയ്യുന്ന പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് ടി ആക്ട് പ്രകാരം ബാധകമായ എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നുണ്ട്. ഫ്രീ ലാന്റ്സ് ഫോട്ടോഗ്രാഫേഴ്സിന് അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ് മുഖേന നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നുണ്ട്. ഇക്കാര്യം സംബന്ധിച്ച് സംഘടനാ നേതാക്കളുമായി ചർച്ച നടത്താവുന്നതാണ്.

## കൈവല്യ വായ്പ പദ്ധതി

295(*T1084) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പ്രഖ്യാപിച്ച 'കൈവല്യ ' വായ്പ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര അപേക്ഷകളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 'കൈവല്യ' സ്വയംതൊഴിൽ വായ്പ പദ്ധതി സംബന്ധിച്ച് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് വഴി സംഘടിപ്പിക്കുന്ന വൊക്കേഷണൽ ഗൈഡൻസ് ക്ലാസുകളിലും കരിയർ ക്ലാസുകളിലും കൈവല്യ സ്വയംതൊഴിൽ പദ്ധതി സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിനാവശ്യമായ കപ്പാസിറ്റി ബിൽഡിംഗ്, സംരംഭകത്വ പരിശീലനം എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ചും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. "കൈവല്യ" സ്വയംതൊഴിൽ സംരംഭകരുടെ "ഉണർവ്" എന്ന പേരിൽ ഓണം, ക്രിസ്തുമസ് ഉത്സവങ്ങളോടനുബന്ധിച്ചും, "അതിജീവനം" എന്ന പേരിൽ ഭിന്നശേഷിക്കാർക്ക് മാത്രമായി പ്രത്യേക തൊഴിൽ മേളയും സംഘടിപ്പിച്ചുവരുന്നു. മേൽ പരിപാടികളിലെല്ലാം "കൈവല്യ" പദ്ധതിയെക്കുറിച്ചുള്ള ശരിയായ അവബോധം ഭിന്നശേഷിക്കാർക്കിടയിൽ നടത്താറുണ്ട്. കൂടാതെ കൈവല്യ പദ്ധതിയെപ്പറ്റിയുള്ള ലഘുലേഖകളും ബ്രോഷറുകളും എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നൽകിവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

'കൈവല്യ' വായ്പ പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ, യഥാക്രമം 1,53,50,000, 84,97,000, 77,00,000 രൂപ അനുവദിച്ചിരുന്നു. കൈവല്യ സ്വയംതൊഴിൽ പദ്ധതിക്കായി ആകെ 7466 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. മേൽ തുക 631 ഗുണഭോക്താക്കൾക്ക് സംരംഭം തുടങ്ങുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

**ഒഡെപെക് ഏകജാലക സംവിധാനം**

296(1086) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നതിന് ഒഡെപെക് ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒഡെപെക് വഴി വിദേശ തൊഴിൽ അന്വേഷകർക്ക് പുതുതായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഒഡെപെക് വഴി നിലവിൽ ലഭ്യമാകുന്ന സേവനങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നവർക്ക് സമ്പൂർണ്ണമായി ഏകജാലക സംവിധാനം ഒരുക്കുന്നത് പല കാരണങ്ങൾകൊണ്ടും ശ്രമകരമായ ദൗത്യമാണ്. എന്നതിനാൽ ഒഡെപെക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ തൊഴിൽ തേടുന്നവർക്കുള്ള രജിസ്ട്രേഷൻ പ്രക്രിയ മുതൽ അഭിമുഖ കത്ത് നൽകുന്നത് വരെയുള്ള പ്രവർത്തനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വിദേശ തൊഴിലന്വേഷകരുടെ രജിസ്ട്രേഷൻ മുതൽ സെലക്ഷൻ പ്രക്രിയ വരെയുള്ള നടപടികൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനും ഓൺലൈൻ ഇന്റർവ്യൂ നടത്തുന്നതിനും സൗകര്യമൊരുക്കും. വിദേശത്ത് തൊഴിൽ നേടുന്നതിന് ആവശ്യമായ ഭാഷാ/നൈപുണ്യ പരിശീലനങ്ങൾ ആരംഭിക്കും. സർക്കാർ/സ്വകാര്യ മേഖലകളിലെ യോഗ്യരായ നഴ്സുമാർ/ഡോക്ടർമാർ എന്നിവർക്ക് ഇംഗ്ലണ്ടിൽ പഠനത്തോടൊപ്പം ജോലി നല്കുന്നതിന് ഇംഗ്ലണ്ടിലെ ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന ഹെൽത്ത് എജ്യൂക്കേഷൻ ഇംഗ്ലണ്ടു (HEE) മായി സഹകരിച്ച് ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം (ജി.എൽ.പി) ആരംഭിക്കും.

(സി) മാനവ വിഭവശേഷി റിക്രൂട്ട്മെന്റ് വിഭാഗം മുഖേന വിദേശ തൊഴിൽ അവസരങ്ങളിലേക്ക് ഇവിടത്തെ യോഗ്യരായ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുകയും അവരുടെ യാത്രാ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നു.

അയാട്ടാ അംഗീകാരമുള്ള ട്രാവൽ ഡിവിഷൻ മുഖേന എയർ ടിക്കറ്റിംഗിന് സൗകര്യമൊരുക്കിയിരിക്കുന്നു.

വിദേശ/ആഭ്യന്തര വിനോദ യാത്ര പാക്കേജുകൾ സംഘടിപ്പിക്കുന്നു.

## മലബാർ ടൈൽസ്, ഹിന്ദുസ്ഥാൻ ടൈൽസ് എന്നിവ ലോക്കൗട്ട് ചെയ്ത നടപടി

297(1087) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഫറോക്കിലെ മലബാർ ടൈൽസ്, ഹിന്ദുസ്ഥാൻ ടൈൽസ് എന്നീ ഓട് കമ്പനികൾ നിയമവിരുദ്ധമായി ലോക്കൗട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനികളുടെ അഡ്ജ്യൂഡിക്കേഷൻ നടപടികൾ തൊഴിൽ വകുപ്പിൽ നടന്നുവരുന്നുണ്ടോ ; ഇതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ഫറോക്കിലെ മലബാർ ടൈൽ വർക്ക്സ് അടച്ചുപൂട്ടിയത് സംബന്ധിച്ച്, 1947-ലെ വ്യവസായ തർക്കനിയമം വകുപ്പ് 12(4) അനുസരിച്ച് അഡ്ജൂഡിക്കേഷനുവേണ്ടി 19-9-2018-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 1129/2018/എൽ.ബി.ആർ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് ലേബർ കോടതിയിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ഹിന്ദുസ്ഥാൻ ടൈൽ വർക്ക്സ് താൽക്കാലികമായി പ്രവർത്തനം നിർത്തിയത് സംബന്ധിച്ച് 1947-ലെ വ്യവസായ തർക്കനിയമം വകുപ്പ് 12(4) അനുസരിച്ച് അഡ്ജ്യൂഡിക്കേഷനുവേണ്ടി 26-11-2018-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1351/2018/ എൽ.ബി.ആർ പ്രകാരം കോഴിക്കോട് ലേബർ കോടതിയിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

## തൊഴിൽ വകുപ്പിലെ പുനർനിയമനം

298(1088) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിൽ നിന്നും വിരമിച്ച ഏതെങ്കിലും ഉദ്യോഗസ്ഥന് വകുപ്പിന്റെ ഏതെങ്കിലും സ്ഥാപനത്തിൽ പുനർനിയമനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പേരും, നിയമിച്ച തസ്തികയും ലഭിക്കുന്ന ആനുകൂല്യങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

| പേര് | തസ്തിക | ശമ്പളം |
|---|---|---|
| ശ്രീ.ജി.എൽ.മുരളീധരൻ, അഡീഷണൽ ലേബർ കമ്മീഷണർ (റിട്ട.) | ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (ഭവനം ഫൗണ്ടേഷൻ, കേരള) | 1,03,688 |
| ഡോ. ജയന്തി കെ.റ്റി, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (റിട്ട.) | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്) | 54,200 |
| ഡോ. വി.എം. അഷറഫ്, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (റിട്ട.) | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്) | 54,200 |
| ഡോ. താഹിറ.കെ.എ, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (റിട്ട.) | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്) | 54,200 |
| ഡോ. പെണ്ണമ്മ.പി.എസ്, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (റിട്ട.) | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്) | 54,200 |

| | | |
|---|---|---|
| ഡോ. എലിസബത്ത് പി. തോമസ്, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (റിട്ട.) | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്) | 54,200 |
| ഡോ. കുസുമ കുമാരി കെ.ജി ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (റിട്ട.) | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്) | 54,200 |

**കിളിമാനൂർ ലേബർ ഓഫീസിന്റെ നിർമ്മാണം**

299(1089) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ ആസ്ഥാനമായി ലേബർ ഓഫീസ് ആരംഭിക്കണമെന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കിളിമാനൂർ, കല്ലറ, വെഞ്ഞാറമൂട് പ്രദേശത്തെ വ്യാപാരികളും തൊഴിലാളികളും ഇത് സംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി**

300(1090) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ നൽകിയ പ്രോജക്ട് റിപ്പോർട്ട്, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സബ് കമ്മിറ്റി ഇതിനകം പരിഗണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കരട് റിപ്പോർട്ടിന്മേൽ സബ്കമ്മിറ്റി എടുത്ത തീരുമാനങ്ങളും നടപടികളും വിശദമാക്കാമോ;

(സി) കൺസ്ട്രക്ഷൻ അക്കാദമിയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കൺസ്ട്രക്ഷൻ അക്കാദമി ചാത്തന്നൂരിൽ അടിയന്തരമായി ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) 3-7-2018-ന് കൂടിയ സബ്കമ്മിറ്റി കരട് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും നിലവിലെ കരട് പ്രോജക്ട് 2010-ൽ തയ്യാറാക്കിയതായതിനാൽ ആയത് 2018-ലെ നിർമ്മാണ മേഖലയിലെ സാങ്കേതികവിദ്യയും തൊഴിലാളികളുടെ പ്രവർത്തന സാഹചര്യവുമായി പൊരുത്തപ്പെടാത്തതിനാൽ നിലവിലെ സാഹചര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ഡോ. കെ. എസ്. ചന്ദ്രശേഖരന് നിർദ്ദേശം നൽകിയിരുന്നു. ആയത് 21-11-2018-ന് ബോർഡിന് ലഭ്യമായിട്ടുണ്ട്.

(സി&ഡി) കരട് പ്രോജക്ട് റിപ്പോർട്ട് ബോർഡ് യോഗത്തിൽ ചർച്ച ചെയ്തതിനുശേഷം സർക്കാർ അനുമതിക്ക് വിധേയമായി മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(1091-ാം നമ്പർ ചോദ്യം ഒഴിവാക്കിയിരിക്കുന്നു.)

## ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനകേന്ദ്രങ്ങളും പാഠ്യരീതിയും

301(1092) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിലെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനകേന്ദ്രങ്ങളും പാഠ്യരീതിയും നേരിൽക്കണ്ട് മനസ്സിലാക്കാൻ അവസരം ഒരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളെ പരിശീലനത്തിനായി വിദേശരാജ്യങ്ങളിലേക്ക് അയച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഏതെല്ലാം രാജ്യത്തിലേക്ക് എത്ര വിദ്യാർത്ഥികളെയാണ് അയച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിദ്യാർത്ഥികൾ ഏതെല്ലാം ഐ.ടി.ഐ. -കളിൽ നിന്നുള്ളവരാണെന്നും ഇവരെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങൾ എന്തായിരുന്നു വെന്നും വ്യക്തമാക്കാമോ;

(ഇ) ഈ പരിശീലനത്തിന് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന കേന്ദ്രങ്ങളും പാഠ്യരീതിയും നേരിൽക്കണ്ട് മനസ്സിലാക്കാൻ അവസരം ലഭിക്കുന്നതിലേക്കായി 57 വിദ്യാർത്ഥികളെ 2018 നവംബർ മാസം സിങ്കപ്പൂരിലേയ്ക്ക് അയച്ചിട്ടുണ്ട്.

(ഡി) ആറ്റിങ്ങൽ, ചെങ്ങന്നൂർ (വനിത), ചെങ്ങന്നൂർ, ധനുവച്ചപുരം, കൊല്ലം (വനിത), കൊല്ലം, ചാത്തന്നൂർ, ആര്യനാട്, പുറക്കാട്, അരീക്കോട്, കഴക്കൂട്ടം, മാള, കണ്ണൂർ (വനിത), കണ്ണൂർ, മാറാഞ്ചേരി, കോഴിക്കോട് (വനിത), കോഴിക്കോട്, വാണിയംകുളം, കായംകുളം, പള്ളിക്കത്തോട്, ആരക്കുഴ, കളമശ്ശേരി, കാസർഗോഡ്, ചാലക്കുടി, കല്പറ്റ, കുഴൽമന്ദം, വടകര എന്നീ 27 ഐ.ടി.ഐ.-കളിൽ നിന്നുള്ളവരാണ് ഈ വിദ്യാർത്ഥികൾ. ഇന്ത്യ സ്കിൽ കേരള 2018 നടന്ന സമയത്ത് വിവിധ ഐ.ടി.ഐ.-കളിൽ പരിശീലനം നടത്തുകയും ടി മത്സരങ്ങളിൽ സംസ്ഥാനതലത്തിൽ വിജയിക്കുകയും ചെയ്ത 10 പേരും സോണൽ തലത്തിൽ വിജയിച്ച 28 പേരും ജില്ലാതല മത്സരങ്ങളിൽ വിജയിച്ച ഐ.ടി.ഐ. ട്രെയിനികളിൽനിന്നും 2018 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ നടന്ന ട്രേഡ് ടെസ്റ്റിൽ മികച്ച വിജയം കരസ്ഥമാക്കിയ 19 പേരെയുമാണ് തെരഞ്ഞെടുത്തത്.

(ഇ) ടി പരിശീലനത്തിന് 50,00,000 (അമ്പത് ലക്ഷം രൂപ) ചെലവായിട്ടുണ്ട്.

**മരട് ഐ.ടി.ഐ. -യ്ക്ക് പുതിയ കെട്ടിടം**

302(1093) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ മരട് ഐ.ടി.ഐ.- യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ;

(ബി) എത്ര ഘട്ടമായാണ് ഇതിന്റെ നിർമ്മാണം നടത്തുകയെന്ന് അറിയിക്കുമോ;

(സി) ഒട്ടേറെ തൊഴിൽസാധ്യതകളുള്ള പ്രദേശമാണെന്ന പ്രത്യേക പരിഗണന നൽകി കാലാനുസൃതവും ആവശ്യാനുസൃതവുമായ പുതിയ ട്രേഡുകൾ കൂടി ഭാവിയിൽ അനുവദിക്കപ്പെടുന്നതിന് ഉതകുംവിധം പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നടത്തുമോ;

(ഡി) സമയബന്ധിതമായി ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുമോ;

(ഇ) ഇതിനുള്ള ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മരട് ഐ.ടി.ഐ-യുടെ ഒന്നാംഘട്ട നിർമ്മാണത്തിനായി 3.99 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. രണ്ടും മൂന്നും ഘട്ട നിർമ്മാണത്തിനായുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) മൂന്ന് ഘട്ടമായിട്ടാണ് നിർമ്മാണം നടത്തുന്നത്.

(സി) പുതിയ ട്രേഡുകൾകൂടി ഭാവിയിൽ ആരംഭിക്കുന്നത് ലക്ഷ്യമിട്ട് കൂടിയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ഡി) പൂർത്തീകരിക്കുന്നതാണ്.

(ഇ) ഭരണാനുമതി നൽകുന്നതിന് മുന്നോടിയായി ഐ.ടി.ഐ-യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ അംഗീകരിക്കേണ്ടതുണ്ട്. ആയത് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**വളയം ഐ.ടി.ഐ**

303(1094) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളയം ഐ.ടി.ഐ. കേന്ദ്രത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യുടെ കെട്ടിട നിർമാണത്തിനുള്ള ഭരണാനുമതി എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര രൂപ പ്രസ്തുത നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വളയം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് ഉൾക്കൊള്ളുന്ന കെട്ടിടത്തിലാണ് നിലവിൽ വളയം ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്ന ടി ഐ.ടി.ഐ-യിൽ ഡി/സിവിൽ, ഇലക്ട്രീഷ്യൻ എന്നീ രണ്ട് ട്രേഡുകളാണുള്ളത്. ഐ.ടി.ഐ-യ്ക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് ടൗണിൽനിന്നും 1 കി.മീറ്റർ മാറി 1.01 ഏക്കർ ഭൂമി പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്.

(ബി) വളയം ഐ.ടി.ഐ-യുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ മൊത്തം ഐ.ടി.ഐ.-കളിലെ നിർമ്മാണ പ്രവൃത്തിക്കായി മൊത്തം 35.5 കോടി രൂപ ക്യാപ്പിറ്റൽ ഹെഡ്ഡിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും ആനുപാതിക തുക ലഭ്യമാക്കുന്നതാണ്.

**മാടായി ഗവ. ഐ.ടി.ഐ.**

304(1095) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗവ. ഐ.ടി.ഐ.-ൽ പുതുതായി ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പുതുതായി ഫിറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, മെക്കാനിക് റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്, മെഷീനിസ്റ്റ്, വെൽഡർ എന്നീ ട്രേഡുകൾ കൂടി ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**ചാത്തമംഗലം ഐ.ടി.ഐ-യിൽ പുതിയ കോഴ്സുകൾ**

305(1096) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഐ.ടി.ഐ. പ്രവർത്തിച്ചുവരുന്ന ചാത്തമംഗലം ഗവ.വെൽഫെയർ സ്കൂളിൽ ആവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും നിലവിലുള്ളതിനാൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചാത്തമംഗലം ഗവ.ഐ.ടി.ഐ-യ്ക്കായി സർക്കാർ വെൽഫെയർ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഭാഗികമായി മാത്രമേ വിട്ടു നൽകിയിട്ടുള്ളൂ. ആയതിനാൽ നിലവിലുള്ള കോഴ്സുകൾക്ക് തന്നെ സൗകര്യങ്ങൾ തികയാത്ത സ്ഥിതിയാണുള്ളത്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യം പഞ്ചായത്ത് ലഭ്യമാക്കുന്നമുറയ്ക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കൊയിലാണ്ടി സർക്കാർ ഐ.ടി.ഐ.**

306(1097) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സർക്കാർ ഐ.ടി.ഐ. -യെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ആയി ഉയർത്തുന്നത് സംബന്ധിച്ച് ക്യു1/148/2016 തീയതി 21-6-2018-ന് നൽകിയ പ്രൊപ്പോസലിൻമേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഐ.ടി.ഐ -യിലെ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇലക്ട്രോണിക്സ് മെക്കാനിക്കൽ ട്രേഡിൽ രണ്ട് യൂണിറ്റുകൾ കൂടി ആരംഭിക്കാൻ കഴിയുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇലക്ട്രോണിക്സ്, മെക്കാനിക്കൽ ട്രേഡിന്റെ രണ്ട് യൂണിറ്റുകൾ കൂടി ആരംഭിക്കാനുള്ള അനുമതി ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യത്തിൽ 31-7-2018-ന് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാരിൽ പരിശോധിച്ചുവരുന്നു.

(ബി&സി) നിലവിലെ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൊയിലാണ്ടി ഐ.ടി.ഐ-യിൽ ഇലക്ട്രീഷ്യൻ ട്രേഡ് അനുവദിച്ച് ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ആയി ഉയർത്തുന്നതിനുള്ള ശിപാർശയാണ് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ കൊയിലാണ്ടി ഐ.ടി.ഐ-യിൽ ഇലക്ട്രോണിക് മെക്കാനിക് ട്രേഡിന്റെ 2 യൂണിറ്റിൽ പരിശീലനം നൽകിവരുന്നു. ടി ട്രേഡിന്റെ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

**ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.- യ്ക്ക് കെട്ടിടനിർമ്മാണം**

307(1098) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് വിട്ട് നൽകിയ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം കണ്ടെത്തി നൽകണമെന്ന വ്യവസ്ഥയിലാണ് പുതുതായി ഐ.ടി.ഐ.-കൾ ആരംഭിക്കുന്നത്. ആയതുപ്രകാരം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് വ്യാവസായിക പരിശീലന വകുപ്പിന് സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(സി) സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നമുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

**ചെറിയമുണ്ടം ഐ.ടി.ഐ.-ൽ പുതിയ കോഴ്സുകൾ**

308(1099) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപുലമായ സൗകര്യങ്ങളോടുകൂടി പുതിക്കിപണിത ചെറിയമുണ്ടം ഗവ.ഐ.ടി.ഐയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാലഘട്ടത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചെറിയമുണ്ടം സർക്കാർ ഐ.ടി.ഐ-യിൽ ടർണർ, മെഷീനിസ്റ്റ് ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പരിഗണനയിലില്ല.

## തിരുവമ്പാടി സർക്കാർ ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം

309(1100) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന തിരുവമ്പാടി സർക്കാർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ യു.എൽ.സി.സി.എസ്.-ന്റെ ഡി.പി.ആർ. ഭരണാനുമതി നൽകുന്നതിനായി സമർപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നറിയിക്കാമോ;

(സി) ഐ.ടി.ഐ. കെട്ടിടം പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവമ്പാടി സർക്കാർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചുവരികയാണ്.

(ബി) യു.എൽ.സി.സി.എസ്.-ന്റെ ഡി.പി.ആർ. ഭരണാനുമതിക്കായി സമർപ്പിക്കുന്നതിൽ തടസ്സമുള്ളതായി കാണുന്നില്ല.

(സി) ഐ.ടി.ഐ. യുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്.

## ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.

310(1101) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിലെ ട്രേഡുകൾക്ക് എൻ.സി.വി.ടി. യുടെ അംഗീകാരം ലഭിക്കുന്നതിനായി പെയിന്റർ ജനറൽ, ഡ്രസ് മേക്കിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകൾക്ക് ഓരോ യൂണിറ്റുകൂടി അനുവദിക്കുന്നതിനുള്ള നടപടികളിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഐ. ടി.ഐ.-ക്കായി കൊല്ലം മീനാട് വില്ലേജിൽ റീസർവ്വേ 158/2, ബ്ലോക്ക് നമ്പർ 30-ൽപ്പെട്ട സ്ഥലം അനുവദിച്ച് നൽകാൻ കഴിയില്ലെന്ന വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുടെ അറിയിപ്പിന്റെ പൂർണ്ണരൂപം ലഭ്യമാക്കാമോ?

ഉത്തരം

(എ) ചാത്തന്നൂർ ഐ.ടി.ഐ-യിൽ പെയിന്റർ ജനറൽ, ഡ്രസ് മേക്കിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകൾക്ക് ഓരോ യൂണിറ്റുകൂടി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറുടെ കത്തിന്റെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

**കറുകച്ചാലിൽ വനിതാ ഐ.ടി.ഐ.**

311(1102) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാലിൽ പുതിയ വനിതാ ഐ.ടി.ഐ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യ്ക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഐ.ടി.ഐ.യ്ക്കുള്ള ഭരണാനുമതി ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ പുതിയ വനിതാ ഐ.ടി.ഐ. ആരംഭിക്കുന്നതിന് പഞ്ചായത്തിൽ സ്ഥലം ഇല്ലെന്നും സ്ഥലം വാങ്ങി നൽകുക അപ്രായോഗികമാണെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചിരുന്നു. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യം കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

**എംപ്ലോയ്മെന്റ് ആഫീസുകളുടെ നവീകരണം**

312(1103) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ആഫീസുകളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽരഹിതർ എത്രയാണ്;

(സി) പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പ്രത്യേകം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗദായകർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നൽകുന്ന സേവനങ്ങൾ സുതാര്യമായും കൂടുതൽ വേഗത്തിലും മെച്ചപ്പെട്ട രീതിയിലും ഓൺലൈൻ ആയി നൽകുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 3-5-2017-ന് നിർവ്വഹിക്കുകയും ചെയ്തു. www.employment.kerala.gov.in എന്ന പ്രസ്തുത പോർട്ടൽ മുഖാന്തിരം രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരികയാണ്. ജില്ലാതലം വരെയുള്ള 29 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

**എംപ്ലോയബിലിറ്റി സെന്റർ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

**കരിയർ ഡെവലപ്മെന്റ് സെന്റർ**

സംസ്ഥാന സർക്കാർ തൊഴിൽ നയത്തിന്റെ ഭാഗമായി ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം കാണുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലെ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം 2016-17 സാമ്പത്തിക വർഷം മുതൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം കായംകുളം, തൃപ്പൂണിത്തുറ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**മോഡൽ കരിയർ സെന്റർ**

കേന്ദ്രസർക്കാരിന്റെ തൊഴിൽനയപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കരിയർ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് കീഴിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്റർ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 3595812 (മുപ്പത്തി അഞ്ചുലക്ഷത്തി തൊണ്ണൂറ്റി അഞ്ചായിരത്തി എണ്ണൂറ്റി പന്ത്രണ്ട്) തൊഴിൽ രഹിതർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിയമനത്തിനായി നാമനിർദ്ദേശം ചെയ്യുന്നതിനോടൊപ്പം പ്രത്യേക പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

313(1104) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 31-10-18 വരെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തൊഴിൽ ഇല്ലായ്മ വേതനം എത്ര രൂപ ആണ് ; വിശദമാക്കുമോ;

(സി) തൊഴിലില്ലാത്തവർക്കായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റിന്റെ കീഴിലും കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയും നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ 30-9-2018 വരെയുള്ള കണക്കുകൾ മാത്രമെ ലഭ്യമായിട്ടുള്ളു. ആയതുപ്രകാരം ആകെ **3595812** (മുപ്പത്തിയഞ്ചു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ്റി പന്ത്രണ്ട്) തൊഴിൽ രഹിതർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സ്ത്രീകൾ: 2273828

പുരുഷന്മാർ: 1321984

ആകെ: 3595812

ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

(ബി) നിലവിൽ ഒരു ഗുണഭോക്താവിന് പ്രതിമാസം 120 രൂപയാണ് തൊഴിൽരഹിത വേതനമായി നൽകിവരുന്നത്.

2018-19 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ തൊഴിൽരഹിത വേതനത്തിനായി 29,33,42,000 രൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും 15,53,42,400 രൂപ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശീർഷകങ്ങളിലായി, 2017 ആഗസ്റ്റ് മാസം മുതൽ 2018 മാർച്ച് മാസം വരെയുള്ള 8 മാസക്കാലത്തെ തൊഴിൽരഹിത വേതനം കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയ പ്രകാരം 127045 ഗുണഭോക്താക്കൾക്ക് 2017 ആഗസ്റ്റ് മാസം മുതൽ 2018 മാർച്ച് മാസം വരെയുള്ള 8 മാസക്കാലത്തെ തൊഴിൽരഹിത വേതനം കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന ഗവണ്മെന്റിന്റെ കീഴിൽ, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(1) കെസ്റു

(കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. 21-നും 50-നും മദ്ധ്യേ പ്രായപരിധിയുള്ള, കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000 രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

(2) മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. 21-നും 45-നും മദ്ധ്യേ പ്രായപരിധിയുള്ള, (പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ/ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

(3) ശരണ്യ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം

രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000 രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000 രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.

(4) കൈവല്യ

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരായ തൊഴിൽരഹിതർക്കുവേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ്, കൈവല്യ. ടി പദ്ധതി 2016-ൽ ആരംഭിച്ചു. ടി പദ്ധതിക്ക് താഴെപ്പറയുന്ന നാല് ഘടകങ്ങളുണ്ട്.

I. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നു.

II. കപ്പാസിറ്റി ബിൽഡിംഗ്

ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകുന്നു.

III. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും അറിയിക്കുന്ന ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നതുവരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കുകയും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് തുടർപരിശീലനം നൽകുകയും ചെയ്യുന്നു.

IV. സ്വയംതൊഴിൽ വായ്പ പദ്ധതി

സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകുന്നതാണ്. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്നപക്ഷം 1 ലക്ഷം രൂപ വരെ

അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ളപക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ ഭർത്താവ്/ ഭാര്യ/ മകൻ/ മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്.

## തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ

314(1105) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) സമയബന്ധിതമായി ഈ നടപടികൾ പൂർത്തീകരിക്കുമോ;

(സി) ഈ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് കീഴിൽ തൃപ്പൂണിത്തുറ ആസ്ഥാനമായി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് തൃപ്പൂണിത്തുറ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചൂരക്കാട് ഷോപ്പിംഗ് കോംപ്ലക്സ് നമ്പർ 31 കെട്ടിടത്തിൽ 188 A1 മുതൽ A 29 വരെ നമ്പറുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയുടെ മുകളിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയ്ക്കുതന്നെ നിലനിർത്തികൊണ്ട് കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് ഡയറക്ടറും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി സെക്രട്ടറിയും തമ്മിൽ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## നിലമ്പൂരിൽ കരിയർ ഡെവലപ്മെന്റ് സെന്ററും ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും

315(1106) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ കരിയർ ഡവലപ്മെന്റ് സെന്റർ അനുവദിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിക്കുമോ; നിലമ്പൂർ കേന്ദ്രീകരിച്ച് കരിയർ ഡവലപ്മെന്റ് സെന്റർ അനുവദിക്കുമോ; വിശദമാക്കാമോ;

(ബി) കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന മേഖലകളിൽ ഒന്നായ നിലമ്പൂരിൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ &ബി) പരിശോധിക്കുന്നതാണ്.

**ഇ.എസ്.ഐ. ആനുകൂല്യം**

316(1107) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്ന തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽനിന്നും ചികിത്സ ലഭിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽനിന്നും റഫർ ചെയ്ത് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചെലവാകുന്ന തുക രോഗികൾക്ക് ഇ.എസ്.ഐ. കോർപ്പറേഷൻ തിരിച്ച് നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

(സി) ചികിത്സാ ആനുകൂല്യങ്ങൾക്കായി സമർപ്പിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി തുക രോഗികളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇ.എസ്.ഐ. തൊഴിലാളികൾക്ക് ഇ.എസ്.ഐ. കോർപ്പറേഷൻ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലേക്ക് റഫറൻസ് വാങ്ങി ചികിത്സ തേടാവുന്നതാണ്. ഇൻഷ്വർ ചെയ്ത തൊഴിലാളിക്ക് അംശദായ കാലയളവിൽ 78 ദിവസത്തെ വരിസംഖ്യ അടച്ചാൽ രജിസ്റ്റർ ചെയ്ത് 6 മാസത്തിനുശേഷം ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത ഉണ്ടായിരിക്കും. കൂടാതെ രണ്ട് അംശദായ കാലയളവിൽ 156 ദിവസത്തെ വരിസംഖ്യ (78 ദിവസം

വീതം ഓരോ കാലയളവിലും) അടച്ചാൽ രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനുശേഷം ബന്ധപ്പെട്ട ആനുകൂല്യ കാലയളവിൽ ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുടുംബാംഗങ്ങൾക്കും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഇ.എസ്.ഐ. ഗുണഭോക്താവിന്റെ പേര് രജിസ്റ്റർ ചെയ്ത ഡിസ്പെൻസറിയിൽ നിന്നും റഫറൻസ് വാങ്ങി ബന്ധപ്പെട്ട ഇ.എസ്.ഐ. ആശുപത്രി മുഖേന ഇ.എസ്.ഐ. കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ട എംപാനൽഡ് ആശുപത്രിയിലേക്ക് സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ലഭിക്കുന്നതാണ്. ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ 25 കി.മീ. പരിധിയിൽ ഇ.എസ്.ഐ. ആശുപത്രി ഇല്ലെങ്കിൽ ടി ഡിസ്പെൻസറിയിൽനിന്നും നേരിട്ട് എംപാനൽ ചെയ്ത ആശുപത്രിയിലേയ്ക്ക് റഫറൻസ് നൽകുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഇ.എസ്.ഐ. ആശുപത്രിയിൽനിന്ന് നേരിട്ട് ഗുണഭോക്താക്കളെ എംപാനൽ ചെയ്ത ആശുപത്രിയിലേക്കും റഫർ ചെയ്യാറുണ്ട്.

(ബി) സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി ഇ.എസ്.ഐ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ ആശുപത്രികളിലേക്ക് ഇ.എസ്.ഐ. ആശുപത്രികളിൽനിന്നും ഇ.എസ്.ഐ. ഗുണഭോക്താക്കളെ റഫർ ചെയ്യുമ്പോൾ ടി ഗുണഭോക്താക്കളുടെ ചികിത്സയ്ക്ക് ചെലവാകുന്ന തുക ടി സ്വകാര്യ ആശുപത്രിയിൽ അടയ്ക്കേണ്ടതില്ല.

(സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന അപേക്ഷകൾ സീനിയോറിറ്റി ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കി തുക രോഗികളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നുണ്ട്.

**ചീമേനിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി**

317(1108) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ ചീമേനി കേന്ദ്രീകരിച്ച് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിൽ 143 ഇ.എസ്.ഐ. ഡിസ്പെൻസറികൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 12 |
| കൊല്ലം | 30 |
| ആലപ്പുഴ | 14 |
| പത്തനംതിട്ട | 4 |
| കോട്ടയം | 9 |
| ഇടുക്കി | 1 |
| എറണാകുളം | 20 |
| തൃശ്ശൂർ | 15 |
| പാലക്കാട് | 7 |
| മലപ്പുറം | 7 |
| കോഴിക്കോട് | 11 |
| കണ്ണൂർ | 11 |
| വയനാട് | 1 |
| കാസർഗോഡ് | 1 |
| **ആകെ** | **143** |

ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാറിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി-കം-ബ്രാഞ്ച് ഓഫീസ് പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാർത്ഥികളെ ലഹരി വസ്തുക്കളിൽനിന്ന് മോചിപ്പിക്കാൻ നടപടി

318(1109) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറ മദ്യത്തിനും കഞ്ചാവിനുംപുറമെ ലഹരിക്കായി വേദനസംഹാരികളും സോഫ്റ്റ് ഡ്രിംഗ്സും ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കണ്ടിട്ടുണ്ടോ;

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ പുതുലഹരി വ്യാപിപ്പിക്കുന്നതിന് റാക്കറ്റുകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോളേജ്/സ്കൂളുകൾക്ക് സമീപം കഞ്ചാവിന്റെ വില്പന വ്യാപകമായിട്ടും അവയുടെ ഉറവിടം കണ്ടെത്തുന്നതിന് എക്സൈസ് വിഭാഗത്തിന് കഴിയാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി ശക്തിപ്പെടുത്തി സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ മയക്കുമരുന്നിന്റെ പിടിയിൽനിന്ന് മോചിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തിവരുന്നു. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഡ്രഗ് ഇൻസ്പെക്ടർമാരുമായി സഹകരിച്ച് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തി മേൽനടപടികൾ സ്വീകരിക്കുകയും ജീവൻരക്ഷാ മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതിനെതിരെ മെഡിക്കൽ സ്റ്റോർ ഉടമകളേയും പൊതുജനങ്ങളേയും ബോധവത്കരിക്കുന്നതിനായി ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ച് വിവിധ ദൃശ്യ മാധ്യമങ്ങളിലൂടെ പ്രദർശനം നടത്തിവരികയും ചെയ്യുന്നു.

(ഡി) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയുടെ തുടർച്ചയെന്നോണം ഈ സർക്കാർ ആരംഭിച്ച "വിമുക്തി" മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ/കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കായി വിവിധ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. സ്കൂൾ/കോളേജ് തലങ്ങളിൽ 3272 ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്കിടയിൽ തന്നെ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്താനും സ്കൂൾ പരിസരങ്ങളിലും മറ്റും മയക്ക് മരുന്നുകളുടെ വില്പന, കടത്ത് എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

## ഡിസ്റ്റിലറികൾക്കും ബ്രൂവറികൾക്കും ലൈസൻസ്

319(1110) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഡിസ്റ്റിലറികൾക്കും ബ്രൂവറികൾക്കും ഈ സർക്കാർ ലൈസൻസ് നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ നയം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ;

(സി) നിയമ വിധേയമായിട്ടല്ലാതെ പുതുതായി അനുവദിച്ച യൂണിറ്റുകളുടെ ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി) അഴിമതി ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ലഹരി വർജ്ജനത്തിന് ഊന്നൽനൽകുന്ന മദ്യനയം കാര്യക്ഷമമായി നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ബാധകമല്ല.

## ബ്രൂവറികളും കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിക്കൽ

320(1111) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യഷാപ്പുകളിൽ വിതരണത്തിന് ആവശ്യമായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും ബീയറും സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീരുമാനപ്രകാരം മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകുന്നതിന് തീരുമാനം എടുത്തിരുന്നോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) 29-9-1999-ലെ GO.(Rt.)/689/99/TD ഉത്തരവനുസരിച്ച് സംസ്ഥാനത്ത് പുതിയ ഡിസ്റ്റിലറി/കോമ്പൗണ്ടിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകേണ്ടതില്ലെന്ന് ക്യാബിനറ്റ് നയപരമായ തീരുമാനം എടുത്തിരുന്നോ ;

(ഡി) നയപരമായ തീരുമാനം മാറ്റിയശേഷമാണോ മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകിയതെന്നും പ്രസ്തുത തീരുമാനത്തിന് ക്യാബിനറ്റിന്റെ അംഗീകാരം ഉണ്ടായിരുന്നോ എന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ക്യാബിനറ്റിന്റെ അംഗീകാരം തേടാതെ നയപരമായ തീരുമാനത്തിൽ വ്യതിയാനം വരുത്തിയത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഇ) പുതിയ ബ്രൂവറികളും, കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിക്കുന്ന കാര്യം മദ്യനയത്തിൽ പ്രഖ്യാപിച്ചിരുന്നോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന ബിയറിന്റെ 40 ശതമാനവും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ 7 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നപക്ഷം ഉണ്ടാവുന്ന സാമ്പത്തികനേട്ടവും പുതുതായി സൃഷ്ടിക്കുവാൻ കഴിയുന്ന തൊഴിലവസരവും പരിഗണിച്ച് പുതിയ ബ്രൂവറികളും, കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് ആൻഡ് ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുവാദം നൽകിയിരുന്നു.

ശ്രീചക്രാ ഡിസ്റ്റലറീസ്, തൃശ്ശൂർ, മലബാർ ഡിസ്റ്റലറീസ് ലിമിറ്റഡ്, ചിറ്റൂർ, പാലക്കാട് എന്നീ കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും; അപ്പോളോ ഡിസ്റ്റലറീസ് ആൻഡ് ബ്രൂവറീസ്, എലപ്പുള്ളി, പാലക്കാട്, ശ്രീധരൻ ബ്രൂവറി, വാരം, കണ്ണൂർ, പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്നീ ബ്രൂവറി യൂണിറ്റുകൾക്കുമാണ് പ്രാഥമിക അനുമതി നൽകിയിരുന്നത്. എന്നാൽ ഇത്തരത്തിൽ അനുവാദം നൽകിയ ഉത്തരവുകൾ 9-10-2018 തീയതിയിലെ സ.ഉ(സാധാ)നമ്പർ 744/2018/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്ത് പുതുതായി ഡിസ്റ്റിലറി/കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 31-12-1998 വരെ എക്സൈസ് വകുപ്പിൽ ലഭിച്ചിരുന്ന അപേക്ഷകൾ പരിഗണിക്കുന്ന വിഷയമാണ് 24-9-1999-ലെ മന്ത്രിസഭാ യോഗം പരിശോധിച്ചത്. വിഷയം പരിഗണിച്ച മന്ത്രിസഭാ യോഗം, മന്നം ഷുഗർ മില്ലിന്റെ അപേക്ഷ മാത്രം അനുവദിക്കുകയും പരാമർശ കാലയളവിൽ ലഭിച്ച മറ്റെല്ലാ അപേക്ഷകളും നിരസിക്കുകയും ചെയ്തു. ഈ മന്ത്രിസഭാ തീരുമാനമാണ് 29-9-1999-ലെ സ.ഉ(സാധാ)നമ്പർ 689/99/നി.വ. ആയി പുറപ്പെടുവിച്ചിട്ടുള്ളത്. ഡിസ്റ്റിലറി/കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഭാവിയിൽ വരുന്ന അപേക്ഷകൾ

പരിഗണിക്കേണ്ടതില്ലെന്ന് 29-9-1999-ലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ല. നിലവിൽ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റിന് അംഗീകാരം നൽകുന്നതിന് മന്ത്രിസഭയുടെ നയപരമായ തീരുമാനം ആവശ്യമില്ലാത്തതാണ്.

(ഇ) പുതിയ മദ്യനിർമ്മാണശാലകൾ ആരംഭിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരംതന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## ശ്രീ ചക്ര ഡിസ്റ്റിലറി പ്രൈവറ്റ് ലിമിറ്റഡ്

321(1112) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) M/s ശ്രീചക്ര ഡിസ്റ്റിലറി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം തൃശ്ശൂർ ജില്ലയിൽ വിദേശ മദ്യത്തിന്റെ കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ് & ബോട്ടിലിംഗ് യൂണിറ്റ് സ്ഥാപിക്കുവാൻ അപേക്ഷ നൽകിയിരുന്നോ; എങ്കിൽ എന്നാണ് പ്രസ്തുത അപേക്ഷ നൽകിയത്; ആർക്കാണ് അപേക്ഷ നൽകിയത്;

(ബി) തൃശ്ശൂർ ജില്ലയിലെ ഏത് വില്ലേജിൽ ആരംഭിക്കുവാനാണ് പ്രസ്തുത സ്ഥാപനം അപേക്ഷ സമർപ്പിച്ചത്;

(സി) 29-9-1999-ലെ GO.(Rt.)689/99/TD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന് അനുമതി നൽകുന്നതിന് എന്തൊക്കെ കാര്യങ്ങൾ പരിഗണിക്കണമെന്നാണ് എക്സൈസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ശ്രീചക്ര ഡിസ്റ്റലറിക്ക് അനുമതി നൽകുവാൻ ഉത്തരവായത്; അല്ലെങ്കിൽ എന്തുകൊണ്ടാണ് മേൽ നിർദ്ദേശം അവഗണിച്ചതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) അപേക്ഷ നൽകിയിരുന്നു.

4-7-2017 -ലെ അപേക്ഷ മുഖ്യമന്ത്രി മുമ്പാകെയും 24-10-1998, 10-10-2003 തീയതികളിലെ അപേക്ഷകൾ അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി മുമ്പാകെയും, 4-7-2017, 24-10-2017 തീയതികളിലെ അപേക്ഷകൾ എക്സൈസ് വകുപ്പുമന്ത്രി മുമ്പാകെയും, 5-4-2010, 4-7-2017, 24-10-2017 എന്നീ തീയതികളിലെ അപേക്ഷകൾ എക്സൈസ് കമ്മീഷണർക്കുമാണ് സമർപ്പിച്ചിട്ടുള്ളത്.

(ബി) തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര താലൂക്കിലെ മാടക്കത്തറ വില്ലേജിൽ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്.

(സി) 29-9-1999-ലെ ഉത്തരവ് പ്രകാരം സർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ, കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് റൂൾസ് 1968, കേരള ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ്) റൂൾസ്, 1975 എന്നിവ പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകുന്നതിന് മന്ത്രിസഭയുടെ നയപരമായ തീരുമാനം ആവശ്യമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിരുന്നു. ആയതിനാൽ, കയറ്റുമതി ആവശ്യത്തിനായി ഇന്ത്യൻ നിർമ്മിത വിദേശമദ്യ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റ് തൃശ്ശൂർ ജില്ലയിൽ സ്ഥാപിച്ച് ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കുന്നതിന് M/s. ശ്രീചക്ര ഡിസ്റ്റിലറി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിക്ക് തത്വത്തിലുള്ള അനുമതി നൽകാമോ എന്നതിൻമേൽ ഉത്തരവിനായി തൊഴിലും എക്സൈസും വകുപ്പുമന്ത്രി മുഖേന മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുന്നതിനായി കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്താണ് ഫയൽ സമർപ്പിച്ചിരുന്നത്.

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിക്കുകയും ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് മന്ത്രിസഭയുടെ അനുമതി ചട്ടപ്രകാരം ആവശ്യമില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലാണ് ചട്ടാനുസരണം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

**മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് പദ്ധതി**

322(1113) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും മദ്യത്തിനെതിരെയുള്ള പ്രചരണം ശക്തമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് ബിയർ ഉല്പാദിപ്പിക്കുന്നതിന് ഈ സർക്കാർ ഏതെങ്കിലും കമ്പനിക്ക് അനുമതി നൽകിയിരുന്നോ; എങ്കിൽ ഏതൊക്കെ കമ്പനികൾക്കെന്ന് വെളിപ്പെടുത്തുമോ;

(സി) ബിയർ ഉല്പാദിപ്പിക്കുന്നതിന് പുതിയ കമ്പനികളുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്തുതന്നെ ബിയർ ഉല്പാദന കമ്പനികൾക്ക് ലൈസൻസ് നൽകുന്നത് മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് എപ്രകാരം സഹായകമാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. ലഹരി ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് മിഷന്റെ പ്രധാന ദൗത്യം. നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ലക്ഷ്യമിടുന്നു. ഡി അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ലഹരിക്കടിമപ്പെട്ടവരെ അതിൽ നിന്നും മോചിപ്പിക്കുക എന്നതും വിമുക്തി മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

(ബി) മൂന്ന് കമ്പനികൾക്ക് അനുമതി നല്കിയിരുന്നു.

1. അപ്പോളോ ഡിസ്റ്റിലറീസ് & ബ്രൂവറീസ് എലപ്പുള്ളി, പാലക്കാട്
2. ശ്രീധരൻ ബ്രൂവറീസ് വാരം, കണ്ണൂർ.
3. പവർ ഇൻഫ്രാടെക് പ്രൈ.ലി. എറണാകുളം.

പ്രസ്തുത അനുമതികൾ 9-10-2018 -ലെ സ.ഉ (സാധാ) നമ്പർ 744/18/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ബിയറിന്റെ 40 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്നവയാണ്. സംസ്ഥാനത്ത് ചെലവാകുന്ന നിരക്കിന് അനുസൃതമായി തദ്ദേശീയമായി ബിയർ ഉത്പാദിപ്പിക്കുന്നപക്ഷം സംസ്ഥാനത്ത് തൊഴിലവസരം കൂടുതലായി സൃഷ്ടിക്കുവാനും ബിയർ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിലൂടെയുള്ള നികുതിനഷ്ടം ഒഴിവാക്കുവാനും സാധിക്കുന്നതാണ്. മദ്യവർജ്ജനത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത മദ്യനയം.

## പുതിയ ബ്രൂവറികളും ഡിസ്റ്റിലറികളും

323(1114) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ ബ്രൂവറികളും ഡിസ്റ്റിലറികളും അനുവദിക്കുവാനായി അപേക്ഷ ക്ഷണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

നിലവിലെ അബ്കാരി നിയമം അനുസരിച്ച് അപേക്ഷകൾ ക്ഷണിക്കേണ്ടതില്ല. പുതിയ അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് രൂപീകരിച്ച സമിതിയുടെ ശിപാർശ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മദ്യനയം**

324(1115) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും ഇരുന്നൂറ് മീറ്റർ ചുറ്റളവിനുള്ളിൽ മദ്യശാലകൾ പാടില്ലെന്ന നിബന്ധനയിൽ ഈ സർക്കാർ എന്ത് ഇളവാണ് അനുവദിച്ചത്; അതിനുള്ള പ്രത്യേക കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ നിലവിൽവന്നശേഷം ത്രീ സ്റ്റാറും അതിന് മുകളിലുമുള്ള എല്ലാ ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എത്ര പുതിയ ബാറുകൾക്കാണ് ലൈസൻസ് നൽകിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നടപടികൾ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ എപ്രകാരം സഹായകമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25-10-2017 ലെ ജി.ഒ.(പി) നമ്പർ 126/2017/നി.വ. പ്രകാരം, 4 സ്റ്റാർ, 5 സ്റ്റാർ, 5 സ്റ്റാർ ഡീലക്സ്, ഹെറിറ്റേജ് വിഭാഗം ഹോട്ടലുകൾക്ക് വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവയിൽ നിന്നുമുള്ള ദൂരപരിധി 17-4-2012 വരെ നിലവിലുണ്ടായിരുന്ന പ്രകാരമുള്ള 50 മീറ്ററായി പുനഃസ്ഥാപിച്ച് ചട്ടഭേദഗതി വരുത്തിയിട്ടുണ്ട്. മുൻപ് നിലവിലുണ്ടായിരുന്ന ദൂരപരിധി പുനഃസ്ഥാപിക്കണമെന്ന ആവശ്യം പരിഗണിച്ചാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(ബി) പുതിയ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ ത്രീ സ്റ്റാർ പദവിയും അതിന് മുകളിൽ സ്റ്റാർ പദവിയുമുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള 121 ഹോട്ടലുകൾക്ക് പുതുതായി എഫ്.എൽ. 3 ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) മദ്യനിരോധനമോ, മദ്യഷാപ്പുകൾ അടച്ചുപൂട്ടുകയോ അല്ല ഈ സർക്കാരിന്റെ മദ്യനയത്തിലൂടെ ഉദ്ദേശിക്കുന്നത്. മദ്യവർജ്ജനത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആയതിന് സഹായകരമാകുന്ന തരത്തിൽ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ അംഗീകൃത മദ്യം മാത്രമേ വിൽപ്പന നടത്തുന്നുള്ളൂ എന്നത് ഉറപ്പാക്കുകകൂടി ചെയ്യുന്നുണ്ട്.

**ബ്രൂവറി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി**

325(1116) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-7-2016-ലെ സർക്കാർ ഉത്തരവിന്റെ G.O (Rt) 587/2016/TD അടിസ്ഥാനത്തിൽ അപ്പോളോ ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് പാലക്കാട് എലപ്പുള്ളിയിൽ ബ്രൂവറി യൂണിറ്റ് സ്ഥാപിക്കുന്നതിന് നൽകിയിരുന്ന അനുമതി ഈ സർക്കാരിന്റെ കാലത്ത് നിഷേധിച്ചിരുന്നോ;

(ബി) എങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് പ്രസ്തുത കമ്പനിയുടെ അപേക്ഷ നിരസിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) 28-6-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം G.O.(Rt) No.461/2018/TD ഇതേ കമ്പനിക്ക് എലപ്പുള്ളിയിൽത്തന്നെ ബ്രൂവറി സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) 2016-ൽ അനുമതി നിഷേധിച്ച കമ്പനിക്ക് രണ്ട് വർഷം കഴിഞ്ഞ് അനുമതി നൽകിയത് ഏത് പ്രത്യേക സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാരിന്റെ മദ്യനയത്തിൽവന്ന മാറ്റമാണോ പ്രസ്തുത തീരുമാനത്തിലേക്ക് നയിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) നിഷേധിച്ചിരുന്നു.

കഴിഞ്ഞ സർക്കാരിന്റെ മദ്യനയത്തിനനസൃതമായി പരിശോധിച്ച് സമർപ്പിച്ചിരുന്ന ഫയലിലെ തീരുമാനപ്രകാരമാണ് 28-7-2016 -ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി&ഇ) 13-6-2017 തീയതിയിലെ സ.ഉ. (കൈ) നമ്പർ 43/2017/നി.വ. പ്രകാരം ഈ സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിക്കുകയുണ്ടായി. മദ്യനിരോധനമല്ല മറിച്ച് മദ്യവർജ്ജനമാണ് നയമെന്ന് ആയതിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മദ്യ നയത്തിൽ 3 സ്റ്റാർ ക്ലാസ്സിഫിക്കേഷന് മുകളിലുള്ള ഹോട്ടലുകൾക്ക് എഫ്.എൽ. 3 ലൈസൻസ് നൽകുന്നതിനും തീരുമാനിച്ചിരുന്നു. സർക്കാരിന്റെ പുതിയ മദ്യനയം പരിഗണിച്ച് 13-11-2017-ൽ എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 28-6-2018-ന് ബ്രൂവറി സ്ഥാപിക്കുവാൻ അനുമതി നൽകി ഉത്തരവായിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൂടുതൽ വിദേശമദ്യം ഇറക്കുമതി ചെയ്യേണ്ട സാഹചര്യം കണക്കിലെടുത്ത്, സംസ്ഥാനത്ത്തന്നെ ബ്രൂവറി സ്ഥാപിക്കുന്നത് വഴി, മദ്യ ഇറക്കുമതി കുറയ്ക്കുന്നതിനും, തൊഴിലവസരങ്ങൾ കൂട്ടുന്നതിനും നികുതി വരുമാനം ലഭ്യമാകുന്ന സാഹചര്യംകൂടി പരിശോധിച്ചാണ് ഇത്തരത്തിലൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

**ശ്രീചക്ര ഡിസ്റ്റലറി പ്രൈവറ്റ് ലിമിറ്റഡ് മുഖേന ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മാണം**

326(1117) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചക്ര ഡിസ്റ്റലറി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയിരുന്നോ; എങ്കിൽ എവിടെ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്;

(ബി) പ്രസ്തുത സ്ഥാപനം വഴി എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിരുന്നത്;

(സി) കയറ്റുമതി ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണോ പ്രസ്തുത സ്ഥാപനം വിദേശമദ്യം നിർമ്മിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശമദ്യം ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നതിലൂടെ ഡ്യൂട്ടിയിനത്തിൽ പ്രതീക്ഷിക്കുന്ന പ്രതിവർഷ വരുമാനം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് നിലവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഉപഭോഗത്തിലും നിർമ്മാണത്തിലുമുള്ള വ്യത്യാസം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) വിദേശമദ്യ കയറ്റുമതിക്ക് ഒരു കമ്പനിക്ക് അനുമതി നൽകുന്നതിലൂടെ ടി കുറവ് എപ്രകാരം പരിഹരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിരുന്നു.

തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. പ്രസ്തുത അനുമതി 9-10-2018-ലെ സ.ഉ(സാധാ)നമ്പർ 744/2018/നി.വ.-ലൂടെ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഏകദേശം 300 ആളുകൾക്ക് തൊഴിലവസരം ലഭിക്കുമെന്നാണ് അപേക്ഷയിൽ പറഞ്ഞിരുന്നത്.

(സി) ശ്രീചക്ര ഡിസ്റ്റലറി പ്രൈവറ്റ് ലിമിറ്റഡ് കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ആഭ്യന്തര ഉത്പാദനത്തിനോടൊപ്പം കയറ്റുമതിയും ഉദ്ദേശമായി അപേക്ഷയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) കയറ്റുമതി ചെയ്യുന്ന മദ്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ഡ്യൂട്ടി ഈടാക്കുവാനാകില്ല. എന്നാൽ പ്രൂഫ് ലിറ്ററിന് 5 രൂപ എന്ന നിരക്കിൽ കയറ്റുമതി ഫീസ് ഗവൺമെന്റിലേക്ക് ലഭിക്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് നിലവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ നിർമ്മാണവും ഉപഭോഗവും തമ്മിൽ 7 ശതമാനം വ്യത്യാസമാണുള്ളത്.

(എഫ്) ശ്രീചക്ര ഡിസ്റ്റലറീസിന് മദ്യം കയറ്റുമതി ചെയ്യുന്നതിനുള്ള അനുമതി നൽകിയിരുന്നില്ല.

**ശ്രീധർ ബ്രൂവറീസ് അപേക്ഷ**

327(1118) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ വാരത്ത് ബ്രൂവറി സ്ഥാപിക്കുന്നതിനുള്ള ശ്രീധർ ബ്രൂവറീസിന്റെ അപേക്ഷ എന്നാണ് എക്സൈസ് കമ്മീഷണർക്ക് ലഭിച്ചതെന്ന് അറിയിക്കുമോ;

(ബി) അതിന്മേലുള്ള പരിശോധന പൂർത്തിയാക്കി എക്സൈസ് കമ്മീഷണർ എന്നാണ് സർക്കാരിലേക്ക് പ്രസ്തുത അപേക്ഷ അയച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ, വാരത്ത് ബ്രൂവറി സ്ഥാപിക്കുന്നതിനുള്ള ശ്രീധരൻ ബ്രൂവറീസിന്റെ 6-10-2017 തീയതിയിലെ അപേക്ഷ എക്സൈസ് കമ്മീഷണർക്ക് 11-10-2017-ൽ ലഭിച്ചു. പ്രസ്തുത അപേക്ഷ പരിശോധിച്ച് 6-3-2018 തീയതിയിലെ കത്ത് മുഖേന സർക്കാരിലേയ്ക്ക് അയച്ചു.

## ബീവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന ഔട്ട്‌ലെറ്റുകളുടെ അടച്ചുപൂട്ടൽ

328(1119) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ പത്ത് ശതമാനം ചില്ലറ വില്പന ഔട്ട്‌ലെറ്റുകൾ വർഷംതോറും അടച്ചുപൂട്ടുമെന്ന മുൻസർക്കാരിന്റെ തീരുമാനം നടപ്പാക്കേണ്ടതില്ലെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) മദ്യശാലകൾ ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന് വ്യവസ്ഥ ചെയ്യുന്ന പഞ്ചായത്ത് രാജ്/നഗര പാലിക നിയമത്തിലെ 232, 437 വകുപ്പുകൾ ഈ സർക്കാർ നിയമഭേദഗതിയിലൂടെ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിദേശമദ്യ ചില്ലറ വിൽപ്പന ഔട്ട്‌ലെറ്റുകൾ നിർത്തലാക്കിയ സ്ഥലങ്ങളിൽ മദ്യലഭ്യത കുറഞ്ഞതുമൂലം അനധികൃതമദ്യം, മയക്കുമരുന്ന്/കഞ്ചാവ്/ മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ കള്ളക്കടത്ത്, വിൽപ്പന, ഉപഭോഗം എന്നിവ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശമദ്യ ഷോപ്പുകൾ വീണ്ടും നിർത്തലാക്കുന്നത് നിലവിലെ സാഹചര്യം കൂടുതൽ വഷളാക്കും. മാത്രവുമല്ല, മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ മദ്യനയത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് വർഷംതോറും പത്ത് ശതമാനം ചില്ലറവിൽപ്പന ഔട്ട്‌ലെറ്റുകൾ അടച്ചുപൂട്ടണമെന്ന തീരുമാനം പിൻവലിച്ചത്.

(ബി) മാറ്റം വരുത്തിയിട്ടുണ്ട്. സംസ്ഥാനത്താകെ ഒരേതരത്തിലുള്ള അബ്കാരി നയം നടപ്പാക്കുന്നതിനും വിവിധ അപേക്ഷകർ തമ്മിലും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ളതുമായ വിവേചനം അവസാനിപ്പിക്കുന്നതിനുമാണ് കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും ഭേദഗതി ചെയ്തത്.

## ബ്രൂവറികളും കോമ്പൗണ്ടിംഗ്-ബ്ലന്റിംഗ്-ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിച്ച നടപടി

329(1120) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ് - ബ്ലന്റിംഗ് - ബോട്ടിലിംഗ് യൂണിറ്റുകൾക്കും ഈ സർക്കാർ അനുമതി നൽകിയിരുന്നോ; അനുമതി പിന്നീട് റദ്ദ് ചെയ്തിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു വെന്ന് വ്യക്തമാക്കുമോ;

(ബി) ബ്രൂവറികൾക്കും കോമ്പൗണ്ടിംഗ്-ബ്ലന്റിംഗ്- ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകുന്നതിനുള്ള മാനദണ്ഡം തയ്യാറാക്കുവാൻ സർക്കാർ സമിതി രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് ഈ സമിതിയിലെ അംഗങ്ങളെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സമിതി മാനദണ്ഡങ്ങൾ നിശ്ചയിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഡി) മാനദണ്ഡങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ എന്ത് അടിസ്ഥാനത്തിലാണ് ഈ വർഷം മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ്-ബ്ലന്റിംഗ്- ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകി ഉത്തരവായതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത തീരുമാനത്തിൽ അഴിമതിയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു. എന്നാൽ 9-10-2018 തീയതിയിലെ സ.ഉ(സാധാ)നമ്പർ.744/2018/നി.വ. പ്രകാരം പ്രസ്തുത അനുമതികൾ റദ്ദ് ചെയ്തിട്ടുണ്ട്. പ്രളയക്കെടുതിയെ തുടർന്ന് കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരും യോജിച്ച് നിൽക്കേണ്ട ആവശ്യകത നിലനിൽക്കുമ്പോൾ, അടിസ്ഥാന രഹിതമായ വിവാദങ്ങളുയർത്തി യോജിച്ച അന്തരീക്ഷം ഇല്ലാതാക്കുവാൻ ശ്രമം നടന്ന സാഹചര്യത്തിലാണ് അനുമതി ഉത്തരവുകൾ റദ്ദ് ചെയ്തത്.

(ബി) 9-10-2018-ലെ സ.ഉ(സാധാ)നമ്പർ 744/2018/നി.വ. 17-10-2018-ലെ സ.ഉ(സാധാ)നമ്പർ 764/2018/നി.വ എന്നിവ പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്. നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയും, എക്സൈസ് കമ്മീഷണർ, നിയമ വകുപ്പ് സെക്രട്ടറി, ജോയിന്റ് എക്സൈസ് കമ്മീഷണർ (ഇ.സി.ആർ.ബി), നികുതി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ സമിതിയിലെ അംഗങ്ങളുമാണ്.

(സി) ഉണ്ട്.

(ഡി) നിലവിലെ ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചാണ് അനുമതികൾ നൽകിയിട്ടുള്ളത്. അബ്കാരി ആക്ടിലെ സെക്ഷൻ 14 പ്രകാരം സർക്കാരിൽ അധിഷ്ഠിതമായിരിക്കുന്ന അധികാരമുപയോഗിച്ചും 1967-ലെ ബ്രൂവറി റൂളിലെ റൂൾ 2,3 എന്നീ റൂളുകളും 1975-ലെ ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ് ബ്ലെന്റിംഗ് & ബോട്ടിലിംഗ്) റൂളിലെ റൂൾ 3(1), 4(1) എന്നീ റൂളുകളിലെ നിബന്ധനകളുടെ അടിസ്ഥാനത്തിലുമാണ് മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ് ബ്ലെന്റിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുവാദം നൽകിയത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്.

**കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ**

330(1121) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975-ലെ കേരള ഫോറിൻ ലിക്വർ റൂൾസിൽ കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പ്രസ്തുത അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകൾ സമർപ്പിക്കണമെന്നാണ് നിബന്ധനയുള്ളത്;വിശദമാക്കുമോ;

(ബി) ശ്രീചക്ര ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയോടൊപ്പം മേല്പറഞ്ഞ ചട്ടം അനുശാസിക്കുന്ന രേഖകൾ സമർപ്പിച്ചിരുന്നോ;

(സി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് അനുമതി നൽകിക്കൊണ്ട് 12-7-2018 -ൽ പുറത്തിറക്കിയ ഉത്തരവിൽ തൃശ്ശൂർ ജില്ലയിലെ ഏത് സ്ഥലത്താണ് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയതെന്ന കാര്യം പരാമർശിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ് ബ്ലന്റിംഗ് & ബോട്ടിലിംഗ്) റൂളിലെ റൂൾ 3 (2) അനുസരിച്ച്:—

1. കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും വിവരണവും (അളവിനനുപാതികമായി വരച്ചത് - മൂന്ന് പകർപ്പ്)

2. പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുദ്ദേശിക്കുന്ന സുസ്ഥിര ഉപകരണങ്ങളുടെ എണ്ണം, വലിപ്പം, വിവരണം എന്നിവ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ്.

3. കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾക്കായും സംഭരിച്ച് വയ്ക്കേണ്ടതായും പ്രതീക്ഷിക്കുന്ന സ്പിരിറ്റിന്റെ പ്രൂഫ് ലിറ്ററിലുള്ള പരമാവധി അളവ് സംബന്ധിച്ച വിവരം.

4. 100 രൂപ നിരതദ്രവ്യം ഒടുക്കിയ രേഖ.

എന്നിവയാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

(ബി) സമർപ്പിച്ചിരുന്നു. കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ് & ബോട്ടിലിംഗ് യൂണിറ്റിനായി ശ്രീചക്ര ഡിസ്റ്റലറീസ് അപേക്ഷ സമർപ്പിച്ചത് 24-10-1998-ലാണ്. ടി അപേക്ഷയോടൊപ്പം ചട്ടം അനുശാസിക്കുന്ന എല്ലാ രേഖകളും സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് മധ്യമേഖല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ അപേക്ഷ ശിപാർശ ചെയ്ത് എക്സൈസ് കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി അപേക്ഷയുടെ തുടർച്ചയായാണ് 10-10-2003, 5-4-2010, 4-7-2017, 24-10-2017 എന്നീ തീയതികളിലെ അപേക്ഷകളും സമർപ്പിച്ചിരുന്നത്.

(സി) 12-7-2018 -ലെ തീയതിയിലെ സ.ഉ(സാധാ) 507/2018/നി.വ. പ്രകാരം മുൻകൂർ അനുമതി മാത്രമാണ് നൽകിയിരുന്നത്. തുടർന്ന് സമർപ്പിച്ചിട്ടുള്ള

രേഖകളുടെ വിശദമായ പരിശോധന നടത്തി ലൈസൻസ് നൽകേണ്ടത് എക്സൈസ് കമ്മീഷണറാണ്. ഈ പരിശോധനയിൽ രേഖകൾ സാധുവല്ലെന്ന് കാണുന്നപക്ഷം ലൈസൻസ് അനുവദിക്കില്ലെന്ന് മാത്രമല്ല, ലഭിച്ച മുൻകൂർ അനുമതി റദ്ദാക്കുവാനും നടപടി സ്വീകരിക്കുന്നതാണ്.

പരാമർശ കേസിൽ, 12-7-2018-ൽ നൽകിയ മുൻകൂർ അനുമതി 9-10-2018 തീയതിയിലെ സ.ഉ(സാധാ)നമ്പർ 744/2018/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

**ബ്രൂവറികൾക്ക് അനുമതി**

331(1122) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ബ്രൂവറികൾ/ ഡിസ്റ്റിലറികൾക്ക് അനുമതി നല്കിയശേഷം പ്രസ്തുത അനുമതി റദ്ദാക്കിയിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സർക്കാരിന്റെ പ്രഖ്യാപിതനയം മദ്യ വർജ്ജനമായിരിക്കെ, കൂടുതൽ ബ്രൂവറികൾ/ഡിസ്റ്റിലറികൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) മൂന്ന് ബ്രൂവറികൾക്കും, രണ്ട് കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകിയിരുന്നു.

ബ്രൂവറികൾ

1. അപ്പോളോ ഡിസ്റ്റലറീസ് & ബ്രൂവറീസ്, എലപ്പുള്ളി, പാലക്കാട്.
2. ശ്രീധരൻ ബ്രൂവറി, വാരം കണ്ണൂർ.
3. പവർ ഇൻഫ്രാടെക് പ്രൈവറ്റ്, ലിമിറ്റഡ്, എറണാകുളം.

കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ

1. ശ്രീചക്രാ ഡിസ്റ്റലറീസ്, തൃശ്ശൂർ.
2. മലബാർ ഡിസ്റ്റലറീസ് ലിമിറ്റഡ്, ചിറ്റൂർ, പാലക്കാട്.

ഇവയുടെയെല്ലാം അനുമതി 9-10-2018 തീയതിയിലെ സ.ഉ(സാധാ) നമ്പർ 744/2018/നി.വ. പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

(ബി) മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപഭോഗം ഇല്ലാതാക്കുക എന്നതാണ് ഈ സർക്കാരിന്റെ മദ്യനയം. ഈ ദിശയിൽ അതിശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ബ്രൂവറികളും ബ്ലെൻഡിംഗ് യൂണിറ്റുകളും അനുവദിക്കുന്നത് നിലവിലുള്ള അബ്കാരി ആക്ടിലെയും 1967-ലെ ബ്രൂവറി റൂളിലെയും 1975-ലെ ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് &ബോട്ടിലിംഗ്) റൂളിലെയും നിബന്ധനകളും, മാനദണ്ഡങ്ങളും അനുസരിച്ചാണ്. മദ്യ ഉത്പാദന യൂണിറ്റുകൾ, സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനും കാലാനുസൃതമായി മാനദണ്ഡങ്ങൾ ശിപാർശ ചെയ്യുന്നതിനും 9-10-2018 തീയതിയിലെ സ.ഉ(സാധാ) നമ്പർ 744/18/നി.വ. നമ്പർ ഉത്തരവ് പ്രകാരം നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

## എലപ്പുള്ളിയിൽ ബ്രൂവറി

332(1123) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എലപ്പുള്ളിയിൽ ബ്രൂവറി തുടങ്ങുന്നതിനുള്ള അപ്പോളോ ഡിസ്റ്റിലറീസ് ആൻഡ് ബ്രൂവറീസ് എന്ന സ്ഥാപനത്തിന്റെ അപേക്ഷ എന്നാണ് ലഭിച്ചതെന്ന വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് എക്സൈസ് കമ്മീഷണർ സർക്കാരിലേക്ക് എന്നാണ് കത്ത് നൽകിയതെന്ന വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അപ്പോളോ ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 22-5-2010, 4-8-2010, 31-8-2013, 21-3-2015, 9-5-2015, 13-1-2016, 27-5-2016, 15-6-2016, 9-8-2016, 30-1-2017, 25-5-2017 തീയതികളിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശിപാർശ ചെയ്ത് എക്സൈസ് കമ്മീഷണർ 22-12-2010, 25-11-2015, 13-11-2017 തീയതികളിൽ സമർപ്പിച്ചിരുന്നു. ആയതിൽ ഈ സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ 13-11-2017-ൽ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്.

## ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും അനുമതി

333(1124) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്രൂവറികളും ഡിസ്റ്റിലറികളും പുതുതായി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത വിഷയം നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) ഏതാനും ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും അനുമതി നൽകുകയും പിന്നീട് റദ്ദാക്കുകയും ചെയ്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ;

(സി) എക്സൈസ് ആസ്ഥാനത്ത് സേവനങ്ങൾ ഓൺലൈനാക്കാനുള്ള പട്ടികയിൽനിന്ന് ബ്രൂവറി ഡിസ്റ്റിലറി അപേക്ഷകൾ ഒഴിവാക്കപ്പെടാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പരിഗണനയിലുള്ള പുതിയ അപേക്ഷകളുടെ രഹസ്യസ്വഭാവം സൂക്ഷിക്കാനാണ് ഓൺലൈൻ പട്ടികയിൽ നിന്നും അവ ഒഴിവാക്കപ്പെട്ടതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മദ്യ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിൽ കാലാനുസൃതമായി മാനദണ്ഡങ്ങൾ ശിപാർശ ചെയ്യുന്നതിന് 9-10-2018 -ലെ സ.ഉ(സാധാ) 744/2018/നി.വ.നമ്പർ പ്രകാരം ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ശിപാർശകൾ പരിശോധിച്ചശേഷം ഇക്കാര്യത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരും യോജിച്ചുനിൽക്കേണ്ട ആവശ്യകത നിലനിൽക്കുമ്പോൾ, അടിസ്ഥാനരഹിതമായ വിവാദങ്ങളുയർത്തി യോജിച്ച അന്തരീക്ഷം ഇല്ലാതാക്കാൻ ശ്രമം നടന്ന സാഹചര്യത്തിലാണ് 3 ബ്രൂവറികൾക്കും 2 കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും നിയമാനുസരണം നൽകിയ അനുമതി 9-10-2018 തീയതിയിലെ സ.ഉ(സാധാ)നമ്പർ 744/2018/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുള്ളത്.

(സി) എക്സൈസ് വകുപ്പിൽനിന്നും ആവശ്യം ലഭിക്കേണ്ട സേവനങ്ങൾ, മുൻഗണനാടിസ്ഥാനത്തിൽ ക്രമപ്പെടുത്തി ഘട്ടംഘട്ടമായി സമ്പൂർണ്ണ ഓൺലൈൻ സേവനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ അപേക്ഷകൾ ലഭിക്കുന്നതും കൂടുതൽ ലൈസൻസുകൾ/പെർമിറ്റുകൾ എന്നിവ അനുവദിക്കുന്നതുമായ 18 ഇനം സേവനങ്ങളാണ് മുൻഗണനാടിസ്ഥാനത്തിൽ ഓൺലൈൻ സേവനങ്ങളായി ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്. എക്സൈസ് വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ആകുമ്പോൾ ബ്രൂവറി ഡിസ്റ്റിലറി എന്നിവ സംബന്ധിച്ച സേവനങ്ങൾ ഉൾപ്പെടെയുള്ളവ ഓൺലൈൻ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന

334(1125) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റ് വഴി വിദേശ നിർമ്മിത വിദേശ മദ്യം, വൈൻ എന്നിവ വിൽക്കുന്നതിനായി എത്ര സ്ഥാപനങ്ങൾക്കാണ് ഇറക്കുമതി ലൈസൻസ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) വിദേശ നിർമ്മിത വിദേശ മദ്യം, വൈൻ എന്നിവ ഇറക്കുമതി ചെയ്യുന്നതിന് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്;

(സി) ഇക്കാര്യത്തിനായി അബ്കാരി നിയമത്തിൽ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടോ;

(ഡി) ലൈസൻസിന് അപേക്ഷിക്കുന്നതിന് ആദ്യം നിശ്ചയിച്ച സമയപരിധി ഏത് തീയതി വരെയായിരുന്നു; ആയത് പിന്നീട് ദീർഘിപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) എത്രയിനം വിദേശ നിർമ്മിത വിദേശമദ്യം ഇറക്കുമതി ചെയ്യുന്നതിനാണ് ലൈസൻസ് നൽകിയിട്ടുള്ളത്;

(എഫ്) ഒരു വർഷം എത്ര കോടി രൂപയുടെ വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പനയാണ് പ്രതീക്ഷിക്കുന്നത്;

(ജി) ഈ നടപടി ഇടതുപക്ഷ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനത്തിന് അനുസൃതമായിട്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിദേശ നിർമ്മിത വിദേശമദ്യം, വൈൻ എന്നിവ ഇറക്കുമതി ചെയ്യുന്നതിന് 17 സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കമ്പനിയുടെ പേര് | FMFL/FMW |
|---|---|---|
| 1 | വിൻ സൂപ്പർ ഫുഡ്സ് | FMW |
| 2 | ബക്കാർഡി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | FMFL |
| 3 | ബക്കാർഡി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 4 | ബ്രിൻഡ്കോ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 5 | യുണൈറ്റഡ് സ്പിരിറ്റ്സ് | FMFL |
| 6 | ഇംപീരിയൽ ബിവറേജസ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് | FMFL |
| 7 | എം & ബി അസ്സോസിയേറ്റ്സ് | FMW |
| 8 | എം & ബി അസ്സോസിയേറ്റ്സ് | FMFL |
| 9 | ജെ.എൻ.എം. ട്രേയ്ഡേഴ്സ് | FMFL |
| 10 | ആസ്പ്രി സ്പിരിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | FMFL |
| 11 | ആസ്പ്രി സ്പിരിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 12 | ഫെയർമാക്സ് ഷിപ്പ് സ്റ്റോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | FMFL |
| 13 | ഫെയർമാക്സ് ഷിപ്പ് സ്റ്റോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 14 | വർദ്ധിനി പാക്കിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | FMW |
| 15 | സ്പിരിറ്റ്സ് ഇന്റർ നാഷണൽ | FMFL |
| 16 | ഇൻഡോ സ്പിരിറ്റ്സ് ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡ് | FMFL |
| 17 | ഇൻഡോ സ്പിരിറ്റ്സ് ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡ് | FMW |

(സി) ഉണ്ട്.

(ഡി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 28-2-2018-ലെ

KSBC/MD/140/FMFL/2018-19 നമ്പർ വിജ്ഞാപനപ്രകാരം ഇ-ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി 22-3-2018 ആയിരുന്നു. വിദേശ നിർമ്മിത വിദേശ മദ്യത്തിനും വിദേശ നിർമ്മിത വൈനിനും ബാധകമാക്കേണ്ട നികുതിയെയും തീരുവയെയും കുറിച്ചുള്ള 2018-ലെ ഫിനാൻസ് ബിൽ അംഗീകരിക്കാൻ വൈകിയതിനാലും, വിദേശ നിർമ്മിത വിദേശ മദ്യ ടെണ്ടറുകളിൽ പങ്കെടുത്തവരുടെ അഭ്യർത്ഥനയും പരിഗണിച്ച് കെ.എസ്.ബി.സി. ഡയറക്ടർ ബോർഡ് ഓഫറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 10-4-2018 വരെ ദീർഘിപ്പിച്ചിരുന്നു.

(ഇ) 227 ബ്രാൻഡ്.

(എഫ്) 60 കോടി രൂപ.

(ജി) വിദേശ നിർമ്മിത വിദേശമദ്യവും വിദേശ നിർമ്മിത വൈനും അനധികൃതമായി കച്ചവടം നടത്തുന്നതായി വലിയതോതിൽ ആക്ഷേപം ലഭിച്ചിരുന്നു. ഇത് സംസ്ഥാന സർക്കാരിന് വരുമാനനഷ്ടം ഉണ്ടാക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ വിദേശ നിർമ്മിത വിദേശമദ്യവും വിദേശ നിർമ്മിത വൈനും ഇറക്കുമതി ചെയ്ത് വിതരണം നടത്തുവാനുള്ള താൽപ്പര്യം കെ.എസ്.ബി.സി. പ്രകടിപ്പിച്ചതുകൂടി പരിഗണിച്ചാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തത്. 2018-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇക്കാര്യം പരാമർശിച്ചിരുന്നു.

മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ടുമാത്രം ഉപഭോഗം കുറയില്ല എന്നും ആവശ്യകത ഇല്ലാതാക്കിയാൽ മാത്രമെ ഉപഭോഗം കുറയൂവെന്നുമുള്ള നിലപാടിനനുസൃതമായി മദ്യവർജ്ജനം ഒരു നയമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആയതിനനുസൃതമായി ഉത്തരവായ അബ്കാരി നയത്തിൽ വിദേശമദ്യ ചട്ടം അനുവദിച്ചുനൽകുന്ന ബിയർ & വൈൻ പാർലറുകൾ ഉൾപ്പെടെയുള്ള മറ്റ് ലൈസൻസുകൾ നിയമമനുസരിച്ച് അർഹതയുള്ളവർക്ക് തുടർന്ന് അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിനനുസൃതമായാണ് ഇക്കാര്യത്തിലും നടപടി സ്വീകരിച്ചിട്ടുള്ളത്.

### വിദേശ നിർമ്മിത മദ്യം വിൽക്കുന്നതിനുള്ള നടപടി

335(1126) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വഴി വിദേശ നിർമ്മിത മദ്യം വിൽക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി എത്ര കമ്പനികൾ സർക്കാരുമായി കരാറിൽ ഒപ്പുവച്ചു;

(സി) ഓരോ കമ്പനിയും ഓരോ ബ്രാന്റ് മദ്യത്തിനും രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതുണ്ടോ;

(ഡി) ബ്രാന്റ് രജിസ്ട്രേഷൻ ഫീസിന് പുറമെ ലേബർ ഫീസും കമ്പനികൾ അടയ്ക്കേണ്ടതുണ്ടോ;

(ഇ) ആദ്യം നിശ്ചയിച്ച ഫീസുകളിൽ എന്തെങ്കിലും ഇളവ് പിന്നീട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) എങ്കിൽ ഇത്തരം ഇളവ് നൽകുവാനുണ്ടായ പ്രത്യേക സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 20-8-2018 മുതൽ വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന ആരംഭിച്ചിട്ടുണ്ട്.

(ബി) വിദേശ നിർമ്മിത വിദേശ മദ്യം വിതരണം ചെയ്യുന്നതിനായി 8 കമ്പനികളും, വിദേശ നിർമ്മിത വൈൻ വിതരണം ചെയ്യുന്നതിനായി 9 കമ്പനികളെയും (ആകെ 17 കമ്പനികൾ) കെ.എസ്.ബി.സി.-യുടെ വിതരണ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഓരോ കമ്പനിയും ഓരോ ബ്രാന്റ് മദ്യത്തിനും ഒരു സാമ്പത്തിക വർഷത്തേയ്ക്ക് 50,000 രൂപ നിരക്കിൽ ബ്രാന്റ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതുണ്ട്.

(ഡി) വിദേശ നിർമ്മിത വിദേശ മദ്യം ബിവറേജസ് കോർപ്പറേഷന് വിതരണം ചെയ്യുന്ന കമ്പനികൾ ലേബൽ അംഗീകരിക്കുന്നതിന് ലേബൽ ഒന്നിന് 25,000 രൂപ വീതം ഫീസ് അടക്കേണ്ടതാണ്.

(ഇ) അനുവദിച്ചിട്ടില്ല.

(എഫ്) ബാധകമല്ല.

**ബിവറേജസ് കോർപ്പറേഷനിലെ നിയമനം**

336(1127) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ എല്ലാ മദ്യവില്പനശാലകളും ഒരേപോലെ ചായമടിച്ച് നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി ആകെ എത്ര തുകയാണ് ചെലവഴിക്കുന്നത്;

(ബി) മദ്യവില്പനശാലകളിൽ യൂണിഫോമിലുള്ള ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എത്ര ജീവനക്കാർക്കാണ് 15-11-2018 വരെ നിയമനം നല്കിയത്; ഇവരുടെ നിയമനം ഏത് ഏജൻസി മുഖേന എപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബിവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനശാലകൾ ഒരുപോലെ ചായമടിച്ച് നവീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 28,500 രൂപ കോർപ്പറേഷന് ചെലവായിട്ടുണ്ട്.

(ബി&സി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ യൂണിഫോം ധരിക്കേണ്ട തസ്തികയിൽ പി.എസ്.സി. മുഖേന ആർക്കും നിലവിൽ നിയമനം നൽകിയിട്ടില്ല. കോർപ്പറേഷന്റെ ചില്ലറ വില്പനശാലകളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുക്കപ്പെട്ട ബി.ആർ.ജോബ് കൺസൾട്ടൻസി, ബ്രോഡ് വ്യൂ സെക്യൂരിറ്റീസ് ആൻഡ് മാൻപവർ സർവ്വീസസ് ലിമിറ്റഡ് എന്നീ ഏജൻസികൾ മുഖേന 1219 യൂണിഫോമിലുള്ള സെക്യൂരിറ്റി ഗാർഡുകളെ കരാറടിസ്ഥാനത്തിൽ വിന്യസിച്ചിട്ടുണ്ട്.

**ഗൗരീശപട്ടത്ത് ആരംഭിക്കുന്ന ബിവറേജസ് ഔട്ട്ലെറ്റ്**

337(1128) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗൗരീശപട്ടം അമ്പലത്തിനുസമീപം ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റ് പുതിയതായി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രതിമാസം എത്ര രൂപ വാടകയാണ് പ്രസ്തുത കെട്ടിടത്തിന് നൽകുന്നത് ;

(സി) പേട്ടയിൽ പ്രവർത്തിച്ചിരുന്ന ഈ ഔട്ട്ലെറ്റ് ഗൗരീശപട്ടം അമ്പലത്തിന് സമീപത്ത് ജനവാസ കേന്ദ്രത്തിൽ മാറ്റി സ്ഥാപിച്ചത് ഏത് സാഹചര്യത്തിലാണ് ;

(ഡി) പൊതുജനങ്ങളുടെയും സാമൂഹ്യപ്രവർത്തകരുടെയും പ്രതിഷേധത്തെ മറികടന്ന് ജനവാസകേന്ദ്രത്തിൽ ഈ ഔട്ട്ലെറ്റ് ആരംഭിക്കുവാനുള്ള കാരണമെന്താണ് ;

(ഇ) പ്രതിദിനം ഈ ഔട്ട്ലെറ്റിൽ നിന്നും ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ്; ഈ ഔട്ട്ലെറ്റ് പേട്ടയിലായിരുന്ന സമയത്ത് ലഭിച്ചിരുന്ന വരുമാനം എത്രയാണ്;

(എഫ്) പ്രസ്തുത ഔട്ട്ലെറ്റിന്റെ പ്രവർത്തനം ഗൗരീശപട്ടത്ത് നിന്നും മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പേട്ടയിൽ പ്രവർത്തിച്ചുവന്നിരുന്ന KSBC ഔട്ട് ലെറ്റ് ഗൗരീശപട്ടത്തേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(ബി) 57,500 രൂപയാണ് പ്രതിമാസ വാടക.

(സി&ഡി) പേട്ടയിൽ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ കുറവും ശോചനീയാവസ്ഥയും കണക്കിലെടുത്തും ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് കോർപ്പറേഷന്റെ ലൈസൻസ് ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്തുമാണ് പേട്ടയിൽ പ്രവർത്തിച്ചിരുന്ന ഔട്ട് ലെറ്റ് ഗൗരീശപട്ടത്തേയ്ക്ക് മാറ്റിസ്ഥാപിച്ചത്.

(ഇ) ഗൗരീശപട്ടത്ത് പ്രതിദിന ശരാശരി വിൽപ്പനത്തുക 5 ലക്ഷം രൂപയാണ്. പേട്ടയിൽ പ്രവർത്തിച്ചിരുന്നപ്പോൾ പ്രതിദിന വരുമാനം 8 ലക്ഷം രൂപയായിരുന്നു.

(എഫ്) തൽക്കാലം പരിഗണനയിലില്ല.

**എക്സൈസ് വകുപ്പുദ്യോഗസ്ഥരുടെ പത്രക്കുറിപ്പ്**

338(1129) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :

<u>ശ്രീ. അനൂപ് ജേക്കബ്</u> :

<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡിസ്റ്റിലറി, ബ്രൂവറി ലൈസൻസുകൾ നൽകാൻ വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചത് അഴിമതിയാണെന്ന് ചൂണ്ടിക്കാണിച്ച് പ്രതിപക്ഷനേതാവ് പത്രസമ്മേളനം നടത്തിയതിനെ ചോദ്യം ചെയ്തുകൊണ്ട് 30-9-2018-ൽ 'അടിതെറ്റി വീണ് പ്രതിപക്ഷനേതാവ് എന്ന തലക്കെട്ടിൽ എക്സൈസ് വകുപ്പിന്റേതായി പത്രക്കുറിപ്പ് പുറപ്പെടുവിച്ചിരുന്നോ;

(ബി) പ്രതിപക്ഷനേതാവ് സർക്കാരിനെതിരെ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് ഉദ്യോഗസ്ഥ തലത്തിൽ മറുപടി പറയുന്നതിനും അദ്ദേഹത്തെ വ്യക്തിപരമായി വിമർശിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ;

(സി) പ്രസ്തുത പത്രക്കുറിപ്പിനെതിരെ പ്രതിപക്ഷനേതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; ഏത് ഉദ്യോഗസ്ഥനാണ് ഈ പത്രക്കുറിപ്പ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)എക്സൈസ് വകുപ്പ് ഇത്തരത്തിൽ ഒരു പത്രക്കുറിപ്പ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) അധികാരമില്ല.

(സി) പരാതിക്ക് വകുപ്പുമായി ബന്ധമില്ലാത്തതിനാൽ ഈ വിഷയത്തിൽ മേൽനടപടികൾ കൈക്കൊണ്ടിട്ടില്ല.

**മദ്യ വില്പനയ്ക്ക് പുതുതായി നൽകിയ ലൈസൻസുകൾ**

339(1130) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബിയർ/വൈൻ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സർക്കാർ ത്രീ സ്റ്റാർ പദവിയുള്ള എത്ര ഹോട്ടലുകൾക്ക് പുതുതായി ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പനയ്ക്കുള്ള ലൈസൻസ് നൽകുകയുണ്ടായി;

(സി) പ്രസ്തുത ലൈസൻസുകളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 466 ബിയർ/വൈൻ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ ത്രീ സ്റ്റാർ പദവിയുള്ള 40 ഹോട്ടലുകൾക്ക് പുതുതായി ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പനയ്ക്കുള്ള ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ബാർ ലൈസൻസ്**

340(1131) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പഞ്ചനക്ഷത്ര സൗകര്യങ്ങളോടുകൂടിയ ഹോട്ടലുകൾക്കും ഹെറിറ്റേജ് ഹോട്ടലുകൾക്കും മാത്രം ബാർ ലൈസൻസ് അനുവദിച്ചാൽ മതിയെന്ന തീരുമാനം എടുത്തിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2015-16-ൽ എത്ര ബാറുകൾക്കാണ് ലൈസൻസ് അനുവദിച്ചത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അടച്ചുപൂട്ടിയ ബാറുകളിൽ എത്രയെണ്ണത്തിന് ഈ സർക്കാരിന്റെ പുതിയ മദ്യ നയത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി ആരംഭിക്കുവാൻ ലൈസൻസ് നൽകുകയുണ്ടായി ;

(സി) ദേശീയ സംസ്ഥാന പാതയോരത്തുനിന്നും 500 മീറ്റർ അകലെ മാത്രമേ മദ്യവില്പന കേന്ദ്രങ്ങൾക്ക് അനുമതി നൽകാവൂ എന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്ര ബാറുകളും, ബിവറേജസ്/കൺസ്യൂമർ ഫെഡിന്റെ മദ്യവില്പന കേന്ദ്രങ്ങളും അടച്ചുപൂട്ടുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിധിക്കെതിരെയുള്ള അപ്പീൽ കേസിൽ സർക്കാർ കക്ഷി ചേർന്നിരുന്നോ; എങ്കിൽ സർക്കാരിനുവേണ്ടി സുപ്രീംകോടതിയിൽ ഹാജരായത് ആരാണ് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പനക്കായുള്ള എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 30 ബാറുകൾക്ക് ലൈസൻസ് അനുവദിച്ചിരുന്നു.

(ബി) ബിയർ വൈൻ പാർലറുകൾ നടത്തിയിരുന്ന 282 ഹോട്ടലുകൾക്ക് ഈ സർക്കാരിന്റെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ FL-3 ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 11 ബാറുകളും 179 ബിവറേജസ്/കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകളും മാറ്റി സ്ഥാപിക്കേണ്ടിവന്നെങ്കിലും സുപ്രീംകോടതിയുടെ തന്നെ തുടർന്നുവന്ന തിരുത്തൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അവയിൽ ബിവറേജസ് കോർപ്പറേഷന്റെ 3 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ ഒഴികെയുള്ളവ നിലവിൽ തുറന്നുപ്രവർത്തിക്കുന്നു.

(ഡി) ഇല്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 121 ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

## കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ

341(1132) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശമദ്യം നിർമ്മിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള അധികാരം നിയമപ്രകാരം ആരിലാണ് നിക്ഷിപ്ത മായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ നൽകുമ്പോൾ അപേക്ഷകൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) എക്സൈസ് വകുപ്പ് പരിശോധന നടത്തിയ ശേഷമാണോ പ്രസ്തുത അപേക്ഷ സർക്കാരിലേക്ക് ശിപാർശയ്ക്കായി സമർപ്പിക്കുന്നത്; എങ്കിൽ ഏതൊക്കെ തരത്തിലുള്ള പരിശോധനകളാണ് നടത്തുന്നതെന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1945-ലെ കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ് റൂൾസ് 3(1) പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള അധികാരം നിയമപ്രകാരം എക്സൈസ് കമ്മീഷണറിൽ നിക്ഷിപ്തമാണ്.

(ബി) കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ നൽകുമ്പോൾ അപേക്ഷയോടൊപ്പം നിയമപ്രകാരം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു:

1. കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും വിവരണവും (അളവിനനുപാതികമായി വരച്ചത് -മൂന്ന് പകർപ്പ്).

2. പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുദ്ദേശിക്കുന്ന സുസ്ഥിര ഉപകരണങ്ങളുടെ എണ്ണം, വലിപ്പം, വിവരണം എന്നിവ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ്.

3. കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾക്കായും സംഭരിച്ച് വയ്ക്കേണ്ടതായും പ്രതീക്ഷിക്കുന്ന സ്പിരിറ്റിന്റെ പ്രൂഫ് ലിറ്ററിലുള്ള പരമാവധി അളവ് സംബന്ധിച്ച വിവരം.

4. 100 രൂപ നിരതദ്രവ്യം ഒടുക്കിയ രേഖ.

(സി) എക്സൈസ് വകുപ്പ് പ്രാഥമികമായ പരിശോധന നടത്തിയ ശേഷമാണ് കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നത്. ഈ അപേക്ഷയിന്മേൽ തുടർനടപടികൾക്ക്, അബ്കാരി നിയമം സെക്ഷൻ 14 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ പ്രാഥമിക സാധ്യതാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ചതിനുശേഷം ലൈസൻസിന് അപേക്ഷിക്കുമ്പോൾ ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ്, ബ്ലൻഡിംഗ്, ബോട്ടിലിംഗ്) ചട്ടം 3, 4 എന്നിവ പ്രകാരമുള്ള പരിശോധനകൾ പൂർണ്ണതലത്തിൽ കൈക്കൊള്ളുന്നതാണ്. ഇപ്രകാരമുള്ള ചട്ടപ്രകാര പരിശോധനകൾ പൂർത്തീകരിച്ച് അപേക്ഷ പരിഗണനാർഹമാണെന്ന് കണ്ടെത്തിയാൽ മാത്രമെ ലൈസൻസ് അനുവദിച്ച് നൽകാറുള്ളൂ.

**മൈക്രോ ബ്രൂവറി ലൈസൻസ്**

342(1133) <u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :

<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾക്ക് ബിയർ ഉണ്ടാക്കുന്നതിനായി മൈക്രോ ബ്രൂവറി ലൈസൻസ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര അപേക്ഷകൾ ഇതിനായി ലഭിച്ചു; ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിനോദസഞ്ചാര മേഖലയിലെ ഹോട്ടലുകളിൽ മൈക്രോ ബ്രൂവറി ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മദ്യത്തിന്റെ ലഭ്യത മൈക്രോ ബ്രൂവറികൾ അനുവദിക്കുന്നതിലൂടെ എപ്രകാരമാണ് കുറയ്ക്കുവാൻ സാധിക്കുകയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരിഗണനയിലില്ല.

(സി) നിലപാടെടുത്തിട്ടില്ല.

(ഡി) പരിശോധിച്ചിട്ടില്ല.

**ഓച്ചിറ വൃശ്ചികോത്സവവുമായി ബന്ധപ്പെട്ട് ലഹരി വിനിമയ നിയന്ത്രണം**

343(1134) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ക്ഷേത്രത്തിലെ വൃശ്ചികോത്സവവുമായി ബന്ധപ്പെട്ട് ലഹരി വിനിമയം നിയന്ത്രിക്കുന്നതിന് നടപ്പിലാക്കിവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശം 12 ദിവസം മദ്യനിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പോലീസ് വകുപ്പിലെ ഷാഡോ പോലീസിന്റെ മാതൃകയിൽ എക്സൈസ് ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രചാരണം നടത്തുന്നതിനുള്ള മാസ് മീഡിയ പ്രവർത്തനങ്ങൾ, കൗൺസിലിംഗ് തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുന്ന ഒരു പവലിയൻ ഓച്ചിറ പടനിലത്ത് ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി റെയ്ഞ്ച് പരിധിയിലുള്ള ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്രസിദ്ധമായ പന്ത്രണ്ട് വിളക്ക് മഹോത്സവം നടക്കുന്ന 26-11-2018-മുതൽ 28-11-2018-വരെയുള്ള തീയതികളിൽ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശം സമ്പൂർണ്ണ മദ്യനിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. മേൽ പരിധിക്കുള്ളിൽ പ്രവർത്തിച്ചുവരുന്ന മദ്യ വില്പനയുമായി ബന്ധപ്പെട്ട ലൈസൻസ് സ്ഥാപനങ്ങൾ മേൽദിവസങ്ങളിൽ അടച്ചിടുന്നതിന് ലൈസൻസികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) ഇല്ല. 26-11-2018-മുതൽ 28-11-2018-വരെയുള്ള തീയതികളിൽ മാത്രമാണ് മദ്യ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഉണ്ട്. കൊല്ലം ജില്ലാ എക്സൈസ് ഇന്റലിജൻസ് ബ്യൂറോ, കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസ്, കരുനാഗപ്പള്ളി എക്സൈസ് റെയ്ഞ്ച് ഓഫീസ്, എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് എന്നീ ഓഫീസുകളിലെ ഉദ്യോഗസ്ഥരെ മേൽ ഉത്സവവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ മഫ്റ്റിയിലും അല്ലാതെയും പ്രത്യേക നിരീക്ഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്രസിദ്ധമായ പന്ത്രണ്ട് വിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട് മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രചാരണത്തിന്റെ ഭാഗമായി പവലിയൻ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഡിസ്റ്റിലറികൾ/ബ്ലൻഡിംഗ് യൂണിറ്റുകൾ**

344(1135) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡിസ്റ്റിലറികൾ/ബ്ലന്റിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രതിമാസം എത്ര കെയ്സ് മദ്യമാണ് അവ ഉല്പാദിപ്പിക്കുന്നത്;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മദ്യം നിലവിലെ ഉപഭോഗത്തിന് മതിയാകുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനം കുറവാണ് വരുന്നത്;

(ഡി) പുതുതായി ഡിസ്റ്റിലറികൾ/ബ്ലന്റിംഗ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളുടെ അപേക്ഷയാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 17 ഡിസ്റ്റിലറികൾ/ബ്ലൻഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രതിമാസം ശരാശരി 17.79 ലക്ഷം കെയ്സ് മദ്യം ഉത്പാദിപ്പിക്കുന്നുണ്ട്

(സി) മതിയാകുന്നില്ല. ഉപഭോഗത്തിനായി കെ.എസ്.ബി.സി.-ക്ക് വേണ്ടിവരുന്ന മദ്യത്തിന്റെ അളവിനോട് താരതമ്യം ചെയ്യുമ്പോൾ ഏകദേശം 7 ശതമാനത്തിന്റെ കുറവാണുള്ളത്.

(ഡി) മദ്യ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിശോധിക്കുന്നതിന് കാലാനുസൃതമായി മാനദണ്ഡങ്ങൾ ശിപാർശ ചെയ്യുന്നതിന് ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച ശേഷം ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

**ലഹരി മരുന്ന് ഉപയോഗത്തിലെ വർദ്ധനവ്**

345(1136) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മരുന്ന് ഉപയോഗം ഭീതിജനകമായി വർദ്ധിച്ചുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരി മരുന്ന് മാഫിയ പിടിമുറുക്കുന്നതായും പ്രതിമാസം 100 കോടി രൂപയുടെ ലഹരി മരുന്ന് വ്യാപാരം നടക്കുന്നതായും ഉള്ള റിപ്പോർട്ടുകൾ ഗൗരവമായി എടുത്തിട്ടുണ്ടോ;

(സി) ഈ വർഷം നാളിതുവരെ എത്ര കോടി രൂപയുടെ ലഹരി മരുന്നുകൾ പിടികൂടിയിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ലഹരി മരുന്ന് കേസുകളിൽ അറസ്റ്റ് ചെയ്യുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് ഉതകുന്ന തരത്തിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധപതിപ്പിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലഹരി പദാർത്ഥങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടും ലഹരി വാഹകരായി കുട്ടികളെ ഉപയോഗിച്ചത് സംബന്ധിച്ചും സ്കൂൾ പരിസരത്തുൾപ്പെടെ കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ വിതരണം ചെയ്തവർക്കെതിരായും കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിവരുന്ന ലഹരി വില്പന പൂർണ്ണമായും അവസാനിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുപുറമെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനായി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

(സി) ഈ വർഷം ആകെ 6314 ലഹരി മരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യുകയും ഉദ്ദേശം 700 കോടി രൂപ വില വരുന്ന ലഹരി മരുന്നുകൾ പിടികൂടുകയും ചെയ്തിട്ടുണ്ട്.

(ഡി) എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. മയക്കുമരുന്നുകൾ ചെറിയ അളവിൽപ്പോലും കൈവശംവച്ച് കുറ്റകൃത്യം ചെയ്യുന്നവർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിന് എൻ.ഡി.പി.എസ് ആക്ടിൽ വ്യവസ്ഥ കൊണ്ടുവരുന്നതിന് കേന്ദ്ര ഗവൺമെന്റിലേക്ക് സംസ്ഥാന സർക്കാർ ശിപാർശ ചെയ്തിട്ടുണ്ട്. ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. നിയമം പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.

## ലഹരി വസ്തുക്കൾ വില്പന നടത്തുന്നവർക്ക് ശിക്ഷ ഉറപ്പാക്കാനുള്ള നിയമം

346(1137) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ പൊതികളിലായി വിൽക്കുന്ന കഞ്ചാവ് തൊട്ട് വൻവിലയുള്ള കൊക്കെയ്നും എം.ഡി.എം.എ.യും വരെയുള്ള ലഹരി വസ്തുക്കളുടെ ഒരു കമ്പോളമായി കേരളം മാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പിടിക്കപ്പെടുന്ന പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുവാൻ ഒരു സമഗ്ര നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) സമഗ്ര നിയമ നിർമ്മാണത്തിനായി എക്സൈസ്, പോലീസ്, വിദ്യാഭ്യാസം, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനവും പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശംവയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശംവച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. മയക്കുമരുന്നുകൾ ചെറിയ

അളവിൽപ്പോലും കൈവശംവച്ച് കൈകാര്യം ചെയ്താൽ അത്തരം കുറ്റകൃത്യം ചെയ്യുന്നവർക്ക് പരമാവധി ശിക്ഷ കിട്ടുന്നതിന് എൻ.ഡി.പി.എസ്. ആക്ടിൽ വ്യവസ്ഥ കൊണ്ടുവരുന്നതിന് കേന്ദ്ര ഗവൺമെന്റിലേക്ക് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ, ഇക്കാര്യത്തിൽ പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തുന്നുണ്ട്.

**ലഹരി ഉൽപ്പാദനവും വിപണനവും സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ**

347(1138) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ലഹരി ഉൽപ്പാദനവും , വിപണനവും സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വ്യാജ മദ്യത്തിന്റേയും, ലഹരി പദാർത്ഥങ്ങളുടേയും ഉപയോഗത്തിലുള്ള വർദ്ധനവ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 45921 അബ്കാരി കേസുകളും, 14293 എൻ.ഡി.പി.എസ്. കേസ്സുകളും, 169571 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | അബ്കാരി | എൻ. ഡി.പി.എസ് | കോട്പ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | തിരുവനന്തപുരം | 3990 | 1050 | 18551 |
| 2 | കൊല്ലം | 4204 | 1383 | 16849 |
| 3 | പത്തനംതിട്ട | 3361 | 556 | 22824 |
| 4 | ആലപ്പുഴ | 5159 | 1337 | 10189 |
| 5 | കോട്ടയം | 3157 | 1078 | 16633 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 6 | ഇടുക്കി | 1654 | 1110 | 7349 |
| 7 | എറണാകുളം | 3031 | 1685 | 9616 |
| 8 | തൃശ്ശൂർ | 3655 | 1366 | 12401 |
| 9 | പാലക്കാട് | 3836 | 969 | 11114 |
| 10 | മലപ്പുറം | 3071 | 1241 | 12203 |
| 11 | കോഴിക്കോട് | 3071 | 554 | 7122 |
| 12 | വയനാട് | 1822 | 806 | 7368 |
| 13 | കണ്ണൂർ | 3434 | 902 | 10773 |
| 14 | കാസർഗോഡ് | 2476 | 256 | 6579 |
| | ആകെ | **45921** | **14293** | **169571** |

(ബി) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്.

ഇത് കൂടാതെ എല്ലാ വിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാജമദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിനും ഇത്തരം പ്രവണതകളിൽനിന്നും അകറ്റി നിർത്തുന്നതിനും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഭാഗമായി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

## ലഹരി വസ്തുക്കളുടെ വില്പനയും വിതരണവും തടയാൻ നടപടി

348(1139) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയുടെ നിരോധിത ലഹരി വസ്തുക്കളാണ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ലഹരി വസ്തുക്കളുടെ വില്പനയും വിതരണവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉദ്ദേശം 1000 കോടി രൂപയുടെ നിരോധിത ലഹരി വസ്തുക്കളാണ് പിടിച്ചെടുത്തിട്ടുള്ളത്. കഞ്ചാവ് - 3567 കിലോഗ്രാം, കഞ്ചാവ് ചെടികൾ - 1752, ഹാഷിഷ് - 80.352 കിലോഗ്രാം, ബ്രൗൺ ഷുഗർ- 303 ഗ്രാം, ഹെറോയിൻ-376 ഗ്രാം, എം.ഡി.എം.എ.-43.135 കിലോഗ്രാം, എൽ.എസ്.ടി-274 എണ്ണവും, കൊക്കയിൻ-11 ഗ്രാം, ചരസ് -116 ഗ്രാം, ഒപ്പിയം- 5 കിലോഗ്രാം, മറ്റ് ലഹരി മരുന്ന് ഗുളികകൾ- 30000-ത്തോളം എന്നിവയാണ് പിടിച്ചെടുത്തിട്ടുള്ളത്.

(ബി) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഭാഗമായി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ഓരോ ഡി അഡിക്ഷൻ സെന്ററുകളുടെ

പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ കോഴിക്കോട് കിനാലൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിയും പരിഗണനയിലുണ്ട്.

**ലഹരി വസ്തുക്കളുടെ ഉപയോഗത്തിലെ വർദ്ധനവ്**

349(1140) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം മയക്ക് മരുന്ന് വിപണി മാത്രമല്ല മറ്റ് സ്ഥലങ്ങളിലേക്ക് മയക്ക് മരുന്ന് എത്തിക്കുന്നതിനുള്ള പ്രധാന ഹബ്ബായും മാറുന്നു എന്ന വാർത്ത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) വിപണിയിൽ വൻവിലയുള്ള എം.ഡി.എം.എ. പോലുള്ള മയക്കുമരുന്നുകൾ വൻ തോതിൽ പിടിച്ചെടുക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ മയക്ക് മരുന്നുകളാണ് പിടികൂടിയത്;

(ഡി) ലഹരി മരുന്ന് വ്യാപാരം ക്രമാതീതമായി വർദ്ധിച്ചിട്ടും അതിനെതിരെ ഫലപ്രദമായി തടയാൻ സാധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ബാറുകൾ അടച്ചുപൂട്ടിയതാണ് ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിച്ചതിന് കാരണമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ മുൻസർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ ബാറുകൾ എല്ലാം തുറക്കുന്നതിന് ഈ സർക്കാർ അനുമതി നൽകിയിട്ടും ലഹരി മരുന്ന് ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ടായിട്ടുണ്ട്.

(സി) ഉദ്ദേശം 600 കോടിയുടെ മയക്ക് മരുന്നുകൾ പിടികൂടിയിട്ടുണ്ട്.

(ഡി) ലഹരി മരുന്ന് വ്യാപനത്തിൽ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി പരമാവധി കേസുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത്

തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലൂടെ ലഹരി മരുന്ന് വ്യാപന പ്രവർത്തനങ്ങൾക്ക് ഒരു പരിധി വരെ തടയിടാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) മദ്യശാലകൾ വ്യാപകമായി പൂട്ടിയശേഷം സംസ്ഥാനത്ത് മയക്കുമരുന്ന് കേസുകളുടെ എണ്ണം വർദ്ധിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകിയ സാഹചര്യത്തിൽ മയക്ക് മരുന്ന് ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും തടയാൻ നടപടി**

350(1141) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും തടയുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ മയക്കുമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിന്റെ ഭാഗമായി എത്ര തുകയുടെ മയക്കുമരുന്ന് പിടികൂടിയിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ ഇതിന്റെ ഭാഗമായി പിടികൂടിയിട്ടുണ്ട്; എത്ര പേരെ ഇനിയും പിടികൂടാനുണ്ട്; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഓൺലൈനായി മയക്കുമരുന്നും മറ്റ് ലഹരി വസ്തുക്കളും ലഭ്യമാക്കുന്നത് തടയുവാനും ലഹരി വസ്തുക്കളുടെ വിപണനം, ഉത്പാദനം ഇവ കർശനമായി തടയുവാനും കേന്ദ്ര-സംസ്ഥാന ഏജൻസികളെകൊണ്ട് സംയുക്തമായി കടലിലും ചെക്പോസ്റ്റുകളിലും അന്തർ സംസ്ഥാന ബസ്സുകളിലും രാത്രിയിൽ ഓടുന്ന സംസ്ഥാനത്തെ ദീർഘ ദൂര പ്രൈവറ്റ് ബസ്സുകളിലും പരിശോധന നടത്തുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

## ഉത്തരം

(എ) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിന് സംസ്ഥാനത്തൊട്ടാകെ എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുകയും കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയും ആയതിന്റെ ഫലമായി നിരവധി കേസ്സുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഉദ്ദേശം 1000 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്ന് പിടികൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്റ്റ് പ്രകാരം 14,293 കേസ്സുകൾ രജിസ്റ്റർ ചെയ്ത് 14,888 പേരെ പിടികൂടിയിട്ടുണ്ട്. 156 പേരെ പിടികൂടാനുണ്ട്.

| വർഷം | പിടികൂടിയ മയക്ക് മരുന്നുകളുടെ ഉദ്ദേശ വില | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | പിടികൂടിയ പ്രതികളുടെ എണ്ണം | പിടികൂടാനുള്ള പ്രതികളുടെ എണ്ണം |
|---|---|---|---|---|
| 2016 | 100 | 2033 | 2158 | 33 |
| 2017 | 200 | 5946 | 6226 | 73 |
| 2018 ഒക്ടോബർ മാസം വരെ | 700 | 6314 | 6504 | 50 |
| ആകെ | **1000** | **14293** | **14888** | **156** |

(സി) വിവിധ സാമൂഹിക മാധ്യമങ്ങളും ഡീപ് വെബ്, ബിറ്റ് കോയിൻ തുടങ്ങിയ സാങ്കേതികവിദ്യ സംവിധാനങ്ങളും ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഒരു സൈബർ സെൽ രൂപീകരിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെടുത്ത് നിയമ നടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. അന്താരാഷ്ട്ര ബന്ധമുള്ള മയക്ക് മരുന്ന് കേസ്സുകളിൽ അന്വേഷണം നടത്തുന്നതിന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി തുടങ്ങിയവയുടെ സഹായം ആവശ്യപ്പെടുന്നതാണ്. ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ രാജ്യത്തെ പ്രധാനപ്പെട്ട എൻഫോഴ്സ്മെന്റ് ഏജൻസികളായ എൻ.സി.ബി., കസ്റ്റംസ് & സെൻട്രൽ എക്സൈസ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ് വിംഗ്, പോലീസ്, ഫോറസ്റ്റ്, റവന്യൂ എന്നീ വിഭാഗങ്ങളുമായി എല്ലാ മൂന്ന് മാസം കൂടുന്തോറും മീറ്റിംഗുകൾ നടത്തി ഈ മേഖലയിലുള്ള പുതിയ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് വിവരശേഖരണം നടത്തി വിവരങ്ങൾ കൈമാറി തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**ഓൺലൈൻവഴി വാറ്റുപകരണങ്ങളുടെയും ലഹരി മരുന്നുകളുടെയും വിൽപ്പന**

351(1142) ശ്രീ. പി. കെ. ബഷീർ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റുപകരണങ്ങളും ലഹരി മരുന്നുകളും ഓൺലൈൻവഴി വിൽക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ വഴി ഉപകരണങ്ങളും ലഹരി മരുന്നുകളും വാങ്ങിയവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(സി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഓൺലൈൻവഴി ഉപകരണങ്ങളും ലഹരി മരുന്നുകളും വാങ്ങി ഉപയോഗിക്കുന്നവരെ സംബന്ധിച്ച് കേസ്സുകൾ കണ്ടെടുക്കപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാര്യം നിരീക്ഷിച്ചു വരികയാണ്.

**മയക്കുമരുന്ന് കേസ്സുകളുടെ വർദ്ധനവ്**

352(1143) <u>ഡോ. എം. കെ. മുനീർ</u> :

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :

<u>ശ്രീ. പി. ഉബൈദുള്ള</u> :

<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകൾ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നതിന്റെ ഇടത്താവളമായി കേരളം മാറുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസ്സുകളിൽ വർദ്ധനവ് വന്നിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ;

(സി) കേരളത്തിൽ മയക്കുമരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി രജിസ്റ്റർ ചെയ്ത കേസ്സുകളിൽ വർദ്ധനവ് വന്നിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14293 എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. 2017, 2018 (ഒക്ടോബർ വരെ) വർഷങ്ങളിൽ കണ്ടുപിടിച്ചിട്ടുള്ള മയക്കുമരുന്ന് കേസ്സുകളുടെ എണ്ണവും തൊണ്ടിമുതലുകളുടെ വിവരവും ചുവടെ ചേർക്കുന്നു.

| മയക്ക് മരുന്നുകളുടെ പേര് | 2017 | 2018 |
|---|---|---|
| എൻ.ഡി.പി.എസ്. കേസ്സുകളുടെ എണ്ണം | 5946 | 6314 |
| കഞ്ചാവ് | 1332.353 കി.ഗ്രാം | 1577.3573 കി.ഗ്രാം |
| കഞ്ചാവ് ചെടി | 466 | 2019 |
| ഹാഷിഷ് | 1983.148 ഗ്രാം | 63015.834 ഗ്രാം |
| ഹെറോയിൻ | 472.36 ഗ്രാം | 36.580 ഗ്രാം |
| ബ്രൗൺ ഷുഗർ | 234.77 ഗ്രാം | 283.460 ഗ്രാം |
| ഓപിയം | 4789 ഗ്രാം | 65 ഗ്രാം |
| എം.ഡി.എം.എ. | 107.63 ഗ്രാം | 31139.147 ഗ്രാം |
| എൽ.എസ്.ഡി. | 2.584 ഗ്രാം | 6.318 ഗ്രാം |
| കൊക്കയിൻ | 11.005 ഗ്രാം | - |
| ചരസ് | 280.047 ഗ്രാം | 150.190 ഗ്രാം |
| മാന്ത്രിക കുമിൾ | 79 ഗ്രാം | 85 ഗ്രാം |
| നാർക്കോട്ടിക് പൗഡർ | 80 ഗ്രാം | 20 ഗ്രാം |
| നാർക്കോട്ടിക് ആംപ്യൂൾ/ടാബ്ലറ്റ്സ് | 29486 എണ്ണം | 34782 എണ്ണം |

(സി) മയക്കമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ കർശനമായി തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്യുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഹരി പദാർത്ഥങ്ങൾ കടത്തിക്കൊണ്ടുവരുന്നത്

തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും കർശനമായ വാഹന പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. ട്രെയിൻ വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധനകൾ സംഘടിപ്പിച്ചുവരുന്നു.

എല്ലാ വിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാജമദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിനും ഇത്തരം പ്രവണതകളിൽനിന്നും അകറ്റി നിർത്തുന്നതിനും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഭാഗമായി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നു. സ്കൂൾ/കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കിയിട്ടുണ്ട്.

**പാലോട് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന്റെ നിലവിലെ സ്ഥിതി**

353(1144) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല പഞ്ചായത്തിൽ പാലോട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടായിരുന്നോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പാലോട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് നിരസിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസ്**

354(1145) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ തഴക്കര പഞ്ചായത്തിൽ എക്സൈസ് ഓഫീസ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുക അനുവദിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം തുക അനുവദിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്ലാനിലും എസ്റ്റിമേറ്റിലും വന്നിട്ടുള്ള ന്യൂനതകൾ പരിഹരിച്ചശേഷം ഭരണാനുമതി നൽകുന്നതാണ്.

## കിളിമാനൂർ എക്സൈസ് ഓഫീസിന്റെ നിർമ്മാണം

355(1146) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ എക്സൈസ് ഓഫീസിന്റെ നിർമ്മാണത്തിനുള്ള കാലതാമസം എന്താണ് ; വിശദമാക്കുമോ ?

ഉത്തരം

കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ് പ്രവർത്തിച്ചുവരുന്ന പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തുവക സ്ഥലവും, കെട്ടിടവും എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ റവന്യൂ വകുപ്പിൽ നടന്നുവരികയാണ്. ടി സ്ഥലം എക്സൈസ് വകുപ്പിന് ലഭിക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചങ്ങനാശ്ശേരി എക്സൈസ് സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണം

356(1147) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി എക്സൈസ് സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ് കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലായ സാഹചര്യത്തിൽ അവ പൊളിച്ചുനീക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അപകടാവസ്ഥ പരിഗണിച്ചുകൊണ്ട് പുതിയ കെട്ടിട നിർമ്മാണം സമയബന്ധിതമായി തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) തൽക്കാലം പരിഗണനയിലില്ല.

## സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ലഹരി വില്പന

357(1148) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കുമരുന്നുകളും പുകയില ഉത്പന്നങ്ങളും വിപണനം നടത്തുന്നതുമായി ബന്ധപ്പെട്ട പരാതികളോ കേസുകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാമൂഹ്യതിന്മകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം സ്കൂൾ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് പുകയില, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ. യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ലഹരി പദാർത്ഥങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ, വാഹകരായി കുട്ടികളെ ഉപയോഗിച്ച കേസ്സുകൾ, സ്കൂൾ

പരിസരത്തുൾപ്പെടെ കുട്ടികൾക്ക് ലഹരിപദാർത്ഥങ്ങൾ വിതരണം ചെയ്തവർക്കെതിരെയുള്ള കേസ്സുകൾ തുടങ്ങി നിരവധി കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സമർപ്പിച്ച ശിപാർശ സർക്കാരിന്റെ സജ്ജീവ പരിഗണനയിലാണ്.

**മദ്യവർജ്ജന പദ്ധതികൾ**

358(1149) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ മദ്യവർജ്ജന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നടപ്പാക്കലിലൂടെ മുൻകാലങ്ങളെ അപേക്ഷിച്ച് മദ്യപാനം എന്ന വിപത്ത് എത്ര ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) മദ്യവർജ്ജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതി ഇനത്തിൽ നടപ്പിലാക്കിയ ബോധവത്കരണ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തുകയും ആയത് സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിമുക്തി ബോധവത്കരണ പ്രവർത്തനങ്ങളുടെ പ്രതിമാസ റിപ്പോർട്ട് ശേഖരിച്ച്, പ്രതിമാസ അവലോകന യോഗത്തിൽ പരിശോധിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ എക്സൈസ് കാര്യാലയത്തിലും, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ആരംഭിച്ച വിമുക്തി കൗൺസലിംഗ് സേവനങ്ങൾ നേരിട്ടും ടെലിഫോൺ മുഖാന്തരവും നൽകി വരുന്നുണ്ട്. 14 ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ആഘോഷ പരിപാടികളിലും ബോധവത്കരണ പവലിയനുകൾ സ്ഥാപിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിക്കെതിരായി ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ മുഖാന്തരം ബോധവത്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തുവരുന്നു. യുവാക്കളിൽ ലഹരിക്കടിമപ്പെടാതെ കായിക പ്രവർത്തനങ്ങളിലേയ്ക്ക് ശ്രദ്ധ തിരിക്കുന്നതിലേക്കുവേണ്ടി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കബഡി, ഫുട്ബോൾ, വോളിബോൾ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനം പ്രാവർത്തികമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

(സി) തീരദേശ, ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനം, റസിഡന്റ്സ് അസോസിയേഷൻ, ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ് അംഗം, ക്ലബ്ബ് കൺവീനർ എന്നിവരടങ്ങിയ ഒരു ടീം വീടുകൾ നേരിട്ട് സന്ദർശിച്ച് ബോധവത്കരണം, എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി. എന്നീ സംഘടനകളുമായി സഹകരിച്ചുള്ള ബോധവത്കരണ പ്രവർത്തനം, പ്രാദേശിക സാമൂഹിക, സാംസ്കാരിക സംഘടനകൾ, സ്പോർട്സ് & ആർട്ട്സ് ക്ലബ്ബുകൾ എന്നിവയുമായി സഹകരിച്ചുള്ള ബോധവത്കരണ പ്രവർത്തനം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡ്തല കമ്മിറ്റി മുഖാന്തരമുള്ള ബോധവത്കരണ പ്രവർത്തനം, എഫ്. എം. റേഡിയോ, വിഷ്വൽ മീഡിയ, സിനിമ തീയേറ്റർ, പത്ര മാധ്യമങ്ങൾ മുഖേനയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു.

## വിമുക്തി പദ്ധതിയുടെ ലക്ഷ്യങ്ങൾ

359(1150) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിച്ച 'വിമുക്തി' പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ആയതിന്റെ സമീപനത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

സമൂഹത്തിലെ സമഗ്ര മേഖലയിലേയും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി 'ലഹരി വിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് 'വിമുക്തി' മിഷന്റെ ഉദ്ദേശലക്ഷ്യം.

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും കോളേജ് തലത്തിൽ 511 ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തുമാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരുകയും ചെയ്യുന്നുണ്ട്. യുവാക്കൾക്കായി ജില്ലാ-സംസ്ഥാനാടിസ്ഥാനത്തിൽ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ച് ലഹരി വിരുദ്ധ പ്രചാരണങ്ങൾ ശക്തമായി സംഘടിപ്പിക്കുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, എക്സൈസ് ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിക്കുകയും അതുവഴി ലഭ്യമാകുന്ന പരാതികൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ സർക്കാർ ആശുപത്രിയോടുചേർന്ന് 14 ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന ഈ സംരംഭത്തിന് ആവശ്യമായ വിവിധ തസ്തികകൾ അനുവദിക്കുകയും ഡോക്ടർമാരടക്കമുള്ളവരുടെ നിയമന നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ദേശീയ നിലവാരമുള്ള ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**വിമുക്തിയുടെ ഭാഗമായി ഡി-അഡിക്ഷൻ സെന്ററുകൾ**

360(1151) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി മരുന്നുകളുടെയും, മദ്യം, പുകയില എന്നീ ഉത്പന്നങ്ങളുടെയും ഉപയോഗം സമൂഹത്തിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മയക്കുമരുന്നിനും ലഹരി വസ്തുക്കൾക്കും അടിമപ്പെടുന്നവരെ തിരിച്ചു കൊണ്ടുവരുന്നതിന് വിമുക്തിയുടെ ഭാഗമായി ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) ഇതിനകം ഏതൊക്കെ സ്ഥലങ്ങളിലാണ് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്; പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനും, മയക്കുമരുന്നിന്റെ ഉപഭോഗം ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) പ്രസ്തുത നടപടികൾ വിജയപ്രദമാണോ; മദ്യത്തിന്റെ ലഭ്യത കൂട്ടുന്ന നടപടികൾ സർക്കാർ ഭാഗത്ത് നിന്നുതന്നെ ഉണ്ടാകുന്ന സാഹചര്യത്തിൽ വിമുക്തി പദ്ധതി എപ്രകാരം വിജയപ്രദമാക്കുവാനാണ് ആലോചിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) പ്രാവർത്തികമാക്കിയിട്ടുണ്ട്.

വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യവകുപ്പുമായി ചേർന്ന് സർക്കാർ ആശുപത്രികളിൽ ആരംഭിച്ച ഡി-അഡിക്ഷൻ സെന്ററുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം.
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ.
3. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ.
4. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട
5. ജനറൽ ഹോസ്പിറ്റൽ, പാല, കോട്ടയം.
6. താലൂക്ക് ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം.
7. ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം.
8. ജനറൽ ഹോസ്പിറ്റൽ, കൽപ്പറ്റ, വയനാട്.
9. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ, ആലപ്പുഴ.
10. ട്രൈബൽ സ്പെഷ്യലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ, പാലക്കാട്.

11. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം, കാസർഗോഡ്

12. ബീച്ച് ആശുപത്രി, കോഴിക്കോട്.

13. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി.

14. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം.

ഇവിടങ്ങളിൽ ആവശ്യമായ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഡി) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി കേസ്സുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

മദ്യനിരോധനമല്ല മറിച്ച് മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ച് മദ്യവിമുക്ത സമൂഹം സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ നയമെന്നിരിക്കെ എല്ലാ വിഭാഗം ജനങ്ങളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാജമദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി-യുടെ ഭാഗമായി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്.

(ഇ) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ

പ്രവർത്തനങ്ങൾ നിരന്തരം സംഘടിപ്പിച്ചുവരുന്നു. ഇതിനൊപ്പം നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**വനിതാ എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ ചുമതലകൾ**

361(1152) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ എക്സൈസ് പ്രിവന്റീവ് ഓഫീസർമാർക്ക് എന്തൊക്കെ ചുമതലകളാണ് നൽകിയിട്ടുള്ളത്;

(ബി) വനിതാ എക്സൈസ് പ്രിവന്റീവ് ഓഫീസർമാർ വൈകിട്ട് അഞ്ച് മണി മുതൽ എട്ട് മണി വരെ മുൻ എക്സൈസ് കുറ്റവാളികളെ നിരീക്ഷിക്കണമെന്നും, വാഹന ഡ്യൂട്ടിക്ക് പോകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകുവാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ വനിതാ പ്രിവന്റീവ് ഓഫീസർമാരുടെ തസ്തിക നിലവിലില്ല

(ബി & സി) ബാധകമല്ല.

**വനിതാ എക്സൈസ് ഓഫീസർ തസ്തിക**

362(1153) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വനിതാ എക്സൈസ് ഓഫീസർ തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അത് സംസ്ഥാനത്ത് ആകെയുള്ള എക്സൈസ് ഓഫീസർ തസ്തികകളുടെ എത്ര ശതമാനമാണെന്നും പ്രസ്തുത തസ്തികകൾ വർദ്ധിപ്പിച്ചുനൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 562.

(ബി) 17%.

തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**അബ്കാരി കേസ്സുകൾ**

363(1154) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018 ജനവരി മുതൽ ഒക്ടോബർ 31 വരെ സംസ്ഥാനത്ത് എത്ര അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

ആകെ 8316 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 605 |
| 2 | കൊല്ലം | 605 |
| 3 | പത്തനംതിട്ട | 739 |
| 4 | ആലപ്പുഴ | 581 |
| 5 | കോട്ടയം | 460 |
| 6 | ഇടുക്കി | 201 |
| 7 | എറണാകുളം | 369 |
| 8 | തൃശ്ശൂർ | 571 |

| 1 | 2 | 3 |
|---|---|---|
| 9 | പാലക്കാട് | 900 |
| 10 | മലപ്പുറം | 633 |
| 11 | കോഴിക്കോട് | 828 |
| 12 | വയനാട് | 297 |
| 13 | കണ്ണൂർ | 853 |
| 14 | കാസർഗോഡ് | 674 |
| | ആകെ | **8316** |

**ഹോട്ടലുകളിൽ മൈക്രോ ബ്രൂവറികൾ**

364(1155) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ബിയർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള മൈക്രോ ബ്രൂവറി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എക്സൈസ് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ;

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി) എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ ടീം കർണ്ണാടക സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൈക്രോ ബ്രൂവറികളെ സംബന്ധിച്ച് പഠനം നടത്തി ഒരു പഠന റിപ്പോർട്ട് 9-11-2017-ന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**എലപ്പുള്ളിയിലെ അപ്പോളോ ബ്രൂവറി**

365(1156) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എലപ്പുള്ളിയിൽ അപ്പോളോ ബ്രൂവറിക്ക് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നോ;

(ബി) എത്ര ലക്ഷം ബിയർ ഉല്പാദിപ്പിക്കുന്നതിനാണ് പ്രസ്തുത കമ്പനിക്ക് അനുമതി നൽകിയത്;

(സി) അനുമതി നൽകുന്നതിന് മുമ്പ് മഴനിഴൽ പ്രദേശമായ എലപ്പുള്ളിയിലെ ജലലഭ്യതയെയും ഭൂഗർഭ ജലത്തിന്റെ അളവിനെയും കുറിച്ച് പഠനം നടത്തിയിരുന്നോ;

(ഡി) ഇല്ലെങ്കിൽ ലക്ഷക്കണക്കിന് ലിറ്റർ ജലം ആവശ്യമായി വരുന്ന ബ്രൂവറിക്ക് എലപ്പുള്ളിയിൽ അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മുൻകൂർ അനുമതി മാത്രമാണ് നൽകിയിരുന്നത്. ആയത് 9-10-2018-ലെ സ.ഉ.(സാധാ) നമ്പർ 744/2018/നി.വ.-ലൂടെ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രതിവർഷം 5 ലക്ഷം ഹെക്ടാ ലിറ്റർ.

(സി) ലൈസൻസ് അനുവദിക്കുന്ന ഘട്ടത്തിലാണ് ഈ വസ്തുതകൾ പരിശോധിക്കുന്നത്.

(ഡി) ബ്രൂവറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്ന പരിശോധനാ ഘട്ടത്തിൽ ഭൂഗർഭ-പരിസ്ഥിതി വകുപ്പുകളടക്കം ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഇപ്രകാരമുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമെ സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

(നക്ഷത്രചിഹ്നമിടാത്ത 947, 975, 1085, എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II. മേശപ്പുറത്തുവച്ച കടലാസുകൾ

പ്രത്യേക ലിസ്റ്റ് പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | 2015-16<br>2016-17 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് | 2015-16<br>2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | വിഷൻ വർക്കല കേരള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് | 2017-18 | വാർഷിക കണക്കുകൾ | അല്ല |
| 5 | സംസ്ഥാന വിവരാവകാശ കമ്മീഷൻ | 2013-14<br>2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രം (ഐസിഫോസ്) | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ | 2016-17 | വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടും | അതെ |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | | 3 | 4 |
| 1 | കേരള സംസ്ഥാന പന ഉൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2014-15 | വാർഷിക കണക്കുകൾ | അതെ |
| | | 2016-17 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 4 | മലബാർ സിമന്റ്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ | 2011-12 മുതൽ 2016-17 വരെ | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 7 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും | അതെ |
| 8 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| 1 | 2 | | 3 | 4 |
|---|---|---|---|---|
| 10 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 11 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | കേരള സിറാമിക്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 13 | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 14 | കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 15 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 16 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 2015-16 | ഭരണ റിപ്പോർട്ട് | അതെ |

IV. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വാട്ടർ അതോറിറ്റി | 2013-14 | ഭരണ റിപ്പോർട്ടും വാർഷിക കണക്കുകളും | അതെ |

V. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

VI. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2. | കേരള സംസ്ഥാന മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

VII. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2016-17 | എക്കണോമിക് സെക്ടറിനെ കുറിച്ചുള്ള റിപ്പോർട്ട് | ബാധകമല്ല |
| 2 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2017-18 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 3 | ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് | 2014-15 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് | 2014-15 | വാർഷിക കണക്കുകൾ | അതെ |
| 5 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് | 2011-12 മുതൽ 2014-15 വരെ | വാർഷിക കണക്കുകൾ | അതെ |
| 6 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2005-06 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 8 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2006-07 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 9 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2010-11 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 10 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2011-12 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 11 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2012-13 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 12 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2015-16 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 13 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

VIII. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള കാർഷിക സർവകലാശാല | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 4 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |

IX. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | കേരള സംസ്ഥാന പിന്നോക്ക സമുദായ കമ്മീഷൻ | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2. | കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ കമ്മീഷൻ) | 2017-18 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |
| 3. | കേരള സംഗീത നാടക അക്കാഡമി | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 4. | കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്. | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 5. | പത്തനംതിട്ട ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2013-14 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6. | മലപ്പുറം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 7. | തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 8. | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി | 2017-18 | ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 9. | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 10. | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 11. | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 12. | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 13 | ഉണ്ണായിവാര്യർ സ്മാരക കലാനിലയം | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |

X. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് | 2012-13<br>2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ് | 2014-15<br>2015-16 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

XI. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2. | റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XII. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ) | 2014-15 | വാർഷിക ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആൻഡ് റിസർച്ച് | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 4. | കേരള ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2016-17 | ഭരണ ആഡിറ്റ് റിപ്പോർട്ട് | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5. | കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2016-17 | ഭരണ ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2014-15 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 7. | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 8. | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2012-13<br>2013-14 | ഭരണ റിപ്പോർട്ട് | അതെ |
| 9. | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2013-14<br>2014-15 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 10. | ഓവർസീസ് ഡെവലപ്പ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്) | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 11. | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് | 2016-17 | പ്രവർത്തന റിപ്പോർട്ടും ഓഡിറ്റഡ് ബാലൻസ് ഷീറ്റും | അതെ |
| 12 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |

XIII. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി | 2016-17 | ആഡിറ്റ് റിപ്പോർട്ട് | അതെ |

XIV. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XV. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XVI. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ | 2011-12 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 5 | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XVII. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല | 2013-14 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | കണ്ണൂർ സർവകലാശാല | 2016-17 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കണ്ണൂർ സർവകലാശാല | 2016-17<br>2017-18 | വാർഷിക കണക്കുകൾ | അതെ |
| 5 | കണ്ണൂർ സർവകലാശാല | 2017 | വാർഷിക റിപ്പോർട്ട് | അല്ല |
| 6 | കേരള സർവകലാശാല | 2014-15<br>2015-16 | വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 7 | കേരള സർവകലാശാല | 2017 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | കോഴിക്കോട് സർവകലാശാല | 2016-17 | വാർഷിക കണക്കുകൾ | അതെ |
| 9 | കോഴിക്കോട് സർവകലാശാല | 2017 | വാർഷിക റിപ്പോർട്ട് | അല്ല |
| 10 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |

XVIII. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2016-17 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

## III. റിപ്പോർട്ട് സമർപ്പണം

(1) 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(3) 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ എന്നീ ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് പരിഗണന

ശ്രീ. എ. എം. ആരിഫ്: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) **താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) 2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ബിൽ

ശ്രീ. എൽദോ എബ്രഹാം: സർ, 2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം സംബന്ധിച്ച് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഈ വിഷയം സംബന്ധിച്ച് പ്രത്യേകിച്ചൊരു നിയമനിർമ്മാണത്തിന്റെ ആവശ്യകത ഇപ്പോഴുള്ളതായി തോന്നുന്നില്ല. മേൽ സാഹചര്യത്തിൽ 2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ബിൽ പരിഗണിക്കേണ്ടതില്ല.

മി. സ്പീക്കർ: ശ്രീ. എൽദോ എബ്രഹാം, അങ്ങ് തുടർചർച്ചയ്ക്കായി ബിൽ മാറ്റിവയ്ക്കുന്നുണ്ടോ?

ശ്രീ. എൽദോ എബ്രഹാം: സർ, തുടർചർച്ചയ്ക്കായി ബിൽ മാറ്റിവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2018-ലെ കേരള സ്വകാര്യ സ്ഥാപനങ്ങൾ മുഖേന വീട്ടുജോലിക്കും മറ്റ് വിവിധ സേവനങ്ങൾക്കും നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ നോട്ട് ഇൻ ദി സീറ്റ്. (പ്രമേയാവതാരകൻ സീറ്റിലില്ലാത്തതിനാൽ ബിൽ അവതരിപ്പിച്ചില്ല)

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നോട്ട് ഇൻ ദി സീറ്റ്.

(പ്രമേയാവതാരകൻ സീറ്റിലില്ലാത്തതിനാൽ ബിൽ അവതരിപ്പിച്ചില്ല.)

## (3) **താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച**

(i) 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ

ശ്രീ. എസ്. രാജേന്ദ്രൻ: ചർച്ച തുടരണം.

മി. സ്പീക്കർ: 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് നോട്ട് ഇൻ ദി സീറ്റ്.

(പ്രമേയാവതാരകൻ സീറ്റിലില്ലാത്തതിനാൽ ബിൽ അവതരിപ്പിച്ചില്ല.)

(iii) 2017- ലെ കേരള സംസ്ഥാന പ്രാദേശിക പത്ര - ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

മി. സ്പീക്കർ: ശ്രീ. കെ. രാജൻ, അങ്ങ് തുടർചർച്ചയ്ക്കായി ബിൽ മാറ്റിവയ്ക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, തുടർചർച്ചയ്ക്കായി ബിൽ മാറ്റിവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 3-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 09.22-ന് പിരിഞ്ഞു.)

## അനുബന്ധം

## I ശ്രദ്ധ ക്ഷണിക്കൽ

(1) പ്രളയാനന്തര കാർഷിക മേഖല

ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. യുടെ ശ്രദ്ധ ക്ഷണിക്കലിന് കൃഷി വകുപ്പുമന്ത്രിയുടെ മറുപടി

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 236,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.

കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1,603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന പദ്ധതിയിൻകീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്ര സർക്കാർ ഈയിനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിലായി ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡെവലപ്മെന്റ് (I. F. A. D.)-ൽ നിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേഷണ-സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 224322 കർഷകർക്ക് SDRF ഫണ്ടിൽനിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന വിഹിതമായി 224380 കർഷകർക്ക് 110.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11718 കർഷകർക്ക് നഷ്ടപരിഹാരമായി 18.04 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ബീമാ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രളയക്കെടുതികളിൽ നിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷിക മേഖല പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജ്ജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പ്രളയത്തിൽ നെൽകൃഷി നശിച്ചുപോയ മുഴുവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 5650.85 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ കർഷകർക്ക് 22.6 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം, ഒരു കോടി പച്ചക്കറിത്തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കൃഷിയിടങ്ങളിലേയ്ക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ, 43100 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 5,400 രൂപ നിരക്കിൽ വിതരണം ചെയ്തു. ഈയിനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10,000 ഹെക്ടർ സ്ഥലത്തേയ്ക്കുകൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ച്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ, 12 ലക്ഷം വേരുപിടിപ്പിച്ച കുരുമുളക് തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ 364.5 മെട്രിക് ടൺ നടീൽവസ്തുക്കളും ജാതി, ഗ്രാമ്പൂ എന്നിവയുടെ 15800 തൈകളും സൗജന്യ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കി. 22 ലക്ഷം വാഴക്കന്നുകൾ വാങ്ങുന്നതിലേയ്ക്കായി, സബ്സിഡി നിരക്കിൽ ആകെ 2.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മഹാപ്രളയത്തിൽ തകർന്നുപോയ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 270 ബണ്ടുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. എസ്റ്റിമേറ്റിന്റെ 20% തുക അഡ്വാൻസായി പാടശേഖര സമിതികൾ നൽകി. 25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കി. കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും തൻ സീസണിലെ കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകുന്നതിനും കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകിവരുന്ന അതേ നിരക്ക് തന്നെ (പുഞ്ചയ്ക്ക് ഏക്കറിന് 1800 രൂപയും വിരിപ്പിന് ഏക്കറിന് 1900 രൂപയും) പാടശേഖര സമിതി/കർഷകർ സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്ക് നൽകുന്നതിനും അനുമതി നൽകി. പ്രളയത്തിൽ തകർന്ന ബണ്ടുകൾ ബലപ്പെടുത്തുന്നതിനും കൃഷിയിടത്തിലെ ചെളി നീക്കംചെയ്യുന്നതിനും ഫലവൃക്ഷത്തൈകളുടെ നടീൽ ഉൾപ്പെടെയുള്ള കൃഷിപ്പണികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി. മഹാപ്രളയത്തിൽ നശിച്ച പമ്പുസെറ്റുകൾ, പെട്ടിപറ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി 10 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കി. ഇതിനുപുറമേ 25.81 കോടി രൂപകൂടി അധികമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രളയാനന്തരം വിളകൾക്കുണ്ടായ രോഗകീടബാധ, എലിശല്യം എന്നിവയ്ക്കുള്ള പരിഹാര മാർഗ്ഗനിർദ്ദേശങ്ങളും കർഷകരിലേയ്ക്ക് എത്തിച്ചു.

മഴക്കെടുതിമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുനഃക്രമീകരിക്കുന്നതിനും മൊറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന രീതിയിൽ പുനഃക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

ഇപ്പോഴത്തെ സാഹചര്യത്തിൽ കാർഷിക മേഖലയ്ക്ക് പ്രത്യേക പ്രാധാന്യവും പരിഗണനയും നൽകി കർഷകരെ കൃഷിയിലേയ്ക്ക് തിരികെ കൊണ്ടുവരേണ്ടതുണ്ട്. കൃഷി നശിച്ചതും കിടപ്പാടം നഷ്ടപ്പെട്ടതുംമൂലം നമ്മുടെ ബഹുഭൂരിപക്ഷം കർഷകരും വലിയ മാനസിക സമ്മർദ്ദത്തിലാണ്. ഈ സാഹചര്യത്തിൽ കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തേണ്ടതും അനിവാര്യമാണ്. ഈ ലക്ഷ്യം വച്ചുകൊണ്ട് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-2020 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി പുനർജ്ജനി എന്ന പേരിൽ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(2) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. കെ. എൻ. എ. ഖാദർ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് മുഖ്യമന്ത്രിയുടെ മറുപടി

പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള കേരള പുനർനിർമ്മാണ പദ്ധതിക്ക് (RKI) സർക്കാർ രൂപം നൽകിയിട്ടുണ്ട്. പുനർനിർമ്മാണത്തിന് കൃത്യമായ ചട്ടക്കൂട് രൂപീകരിക്കുകയും പ്രവർത്തനതന്ത്രം ആവിഷ്കരിക്കുകയും ചെയ്തു. അതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്.

പുനർനിർമ്മാണത്തിനുള്ള പദ്ധതികൾ, നയങ്ങൾ എന്നിവ സംബന്ധിച്ച് അഭിപ്രായം തേടുന്നതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇൻഫ്രാസ്ട്രക്ചർ വൈദഗ്ദ്ധ്യമുള്ള എഞ്ചിനീയറിംഗ്, പരിസ്ഥിതി/ദുരന്തനിവാരണം, വ്യവസായ-വാണിജ്യം, സാമ്പത്തികം, യുവസംരംഭകർ, സാമൂഹ്യ പ്രവർത്തനം എന്നീ മേഖലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രഗത്ഭരടക്കം ഉൾപ്പെടുന്ന ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

യു.എൻ. നേതൃത്വത്തിലുള്ള വിദഗ്ദ്ധ സംഘം തയ്യാറാക്കിയ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് ശിപാർശകളുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കുന്നത്.

പദ്ധതികൾ പൂർണ്ണമായും സുതാര്യവും സോഷ്യൽ ഓഡിറ്റിംഗിന് വിധേയവുമായിരിക്കും.

കേരള പുനർനിർമ്മാണ പദ്ധതി സംബന്ധിച്ച് ചട്ടം 300 അനുസരിച്ചുള്ള വിശദമായ പ്രസ്താവന കഴിഞ്ഞ ദിവസം സഭയുടെ മേശപ്പുറത്ത് വച്ചതാണ്. പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും ഇപ്പോൾത്തന്നെ ലഭ്യമാണ്.

## II. സബ്മിഷൻ

(1) ധനസഹായം

ശ്രീ. എ. എം. ആരിഫ് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ മറുപടി

"ഗജ" ചുഴലിക്കാറ്റ് കേരളത്തിലെ അരൂർ മണ്ഡലത്തിലും ബാധിച്ചിരുന്നു. ചുഴലിക്കാറ്റ് ദുരന്തം ഒരു അംഗീകൃത ദുരന്തമാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമായ കണക്കുകൾ അനുസരിച്ച് 16-11-2018-ന് ആഞ്ഞടിച്ച "ഗജ" ചുഴലിക്കാറ്റിന്റെ ഫലമായി ആലപ്പുഴ ജില്ലയിലെ അരൂർ ഉൾപ്പെടുന്ന 9 വില്ലേജുകളിൽ വ്യാപക നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 11 വീടുകൾ പൂർണ്ണമായും 369 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. കൃഷി, മത്സ്യബന്ധനോപകരണങ്ങൾ മുതലായവയും നശിച്ചിട്ടുണ്ട്. തൈക്കാട്ടുശ്ശേരി പഞ്ചായത്തിലാണ് ഏറ്റവുമധികം നഷ്ടം ഉണ്ടായിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ ഡെപ്യൂട്ടി തഹസീൽദാർ, ഓവർസിയർ/എഞ്ചിനീയർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സ്ക്വാഡായി ടി നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുള്ളതും ഇതുവരെയുള്ള പരിശോധനയിൽ തൈക്കാട്ടുശ്ശേരി ഉൾപ്പെടെ ചേർത്തല താലൂക്കിൽ പ്രാഥമികമായി 1,32,70,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുള്ളതുമാണ്. രാജ്യത്ത് തന്നെ ഏറ്റവും ഉയർന്ന അളവിൽ അംഗീകൃത ദുരന്തങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകുന്നത് കേരളമാണ്. സംസ്ഥാനത്ത് minimum relief code ദുരന്ത നിവാരണ നിയമം അനുസരിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്.

ചുഴലിക്കാറ്റ് ഒരു അംഗീകൃത ദുരന്തമാണ് എന്നതിനാൽ, ദുരന്ത നിവാരണ നിയമം അനുസരിച്ചുള്ള minimum relief code ഗജ ചുഴലിക്കാറ്റ് നാശനഷ്ടം സൃഷ്ടിച്ച ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്തിലും ബാധകമാണ്. ദുരന്തത്തിൽ വീണുപോയിട്ടുള്ള മരങ്ങൾ വെട്ടിമാറ്റുവാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നടപടികൾ സ്വീകരിച്ചു. അടിയന്തരമായി ഇത്തരം പ്രവൃത്തി നിർവ്വഹിച്ച് ഗതാഗതം പുനർസ്ഥാപിക്കുവാനും പ്രദേശത്തെ പൊതുസ്ഥലങ്ങൾ വൃത്തിയാക്കുന്നതിനും 20-5-2015 -ലെ GO.(Ms)No. 194/2015/DMD പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പണം ചെലവഴിക്കാൻ പ്രത്യേക അനുമതി ആവശ്യമില്ല, Flood other items എന്ന Head of Account-ൽ നിന്നും ഇതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് പണം ചെലവഴിക്കാവുന്നതാണ്. സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് (കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു

മേലെ) എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഒരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെ minimum relief code നിജപ്പെടുത്തിയിട്ടുണ്ട്. വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ കണക്ക് പൂർത്തിയാക്കി ഉടൻതന്നെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യക്തിഗത ദുരിതാശ്വാസ സഹായം സംബന്ധിച്ച തോതിൽ തർക്കമുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സി.ഇ.ഒ.-യ്ക്ക് പരാതി നൽകാവുന്നതാണ്. സി.ഇ.ഒ.-യുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ കളക്ടറേയും സമീപിക്കാവുന്നതാണെന്ന് 22-11-2018 -ലെ GO(Rt)No.627/2018/DMD പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ കളക്ടർ ദുരന്ത നിവാരണ നിയമം അനുസരിച്ചുള്ള നിവാരണ പ്രവർത്തനങ്ങൾ നടത്തി വരുകയാണ്.

(2) <u>കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം അടച്ചുപൂട്ടൽ</u>

<u>ശ്രീമതി യു. പ്രതിഭ, എം.എൽ.എ.-യുടെ സബ്മിഷന് കൃഷി വകുപ്പുമന്ത്രിയുടെ മറുപടി</u>

കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ ആലപ്പുഴ ജില്ലയിലെ കായംകുളത്ത് മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കേന്ദ്ര തോട്ടവിള ഗവേഷണ മേഖലാ കേന്ദ്രം. 1937-ൽ ആരംഭിച്ച കായംകുളം മേഖലാ കേന്ദ്രത്തിൽ തെങ്ങിനങ്ങളുടെ ഗവേഷണമാണ് പ്രധാനമായും നടത്തുന്നത്. കായംകുളം മേഖലാ കേന്ദ്രത്തിലെ പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ ഗവേഷണഫലങ്ങളാണ് രാജ്യത്തെ പല സംസ്ഥാനങ്ങളിലും പ്രയോഗത്തിലുള്ളത്. കഴിഞ്ഞ എഴുപത് വർഷത്തിനിടെ രാജ്യത്തിനകത്തും പുറത്തും ഏറെ ശ്രദ്ധേയമായ നിരവധി ഗവേഷണങ്ങൾ നടത്തുന്നതിന് ഇവിടത്തെ ശാസ്ത്രജ്ഞർക്ക് സാധിച്ചിട്ടുണ്ട്. ഇവിടെ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എട്ട് പ്രധാനപ്പെട്ട പദ്ധതികളാണ് നടന്നുവരുന്നത്. അന്താരാഷ്ട്ര നാളികേര ഗവേഷണ രംഗത്ത് സുപ്രധാനമായ ടിഷ്യുകൾച്ചർ ഗവേഷണത്തിലും ഈ സ്ഥാപനം ഏറെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

സംസ്ഥാനത്ത് തെങ്ങുകൃഷി വ്യാപകമാക്കുന്നതിനും നാളികേര ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും അതുവഴി കർഷകരുടെ വരുമാനത്തിൽ വർദ്ധന ഉണ്ടാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി ചെയർമാനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ

പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ സംസ്ഥാനത്തെ തെങ്ങ് കൃഷിയുടെ വിസ്തൃതി 7.81 ലക്ഷം ഹെക്ടറാണ്. ഇത് 9.25 ലക്ഷം ഹെക്ടറിലേയ്ക്ക് എത്തിക്കുന്നതിനും അതുവഴി ഹെക്ടറിന് 6889 നാളികേരം എന്ന നിലയിൽ നിന്ന് ഉൽപ്പാദനം ഹെക്ടറിന് 8500 എങ്കിലും ആക്കി ഉയർത്തുന്നതിനാണ് കൃഷി വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്ത വർഷം മുതൽ സംസ്ഥാനത്ത് 15 ലക്ഷം തെങ്ങിൻതൈകൾ വീതം പ്രതിവർഷം വിതരണം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന മന്ത്രിതലയോഗം തീരുമാനിച്ചിട്ടുണ്ട്. കായംകുളത്തെ കേന്ദ്ര തോട്ടവിള ഗവേഷണ മേഖലാ കേന്ദ്രം (സി.പി.സി.ആർ.ഐ.), കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ, സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവ വഴിയാണ്, സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനുള്ള അത്യുൽപ്പാദന ശേഷിയുള്ള മികച്ചയിനം തെങ്ങിൻതൈകൾ വികസിപ്പിച്ചെടുക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. കായംകുളം മേഖലാ കേന്ദ്രം പൂട്ടുന്നത് സംസ്ഥാനത്ത് മികച്ചയിനം തെങ്ങിൻതൈകളുടെ ദൗർലഭ്യത്തിന് വഴിയൊരുക്കും. തന്നെയുമല്ല, ആലപ്പുഴ ജില്ലയിലെ കൃഷി വിജ്ഞാൻ കേന്ദ്രയുടെ ആസ്ഥാനം ഇവിടെയാണ്. ഈ കേന്ദ്രം അടച്ചുപൂട്ടിയാൽ കൃഷി വിജ്ഞാൻ കേന്ദ്രയും ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകും.

ഈ സാഹചര്യത്തിൽ, കായംകുളത്തെ കേന്ദ്ര തോട്ടവിള ഗവേഷണ മേഖലാ കേന്ദ്രം ഒരു കാരണവശാലും അടച്ചുപൂട്ടരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2018 നവംബർ 28-ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്കും ICAR ഡയറക്ടർ ജനറലിനും കത്തയച്ചിരുന്നു. കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ICAR-CPCRI സ്ഥാപനങ്ങൾ അടച്ചുപൂട്ടരുതെന്നും ഈ സ്ഥാപനങ്ങളിലെ ഗവേഷകരുടെയും ഉദ്യോഗസ്ഥരുടെയും എണ്ണവും ഇവയ്ക്ക് നൽകുന്ന ധനസഹായവും വെട്ടിക്കുറയ്ക്കരുതെന്നും കത്തിൽ ആവശ്യപ്പെട്ടിരുന്നു. അതിനു പുറമേ, ICAR ഡയറക്ടർ ജനറൽ ഡോ. ത്രിലോചൻ മഹാപാത്രയുമായി ഫോണിൽ ഇക്കാര്യം ചർച്ച ചെയ്തതിന്റെകൂടി അടിസ്ഥാനത്തിൽ, മഹത്തായ ഈ സ്ഥാപനം ഒരു കാരണവശാലും അടച്ചുപൂട്ടില്ലെന്ന് ICAR ഡയറക്ടർ ജനറൽ ഉറപ്പുനൽകിയിട്ടുണ്ട്. മാത്രവുമല്ല, കായംകുളത്തെ മേഖലാ കേന്ദ്രം പൂർണതോതിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ പിന്തുണ ഉറപ്പുനൽകുന്നതായും ICAR ഡയറക്ടർ ജനറൽ വ്യക്തമാക്കിയിട്ടുണ്ട്.

(3) ട്രാൻസ്ജെൻഡർ നയം

ശ്രീ. എം. സ്വരാജ്, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിയുടെ മറുപടി

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ലിംഗനീതിയും ലിംഗസമത്വവും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ പോളിസി ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് ട്രാൻസ്ജെൻഡർ പോളിസി അംഗീകരിച്ച് നടപ്പിലാക്കിയത്. സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനായി നിലവിൽ വകുപ്പിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കാർഡിൽ മെയിൽ/ഫീമെയിൽ/ട്രാൻസ്ജെൻഡർ എന്നീ മൂന്ന് ഓപ്ഷനുകളും ലഭ്യമാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള അപേക്ഷാ ഫോമുകളിലെ ലിംഗ പദവിയിൽ സ്ത്രീ/പുരുഷൻ എന്നതിന് പുറമെ 'മറ്റുള്ളവർ' (others) എന്ന് ചേർക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, ജനപ്രതിനിധികൾ, മാധ്യമങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് സംസ്ഥാനതലത്തിലും ജില്ലാ തലങ്ങളിലും വ്യാപകമായ ബോധവൽക്കരണ പരിപാടികൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ പരാതികൾ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 25/2018-ാം നമ്പർ റിട്ട് പെറ്റീഷനിന്മേലുള്ള ഉത്തരവിൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ സഞ്ചാരസ്വാതന്ത്ര്യം തടയരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിന് ആവശ്യമായ കർശന നിർദ്ദേശം എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാരിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീം കോടതി 2014 ഏപ്രിലിൽ പുറപ്പെടുവിച്ച NALSA (National Legal Service Authority) ജഡ്ജ്മെന്റിൽ പിന്നാക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ നൽകിവരുന്ന പരിഗണനകൾ തുല്യമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്കും നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പൊതുനിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ട്രാൻസ്ജെൻഡർ പോളിസിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പൊതുനിയമനങ്ങളിൽ ജനസംഖ്യാനുപാതികമായാണ് വിവിധ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണം കണക്കാക്കുന്നതിന് വിപുലമായ ഒരു സർവ്വേ നടത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. സംവരണത്തിന്റെ ശതമാനം കാറ്റഗറിയുടെ എണ്ണത്തിനാനു പാതികമായി ക്രമപ്പെടുത്തേണ്ടതിനാൽ വകുപ്പ് നടത്തുന്ന സർവ്വേ പൂർത്തീകരിച്ചശേഷം ട്രാൻസ്ജെൻഡർ സമൂഹത്തിന് പൊതുനിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തേണ്ടതുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

(4) <u>ചവറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>

<u>ശ്രീ. എൻ. വിജയൻ പിള്ള, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിയുടെ മറുപടി</u>

കൊല്ലം ജില്ലയിൽ ചവറ നിയോജകമണ്ഡലത്തിൽ ചവറ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ഒന്നര ഏക്കറോളം സ്ഥലത്താണ് ചവറ സാമൂഹികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ഒ.പി., ഐ.പി., ഫാർമസി, ആഫീസ് എന്നീ വിഭാഗങ്ങൾക്കായി പ്രത്യേകം കെട്ടിടങ്ങൾ നിലവിലുണ്ട്. ലാബ്, ഫാർമസി, ഇമ്മ്യൂണൈസേഷൻ, ഫിസിയോതെറാപ്പി, കണ്ണ് പരിശോധന എന്നീ സൗകര്യങ്ങളും ടി ആശുപത്രിയിൽ നിലവിലുണ്ട്.

10 കിടക്കകൾ അനുവദിച്ചിട്ടുള്ള ടി സ്ഥാപനത്തിൽ പ്രതിദിനം 500-നും 600-നും ഇടയ്ക്ക് രോഗികൾ ചികിത്സയ്ക്കെത്തുന്നുണ്ട്. നിലവിൽ ഇവിടെ ഡോക്ടർമാരുടെ 5 സ്ഥിരം തസ്തികകളുണ്ട്. പ്രസ്തുത തസ്തികകളിൽ ഒരു സിവിൽ സർജൻ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. വകുപ്പുതല ഉദ്യോഗക്കയറ്റ സമിതിയുടെ അംഗീകാരത്തോടെ ഉദ്യോഗക്കയറ്റം നൽകി ടി ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

കൂടാതെ KMML നിയമിച്ച രണ്ട് ഡോക്ടർമാരും ഒരു ഫാർമിസിസ്റ്റും ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റൻഡർ II ഉം-ബ്ലോക്ക് പഞ്ചായത്ത് നിയമിച്ചു. ഒരു സ്റ്റാഫ് നഴ്സും ഒരു ലാബ് ടെക്നീഷ്യനും ഇവിടെ നിലവിലുണ്ട്.

ഒരു NHM ഡോക്ടറെക്കൂടി നിയമിച്ചുകൊണ്ട് എത്രയുംപെട്ടെന്ന്തന്നെ വൈകുന്നേരം വരെ ഒ.പി. നടത്താൻ നിർദ്ദേശം നൽകുന്നതാണ്. സിവിൽ സർജന്റെ ഒഴിവ് നികത്തുന്നതോടെ 24 മണിക്കൂർ സേവനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.